*മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ*

# പുറപ്പാട്

ജിറി മൊസ്ക്കാല

മൂന്നാം ക്വാർട്ടർ

(ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ)

2025

**EXODUS**
(Malayalam)

| | | |
|---|---|---|
| *Principal Contributor* | : | **Dr. Jiri Moskala** |
| *Translated by* | : | **Dr. Ramani Kurian** |
| *Director* | : | **Dr. Jose Prakash** |
| *Editorial Board* | : | **Pr. Binoy Jacob Das, Pr. Sajayan Israel Jacob** |
| *Published by* | : | Sabbath School Department<br>SWIU of Seventh - day Adventists,<br>Evergreen Lane, Moospet Road,<br>Thrissur - 680 005<br>Tel: 0487 2440341, 9447836761<br>Email: swiusda5@gmail.com |



*Copyright @ 2025 Publishers*



| | | |
|---|---|---|
| *Printed at* | : | **Ebenezer Printpack (P) Ltd.**<br>(On behalf of OWPH)<br>Thrissur - 680 012, Kerala<br>Tel: 0487 2360992, 9446 005 094<br>www.ebenezerprinters.com |
| Copies | : | 4300 |
| Price Rs. | : | 25/- |

# മുഖവുര

പുറപ്പാട്: വാഗ്ദത്ത ദേശത്തേക്കുള്ള യാത്ര

പുറപ്പാട് പുസ്തകത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവം, നിശ്ചിത സമയത്ത് - തന്റെ ശക്തമായ പ്രവൃത്തികളാൽ - തന്റെ ജനത്തിന് രക്ഷയും വിടുതലും കൊണ്ടുവന്ന സ്നേഹനിധിയായ കർത്താവാണ് (ഉല്പത്തി 15:12–16). മിസ്രയീമിൽ നിന്നുള്ള പുറപ്പെടലും ചെങ്കടൽ കടക്കലും - ദൈവത്തിന്റെ അതിശയകരവും അത്ഭുതകരവുമായ പ്രവൃത്തികൾ - നിർണായകവും അതുല്യവുമായ സംഭവങ്ങളായിരുന്നു. കുരിശിനുമുമ്പ് പുരാതന ഇസ്രായേലിന്റെ ചരിത്രത്തിൽ അതിലും വലുതോ അതിലും മഹത്വമുള്ളതോ ആയ ഒരു സംഭവം നടന്നിട്ടില്ല. പക്ഷേ, മോശയുടെ അഭിപ്രായത്തിൽ അത് സുവിശേഷമാണ്.

എബ്രായരുടെ നിരന്തരമായ പിന്മാറ്റങ്ങൾക്കിടയിലും, അവർക്കായുള്ള തന്റെ കരുതലും സംരക്ഷണവും വെളിപ്പെടുത്തി കൊണ്ട് ദൈവം അത്ഭുതകരമായി വീണ്ടും വീണ്ടും എഴുന്നേറ്റു. ദൈവത്തിന്റെ കരുണ അവരുടെ എല്ലാ ധാരണകളെയും വികാരങ്ങളെയും മറികടന്നു. നീട്ടിയ കൈകൊണ്ട്, കർത്താവ് തന്റെ ജനത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചു. അത് അത്ഭുതപൂർവമായ ഒരു പ്രവൃത്തിയായിരുന്നു. ഈ അപ്രതീക്ഷിത ദിവ്യ ഇടപെടലുകൾ ദൈവവുമായുള്ള അവരുടെ പുതുയാത്രയുടെ തുടക്കമായിരുന്നു. മിസ്രയീമിൽനിന്ന് (അവസാനം) കനാനിലേക്കുള്ള ഒരു യാത്ര. ഈ പുറപ്പെടലിൽ മോശയ്ക്ക് ഒരു പ്രധാന പങ്കുണ്ട്, പക്ഷേ ഈ പുസ്തകം മോശയെക്കുറിച്ചല്ല, മറിച്ച് ദൈവത്തെക്കുറിച്ചാണ് - ഒടുവിൽ നമുക്കുവേണ്ടി കുരിശിൽ മരിച്ച ദൈവം, സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും ക്ഷമയുടെയും ദൈവമാണ്. പുറപ്പാട് പഠിക്കുന്നതിലൂടെ, നമ്മുടെ ദൈവം യഥാർത്ഥത്തിൽ എങ്ങനെയുള്ളവനാണെന്ന് അതുല്യമായ ഒരു വീക്ഷണം നമുക്ക് ലഭിക്കും.

ദൈവം യഥാർത്ഥത്തിൽ എങ്ങനെയുള്ളവനാണ്? തന്റെ ജനത്തിന്റെ അവിശ്വസ്തതയ്ക്കിടയിലും അവരോട് വിശ്വസ്തനായിരിക്കുന്ന ഒരു ദൈവമാണ്. അവർ തനിക്കെതിരായപ്പോഴും ദൈവം നിരന്തരം അവർക്കുവേണ്ടി നിലകൊണ്ടു. പ്രോത്സാഹനവും തിരുത്തലും ദിവ്യ നിർദ്ദേശവും നൽകി, വീണ്ടും വീണ്ടും അവരോട് കരുണ കാണിച്ചു. അവരെ ഏറ്റവും മികച്ച രീതിയിൽ നയിച്ചുകൊണ്ട്, തന്നോടും തന്റെ സ്വഭാവത്തോടുമുള്ള സ്നേഹത്താൽ, അവർ സ്വമേധയാ അവരുടെ സ്വന്തം നന്മയ്ക്കായി ദൈവത്തെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിച്ചു.

മോശെയുടെ ദൈവം ബന്ധങ്ങളുടെ ദൈവമാണ്. ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം എന്തെങ്കിലും നേടിയെടുക്കുക എന്നതായിരുന്നില്ല; പകരം, തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലുമായി അർത്ഥവത്തായ ഒരു ബന്ധം

സൃഷ്ടിക്കുക എന്നതായിരുന്നു. ഈ ആഴത്തിലുള്ള കൂട്ടായ്മ സ്ഥാപിക്കുന്നതിനായി ദൈവം അവരെ സീനായിലേക്ക് നയിച്ചു.

ദൈവത്തിന്റെ ജനത്തിന് എന്താണ് സംഭവിച്ചതെന്ന് അപ്പൊസ്തലനായ പൗലൊസ് പഠിപ്പിക്കുന്നു. മുൻകാലങ്ങളിലെ ആളുകൾ നമുക്ക് ഒരു പാഠമാണ്, അതിനാൽ അവരുടെ തെറ്റുകളിൽനിന്ന് പഠിക്കാനും കർത്താവിനെ വിശ്വസ്തതയോടെ പിന്തുടരാനും നമുക്ക് ഇന്ന് കഴിയും: ഇവ ഒരു ഉദാഹരണമായി അവർക്ക് സംഭവിച്ചു, എന്നാൽ യുഗാന്ത്യത്തിൽ വന്നിരിക്കുന്ന നമ്മുടെ ഉപദേശത്തിനായി അവ എഴുതിയിരിക്കുന്നു (1 കൊരി. 10:11). ഈ മുൻകാല സംഭവങ്ങൾ ഇപ്പോൾ നമുക്ക് ഒരു മുന്നറിയിപ്പും മറക്കാനാവാത്ത പ്രബോധനത്തിന്റെ ഉറവിടവുമാകണം. സാഹചര്യങ്ങൾ എത്ര വ്യത്യസ്തമാണെങ്കിലും, അവയുടെ പിന്നിലെ ആത്മീയ തത്വങ്ങൾ അതേപടി നിലനിൽക്കുന്നതിനാൽ നാം അവ വായിക്കുകയും അവയിൽ നിന്ന് പഠിക്കുകയും വേണം.

ഈ 13 ആഴ്ചകളിൽ പുറപ്പാട് പുസ്തകം പഠിക്കുന്നതിനുള്ള ഞങ്ങളുടെ പദ്ധതി സുതാര്യമാണ്. പുസ്തകം ആഴ്ചതോറുമുള്ള അദ്ധ്യായങ്ങളിൽ വിവിധ ദൈർഘ്യമുള്ള വായനകളായി തിരിച്ചിരിക്കുന്നു (സൗകര്യാർത്ഥം വിഷയാടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നു): (1) ഈജിപ്തിലെ അടിമത്തം, മോശെയുടെ ജനനം, അവന്റെ ആദ്യത്തെ 40 വർഷങ്ങൾ (പുറപ്പാട് 12). (2) മോശെയുടെ നിയോഗം (പുറപ്പാട് 34). (3) സങ്കീർണതകൾ: ജീവിതം കൂടുതൽ വഷളാകുമ്പോൾ (പുറപ്പാട് 56). (4) ആദ്യത്തെ ഒമ്പത് ബാധകൾ (പുറപ്പാട് 7–10). (5) പത്താമത്തെ ബാധയും പെസഹ ആഘോഷവും (പുറപ്പാട് 11–12). (6) ഈജിപ്തിൽനിന്നുള്ള മോചനവും ചെങ്കടൽ അനുഭവവും (പുറപ്പാട് 13–15). (7) സീനായ് പർവതത്തിലേക്കുള്ള യാത്ര (പുറപ്പാട് 16–18). (8) ദൈവത്തിന്റെ ഉടമ്പടിയുടെയും പത്തുകല്പനകളുടെയും ദാനം (പുറപ്പാട് 19–20). (9) ദൈവത്തിന്റെ നിയമം ബാധകമാക്കി (പുറപ്പാട് 21–23). (10) ഉടമ്പടി സ്ഥിരീകരിക്കുകയും സമാഗമന കൂടാരത്തിന്റെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു (പുറപ്പാട് 24–31). (11) സ്വർണ്ണ കാളക്കുട്ടി വിശ്വാസത്യാഗവും മോശെയുടെ മധ്യസ്ഥതയും (പുറപ്പാട് 32). (12) ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും മോശെയുടെ തിളക്കമുള്ള മുഖവും (പുറപ്പാട് 33–34). (13) കൂടാരം നിർമ്മിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്തു (പുറപ്പാട് 35–40). സൂചിപ്പിച്ച അധ്യായങ്ങളിൽ നിന്നുള്ള പ്രധാന ഭാഗങ്ങളിലും സംഭവങ്ങളിലും ഓരോ ആഴ്ചയും നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ദൈവം തന്റെ ജനത്തെ അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കും, മരണത്തിൽനിന്ന് ജീവനിലേക്കും, മരുഭൂമിയിൽനിന്ന് പുതിയ യെരൂശലേമിലേക്കും എങ്ങനെ നയിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്ന ഈ നിർണായക പുസ്തകം പഠിക്കുമ്പോൾ നമ്മുടെ കൃപയുള്ള കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ (എബ്രാ. 12:22).

ജിറി മൊസ്ക്കാല സെവൻത് ഡേ അഡ്വെന്റിസ്റ്റ് ആൻഡ്രൂസ് സർവകലാശാലയുടെ തിയോളജിക്കൽ സെമിനാരിയിലെ പഴയനിയമ വ്യാഖ്യാനത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പ്രൊഫസറും ഡീനുമാണ്.

# ഉള്ളടക്കം

**പേജ് നമ്പർ**

**മുഖവുര**

1 അടിച്ചമർത്തൽ: മോശയുടെ ജനനവും പശ്ചാത്തലവും
ജൂൺ 28 - ജൂലൈ 4 ........ 7

2 കത്തുന്ന മുൾപടർപ്പ്
ജൂലൈ 5-11 ........ 14

3 പരുക്കൻ ആരംഭം
ജൂലൈ 12-18 ........ 21

4 ബാധകൾ
ജൂലൈ 19-25 ........ 28

5 പെസഹ
ജൂലൈ 26 - ഓഗസ്റ്റ് 1 ........ 35

6 ചെങ്കടലിലൂടെ
ഓഗസ്റ്റ് 2-8 ........ 42

7 ജീവന്റെ അപ്പവും വെള്ളവും
ഓഗസ്റ്റ് 9-15 ........ 49

8 സീനായ് ഉടമ്പടി
ഓഗസ്റ്റ് 16-22 ........ 56

9 നിയമം ജീവിക്കുന്നു
ഓഗസ്റ്റ് 23-29 ........ 63

10 ഉടമ്പടിയും രൂപരേഖയും
ഓഗസ്റ്റ് 30 - സെപ്റ്റംബർ 5 ........ 70

11 വിശ്വാസത്യാഗവും മധ്യസ്ഥതയും
സെപ്റ്റംബർ 6-12 ........ 77

12 ദയവായി നിന്റെ മഹത്വം എനിക്ക് കാണിച്ചുതരൂ
സെപ്റ്റംബർ 13-19 ........ 84

13 കൂടാരം
സെപ്റ്റംബർ 20-26 ........ 91

**പാഠം – 1**

# അടിച്ചമർത്തൽ: മോശെയുടെ ജനനവും പശ്ചാത്തലവും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 1:122; ഉല്പത്തി 37:2628; ഉല്പത്തി 39:2, 21; പ്രവൃത്തികൾ 7:6; ഗലാത്യർ 3:16, 17; പുറപ്പാട് 2:125.**

**മനഃപാഠവാക്യം:**

**"ഇസ്രായേൽമക്കൾ അടിമത്തം നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു; അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി. അപ്പോൾ ദൈവം അവരുടെ ഞരക്കം കേട്ടു, ദൈവം അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുമുള്ള തന്റെ ഉടമ്പടി ഓർത്തു. ദൈവം യിസ്രായേൽമക്കളെ നോക്കി, ദൈവം അവരെ കടാക്ഷിച്ചു, അവരെ അംഗീകരിച്ചു" (പുറപ്പാട് 2:2325).**

പുറപ്പാട് പുസ്തകം: പീഡിതർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, പീഡിപ്പിക്കപ്പെട്ടവർ, ചൂഷണം ചെയ്യപ്പെട്ടവർ, നിന്ദിക്കപ്പെട്ടവർ എന്നിവരുടെ വിവരണങ്ങളാൽ മുഖരിതമാണ്. അങ്ങനെ, ഉപേക്ഷിക്കപ്പെട്ടവരായും, മറക്കപ്പെട്ടവരായും, അടിമകളാക്കപ്പെട്ടവരായും തോന്നുന്ന ആളുകൾക്ക് ഇന്ന് പ്രത്യാശ കണ്ടെത്താൻ കഴിയും, കാരണം എബ്രായരെ രക്ഷിച്ച അതേ ദൈവത്തിന് അവരെയും രക്ഷിക്കാൻ കഴിയും.

പുറപ്പാട് പുസ്തകം– ജീവിതത്തിലെ അസ്തിത്വപരമായ പോരാട്ടങ്ങളോടും, ഈ ജീവിതത്തിന്റെ ഭാഗമായ അനീതികളോടും പരീക്ഷകളോടും സംസാരിക്കുന്നു. കഷ്ടപ്പെടുന്ന തന്റെ ജനങ്ങൾക്ക് അനുകൂലമായി ദൈവം നടത്തിയ ഇടപെടലുകളുടെ കഥകളാൽ എല്ലാവർക്കും പ്രോത്സാഹനം ലഭിക്കും. ദൈവം അടിച്ചമർത്തപ്പെട്ടവരുടെ നിലവിളി കേൾക്കുന്നു, അവരുടെ പോരാട്ടങ്ങൾ കാണുന്നു, അവരുടെ കണ്ണുനീർ ശ്രദ്ധിക്കുന്നു, അവരുടെ വേദനയിൽ സഹായത്തിനെത്തുന്നു. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കാൻ ദൈവം മുൻകൈയെടുക്കുന്നു. അവൻ നമുക്ക് വാഗ്ദാനം ചെയ്യുന്നത് വിശ്വാസത്താൽ നാം സ്വീകരിക്കേണം. യേശു നമുക്കെല്ലാവർക്കും വേണ്ടി ചെയ്ത കാര്യങ്ങളിലേക്ക് അത് വിരൽ ചൂണ്ടുന്നു. അതുകൊണ്ട് പുറപ്പാട് പുസ്തകം നാം പഠിക്കണം. ഇത് വീണ്ടെടുപ്പ്, വിടുതൽ, അന്തിമ രക്ഷ എന്നിവയെക്കുറിച്ചുള്ള ഒരു പുസ്തകമാണ് – ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ഇവയെല്ലാം നമ്മുടേതാണ്, അവൻ നമുക്കായി നേടിയെടുത്തതുമാണ്.

പ്രക്ഷുബ്ധതയുടെയും അന്ധകാരത്തിന്റെയും നടുവിൽ, നമ്മുടെ കണ്ണുകൾ ദൈവത്തിൽ ഉറപ്പിച്ചിട്ടുണ്ടെങ്കിൽ, ദൈവം നമ്മെ നിത്യമായ വാഗ്ദത്ത ദേശത്തേക്ക് നയിക്കുമ്പോൾ ദൈവത്തിന്റെ സാന്നിധ്യം, കരുതൽ, സഹായം എന്നിവ തിരിച്ചറിയാൻ നമുക്ക് കഴിയും.

ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 5 ലെ ശബ്ബത്തിനായി ഒരുങ്ങുക

## മിസ്രയീമിലെ ദൈവജനം

പുരാതന രേഖയുടെ പ്രാരംഭവാക്കുകൾ അനുസരിച്ച് പുറപ്പാട് പുസ്തകത്തെ 'പേരുകൾ' എന്ന് എബ്രായ ഭാഷയിൽ അർത്ഥമുള്ള 'ഷെമോട്ട്' എന്ന് വിളിക്കുന്നു. 'ഇവയാണ് പേരുകൾ' എന്നാണ് അത് ആരംഭിക്കുന്നത്. ഗോത്രപിതാവായ യാക്കോബിന്റെ കുടുംബത്തിന്റെ പേരുകൾ തുടക്കത്തിൽ തന്നെ പട്ടികപ്പെടുത്തിയിട്ടുണ്ട്.

**പുറപ്പാട് 1:17 വായിക്കുക. ഇവിടെ എന്ത് നിർണായക സത്യമാണ് കാണപ്പെടുന്നത്?**

ദൈവത്തിന്റെ അനുഗ്രഹത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലോടെയാണ് പുറപ്പാട് പുസ്തകം ആരംഭിക്കുന്നത്. ഗോത്രപിതാവായ യാക്കോബും കുടുംബവും മിസ്രയീമിൽ സ്ഥിരതാമസമാക്കിയപ്പോൾ, അവരുടെ എണ്ണം 70 മാത്രമായിരുന്നു (ഉല്പത്തി 46:27; പുറപ്പാട് 1:5), എന്നാൽ ഇസ്രായേല്യർ "സന്താനപുഷ്ടിയുള്ളവരായി, അത്യന്തം വർദ്ധിച്ചു, പെരുകി, അത്യന്തം ബലപ്പെട്ടു; ദേശം അവരെക്കൊണ്ടു നിറഞ്ഞു" (പുറപ്പാട് 1:7). എങ്കിലും, പുറപ്പാടിന്റെ സമയമായപ്പോഴേക്കും, അവരെ "കുട്ടികൾ കൂടാതെ ഏകദേശം ആറുലക്ഷം കാൽനടയായി" എണ്ണി (പുറപ്പാട് 12:37).

**പുറപ്പാട് 1:8-11 വായിക്കുക. പുറപ്പാടിന്റെ സമയത്ത് ഇസ്രായേല്യരുടെ സ്ഥിതി എന്തായിരുന്നു?**

മിസ്രയീമിലെ ഇസ്രായേൽ മക്കളുടെ കഥ ബൈബിൾ വാക്യങ്ങൾ ഇരുണ്ട നിറങ്ങളിൽ വരച്ചുകാണിക്കുന്നു. മിസ്രയീമിലെ ഊഴിയവിചാരകന്മാർ എബ്രായരെ അടിമകളാക്കി, അവരുടെമേൽ ക്രൂരമായ ജോലി അടിച്ചേൽപ്പിക്കുന്നതിൽനിന്നും പുറപ്പാട് പുസ്തകം ആരംഭിക്കുന്നു. എങ്കിലും, പുറപ്പാട് പുസ്തകം അവസാനിക്കുന്നത്, ഇസ്രായേൽ പാളയത്തിന്റെ മധ്യഭാഗത്തുള്ള സമാഗമന കൂടാരത്തിൽ ദൈവത്തിന്റെ സമാധാനപരവും ആശ്വാസകരവുമായ സാന്നിധ്യത്തോടെയാണ് (പുറപ്പാട് 40 കാണുക). ഈ രണ്ട് വിപരീത ധ്രുവങ്ങൾക്കിടയിൽ, ദൈവത്തിന്റെ വിജയം വിവരിച്ചിരിക്കുന്നു. യഹോവ തന്റെ ജനത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ചതിലൂടെയും, ചെങ്കടൽ തുറന്നതിലൂടെയും, അക്കാലത്തെ ഏറ്റവും ശക്തമായ സൈന്യത്തെ പരാജയപ്പെടുത്തിയതിലൂടെയും, ദുഷ്ടശക്തികളുടെ മേലുള്ള ദൈവത്തിന്റെ അത്ഭുതകരമായ വിജയം വെളിപ്പെടുത്തുന്നു.

പീഡകർ "അവരെ (ഇസ്രായേല്യരെ) കൂടുതൽ പീഡിപ്പിക്കുന്തോറും അവർ കൂടുതൽ വർദ്ധിക്കുകയും വളരുകയും ചെയ്തു" എന്നത് വിരോധാഭാസം തന്നെ! (പുറപ്പാട് 1:12). അതായത്, മനുഷ്യന്റെ കുതന്ത്രങ്ങൾ എന്തുതന്നെയായാലും, സാഹചര്യങ്ങൾ മാനുഷീക വീക്ഷണകോണിൽ നിരാശാജനകമായി തോന്നിയാലും, ദൈവം എപ്പോഴും സർവ്വാധിപതിയാണ്,അവിടുന്ന് തന്റെ ജനത്തെ രക്ഷിക്കും.

**ജോസഫിനെ അറിയാത്ത ഒരു പുതിയ രാജാവ് ഉയർന്നു വന്നു. സാഹചര്യങ്ങളെ, പ്രത്യേകിച്ച് നല്ലവയെ, ഒരിക്കലും നിസ്സാരമായി കാണരുതെന്നുള്ളതിനെ കുറിച്ച് ഈ വിവരണം നമ്മോട് എന്ത് പറയുന്നു?**

## ചരിത്ര പശ്ചാത്തലം

**കനാനിൽ ക്ഷാമം അനുഭവിച്ച യാക്കോബിന്റെ കുടുംബം മിസ്രയീമിൽ എത്തിയപ്പോൾ (ഉല്പത്തി 46), യോസേഫിനെയും അവൻ മിസ്രയീമ്യർക്കുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളെയും മുൻനിർത്തി മിസ്രയീമ്യ രാജാവ് എബ്രായരോട് സൗഹൃദപരമായി ഇടപെട്ടു.**

ഫറവോൻ യോസേഫിനോട് പറഞ്ഞു: "നോക്കൂ, ഞാൻ നിന്നെ മിസ്രയീമ്യ ദേശത്തിന്മേൽ അധികാരിയാക്കിയിരിക്കുന്നു." അപ്പോൾ ഫറവോൻ തന്റെ കൈയിൽ നിന്ന് തന്റെ മുദ്രമോതിരം ഊരി യോസേഫിന്റെ കൈയിൽ ഇട്ടു; അവനെ നേർമ്മയുള്ള വസ്ത്രങ്ങൾ ധരിപ്പിച്ച് കഴുത്തിൽ ഒരു സ്വർണ്ണസരപ്പളിയും അണിയിച്ചു. അവനെ തന്റെ രണ്ടാമത്തെ രഥത്തിൽ കയറ്റി; അവന്റെ മുമ്പിൽ, 'മുട്ടുകുത്തുക!' എന്ന് വിളിച്ചു പറഞ്ഞു; അങ്ങനെ രാജാവ് അവനെ മിസ്രയീമ്യ ദേശത്തിന് മുഴുവൻ അധികാരിയാക്കി (ഉല്പത്തി 41:41-43). ഇത്രയും ദുഷ്കരമായ ഒരു തുടക്കത്തിനു ശേഷം, മിസ്രയീമിൽ യോസേഫിന്റെ അത്ഭുതകരമായ വിജയത്തിന്റെ താക്കോൽ എന്തായിരുന്നു? (ഉല്പത്തി 37:26-28; 39:2,21 വായിക്കുക.)

ജോസഫ് കഥയുടെ ഏറ്റവും വിശ്വസനീയമായ ചരിത്ര പശ്ചാത്തലം ഇപ്രകാരമാണ്: പുറപ്പാട് 1:8-ൽ പറഞ്ഞിരിക്കുന്ന 'ജോസഫിനെ അറിയാത്ത' പുതിയ ഭരണാധികാരി അഹ്മോസ് (ബി.സി. 1570-ബി.സി. 1546) ആണ്. അടുത്തതായി വന്നത് ഇസ്രായേല്യരെ ഭയക്കുകയും അവരെ അടിച്ചമർത്തുകയും ചെയ്ത ഭരണാധികാരി, ആമെൻഹോടെപ് ഒന്നാമൻ (ബി.സി. 1546-ബി.സി. 1526) ആയിരുന്നു. പിന്നീട് വന്ന തുത്മോസ് ഒന്നാമൻ (ബി.സി. 1525 ബി.സി. 1512) എല്ലാ എബ്രായ ബാലന്മാരെയും കൊല്ലാൻ ഉത്തരവിട്ടു. അദ്ദേഹത്തിന്റെ മകൾ ഹാറ്റ്ഷെപ്സുട്ട് രാജകുമാരി (ബി.സി. 1503-ബി.സി. 1482) മോശെയെ തന്റെ മകനായി ദത്തെടുത്തു. ഹാറ്റ്ഷെപ്സുട്ട് രാജകുമാരി ആയിരുന്നു തുത്മോസ് മൂന്നാമൻ (പുറപ്പാടിന്റെ സമയത്തുണ്ടായിരുന്ന ഫറവോനു)മായി (ബി.സി. 1504-ബി.സി. 1450) കുറച്ചുകാലം സഹഭരണം നടത്തിയത്.

**ഏറ്റവും മികച്ച കണക്കുകൂട്ടലുകൾ അനുസരിച്ച്, ബി.സി. 1450 മാർച്ചിലാണ് പുറപ്പാട് നടന്നത്. പുറപ്പാടിന്റെ സമയം മനസ്സിലാക്കാൻ, ഇനിപ്പറയുന്ന ബൈബിൾ ഗ്രന്ഥങ്ങൾ പഠിക്കുക: ഉല്പത്തി 15:13-16; പുറപ്പാട് 12:40, 41; ന്യായാധിപന്മാർ 11:26; 1 രാജാക്കന്മാർ 6:1 (പ്രവൃത്തികൾ 7:6; ഗലാ. 3:16, 17 എന്നിവയും കാണുക).**

പുറപ്പാടിന്റെ ആദ്യ അധ്യായം ജോസഫിന്റെ കാലം മുതൽ, അവന്റെ പിതാവായ യാക്കോബ് മുഴുവൻ കുടുംബത്തോടൊപ്പം മിസ്രയീമിൽ പ്രവേശിച്ചതു മുതൽ, ഫറവോന്റെ മരണ ഉത്തരവ് വരെയുള്ള ഒരു നീണ്ട കാലഘട്ടം ഉൾക്കൊള്ളുന്നു. കൃത്യമായ വർഷങ്ങളുടെ എണ്ണത്തെക്കുറിച്ച് ചില തർക്കങ്ങൾ നിലനിൽക്കുന്നുണ്ട് എങ്കിലും, ഒരു വിദേശ രാജ്യത്ത് അടിമകളാക്കപ്പെട്ട തന്റെ ജനത്തെ ദൈവം മറന്നില്ല എന്നത് ഏറ്റവും പ്രധാനം!

അതായത്, അക്കാലത്ത് മിസ്രയീമിലുണ്ടായിരുന്ന എബ്രായരെക്കുറിച്ചുള്ള നിരവധി വിശദാംശങ്ങൾ ഇപ്പോൾ മറഞ്ഞിരിക്കുന്നുണ്ടെങ്കിലും (1 കൊരി. 13:12 കാണുക), ദൈവത്തിന്റെ സ്വഭാവത്തിന്റെ വെളിപ്പെടുത്തൽ ഇപ്പോഴും ഈ പുസ്തകത്തിന്റെ പേജുകളിലൂടെ തിളങ്ങുന്നു, തിരുവെഴുത്തുകളിലുടനീളം അത് പ്രകടമാണ്. കാര്യങ്ങൾ എത്ര മോശമായാലും ഏത് മോശം സാഹചര്യത്തിൽ നാം ആയാലും, ദൈവം എപ്പോഴും നമ്മോടുകൂടെ ഉണ്ടെന്നും, ദൈവത്തിൽ ആശ്രയിക്കാമെന്നും നമുക്ക് ഉറപ്പാക്കാം.

## എബ്രായ സൂതികർമ്മിണികൾ

ഉല്പത്തിയിലെ പഠിപ്പിക്കലുകൾ മുൻകൂട്ടി മനസ്സിലാക്കാതെ ഒരാൾക്ക് പുറപ്പാട് പുസ്തകം മനസ്സിലാക്കാൻ കഴിയില്ല. യെഹൂദന്മാർ മിസ്രയീമിലേക്ക് മാറി, വലിയ സമൃദ്ധിയുടെയും സമാധാനത്തിന്റെയും ഒരു കാലത്തിനുശേഷം, അവർ അടിമകളായിത്തീർന്നു.

എന്നാൽ ചിലപ്പോൾ അങ്ങനെ തോന്നിയിട്ടുണ്ടെങ്കിലും, ദൈവം തന്റെ ജനത്തെ അവരുടെ പ്രശ്നങ്ങൾക്ക് വിട്ടുകൊടുത്തില്ല. എബ്രായ ജനങ്ങളിൽ പലരും അവരുടെ ദുരവസ്ഥയിൽ നിരാശരായിരുന്നു എന്നതിൽ സംശയമില്ല. എങ്കിലും, ദുരിതകാലത്ത്, ദൈവം തന്റെ ശക്തമായ കൈകൊണ്ട് അവരെ സഹായിക്കാൻ വന്നു. നമ്മുടെ കർത്താവ് തന്റെ അനുയായികളെ പ്രോത്സാഹിപ്പിക്കുന്നു: "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കും; നീ എന്നെ മഹത്വപ്പെടുത്തും" (സങ്കീ. 50:15).

**പുറപ്പാട് 1:9-21 വായിക്കുക. വിശ്വസ്തരായ സൂതികർമ്മിണികൾ എന്ത് പ്രധാന പങ്കാണ് വഹിച്ചത്, ചരിത്രത്തിൽ അവർ എന്തുകൊണ്ട് ഓർമ്മിക്കപ്പെടുന്നു?**

പുറപ്പാട് പുസ്തകത്തിൽ ഒരു ഫറവോനും പേരില്ല. അവർ 'രാജാവ്' എന്നർത്ഥമുള്ള 'ഫറവോൻ' എന്ന സ്ഥാനപ്പേര് മാത്രമേ വഹിക്കുന്നുള്ളൂ. ഫറവോൻ ഭൂമിയിലെ ഒരു ദൈവമാണെന്നും, 'റാ' (അല്ലെങ്കിൽ 'ഒസിരിസ്' അല്ലെങ്കിൽ ('ഹോറസ്') ദൈവത്തിന്റെ മകനാണെന്നും 'റാ'യെ ഏറ്റവും ഉയർന്ന മിസ്രയീമ്യദേവനായ, സൂര്യദേവനായി കണക്കാക്കി മിസ്രയീമ്യർ ആരാധിച്ചിരുന്നു.

എന്നാലും, ഈ ദൈവത്തിന് എല്ലാ ശക്തിയും ഉണ്ടായിരുന്നിട്ടും, സൂതികർമ്മിണികളെ അവരുടെ ബോധ്യങ്ങൾക്ക് വിരുദ്ധമായി നിർബന്ധിക്കാൻ അവരുടെ 'ദൈവത്തിന്' കഴിഞ്ഞില്ല. വാസ്തവത്തിൽ, പേരില്ലാത്ത ഫറവോനിൽനിന്ന് വ്യത്യസ്തമായി, രണ്ട് സൂതികർമ്മിണികളുടെ പേരുകൾ, ശിപ്രാ, പൂവാ (പുറ. 1:15) പുറപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു; അവർ ദൈവത്തെ ഭയപ്പെട്ടതിനാൽ വളരെയധികം ബഹുമാനിക്കപ്പെട്ടു. ഒരു ഭൗമിക ഭരണാധികാരിയുടെ കൽപ്പനകളേക്കാൾ ദൈവത്തെ മാനിച്ച അവരുടെ മേൽ ഫറവോന്റെ ദുഷ്ട കല്പന ഒരു ഫലവും ഉണ്ടാക്കിയില്ല (പ്രവൃത്തികൾ 5:29 ഉം കാണുക). ദൈവം അവർക്ക് സ്വന്തം വലിയ കുടുംബങ്ങളെ നൽകി അനുഗ്രഹിച്ചു. വിശ്വസ്തതയുടെ എത്ര ശക്തമായ സാക്ഷ്യം. ഈ സ്ത്രീകൾക്ക് ദൈവശാസ്ത്രത്തെക്കുറിച്ച് കുറച്ച് മാത്രമേ അറിവുള്ളായിരുന്നു എങ്കിലും, ശരി എന്താണെന്ന് അറിയാമായിരുന്നു, ശരിയായത് ചെയ്യാൻ അവർ തീരുമാനിച്ചു.

തന്റെ തന്ത്രം പരാജയപ്പെട്ടു എന്ന് ഫറവോൻ കണ്ടപ്പോൾ, എബ്രായർക്ക് ജനിച്ച എല്ലാ ആൺകുട്ടികളെയും കൊല്ലാൻ അവൻ മിസ്രയീമ്യരോട് കൽപ്പിച്ചു. നൈൽ നദിയുടെ ദേവനും ഫലഭൂയിഷ്ഠതയുടെ ദേവനുമായ 'ഹാപി'ക്ക് ഒരു വഴിപാടായി അവരെ നൈൽ നദിയിലേക്ക് എറിയാൻ കൽപ്പിച്ചു. (യെഹൂദന്മാരെ മാത്രം കൊല്ലണമെന്ന് രേഖപ്പെടുത്തിയിട്ടുള്ള ആദ്യ സമയമാണിത്.) മരണ ഉത്തരവിന്റെ ഉദ്ദേശ്യം എബ്രായരെ കീഴടക്കുക, എല്ലാ പുരുഷ പിൻഗാമികളെയും ഉന്മൂലനം ചെയ്യുക, സ്ത്രീകളെ മിസ്രയീമ്യ ജനങ്ങളിലേക്ക് ലയിപ്പിക്കുക, അങ്ങനെ എബ്രായർ തന്റെ രാജ്യത്തിന് ഉയർത്തിയ ഭീഷണി അവസാനിപ്പിക്കുക എന്നിവയായിരുന്നു. ശരിയായ നടപടി എന്താണെന്ന് സൂതികർമ്മിണികൾക്ക് അറിയാമായിരുന്നു എന്ന് മാത്രമല്ല, അവർ അത് തന്നെ ചെയ്തു. ഇവിടെ നമുക്കുള്ള വ്യക്തമായ സന്ദേശം എന്താണ്?

## മോശ ജനിച്ചു

**പുറപ്പാട് 2:1-10 വായിക്കുക. മോശെയുടെ ജനനകഥയിൽ ദൈവത്തിന്റെ കരുതലും സംരക്ഷണവും എന്ത് പങ്കാണ് വഹിച്ചത്?**

മോശയുടെ ജനനത്തിന്റെയും ജീവിതത്തിന്റെയും ചരിത്ര പശ്ചാത്തലം ആശ്ചര്യകരമാണ്, കാരണം പുരാതന മിസ്രയീമിലെ ഏറ്റവും പ്രശസ്തനായ ഫറവോന്മാരിൽ ഒരാളായ മിസ്രയീമിലെ നെപ്പോളിയൻ എന്നറിയപ്പെട്ടിരുന്ന തുത്മോസ് മൂന്നാമന്റെ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത്.

ജനനസമയത്ത് കൊല്ലാൻ വിധിക്കപ്പെട്ടെങ്കിലും (പുറപ്പാട് 1:22 കാണുക), മോശെ ഒരു 'പ്രത്യേക' മകനായി ജനിച്ചു (NLT; എബ്രായ ടോബ്, അക്ഷരീയമായി നല്ലത്; പുറപ്പാട് 2:2). 'ബാഹ്യസൗന്ദര്യ'ത്തേക്കാൾ നല്ലത് എന്നതാണ് 'ടോബ്' എന്ന എബ്രായ പദത്തിനെ കൂടുതൽ വിവരിക്കുന്നത്. ഉദാഹരണത്തിന്, സൃഷ്ടിപ്പിൻ ആഴ്ചയിൽ ദൈവം എല്ലാം നല്ലത്, വളരെ നല്ലത് എന്ന് പ്രഖ്യാപിച്ചപ്പോൾ (ഉല്പത്തി 1:4,10,31) ദൈവത്തിന്റെ പ്രവൃത്തിയെ വിവരിക്കുന്നതിന് ഉപയോഗിച്ച പദം 'ടോബ്' ആയിരുന്നു.

ഒരു പുതിയ സൃഷ്ടി എന്ന നിലയിൽ, ഈ 'നല്ല' കുട്ടി, ദൈവത്തിന്റെ പദ്ധതി പ്രകാരം, എബ്രായരെ അവരുടെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്ന മുതിർന്ന ആളായി മാറും. ഈ കുഞ്ഞിന്റെ ജനനസമയത്ത്, പ്രത്യേകിച്ച് അത്തരം ദുഷ്കരമായ സാഹചര്യങ്ങളിൽ, ആർക്കാണ് അവന്റെ ഭാവി സങ്കൽപ്പിക്കാൻ കഴിയുക? എങ്കിലും, ദൈവം അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുമുള്ള തന്റെ വാഗ്ദാനം നിറവേറ്റും. അവരുടെ പിൻഗാമികൾക്ക് വാഗ്ദത്തദേശം നൽകുമെന്ന് ദൈവം അവരുമായി ഉടമ്പടി ചെയ്തു (പുറപ്പാട് 2:24, 25). അതെ, പതിറ്റാണ്ടുകൾക്ക് ശേഷം, അങ്ങനെ ചെയ്യാൻ ദൈവം ഈ കുഞ്ഞിനെ ഉപയോഗിച്ചു.

അതുവരെ, മിസ്രയീമിലെ രാജകുമാരി ഹാറ്റ്ഷെപ്സുട്ട് മോശെയെ തന്റെ മകനായി ദത്തെടുത്തു. അഹ്-മോസ് ('ആഹിന്റെ മകൻ') അല്ലെങ്കിൽ തുത്-മോസ് ('തോത്തിന്റെ മകൻ') എന്നീ പേരുകളിൽ പ്രതിഫലിക്കുന്നതുപോലെ മോശെയ്ക്ക് നൽകിയ പേരിന് ഒരു മിസ്രയീമ്യ ഉത്ഭവമുണ്ട്. അതായത്, മോശെയുടെ പേര് എബ്രായഭാഷയിൽ നദിയിൽനിന്ന് വലിച്ചെടുക്കപ്പെട്ടവൻ 'മോശെ' എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. മോശെയുടെ ജീവൻ അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു.

അദ്ദേഹത്തിന്റെ ആദ്യകാല ജീവിതത്തെക്കുറിച്ച് നമുക്ക് വളരെക്കുറച്ച് കാര്യങ്ങൾ മാത്രമേ അറിയൂ. അത്ഭുതകരമായി രക്ഷിക്കപ്പെടുകയും ഹാറ്റ്ഷെപ്സുട്ട് ദത്തെടുക്കുകയും ചെയ്ത ശേഷം, മോശെ തന്റെ ആദ്യ 12 വർഷം തന്റെ യഥാർത്ഥ കുടുംബത്തോടൊപ്പം ജീവിച്ചു (പുറപ്പാട് 2:79; എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 244). മിസ്രയീമിലെ അടുത്ത ഫറവോനായി തയ്യാറാക്കുന്നതിനാണ് മോശെയ്ക്ക് ഏറ്റവും മികച്ച മിസ്രയീമ്യ വിദ്യാഭ്യാസം നൽകിയത് (ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 245). ആത്യന്തികമായി, യഥാർത്ഥ ദൈവത്തെയും അവിടുത്തെ സത്യത്തെയും കുറിച്ച് അറിയുന്നത് പ്രാധാന്യം അർഹിക്കുന്ന കാര്യം-ഈ വിദ്യാഭ്യാസത്തിന്റെ വലിയൊരു ഭാഗം ആവശ്യമില്ലാത്തതോ അല്ലെങ്കിൽ അതിനെതിരെ പ്രവർത്തിക്കുന്നതോ ആയിരുന്നു എന്നത് ആകർഷകരം തന്നെ!

**യഥാർത്ഥത്തിൽ പ്രധാനപ്പെട്ട കാര്യങ്ങൾക്ക്, ആവശ്യമില്ലാത്ത എത്രയോ കാര്യങ്ങൾ നിങ്ങൾ പഠിക്കുന്നു?**

## പദ്ധതികളിലെ മാറ്റം

**പുറപ്പാട് 2:11–25 വായിക്കുക. മോശെയുടെ ജീവിതത്തിന്റെ മുഴുവൻ ദിശയെയും മാറ്റിമറിച്ച സംഭവങ്ങൾ ഏതൊക്കെയാണ് പെട്ടെന്ന് സംഭവിച്ചത്? ഈ കഥയിൽ നിന്ന് നമുക്ക് എന്ത് പാഠങ്ങൾ പഠിക്കാൻ കഴിയും?**

മോശെ എന്തു ചെയ്യും? മിസ്രയീമിലെ പ്രലോഭനത്തിനും കൊട്ടാരത്തിന്റെ സുഖസൗകര്യങ്ങൾക്കും അവൻ വഴങ്ങുമോ, അതോ കഷ്ടപ്പെടുന്ന തന്റെ ജനങ്ങളോടൊപ്പം കഷ്ടപ്പാടുകൾ സഹിക്കുമോ? പെട്ടെന്ന് തന്നെ, ഒരു തീരുമാനമെടുക്കാൻ സംഭവങ്ങൾ അവനെ നിർബന്ധിതനാക്കി.

ഈ കാര്യം ഫറവോൻ കേട്ടപ്പോൾ, അവൻ മോശെയെ കൊല്ലാനായി അന്വേഷിച്ചു. എന്നാൽ മോശെ ഫറവോന്റെ സന്നിധിയിൽനിന്ന് ഓടിപ്പോയി മിദ്യാൻ ദേശത്ത് താമസിച്ചു; അവൻ ഒരു കിണറ്റിനരികെ ഇരുന്നു (പുറപ്പാട് 2:15).

കൊലപാതകത്തിനുശേഷം, മിസ്രയീമിൽ തന്നെ തുടരുകയല്ലാതെ മോശെയ്ക്ക് യഥാർത്ഥത്തിൽ മറ്റ് മാർഗമില്ലായിരുന്നു. അങ്ങനെ, മിസ്രയീമിന്റെ സിംഹാസനത്തിൽ കയറി ഒരു ദൈവം ആകാനുള്ള അവന്റെ പദ്ധതികൾ എന്തുതന്നെ ആയിരുന്നെങ്കിലും, ആ പദ്ധതികൾ പെട്ടെന്ന് അവസാനിച്ചു. ഒരു വ്യാജദൈവമാകുന്നതിനു പകരം, മോശെ സത്യദൈവത്തെ സേവിക്കുന്നു. അവൻ ഓടിപ്പോയ സമയത്ത്, തന്റെ ഭാവി എന്തായിരിക്കുമെന്ന് മോശെയ്ക്ക് അറിയില്ലായിരുന്നു എന്നതിൽ സംശയമില്ല.

മോശെ മിസ്രയീമ്യനെ കൊന്ന കാര്യമെല്ലാം മിസ്രയീമിൽ ആകമാനം പെട്ടെന്ന് അറിയപ്പെട്ടു, അത് വളരെ അതിശയോക്തിപരമായി, താമസിയാതെ ഫറവോന്റെ ചെവികളിലും എത്തി. മോശെയുടെ ഈ പ്രവൃത്തിക്ക് വളരെയധികം അർത്ഥമുണ്ടെന്ന് രാജാവിന് ബോധ്യപ്പെട്ടു; മിസ്രയീമ്യർക്കെതിരെ തന്റെ ജനത്തെ നയിക്കാനും, ഗവൺമെന്റിനെ അട്ടിമറിക്കാനും, സിംഹാസനത്തിൽ ഇരിക്കാനും മോശെ പദ്ധതിയിട്ടു; മോശെ ജീവിച്ചിരിക്കുമ്പോൾ രാജ്യത്തിന് ഒരു സുരക്ഷിതത്വവും ഉണ്ടാകില്ല. മോശെ മരിക്കണമെന്ന് രാജാവ് ഉടനടി തീരുമാനിച്ചു; എന്നാൽ തന്റെ അപകടത്തെക്കുറിച്ച് ബോധവാനായപ്പോൾ മോശെ രക്ഷപ്പെട്ട് അറേബ്യക്ക് ഓടിപ്പോയി.  എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 247.

മോശെ 120 വർഷം ജീവിച്ചു (ആവ. 34:7), അദ്ദേഹത്തിന്റെ ജീവിതത്തെ 40 വർഷം വീതമുള്ള മൂന്ന് ഭാഗങ്ങളായി തിരിക്കാം. ആദ്യത്തെ 40 വർഷങ്ങൾ മിസ്രയീമിലായിരുന്നു, അവയിൽ ഭൂരിഭാഗവും രാജകൊട്ടാരത്തിലായിരുന്നു. രണ്ടാമത്തെ 40 വർഷങ്ങൾ മിദ്യാൻ പ്രദേശത്ത്, യെത്രോയുടെ വീട്ടിൽ അദ്ദേഹം ചെലവഴിച്ചു.

എന്നാലും, അവസാന 40 വർഷങ്ങളാണ് മോശെയുടെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളിൽ ഭൂരിഭാഗവും എടുക്കുന്നത്, വിഗ്രഹാരാധനയിൽ മുങ്ങിക്കുളിച്ച ഒരു ലോകത്തിന് സത്യദൈവത്തിന്റെ പ്രകൃതവും സ്വഭാവവും വെളിപ്പെടുത്തുവാനുള്ള ഇസ്രായേലിന്റെ ആദ്യകാല വിളിയുടെ കഥ അവ പറയുന്നു (ആവ. 4:68 കാണുക).

**മോശെ മിസ്രയീമ്യനെ കൊല്ലുക എന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നോ? അല്ലെങ്കിൽ, ദൈവത്തിന് ഏത് സാഹചര്യത്തിലും ഭരിക്കാനും അത് സ്വന്തം ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാനും കഴിയുമെന്ന് ഈ കഥ നമ്മെ എന്താണ് പഠിപ്പിക്കുന്നത്? ഈ പ്രധാനപ്പെട്ട സത്യം മനസ്സിലാക്കാൻ റോമർ 8:28 നമ്മെ എങ്ങനെ സഹായിക്കുന്നു.**

## കൂടുതൽ ചിന്ത:

**ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ എലെൻ ജി. വൈറ്റ്, മോശെ, പേജ് 241–251 വായിക്കുക, ഈ ആഴ്ചയിലെ ബൈബിൾ പാഠത്തിൽ പഠിച്ച ഭാഗത്തെക്കുറിച്ച് നിങ്ങൾക്ക് കാര്യമായ ഉൾക്കാഴ്ച നൽകും.**

സൂതികർമ്മിണികൾ ദൈവത്തെ ഭയപ്പെട്ടു, മിസ്രയീമിലെ രാജാവ് അവരോട് കല്പിച്ചതുപോലെ അവർ ചെയ്തില്ല, മറിച്ച് ആൺകുട്ടികളെ ജീവനോടെ രക്ഷിച്ചു എന്ന് ബൈബിൾ പറയുന്നു (പുറപ്പാട് 1:17). സൂതികർമ്മിണികളുടെ വിശ്വസ്തതയെയും മിശിഹൈക പ്രത്യാശയെയും കുറിച്ച് എലെൻ ജി. വൈറ്റ് ഉചിതമായി അഭിപ്രായപ്പെടുന്നു: എബ്രായ ആൺകുട്ടികളെ അവരുടെ ജനനസമയത്ത് നശിപ്പിക്കാൻ രാജാവ് പുറപ്പെടുവിച്ച കൽപ്പന നടപ്പിലാക്കാൻ അവസരം നൽകിയ സ്ത്രീകൾ അത് ചെയ്തില്ല. ഈ കാര്യത്തിൽ സാത്താൻ ആയിരുന്നു പ്രേരകശക്തി. ഇസ്രായേല്യരുടെ ഇടയിൽ ഒരു വിമോചകൻ എഴുന്നേൽക്കണമെന്ന് അവനറിയാമായിരുന്നു; അവരുടെ കുട്ടികളെ നശിപ്പിക്കാൻ രാജാവിനെ നയിച്ചുകൊണ്ട് ദൈവിക ഉദ്ദേശ്യത്തെ പരാജയപ്പെടുത്താമെന്ന് അവൻ പ്രതീക്ഷിച്ചു. എന്നാൽ സ്ത്രീകൾ ദൈവത്തെ ഭയപ്പെട്ടു, അവർ ആ ക്രൂരമായ ആജ്ഞ നിർവ്വഹിക്കാൻ ധൈര്യപ്പെട്ടില്ല. കർത്താവ് അവരുടെ പ്രവൃത്തി അംഗീകരിച്ചു, അവരെ അഭിവൃദ്ധിപ്പെടുത്തി. – എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 242.

ഇതിലെല്ലാം നല്ല വാർത്ത എന്തെന്നാൽ, സാത്താന്റെ പദ്ധതികൾ ഉണ്ടായിരുന്നിട്ടും, ദൈവം അതിനെ മറികടന്നു, ശത്രുവിനെ പരാജയപ്പെടുത്താൻ ദൈവം വിശ്വസ്തരായ ആളുകളെ ഉപയോഗിച്ചു. 'പ്രഭു' അല്ലെങ്കിൽ 'ഈ ലോകത്തിന്റെ ഭരണാധികാരി' എന്ന് യേശുക്രിസ്തു വിളിച്ച നമ്മുടെ ശത്രുവിന്റെ പ്രദേശത്താണ് നാം ജീവിക്കുന്നത് (എഫെ. 2:2; യോഹ. 14:30). സാത്താൻ ആദാമിൽനിന്ന് ഈ സ്ഥാനം പിടിച്ചെടുത്തു, എന്നാൽ യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെയും കുരിശിലെ മരണത്തിലൂടെയും അവനെ പരാജയപ്പെടുത്തി (മത്തായി 4:1–11, യോഹ. 19:30, എബ്രാ. 2:14). ആ കുട്ടികളെ കൊല്ലാനുള്ള അവന്റെ ശ്രമത്തിൽ പരാജയപ്പെടുത്തിയതുപോലെ, സാത്താൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും സജീവമാണെന്നും വെളിപ്പെടുത്തിയെങ്കിലും, യേശുവിന്റെ ക്രൂശുമരണം ഉറപ്പായിരുന്നു (യോഹ. 12:31; യോഹ. 16:11; വെളി. 20:9,10,14). ജീവിതത്തിലെ ബുദ്ധിമുട്ടുകളെ ദൈവകൃപയാൽ മറികടക്കാൻ കഴിയുമെന്നതാണ് സന്തോഷവാർത്ത (ഫിലി. 4:13). ആ കൃപയാണ് നമ്മുടെ ഏക പ്രത്യാശ.

## ചർച്ചാ ചോദ്യങ്ങൾ:

1. **എബ്രായരെ മിസ്രയീമിൽ താമസിക്കാൻ ദൈവം അനുവദിച്ചത് എന്തുകൊണ്ട്? പീഡിപ്പിക്കപ്പെടാൻ വേണ്ടിയാണോ? ദൈവം അവർക്കുവേണ്ടി ഇടപെടാൻ ഇത്രയധികം സമയമെടുത്തത് എന്തുകൊണ്ട്? ഓരോ വ്യക്തിയും ആ വ്യക്തി ജീവിച്ചിരിക്കുന്നിടത്തോളം കാലം മാത്രമേ കഷ്ടപ്പെടുന്നുള്ളൂ എന്നതും ഓർക്കുക. അതായത്, രാഷ്ട്രത്തിന്റെ കഷ്ടപ്പാടിന്റെ സമയം നീണ്ടു നിന്നു, എന്നാൽ ഓരോ വ്യക്തിയും ജീവിച്ചിരിക്കുന്നിടത്തോളം കാലം മാത്രമേ കഷ്ടപ്പെടുകയുള്ളൂ. മനുഷ്യന്റെ കഷ്ടപ്പാടുകൾ പൊതുവായി മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ആ വ്യത്യാസം പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?**
2. **മിസ്രയീമ്യനെ കൊല്ലാനുള്ള മോശെയുടെ ഭ്രാന്തമായ പ്രവൃത്തി ദൈവത്തിന് എങ്ങനെ ഉപയോഗിക്കാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. അവൻ അത് ചെയ്തില്ലായിരുന്നെങ്കിൽ എബ്രായർ ഒടുവിൽ മിസ്രയീമിൽനിന്ന് രക്ഷപ്പെടില്ലായിരുന്നോ? നിങ്ങളുടെ ന്യായവാദം വിശദീകരിക്കുക.**

പാഠം - 2

# കത്തുന്ന മുൾപടർപ്പ്

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 18:3,4; പുറപ്പാട് 3:1–22; ഉല്പത്തി 22:11, 1518; പുറപ്പാട് 6:3; യോവേൽ 2:32; പുറപ്പാട് 4:1–31; ഉല്പത്തി 17:10,11.**

**മനഃപാഠവാക്യം:**

**"യഹോവ അരുളിച്ചെയ്തു: "മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു, ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളി ഞാൻ കേട്ടു, അവരുടെ സങ്കടങ്ങൾ എനിക്കറിയാം. അതുകൊണ്ട് മിസ്രയീമ്യരുടെ കൈയിൽനിന്ന് അവരെ വിടുവിക്കാനും ആ ദേശത്തുനിന്ന് അവരെ നല്ലതും വിശാലവുമായ ഒരു ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ഒരു ദേശത്തേക്ക് കൊണ്ടുപോകാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു" (പുറപ്പാട് 3:7,8).**

ദൈവത്തിന്റെ വിളി പലപ്പോഴും നമ്മുടെ ജീവിതത്തിന്റെ ദിശ മാറ്റും. എന്നാലും, ആ വിളി പിന്തുടരുകയാണെങ്കിൽ, ദൈവത്തിന്റെ പാത ഏറ്റവും നല്ല വഴിയാണെന്ന് നമുക്ക് കണ്ടെത്താനാകും. എന്നാലും, ചിലപ്പോൾ - ആദ്യം - ദൈവത്തിന്റെ വിളി സ്വീകരിക്കുന്നത് അത്ര എളുപ്പമല്ല.

കത്തുന്ന മുൾപടർപ്പിൽ ദൈവവുമായുള്ള പ്രത്യേക കൂടിക്കാഴ്ചയിൽനിന്ന് ആരംഭിച്ച മോശെയുടെ വിളിയും അങ്ങനെയാണ്. ജ്വലന നിയമങ്ങളെക്കുറിച്ച് മോശെയ്ക്ക് അറിയാമായിരുന്നെങ്കിലും ഇല്ലെങ്കിലും, താൻ കാണുന്നത് ഒരു അത്ഭുതമാണെന്ന് അവനറിയാമായിരുന്നു, അത് തീർച്ചയായും അവന്റെ ശ്രദ്ധ പിടിച്ചുപറ്റി. സംശയമില്ല, ദൈവം അവനെ ഒരു പ്രത്യേക ജോലിക്കായി വിളിക്കുകയായിരുന്നു. പ്രശ്നം ഇതായിരുന്നു: ഈ വിളി അവന്റെ ജീവിതത്തിൽ കൊണ്ടു വരുന്ന സമൂലമായ പുതിയ മാറ്റം പരിഗണിക്കാതെ, അവൻ ആ വിളിയോട് പ്രതികരിക്കുമോ? ആദ്യം, അവനത് ഒട്ടും സ്വീകാര്യമല്ലായിരുന്നു.

പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടായിരുന്ന നിങ്ങളുടെ പദ്ധതികൾ ദൈവം വഴി തിരിച്ചുവിട്ട സന്ദർഭങ്ങൾ നിങ്ങൾ ഓർമ്മിച്ചേക്കാം. നമുക്ക് പല വിധത്തിൽ ദൈവത്തിന് ഉപകാരപ്രദരാകാൻ കഴിയുമെന്നത് ശരിയാണ്, എന്നാൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വിളി പിന്തുടരുകയും ദൈവം നമ്മെ നയിക്കുന്ന വഴിയിലൂടെ പോകുകയും ചെയ്യുന്നത് തീർച്ചയായും ഏറ്റവും സംതൃപ്തികരമായ പാതയായിരിക്കും. അത് എല്ലായ്പ്പോഴും എളുപ്പമായിരിക്കില്ല, മോശെയ്ക്ക് അത് എളുപ്പമായിരുന്നില്ല, പക്ഷേ ദൈവം നമ്മെ മറ്റൊരു ദിശയിലേക്ക് വിളിക്കുമ്പോൾ നമ്മുടെ സ്വന്തം വഴിക്ക് പോകുന്നത് എത്ര വിഡ്ഢിത്തമാണ്!

ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 11 ലെ ശബ്ബത്തിനായി ഒരുങ്ങുക

# കത്തുന്ന മുൾപടർപ്പ്

മോശെ മിദ്യാനിലേക്ക് പലായനം ചെയ്തതിനുശേഷം, താരതമ്യേന ലളിതമായ ഒരു ജീവിതം നയിച്ചുപോന്നു. മോശെ വിവാഹിതനായി, തന്റെ ഭാര്യ ഗേർഷോം, എലിയേസർ എന്നീ രണ്ട് ആൺമക്കളെ പ്രസവിച്ചു (പുറപ്പാട് 18:3,4), മോശെ തന്റെ ഭാര്യാപിതാവും മിദ്യാനിലെ പുരോഹിതനുമായ ജെത്രോയുടെ വിപുലീകൃത കുടുംബത്തിലെ ഒരു അംഗമായി. പ്രകൃതി വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം ആസ്വദിച്ചു, ദാവീദിനെപ്പോലെ (2 ശമൂ. 7:8) ഒരു ഇടയനായി 40 വർഷം മോശെ ജീവിച്ചു.

എന്നാലും, മോശെയ്ക്ക് പൂക്കൾ മണക്കാനുള്ള സമയം ആയിരുന്നില്ല അത് (അല്ലെങ്കിൽ, ഒരുപക്ഷേ, ഈ സാഹചര്യത്തിൽ, മരുഭൂമിയിലെ കള്ളിച്ചെടി?). ദൈവത്തോടൊപ്പം നടന്ന ഈ വർഷങ്ങൾ മോശെയുടെ ജീവിതം മാറ്റിമറിച്ചു, ഒരു നേതൃത്വപരമായ റോളിനായി അദ്ദേഹം ഒരുക്കപ്പെട്ടു. ദൈവിക പ്രചോദനത്താൽ, ഏറ്റവും പഴയ രണ്ട് ബൈബിൾ പുസ്തകങ്ങൾ – ഇയ്യോബ്, ഉല്പത്തി – എഴുതാൻ ഈ ശാന്തമായ മരുഭൂമിയിൽ ദൈവം മോശെയെ ഉപയോഗിച്ചു: (എലൻ ജി. വൈറ്റ്, പിതാക്കന്മാരും പ്രവാചകന്മാരും, പേജ് 251.

വൻവിവാദം, സൃഷ്ടിപ്പ്, വീഴ്ച, ജലപ്രളയം, ഗോത്രപിതാക്കന്മാർ, ഏറ്റവും പ്രധാനമായി രക്ഷാപദ്ധതി എന്നിവയെക്കുറിച്ചുള്ള നിർണായക ഉൾക്കാഴ്ചകളും മോശെയ്ക്ക് ദൈവത്തിൽനിന്ന് ലഭിച്ചു. അങ്ങനെ, നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ജീവനുള്ള ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ അറിവും, ഈ ഗ്രഹത്തിൽ നാശം വിതച്ച പാപത്തിന്റെ വീക്ഷണകോണിൽ ദൈവം എന്താണ് ചെയ്യുന്നതെന്നതിനെക്കുറിച്ചുള്ള അറിവും എല്ലാ മനുഷ്യരാശിക്കും കൈമാറുന്നതിൽ മോശെ ഒരു പ്രധാന പങ്കു വഹിച്ചു. പ്രചോദനത്താൽ മോശെ നമുക്ക് നൽകിയ നിർണായക അടിത്തറയില്ലാതെ, പ്രത്യേകിച്ച് ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, ബൈബിൾ ചരിത്രത്തിനും, രക്ഷാ ചരിത്രത്തിനും അർത്ഥമില്ല.

പുറപ്പാട് 3:16 വായിക്കുക. "അബ്രഹാമിന്റെ ദൈവം, യിസ്ഹാക്കിന്റെ ദൈവം, യാക്കോബിന്റെ ദൈവം" എന്ന് യഹോവ മോശെയ്ക്ക് തന്നെത്തന്നെ പരിചയപ്പെടുത്തിയതിൽ എന്ത് പ്രാധാന്യം കണ്ടെത്താൻ കഴിയും? കത്തുന്ന മുൾപടർപ്പു തീയാൽ ദഹിക്കുന്നില്ലെന്ന് മോശെ കണ്ടു, അങ്ങനെ താൻ ഒരു അത്ഭുതം കാണുന്നുവെന്നും, തന്റെ തൊട്ടുമുമ്പിൽ നാടകീയവും പ്രധാനപ്പെട്ടതുമായ എന്തോ ഒന്ന് സംഭവിക്കുന്നുണ്ടെന്നും അവന് മനസ്സിലായി. അവൻ അടുത്തേക്ക് നീങ്ങിയപ്പോൾ, ദൈവത്തിന്റെ സാന്നിധ്യം ആ സ്ഥലത്തെ വിശുദ്ധമാക്കിയതിനാൽ ദൈവത്തോടുള്ള ആഴമായ ബഹുമാനത്തിന്റെ അടയാളമായി അവന്റെ ചെരുപ്പ് ഊരിമാറ്റാൻ ദൈവം അവനോട് പറഞ്ഞു.

**ദൈവം മോശെയ്ക്ക് തന്നെത്തന്നെ "അബ്രഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും" ആയി അവതരിപ്പിച്ചു (പുറപ്പാട് 3:6). ഈ ഗോത്രപിതാക്കന്മാരുടെ പിൻഗാമികൾ കനാൻ അവകാശമാക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു, മോശെയ്ക്ക് തീർച്ചയായും ആ വാഗ്ദാനത്തെക്കുറിച്ച് അറിയാമായിരുന്നു. അങ്ങനെ, അത് പറയുന്നതിനു മുമ്പുതന്നെ, വരാനിരിക്കുന്നതും താൻ വഹിക്കേണ്ടതുമായ നിർണായക പങ്ക് എന്താണെന്ന് അറിയാൻ മോശെയ്ക്ക് ദൈവം വഴി തുറന്നു കൊടുക്കുകയായിരുന്നു. തന്റെ ദൗത്യത്തിനായി മോശെയെ ദൈവം സജ്ജനാക്കുന്നതിന് മുമ്പ് മോശെയ്ക്ക് 80 വർഷം ആവശ്യമായിരുന്നു. ക്ഷമയെക്കുറിച്ച് ഈ സത്യം നമ്മെ എന്താണ് പഠിപ്പിക്കുന്നത്?**

## കർത്താവിന്റെ ദൂതൻ

ഒരു മുൾപടർപ്പിന്റെ ഉള്ളിൽനിന്ന് അഗ്നിജ്വാലകളിൽ 'കർത്താവിന്റെ ദൂതൻ' മോശെയ്ക്ക് പ്രത്യക്ഷപ്പെട്ടു (പുറപ്പാട് 3:2). കർത്താവായ യേശു തന്നെ 'മുൾപടർപ്പിന്റെ ഉള്ളിൽ നിന്ന്' മോശെയോട് സംസാരിക്കുകയായിരുന്നു (പുറപ്പാട് 3:4).

"കർത്താവിന്റെ ദൂതൻ" എന്ന തലക്കെട്ടും യേശുക്രിസ്തുവിന്റെ ചിത്രീകരണവും തമ്മിൽ ആശയക്കുഴപ്പത്തിലാകരുത്. എബ്രായഭാഷയിൽ 'മാലാഖ്' എന്ന പദത്തിന്റെ അർത്ഥം 'ദൂതൻ' എന്നാണ്, മാത്രമല്ല ഈ 'മാലാഖ്' മനുഷ്യനോ ദൈവമോ എന്നത് എല്ലായ്പ്പോഴും സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നു (മലാ. 3:1 കാണുക). 'കർത്താവിന്റെ ദൂതൻ' ദൈവിക വ്യക്തിയായി പരാമർശിക്കുന്ന നിരവധി സന്ദർഭങ്ങൾ ബൈബിളിൽ ഉണ്ട് (ഉദാഹരണത്തിന്, ഉല്പത്തി 22:11, 15–18; ഉല്പത്തി 31:3,11,13; ന്യായാ. 2:1,2; ന്യായാ. 6:11–22; സെഖ. 3:1,2). ദൈവത്തിന്റെ ഈ ദൂതൻ കർത്താവിന്റെ നാമത്തിൽ സംസാരിക്കുക മാത്രമല്ല, അവൻ കർത്താവ് തന്നെയാണ്. പിതാവിന്റെ വചനം നമ്മെ അറിയിക്കാൻ വന്ന ദൈവത്തിന്റെ ദൂതനാണ് യേശു.

**പുറപ്പാട് 3:7–12 വായിക്കുക. മിസ്രയീമിൽ അടിമകളായ ഇസ്രായേല്യർക്കുവേണ്ടി ഇടപെടാൻ താൻ ആഗ്രഹിച്ചത് എന്തിന് എന്ന് മോശെയോട് ദൈവം എങ്ങനെ വിശദീകരിച്ചു?**

മിസ്രയീമിലെ ദൈവജനത്തിന്റെ കഷ്ടപ്പാട് സഹായത്തിനായുള്ള ഒരു ഞരക്കമായും ആഴമായ നിലവിളിയായും വർണ്ണാമായി വിവരിച്ചിരിക്കുന്നു. ദൈവം അവരുടെ നിലവിളി കേട്ടു, അതിൽ ദൈവം ആശങ്കാകുലനായിരുന്നു (പുറ. 2:23–25). ദൈവം അവരെ 'എന്റെ ജനം' എന്ന് വിളിച്ചു (പുറ. 3:7). അതായത്, സീനായിക്കും ഉടമ്പടി അംഗീകരിക്കുന്നതിനും മുമ്പുതന്നെ, അവർ ദൈവത്തിന്റെ ജനമായിരുന്നു, അവരുടെ പിതാക്കന്മാർക്ക് വാഗ്ദാനം ചെയ്തതുപോലെ, അവിടുന്ന് അവരെ കനാൻ ദേശത്ത് വസിക്കാനും അഭിവൃദ്ധിപ്പെടാനും ഇടയാക്കുമായിരുന്നു (അവർ അനുസരിച്ചാൽ). ഒരു പ്രത്യേക ജോലിക്കായി മോശെയെ ഫറവോന്റെ അടുക്കലേക്ക് അയയ്ക്കുകയാണെന്ന് ദൈവം മോശെയോട് പറഞ്ഞു: "അതിനാൽ ഇപ്പോൾ പോകൂ. എന്റെ ജനമായ ഇസ്രായേല്യരെ മിസ്രയീമിൽനിന്ന് പുറത്തു കൊണ്ടുവരാൻ ഞാൻ നിന്നെ ഫറവോന്റെ അടുക്കലേക്ക് അയയ്ക്കുന്നു" (പുറ. 3:10). വീണ്ടും, ദൈവം അവരെ "എന്റെ ജനം" എന്ന് വിളിക്കുന്നു.

ദൈവം തന്റെ ദാസനു നൽകിയ ദൗത്യം എത്ര വലിയത്! അതുകൊണ്ട് മോശെ ഒരു ചോദ്യത്തോടെ മറുപടി പറഞ്ഞു: ഞാൻ ആരാണ്? അതായത്, സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെയും ഇതിൽ തന്റെ പങ്ക് എന്തായിരിക്കുമെന്നും മനസ്സിലാക്കിയ മോശെ, തന്നെപ്പോലുള്ള ഒരാളെ എന്തിനാണ് ദൈവം തിരഞ്ഞെടുക്കുന്നതെന്ന് ആശ്ചര്യപ്പെടുന്നു. ഇവിടെ, തുടക്കത്തിൽ തന്നെ, അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെയും, എളിമയുടെയും, താൻ വിളിക്കപ്പെട്ട കാര്യങ്ങൾക്ക് താൻ യോഗ്യനല്ല എന്ന തോന്നലിന്റെയും ഒരു സൂചന നമുക്ക് ലഭിക്കുന്നു.

**കർത്താവിനെ അനുഗമിക്കാനും അവനുവേണ്ടി എന്തെങ്കിലും ചെയ്യാനും ആഗ്രഹിക്കുന്ന ഏതൊരാൾക്കും താഴ്മയും നമ്മുടെ സ്വന്തം 'അയോഗ്യത'യെക്കുറിച്ചുള്ള ബോധവും ഇത്ര പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?**

## കർത്താവിന്റെ നാമം

**പുറപ്പാട് 3:13–22 വായിക്കുക. മോശെ ദൈവത്തിന്റെ നാമം അറിയാൻ ആഗ്രഹിച്ചത് എന്തുകൊണ്ട്, അവന്റെ നാമത്തിന്റെ പ്രാധാന്യം എന്താണ്?**

ദൈവം മോശെയ്ക്ക് തന്നെത്തന്നെ 'എഹെജെ' – 'ആഷേർ' – 'എഹെജെ' "ഞാൻ ആകുന്നവൻ ഞാനാകുന്നു" അല്ലെങ്കിൽ "ഞാൻ ആകുന്നവൻ ഞാനായിരിക്കും" എന്ന് പരിചയപ്പെടുത്തി, അക്ഷരാർത്ഥത്തിൽ ദൈവത്തിന്റെ നാമം ആണ് അത് അർത്ഥമാക്കുന്നത്. പുറപ്പാട് 3:12–ൽ, ദൈവം മോശെയോട് "ഞാൻ നിന്നോടുകൂടെ ഇരിക്കും" എന്ന് പറയുമ്പോൾ ഉപയോഗിച്ച 'എഹെജെ' 14–ാം വാക്യത്തിൽ ('എഹെജെ') ക്രിയ രൂപത്തിൽ ഉപയോഗിക്കുന്നു. ദൈവം നിത്യനാണെന്നാണ് ഇതിനർത്ഥം. അവിടുന്ന് അകന്നിരിക്കുന്ന ദൈവവും അടുത്തിരിക്കുന്ന ദൈവവുമാണ്, അവിടുന്ന് മനോവിനയവും മനസ്താപമുള്ള വരുടെയും കൂടെ വസിക്കുന്ന ദൈവവുമാണ് (യെശയ്യാവ് 57:15).

ദൈവത്തിന്റെ ശരിയായ നാമം, സാധാരണയായി ഇംഗ്ലീഷ് ബൈബിളുകളിൽ കാണുന്ന 'യാഹ്വെ, യഹോവ' എന്ന് വിവർത്തനം ചെയ്യപ്പെടുന്നു. ദൈവജനത്തിന് തുടക്കം മുതൽ തന്നെ അതിന്റെ ആഴമേറിയ അർത്ഥം അറിയില്ലായിരുന്നെങ്കിൽ പോലും ദൈവത്തിന്റെ ശരിയായ നാമം യാഹ്വെ എന്ന് മോശെയ്ക്ക് അറിയാമായിരുന്നു. പക്ഷേ, മറ്റുള്ളവരെ പ്പോലെ തന്നെ, മോശെയ്ക്കും അതിന്റെ യഥാർത്ഥ അർത്ഥം അറിയില്ലായിരുന്നു. 'നിന്റെ നാമം എന്താണ്?' എന്ന മോശെയുടെ ചോദ്യം ആ ആഴമേറിയ അർത്ഥത്തെക്കുറിച്ചുള്ള ഒരു ചോദ്യമാണ്.

**പുറപ്പാട് 6:3–ൽ ഒരു സഹായകരമായ സൂചനയുണ്ട്, അവിടെ ദൈവം ഇങ്ങനെ പ്രസ്താവിച്ചു: "ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വ ശക്തനായ ദൈവമായി പ്രത്യക്ഷപ്പെട്ടു, പക്ഷേ 'യാഹ്വെ' എന്ന എന്റെ നാമത്തിൽ ഞാൻ അവർക്ക് എന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തിയില്ല" (പുറപ്പാട് 6:3). ആദാം, നോഹ, അബ്രഹാം, ഗോത്രപിതാക്കന്മാർ എന്നിവർക്ക് 'യാഹ്വെ' എന്ന പേര് അറിയില്ലായിരുന്നു എന്നല്ല ഇത് സൂചിപ്പിക്കുന്നത് (ഉല്പത്തി 2:4,9; ഉല്പത്തി 4:1,26; ഉല്പത്തി 7:5; ഉല്പത്തി 15:68; മുതലായവ കാണുക). പകരം, അതിന്റെ ആഴമേറിയ അർത്ഥം അവർക്ക് അറിയില്ലായിരുന്നു എന്നാണ് ഇതിനർത്ഥം.**

യാഹ്വെ എന്ന ദൈവത്തിന്റെ നാമം, അവിടുന്ന് വ്യക്തിത്വമുള്ള ദൈവമാണെന്നും, തന്റെ ജനത്തിന്റെ ദൈവമാണെന്നും, ഉടമ്പടിയുടെ ദൈവമാണെന്നും, അവിടുന്ന് മനുഷ്യകാര്യങ്ങളിൽ ഇടപെടുന്ന ഒരു അടുത്ത, അടുപ്പമുള്ള ദൈവമാണെന്നും സൂചിപ്പിക്കുന്നു. സർവ്വശക്തനായ ദൈവം (ഉല്പത്തി 17:1) തന്റെ ശക്തിയാൽ അത്ഭുത കരമായി ഇടപെടുന്ന ദൈവമാണ്. എന്നാൽ സ്നേഹത്തിലൂടെയും കരുതലിലൂടെയും തന്റെ ധാർമ്മിക ശക്തി പ്രകടിപ്പിക്കുന്ന ദൈവമാണ് 'യാഹ്വെ'. അവിടുന്ന് എലോഹിമിന്റെ അതേ ദൈവമാണ് ('ശക്തനും, ബലവാനും, അതിരു കടന്നവനുമായ ദൈവം, എല്ലാവരുടെയും ദൈവം, ലോകത്തിന്റെ ഭരണാധികാരി, പ്രപഞ്ചത്തിലെ എല്ലാറ്റിന്റെയും സ്രഷ്ടാവ്'), എന്നാൽ മനുഷ്യരാശിയുമായുള്ള തന്റെ ബന്ധത്തിന്റെ വ്യത്യസ്തവശങ്ങൾ യഹോവ എന്ന നാമ ത്താൽ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു.

ദൈവത്തിന്റെ നാമം അറിയുന്നതോ ദൈവത്തിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതോ മാന്ത്രികമായ ഒന്നല്ല. ഇത് അവിടുത്തെ നാമം വിളംബരം ചെയ്യുന്നതിനെകുറിച്ചാണ്, അതായത് ഈ ദൈവത്തെക്കുറിച്ചുള്ള സത്യവും വിശ്വാസത്തോടെ വരുന്ന എല്ലാവർക്കും അവിടുന്ന് നൽകുന്ന രക്ഷയും മറ്റുള്ളവരെ പഠിപ്പിക്കുക എന്നതാണ്. യോവേൽ പറയുന്നതു പോലെ: കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (യോവേൽ 2:32). യഹോവയ്ക്ക് കീഴടങ്ങിയ എല്ലാവരുമായും അവൻ ആഗ്രഹിക്കുന്ന അടുപ്പവും പ്രിയവും നിങ്ങളുടെ സ്വന്തം ജീവിതത്തിൽ ഏതെല്ലാം വിധങ്ങളിലാണ് നിങ്ങൾ അനുഭവി ച്ചിട്ടുള്ളത്.

# നാല് ഒഴികഴിവുകൾ

**പുറപ്പാട് 4:1–17 വായിക്കുക. ദൈവത്തിന്റെ ദൂതൻ എന്ന നിലയിൽ തന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിന് ദൈവം മോശെയ്ക്ക് എന്ത് അടയാളങ്ങളാണ് നൽകിയത്?**

ദൈവം തന്നോട് ആവശ്യപ്പെട്ട ജോലിയിൽനിന്ന് മോശെ വീണ്ടും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു (പുറപ്പാട് 3:11 കാണുക). മിസ്രയീമിൽ പോയി ഫറവോനെ നേരിടാൻ അവൻ ആഗ്രഹിച്ചില്ല. എല്ലാത്തിനുമുപരി, എബ്രായരെ സഹായിക്കാൻ മുമ്പ് സ്വയം ശ്രമിച്ചപ്പോൾ അവൻ പരാജയപ്പെട്ടു. കൂടാതെ, അവന്റെ സ്വന്തം ആളുകൾ അവനെ വിശ്വസിക്കുകയോ അവരുടെ നേതാവായി അംഗീകരിക്കുകയോ ചെയ്തില്ല. അതുകൊണ്ടാണ് അവൻ മൂന്നാമത്തെ എതിർപ്പ് ഉയർത്തിയത്: "അവർ എന്നെ വിശ്വസിക്കുകയോ എന്റെ വാക്കു കേൾക്കുകയോ ചെയ്തില്ലെങ്കിൽ എന്തുചെയ്യും?" (പുറപ്പാട് 4:1) പുതിയത് എന്തെങ്കിലും പഠിക്കാനുള്ള ചോദ്യമായിരുന്നില്ല; ദൈവം തന്നോട് ഏറ്റെടുക്കാൻ ആവശ്യപ്പെട്ട ഉത്തരവാദിത്തത്തോട് 'ഇല്ല' എന്ന് പറയാനുള്ള ശ്രമമായിരുന്നു അത്.

ഇസ്രായേലിലെ മൂപ്പന്മാരുടെ മുമ്പാകെയും പിന്നീട് ഫറവോന്റെ മുമ്പാകെയും ചെയ്യാൻ മോശെയ്ക്ക് രണ്ട് അത്ഭുത അടയാളങ്ങൾ നൽകപ്പെടുന്നു: (1) അവന്റെ വടി ഒരു പാമ്പായി മാറുകയും പിന്നീട് ഒരു വടിയായി മാറുകയും (2) അവന്റെ കൈ കുഷ്ഠരോഗമുള്ളതായി മാറുകയും എന്നാൽ തൽക്ഷണം സുഖപ്പെടുകയും ചെയ്യുന്നു. ദൈവം അവർക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടെന്ന് രണ്ട് അത്ഭുതങ്ങളും മൂപ്പന്മാരെ ബോധ്യപ്പെടുത്തണം. ഇല്ലെങ്കിൽ, മൂന്നാമത്തെ അത്ഭുതം, വെള്ളം രക്തമാക്കി മാറ്റുന്ന കാര്യം, കൂട്ടിച്ചേർത്തു (പുറ. 4:8, 9).

**ദൈവം മോശെയ്ക്ക് ഈ മഹത്തായ അത്ഭുതങ്ങൾ നൽകിയെങ്കിലും, അവൻ മറ്റൊരു ഒഴികഴിവ് പ്രകടിപ്പിക്കുന്നു, നാലാമത്തേത്: അവൻ ഒരു നല്ല പ്രഭാഷകനല്ല. പുറപ്പാട് 4:10–18 വായിക്കുക.**

കർത്താവ് മോശെയോട് എങ്ങനെ പ്രതികരിക്കുന്നു, ദൈവം നമ്മെ വിളിക്കുന്നു വെന്ന് നാം വിശ്വസിക്കുന്ന ഏത് സാഹചര്യത്തിലും, അതിൽനിന്ന് നമുക്ക് എന്ത് പാഠങ്ങൾ പഠിക്കാൻ കഴിയും? നാല് ഒഴികഴിവുകളുടെ ഈ കൂട്ടം ദൈവത്തിന്റെ വിളി പിന്തുടരാനുള്ള മോശെയുടെ വിമുഖത കാണിക്കുന്നു. 'ന്യായമായ' എതിർ പ്പുകളോടെ, അവൻ പോകാനുള്ള തന്റെ മനസ്സില്ലായ്മ മറയ്ക്കുന്നു. ആദ്യത്തെ മൂന്ന് ഒഴികഴിവുകൾ ചോദ്യങ്ങളുടെ രൂപത്തിലാണ്: (1) ഞാൻ ആരാണ്? (2) നിങ്ങൾ ആരാണ്? (3) അവർ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ എന്തുചെയ്യും? (4) നാലാമത്തെ എതിർപ്പ് 'ഞാൻ വാചാലനല്ല' എന്ന പ്രസ്താവനയാണ്. ദൈവം അവയ്ക്കെല്ലാം പ്രതികരിക്കുകയും ശക്തമായ ഒരു പരിഹാരം നൽകുകയും ചെയ്തു. ഈ ഒഴികഴിവു കൾക്ക് ദൈവം നിരവധി പ്രോത്സാഹജനകമായ വാഗ്ദാനങ്ങൾ നൽകുന്നു.

പിന്നെ മോശെ തന്റെ അഞ്ചാമത്തെയും അവസാനത്തെയും അപേക്ഷ നേരിട്ട് ചോദിക്കുന്നു: "എന്റെ കർത്താവേ, ദയവായി മറ്റൊരാളെ അയയ്ക്കുക" (പുറപ്പാട് 4:13). മറുപടിയായി, അവനെ പിന്തുണയ്ക്കാൻ അവന്റെ സഹോദരനായ അഹരോനെ അയയ്ക്കുന്നു എന്ന് ദൈവം പറയുന്നു. ഒടുവിൽ, മോശെ മൗനമായി സമ്മതിച്ച് മിസ്രയീമിലേക്ക് പോകുന്നതിനുമുമ്പ് യിത്രോയുടെ അനുഗ്രഹത്തിനായി അപേക്ഷി ക്കുന്നു.

## പരിച്ഛേദന

**പുറപ്പാട് 4:18–31 വായിക്കുക. ഈ വിചിത്രമായ കഥ നമുക്ക് എങ്ങനെ മനസ്സിലാക്കാം, അതിൽനിന്ന് നമുക്ക് എന്ത് പാഠം പഠിക്കാം? മോശെ ദൈവത്തെ അനുസരിച്ചു മിസ്രയീമിലേക്കുള്ള യാത്ര ആരംഭിച്ചതിനുശേഷം, ദൈവം "അവനെ കൊല്ലാൻ പോകുന്നു" (പുറപ്പാട് 4:24) എന്ന് വായിക്കുമ്പോൾ ബൈബിൾ വിദ്യാർത്ഥികൾ ഞെട്ടിപ്പോകുന്നു. കഥയുടെ സന്ദർഭത്തിൽനിന്ന്, വിഷയം പരിച്ഛേദനയാണെന്ന് വ്യക്തമാണ്. അബ്രഹാമിക് ഉടമ്പടി ആവശ്യപ്പെട്ടതുപോലെ, അവന്റെ ഇളയ മകൻ പരിച്ഛേദന ചെയ്യപ്പെട്ടിട്ടില്ലായിരുന്നു (ഉല്പത്തി 17:10, 11).**

ദൈവജനത്തിന്റെ നേതാവെന്ന നിലയിൽ, മറ്റുള്ളവരെ അനുസരണമുള്ളവരാക്കി മാറ്റാൻ യോഗ്യത നേടുന്നതിന്, മോശെ ദൈവത്തോടുള്ള പൂർണ്ണമായ കീഴ്പെടലും അനുസരണവും കാണിക്കേണ്ടതുണ്ടായിരുന്നു. ദൈവത്തോടുള്ള പൂർണ്ണ കീഴടങ്ങലിന്റെ മാതൃകയായിരിക്കണം അവൻ. അവന്റെ ഭാര്യ സിപ്പോറ കർമ്മനിരതയായ ഒരു സ്ത്രീയായിരുന്നു, ഭർത്താവിന്റെ ജീവൻ രക്ഷിക്കാൻവേണ്ടി തന്റെ മകനെ പരിച്ഛേദന ചെയ്തു. അവൾ മോശെയെ "രക്തരൂക്ഷിതമായ അഗ്രചർമ്മം" കൊണ്ട് സ്പർശിച്ചു, ഈ രക്തം പാപപരിഹാരത്തെയും ജീവനെയും ഉടമ്പടിയുടെ മുദ്രയെയും പ്രതിനിധീകരിക്കുന്നു. അത് വളരെ വേഗത്തിൽ ചെയ്തു എന്ന വസ്തുത സാഹചര്യത്തിന്റെ നാടകീയതയിലേക്ക് ചേർത്തു.

ഈ ഉപകഥയിൽനിന്ന് ഒരു പ്രധാന പാഠം പഠിക്കാൻ കഴിയും: ശരിയാണെന്ന് നമുക്കറിയാവുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ ഒരിക്കലും നാം പരാജയപ്പെടരുത്. മിദ്യാനിൽനിന്ന് വരുന്ന വഴിയിൽ, ദൈവജനത്തിന്റെ അപ്രീതിയെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്നതും ഭയങ്കരവുമായ ഒരു മുന്നറിയിപ്പ് മോശെയ്ക്ക് ലഭിച്ചു. അവനെ ഉടൻ നശിപ്പിക്കുമെന്ന മട്ടിൽ ഒരു ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. ഒരു വിശദീകരണവും നൽകിയില്ല; എന്നാൽ ദൈവത്തിന്റെ ആവശ്യകതകളിൽ ഒന്ന് താൻ അവഗണിച്ചുവെന്ന് മോശെ ഓർത്തു... അവരുടെ ഇളയ മകന്റെ പരിച്ഛേദന ചടങ്ങ് നടത്തുന്നത് അവൻ അവഗണിച്ചു. ഇസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അനുഗ്രഹങ്ങൾക്ക് തന്റെ കുട്ടിക്ക് അർഹതയുണ്ടാകാവുന്ന വ്യവസ്ഥ പാലിക്കുന്നതിൽ അവൻ പരാജയപ്പെട്ടു; അവരുടെ തിരഞ്ഞെടുത്ത നേതാവിന്റെ ഭാഗത്തുനിന്നുള്ള അത്തരമൊരു അവഗണന ജനങ്ങളുടെ മേലുള്ള ദൈവിക പ്രമാണങ്ങളുടെ ശക്തി കുറയ്ക്കാൻ പര്യാപ്തമായിരുന്നു. തന്റെ ഭർത്താവ് കൊല്ലപ്പെടുമെന്ന് ഭയന്ന് സിപ്പോറ സ്വയം ആ ചടങ്ങ് നിർവഹിച്ചു, തുടർന്ന് ദൂതൻ മോശെയെ തന്റെ യാത്ര തുടരാൻ അനുവദിച്ചു. ഫറവോനോടുള്ള തന്റെ ദൗത്യത്തിൽ, മോശെയെ വലിയ അപകടകരമായ ഒരു സ്ഥാനത്ത് നിർത്തേണ്ടതായിരുന്നു; വിശുദ്ധ മാലാഖമാരുടെ സംരക്ഷണത്തിലൂടെ മാത്രമേ അവന്റെ ജീവൻ രക്ഷിക്കാൻ കഴിയൂ. എന്നാൽ അറിയപ്പെടുന്ന ഒരു കടമ അവഗണിച്ചുകൊണ്ട് ജീവിക്കുമ്പോൾ, അവൻ സുരക്ഷിതനായിരിക്കില്ല; കാരണം ദൈവത്തിന്റെ ദൂതന്മാർക്ക് അവനെ സംരക്ഷിക്കാൻ കഴിയില്ല. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 255, 256.

**നിങ്ങൾ ചെയ്യണമെന്ന് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ അവഗണിച്ചതിന് നിങ്ങൾ യഥാർത്ഥത്തിൽ കുറ്റക്കാരനാണെങ്കിൽ ഈ കഥ നിങ്ങളോട് എന്താണ് പറയുന്നത്? ഇപ്പോൾ നിങ്ങൾ എന്ത് മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, മോശെ, പേജ് 251–256, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

മോശെയുടെ ജീവിതത്തിലെ ഏറ്റവും പരിവർത്തനാത്മകമായ അനുഭവമായിരുന്നു നാടകീയമായ കാട്ടുമുൾപടർപ്പു വിളി. അദ്ദേഹത്തിന്റെ ജീവിതത്തിലെ മറ്റെല്ലാ ഔന്നൃത്യ പദവികളും എബ്രായരെ മിസ്രയീമിൽനിന്നും വാഗ്ദത്ത ദേശത്തേക്കു നയിക്കാൻ ദൈവം അദ്ദേഹത്തെ നിയോഗിച്ചതിനോടുള്ള അദ്ദേഹത്തിന്റെ ക്രിയാത്മകവും അനുസരണയുള്ളതുമായ പ്രതികരണത്തെ ആശ്രയിച്ചിരുന്നു.

തീർച്ചയായും, ഇതെല്ലാം എങ്ങനെ സംഭവിച്ചുവെന്ന് ഇപ്പോൾ നമുക്കറിയാം. എന്നാൽ കത്തുന്ന മുൾപടർപ്പിന്റെ സമയത്ത് മോശെയുടെ സ്ഥാനത്ത് നിങ്ങളെത്തന്നെ നിർത്തുക. ജീവൻ രക്ഷിക്കാൻ അദ്ദേഹം മിസ്രയീമിൽനിന്ന് ഓടിപ്പോയി. 40 വർഷത്തിനിടയിൽ എബ്രായരുടെ ഒരു പുതിയ തലമുറ രംഗത്തെത്തി, അവരിൽ പലർക്കും അവനെക്കുറിച്ച് കാര്യമായൊന്നും അറിയില്ലായിരുന്നു, അല്ലെങ്കിൽ ഒരുപക്ഷേ അവനെക്കുറിച്ച് അവർ കേട്ടത് പോലും തെറ്റായിരിക്കാം, കാലക്രമേണ വളച്ചൊടിക്കപ്പെട്ട കഥകളിലൂടെ അവർ അത് മനസ്സിലാക്കിയിരിക്കാം. എന്നിട്ടും ഇപ്പോൾ, ഈ ജനത്തെ ശക്തമായ ഒരു ജനതയിൽനിന്ന് വിടുവിക്കാൻ ദൈവം അദ്ദേഹത്തെ വിളിക്കുമോ? ഇപ്പോൾ അദ്ദേഹം ആദ്യം മടിച്ചു നിന്നു!

അതെ, വളരെ ശ്രമകരമായ ഒരു ജോലിയായിരുന്നു അത്, പക്ഷേ അവൻ ദൈവത്തോട് അന്തിമമായി 'ഇല്ല' എന്ന് പറഞ്ഞിരുന്നു എങ്കിൽ അവന് എന്തൊക്കെ നഷ്ടമാകുമായിരുന്നു എന്ന് സങ്കൽപ്പിക്കുക. ദൈവത്തിന്റെ ശക്തി അവനിൽ പ്രവർത്തിച്ചതുകൊണ്ട് - അക്ഷരാർത്ഥത്തിൽ ചരിത്രത്തിൽനിന്നും അപ്രത്യക്ഷനാകുന്നതിനു പകരം ഏറ്റവും ശ്രേഷ്ഠതയും സ്വാധീനവുമുള്ള ഒരാളായി ബൈബിളിൽ മാത്രമല്ല, ലോകത്തിൽ തന്നെ അവൻ ചരിത്രം സൃഷ്ടിച്ചു.

## ചർച്ചാ ചോദ്യങ്ങൾ:

1. **മരുഭൂമിയിൽ ചെലവഴിച്ച ശാന്തമായ വർഷങ്ങളിൽ, ദൈവവിളി അനുസരിച്ചു മോശെ പ്രവർത്തിച്ചു: അവൻ ഒരു കുടുംബനാഥനായിരുന്നു, ആടുകളെ പരിപാലിച്ചു, ദൈവജനത്തിന്റെ ഒരു വലിയ നേതാവാകാൻ വിളിക്കപ്പെടുന്നതിന് മുമ്പ് ദൈവത്തിന്റെ പ്രചോദനത്താൽ രണ്ട് ബൈബിൾ പുസ്തകങ്ങൾ എഴുതി. ജീവിതത്തിലെ നമ്മുടെ കടമകളെക്കുറിച്ച് മോശെയുടെ അനുഭവം നമ്മെ എന്താണ് പഠിപ്പിക്കുന്നത്?**
2. **ഉപരിതലത്തിൽ, മോശെയുടെ ഒഴികഴിവുകൾ അവയിൽത്തന്നെ വളരെ ന്യായയുക്തമായിരുന്നുവെന്ന് ഒരാൾക്ക് വാദിക്കാം, അല്ലേ? ആളുകൾ എന്നെ വിശ്വസിക്കേണ്ടത് എന്തിനാണ്? ആദ്യം തന്നെ ഞാൻ ആരാണ്? എനിക്ക് നന്നായി സംസാരിക്കാൻ കഴിയില്ല. ദൈവം നമ്മെ വിളിക്കുന്നത് ചെയ്യാൻ നമ്മെ പ്രാപ്തരാക്കാൻ കഴിയുമെന്ന് വിശ്വസിക്കാൻ പഠിക്കുന്നതിനെക്കുറിച്ച് ഈ കഥ നമ്മോട് എന്താണ് പറയുന്നത്?**
3. **ഞായറാഴ്ചത്തെ പഠനത്തിൽ പറഞ്ഞ ഉല്പത്തി പുസ്തകത്തിന്റെ മോശൈക ഗ്രന്ഥകർത്തൃത്വത്തെ കുറിച്ചും വിശുദ്ധ ചരിത്രവും രക്ഷാ പദ്ധതിയും മനസ്സിലാക്കുന്നതിനും ആ കൃതി എത്ര പ്രധാനമാണെന്നു കൂടുതൽ ചിന്തിക്കുക. പുസ്തകത്തിന്റെ ആധികാരികതയെ ദുർബലപ്പെടുത്താൻ, പ്രത്യേകിച്ച് ആദ്യത്തെ 11 അധ്യായങ്ങളുടെ ചരിത്രപരത നിഷേധിച്ചുകൊണ്ടുള്ള, എല്ലാ ശ്രമങ്ങൾക്കും എതിരെ നാം പോരാടേണ്ടത് എന്തുകൊണ്ട്?**

## പാഠം - 3

# ദുർഘടം പിടിച്ച തുടക്കം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 5:1–23, വെളിപ്പാട് 11:8, പുറപ്പാട് 6:1–13, സങ്കീർത്തനം 73:23–26, 2 കൊരിന്ത്യർ 6:16, പുറപ്പാട് 6:28, 7:7.**

**മനഃപാഠവാക്യം:**

**അതിനുശേഷം മോശെയും അഹരോനും ഫറവോനോട് ചെന്ന് പറഞ്ഞു: "ഇസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മരുഭൂമിയിൽ എനിക്ക് ഒരു ഉത്സവം ആഘോഷിക്കാൻ എന്റെ ജനത്തെ വിട്ടയയ്ക്കുക." അതിന് ഫറവോൻ: ''ഇസ്രായേലിനെ വിട്ടയക്കാൻ തക്കവണ്ണം ഞാൻ അവന്റെ ശബ്ദം കേൾക്കേണ്ടതിന് അവൻ ആരാണ്? എനിക്ക് യഹോവയെ അറിയില്ല, ഞാൻ ഇസ്രായേലിനെ വിട്ടയയ്ക്കുകയുമില്ല" (പുറപ്പാട് 5:1,2).**

ഏതൊരു വിശ്വാസിയും ചിന്തിക്കുന്നത് ഒരാൾ ദൈവത്തെ പിന്തുടരാൻ തീരുമാനിക്കുമ്പോൾ, അവന് അല്ലെങ്കിൽ അവൾക്ക് സന്തോഷവും സമൃദ്ധിയും വിജയവും മാത്രമേ ഉണ്ടായിരിക്കയുള്ളൂ എന്നാണ്. എന്നാൽ, പലപ്പോഴും അത് അങ്ങനെയല്ല എന്ന് ബൈബിൾ തന്നെ കാണിക്കുന്നു. ചിലപ്പോൾ നിരവധി തടസ്സങ്ങളും പുതിയ ബുദ്ധിമുട്ടുകളും പ്രത്യക്ഷപ്പെടുന്നു. ഇത് വളരെ നിരാശാജനകമെന്ന് മാത്രമല്ല, എല്ലായ്പ്പോഴും എളുപ്പമുള്ള ഉത്തരങ്ങളോ അല്ലെങ്കിൽ ഉത്തരങ്ങൾ ഒന്നും ഇല്ലാത്തതോ ആയ കഠിനമായ ചോദ്യങ്ങൾ ഇത് ഉയർത്തുന്നു.

ദൈവത്തിൽ ആശ്രയിക്കുന്നവർ നിരവധി പരീക്ഷണങ്ങൾ നേരിടേണ്ടിവരും. എങ്കിലും, നാം സ്ഥിരോത്സാഹം കാണിക്കുമ്പോൾ, ദൈവം അവിടുത്തെ നിബന്ധനകൾക്കും സമയത്തിനും അനുസരിച്ചു പരിഹാരങ്ങൾ കൊണ്ടുവരുന്നു. പക്ഷേ, തൽക്ഷണ പരിഹാരങ്ങൾക്കായുള്ള നമ്മുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായിരിക്കാം അവിടുത്തെ വഴികൾ. എന്തായാലും നമ്മൾ ദൈവത്തിൽ വിശ്വസിക്കാൻ പഠിക്കണം.

അങ്ങനെ, ഈ ആഴ്ചയിലെ വിഷയം: മോശെയും മിസ്രയീമിൽനിന്ന് ദൈവജനത്തെ പുറത്തേക്ക് നയിക്കാനുള്ള കൽപ്പനയും - ആർക്കും ഉണ്ടാകാവുന്ന വ്യക്തമായ ദൈവവിളിയാണ് അത്. തീർച്ചയായും, അതിൽ അത്ഭുതങ്ങൾ ഉൾപ്പെടുന്നു, അതുപോലെ ദൈവം തന്നെ മോശെയോട് നേരിട്ട് സംസാരിക്കുകയും മോശെ എന്ത് ചെയ്യണമെന്ന് താൻ ആഗ്രഹിക്കുന്നതെന്ന് കൃത്യമായി അവനെ അറിയിക്കുകയും ചെയ്തു. അപ്പോൾ, ദൈവം തന്നെ വിളിച്ചിട്ടുണ്ടെന്നും ഒരു പ്രത്യേക ജോലി തന്നെ ഏൽപ്പിച്ചിട്ടുണ്ടെന്നും മോശെയ്ക്ക് അറിയാമായിരുന്നത് എത്ര എളുപ്പമായി? അപ്പോൾ അത് ലളിതമായിരിക്കണം, അല്ലേ? തുടർന്ന് വായിക്കുക.

ഈ ആഴ്ചയിലെ പാഠം പഠിച്ചു ജൂലൈ 19 ലെ ശബ്ബത്തിനായി ഒരുങ്ങുക.

## യഹോവ ആരാണ്?

ദൈവത്തിന്റെ കൽപ്പനകൾ അനുസരിച്ച്, മോശെ ഫറവോന്റെ അടുക്കൽ പോയി, “മോശെ, എന്റെ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽനിന്ന് പുറത്തുകൊണ്ടു വരിക” (പുറപ്പാട് 3:10) എന്ന പ്രക്രിയ ആരംഭിക്കുന്നു.

എന്റെ ജനത്തെ വിട്ടയയ്ക്കുക (പുറപ്പാട് 5:1, 2 കാണുക) എന്ന ദൈവത്തിന്റെ ആവശ്യത്തോടുള്ള ഫറവോന്റെ പ്രതികരണം എന്തായിരുന്നു, ഈ പ്രതികരണത്തിൽ എന്ത് പ്രാധാന്യം കണ്ടെത്താൻ കഴിയും? “ഞാൻ ഈ ദൈവത്തെ അറിയുന്നില്ല” എന്ന് പറഞ്ഞു ദൈവത്തെ നിഷേധിക്കുന്നത്, ഏതാണ്ട് ഒരു വീമ്പിളക്കലായിരുന്നു.

**ചരിത്രത്തിലുടനീളം എത്ര പേർ ഇതേ കാര്യം പറഞ്ഞിട്ടുണ്ട്? എത്ര ദാരുണമാണ്, കാരണം യേശു തന്നെ പറഞ്ഞതുപോലെ, “ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതാകുന്നു നിത്യജീവൻ” (യോഹന്നാൻ 17:3).**

ഫറവോൻ രാജാവായിരിക്കുന്ന മിസ്രയീമ്യ, ദൈവത്തിന്റെ സാന്നിധ്യത്തെയും അധികാരത്തെയും നിഷേധിക്കുന്ന ഒരു ശക്തിയുടെ പ്രതീകമാണ്. ദൈവത്തിനും അവിടുത്തെ വചനത്തിനും അവിടുത്തെ ജനത്തിനും എതിരായി നിലകൊള്ളുന്ന ഒരു സ്ഥാപനമാണിത്. “ഞാൻ ഇസ്രായേലിനെ വിട്ടയക്കില്ല” എന്ന ഫറവോന്റെ അടുത്ത പ്രഖ്യാപനം ജീവനുള്ള ദൈവത്തിനെതിരായ ഈ കലാപത്തെ കൂടുതൽ വെളിപ്പെടുത്തുന്നു, മിസ്രയീമിനെ ദൈവനിഷേധത്തിന് മാത്രമല്ല, ദൈവത്തിനെതിരെ പോരാടുന്ന ഒരു വ്യവസ്ഥയുടെ പ്രതീകമാക്കി മാറ്റുന്നു.

**സഹസ്രാബ്ദങ്ങൾക്ക് ശേഷം, ഫ്രഞ്ച് വിപ്ലവത്തിൽ പലരും ഇതേ മനോഭാവം കണ്ടതിൽ അതിശയിക്കാനില്ല (യെശയ്യാവ് 30:13 ഉം വെളിപാട് 11:8 ഉം കാണുക). ഫറവോൻ താൻ ഒരു ദൈവമോ ദൈവപുത്രനോ ആണെന്ന് കരുതി – സ്വന്തം പരമോന്നത ശക്തിയിലും ബലത്തിലും ബുദ്ധിശക്തിയിലും വിശ്വസിക്കുന്നതിന്റെ വിശാലമായ പരാമർശം!**

ബൈബിൾ ചരിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്ന എല്ലാ രാഷ്ട്രങ്ങളുടെയും കൂട്ടത്തിൽ, മിസ്രയീമ്യർ ഏറ്റവും ധൈര്യത്തോടെ ജീവനുള്ള ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കുകയും അവന്റെ കൽപ്പനകളെ എതിർക്കുകയും ചെയ്തു. മിസ്രയീമിലെ രാജാവിനെ പോലെ, സ്വർഗ്ഗത്തിന്റെ അധികാരത്തിനെതിരെ തുറന്നതും ധിക്കാരപരവുമായ മത്സരത്തിന് ഒരു രാജാവും തുനിഞ്ഞിട്ടില്ല. യഹോവയുടെ നാമത്തിൽ മോശെ സന്ദേശം കൊണ്ടുവന്നപ്പോൾ, ഫറവോൻ ധിക്കാരത്തോടെ ഉത്തരം പറഞ്ഞു: ഇസ്രായേലിനെ വിട്ടയക്കാനുള്ള അവന്റെ ശബ്ദം ഞാൻ കേൾക്കാൻ യഹോവ ആരാണ്? ഞാൻ യഹോവയെ അറിയുന്നില്ല, മാത്രമല്ല, ഇസ്രായേലിനെ ഞാൻ വിട്ടയക്കുകയുമില്ല, പുറപ്പാട് 5:2. ഇത് നിരീശ്വരവാദമാണ്, മിസ്രേയിമ്യനെ പ്രതിനിധീകരിക്കുന്ന രാഷ്ട്രം ജീവനുള്ള ദൈവത്തിന്റെ അവകാശവാദങ്ങളെ സമാനമായി നിഷേധിക്കുകയും അവിശ്വാസത്തിന്റെയും ധിക്കാരത്തിന്റെയും സമാനമായ ഒരു ആത്മാവ് പ്രകടിപ്പിക്കുകയും ചെയ്യും. – എലൻ ജി. വൈറ്റ്, വൻ വിവാദം, പേജ് 269.

**നിങ്ങൾക്ക് ദൈവത്തെ അറിയാമോ എന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും? അതെ എങ്കിൽ, ദൈവം എങ്ങനെയുള്ളവനാണെന്ന് എങ്ങനെ നിങ്ങൾ പറയും?**

## ഒരു ദുഷ്കരമായ തുടക്കം

ദൈവം തന്നെ ഏൽപ്പിച്ച ജോലി എളുപ്പമാകില്ലെന്ന് തുടക്കം മുതൽ തന്നെ മോശെയ്ക്ക് അറിയാമായിരുന്നിരിക്കണം (അതിനാൽ അതിൽനിന്ന് പുറത്തു കടക്കാനുള്ള അവന്റെ ശ്രമങ്ങൾ), എന്താണ് സംഭവിക്കുന്നതെന്ന് അവന് ഒരു ധാരണയും ഉണ്ടായിരുന്നിരിക്കില്ല.

**പുറപ്പാട് 5:3–23 വായിക്കുക. ഫറവോനുമായുള്ള മോശെയുടെയും അഹരോന്റെയും രേഖപ്പെടുത്തിയ ആദ്യത്തെ ഏറ്റുമുട്ടലിന്റെ ഉടനടി ഫലങ്ങൾ എന്തായിരുന്നു?**

ഫറവോന്റെ അടുക്കൽ പോകുന്നതിനു മുമ്പുതന്നെ, മോശെയും അഹരോനും ഇസ്രായേൽ മൂപ്പന്മാരെയും ജനങ്ങളെയും വിളിച്ചുകൂട്ടി, അവരോട് ദൈവത്തിന്റെ വാക്കുകൾ പറഞ്ഞു, ദൈവത്തിന്റെ അടയാളങ്ങൾ കാണിച്ചു, അതിന്റെ ഫലമായി യഹോവ അവരെ അടിമത്തത്തിൽനിന്ന് വിടുവിക്കുമെന്ന് ഇസ്രായേല്യർ വിശ്വസിച്ചു. അങ്ങനെ, അവർ ദൈവത്തെ ആരാധിച്ചു (പുറപ്പാട് 4:29–31). തീർച്ചയായും പ്രതീക്ഷകൾ വളരെ കൂടുതലായിരുന്നു: യഹോവ എബ്രായ ജനതയെ അവരുടെ അടിമത്തത്തിൽനിന്ന് വിടുവിക്കാൻ പോകുന്നു – ഒടുവിൽ!

പിന്നെ മോശെ ദൈവത്തിന്റെ ആവശ്യങ്ങളുമായി മിസ്രയീമിലെ രാജാവിന്റെ അടുക്കലേക്ക് പോയി, ഇസ്രായേല്യരുടെ കാര്യങ്ങൾ കൂടുതൽ വഷളായി. അവരുടെ കഷ്ടപ്പാടുകൾ വർദ്ധിച്ചു, അവരുടെ ദൈനംദിന അധ്വാനം കൂടുതൽ ഭാരമുള്ളതും പ്രയാസമുള്ളതുമായി മാറി. അവർ മടിയന്മാരാണെന്ന് ആരോപിക്കപ്പെട്ടു; അവരോട് കൂടുതൽ കഠിനമായി പെരുമാറി; അവരുടെ വേല മുമ്പത്തേക്കാൾ കൂടുതൽ ബുദ്ധിമുട്ടുള്ളതായി.

അവരുടെ നേതാക്കൾ സന്തുഷ്ടരായിരുന്നില്ല, അവരും മോശെയും അഹരോനും തമ്മിലുള്ള ഏറ്റുമുട്ടൽ വൃത്തികെട്ടതായിരുന്നു, (പിന്നീട് നമ്മൾ കാണുന്നത് പോലെ) വരും വർഷങ്ങളിൽ മോശെയ്ക്ക് സ്വന്തം ജനങ്ങളുമായി ഉണ്ടാകാൻ പോകുന്ന സംഘർഷങ്ങളെ അത് സൂചിപ്പിച്ചു.

**പുറപ്പാട് 5:21 വായിക്കുക, തുടർന്ന് അവർ മോശെയോടും അഹരോനോടും ഏറ്റുമുട്ടിയ സമയത്ത്, (ഈ പുരുഷന്മാരുടെ സ്ഥാനത്ത് നിങ്ങളെത്തന്നെ പ്രതിഷ്ഠിക്കുക.) അവർ എന്തിനങ്ങനെ ചെയ്തു? എന്തുകൊണ്ട്?**

മോശെയോട് അവർ അസ്വസ്ഥരായത് എന്തുകൊണ്ടെന്ന് മനസ്സിലാക്കാൻ അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല (കർത്താവ് നിങ്ങളെ നോക്കി വിധിക്കട്ടെ, അവർ പറഞ്ഞു). മിസ്രയീമ്യരുടെ കീഴിലുള്ള അവരുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കാനല്ല, മറിച്ച് മിസ്രയീമ്യരിൽനിന്ന് അവരെ മോചിപ്പിക്കാനാണ് മോശെ വരുന്നതെന്ന് അവർ കരുതി. അങ്ങനെ, മിസ്രയീമ്യരുമായി ഇടപെടേണ്ടി വന്നതിനു പുറമേ, മോശെയ്ക്കും അഹരോനും സ്വന്തം ജനങ്ങളുമായും ഇടപെടേണ്ടി വന്നു.

**തദ്ദേശ സഭാ നേതാക്കൾ അനിവാര്യമായും ചെയ്യുന്നതുപോലെ, അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾക്കും മറ്റുള്ളവർക്കും അവരുമായി ഇടപെടാൻ കഴിയുന്ന ചില മികച്ച മാർഗങ്ങൾ എന്തൊക്കെയാണ്?**

## ദിവ്യമായ ഞാൻ

പാവം മോശെ! ആദ്യം ഫറവോൻ അവനെ ശകാരിക്കുന്നു, ഇപ്പോൾ സ്വന്തം ജനം അവനെ ശപിക്കുന്നു. അങ്ങനെ, മോശെ ദൈവത്തോട് പരാതി പറയുന്നു. ഇസ്രായേലിന്റെ അവസ്ഥ വഷളാകുന്നതിലുള്ള കയ്പിലും നിരാശയിലും അവൻ ചോദിക്കുന്നു: "യഹോവേ, നീ എന്തിനാണ് ഈ ജനത്തിന്മേൽ കഷ്ടം വരുത്തിയത്? അതിനാണോ നീ എന്നെ അയച്ചത്? ഞാൻ നിന്റെ നാമത്തിൽ സംസാരിക്കാൻ ഫറവോന്റെ അടുക്കൽ പോയതു മുതൽ, അവൻ ഈ ജനത്തിന്മേൽ കഷ്ടം വരുത്തിയിരിക്കുന്നു, നിന്റെ ജനത്തെ നീ രക്ഷിച്ചിട്ടില്ല" (പുറപ്പാട് 5:22,23). കർത്താവിനോടുള്ള മോശയുടെ അതൃപ്തി വ്യക്തമാണ്, സാഹചര്യം കണക്കിലെടുക്കുമ്പോൾ, അത് മനസ്സിലാക്കാവുന്നതേയുള്ളൂ.

**എങ്കിലും, ദൈവത്തിന്റെ പ്രതികരണം ശക്തമാണ്. വളരെ നിർണായകമായി അവിടുന്ന് പ്രവർത്തിക്കും. "ഫറവോനോട് ഞാൻ എന്തു ചെയ്യുമെന്ന് ഇപ്പോൾ നീ കാണും" (പുറപ്പാട് 6:1). പുറപ്പാട് 5:22, 6:8 വായിക്കുക. മോശെയോടുള്ള ദൈവത്തിന്റെ പ്രതികരണം എന്താണ്, ഇവിടെ വെളിപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട ദൈവശാസ്ത്ര സത്യങ്ങൾ എന്തൊക്കെയാണ്?**

ദൈവം ഇനി സംസാരിക്കുക മാത്രമല്ല; തന്റെ ജനത്തിന് അനുകൂലമായി ദൈവം ഇപ്പോൾ ശക്തമായി ഇടപെടുകയും ചെയ്യും. അവിടുന്ന് മോശെയെ ചില പ്രസക്തമായ വസ്തുതകൾ ഓർമ്മിപ്പിക്കുന്നു: (1) ഞാൻ ദൈവമാണ്; (2) ഞാൻ ഗോത്രപിതാക്കന്മാർക്ക് പ്രത്യക്ഷപ്പെട്ടു; (3) ഞാൻ അവരുമായി എന്റെ ഉടമ്പടി സ്ഥാപിച്ചു; (4) ഞാൻ അവർക്ക് കനാൻ ദേശം നൽകുമെന്ന് വാഗ്ദാനം ചെയ്തു; (5) ഞാൻ ഇസ്രായേൽ മക്കളുടെ ഞരക്കം കേട്ടു; (6) നിങ്ങൾക്ക് വാഗ്ദത്ത ദേശം നൽകുമെന്ന എന്റെ ഉടമ്പടി ഞാൻ ഓർത്തു.

ദിവ്യമായ ഞാൻ എന്നതിന്റെ ആവർത്തനം ശ്രദ്ധിക്കുക. നിങ്ങളുടെ ദൈവമായ കർത്താവ് ഞാൻ, ഞാൻ ഇന്നിന്നതു ചെയ്തിരിക്കുന്നു, അതിനാൽ ഞാൻ വാഗ്ദാനം ചെയ്തതുപോലെ ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്യുമെന്ന് നിങ്ങൾക്ക് വിശ്വസിക്കാം. ഇസ്രായേലിന്റെ ദൈവം ജീവനുള്ള ദൈവമാകയാൽ, അവിടുന്ന് അവർക്കുവേണ്ടി നാല് വലിയ കാര്യങ്ങൾ ചെയ്യുമെന്ന് ദൈവം ഇപ്പോൾ ഗൗരവപൂർവ്വം പ്രഖ്യാപിക്കുന്നു: (1) മിസ്രയീമ്യരുടെ നുകത്തിൽനിന്ന് ഞാൻ നിങ്ങളെ മോചിപ്പിക്കും (2) അവരുടെ അടിമത്തത്തിൽനിന്ന് ഞാൻ നിങ്ങളെ മോചിപ്പിക്കും (3) നീട്ടിയ ഭുജത്താലും ശക്തമായ ന്യായവിധികളാലും ഞാൻ നിങ്ങളെ വീണ്ടെടുക്കും (4) ഞാൻ നിങ്ങളെ എന്റെ സ്വന്തം ജനമായി എടുക്കും, ഞാൻ നിങ്ങളുടെ ദൈവമായിരിക്കും (പുറപ്പാട് 6:6,7).

ഈ നാല് ദൈവിക പ്രവൃത്തികൾ തന്റെ ജനവുമായുള്ള ബന്ധം സുരക്ഷിതമാക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ഈ എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്നത് ദൈവമാണ്, ഇസ്രായേല്യർ ഈ എല്ലാ ആനുകൂല്യങ്ങളുടെയും കൃപയുടെയും സ്വീകർത്താക്കളാണ്. ദൈവം ഈ സമ്മാനങ്ങൾ സ്നേഹത്താൽ സൗജന്യമായി നൽകുന്നു; അന്ന് അവിടുന്ന് അത് അവർക്ക് ചെയ്തു, ഇപ്പോൾ അവിടുന്ന് അത് നമുക്കു വേണ്ടിയും ചെയ്യുന്നു.

**ദൈവമുമ്പാകെ പരാതിപ്പെട്ട മറ്റ് ഏത് ബൈബിൾ കഥാപാത്രങ്ങൾ ഉണ്ട് - നല്ല കാരണങ്ങളോടെ? ചില സമയങ്ങളിൽ, നിങ്ങളുടെ ആത്മാവ് ദൈവത്തിന് പകരുകയും നിങ്ങളുടെ സാഹചര്യത്തെക്കുറിച്ച് പരാതിപ്പെടുകയും ചെയ്യുന്നത് എന്തുകൊണ്ട് ശരിയാണ്? എന്നാൽ, നിങ്ങൾ അത് എല്ലായ്പ്പോഴും വിശ്വാസത്തോടെയും ആശ്രയത്തോടെയും ചെയ്യേണ്ടത് എന്തുകൊണ്ടാണ്?**

## പരിച്ഛേദന ഏൽക്കാത്ത അധരങ്ങൾ

താൻ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് ദൈവം മോശെയ്ക്ക് ചില ശക്തമായ വാഗ്ദാനങ്ങൾ നൽകിയിരുന്നു. ആ കൂടിക്കാഴ്ച മോശെയെ പ്രോത്സാഹിപ്പിച്ചിരിക്കണം, പക്ഷേ ദൈവത്തിന്റെ ജനത്തിൽനിന്ന് മോശെയ്ക്ക് ലഭിച്ച പ്രതികരണം കണക്കിലെടുക്കുമ്പോൾ, പ്രോത്സാഹനം ഒരുപക്ഷേ ഹ്രസ്വകാലത്തേക്കായിരുന്നു.

**പുറപ്പാട് 6:9-13 വായിക്കുക. അടുത്തതായി എന്താണ് സംഭവിച്ചത്, നമ്മുടെ ജീവിതത്തിലെ നിരാശയുടെയും പോരാട്ടത്തിന്റെയും സമയങ്ങളെക്കുറിച്ച് ഈ കഥയിൽനിന്ന് നമുക്ക് എന്ത് പാഠങ്ങൾ പഠിക്കാൻ കഴിയും?**

എബ്രായർ അവരുടെ ദുഃഖം, കഷ്ടപ്പാട്, കഠിനാധ്വാനം എന്നിവയാൽ വളരെ നിരാശരായതിനാൽ, ദൈവം വാഗ്ദാനം ചെയ്ത കാര്യങ്ങൾ നിറവേറ്റുമെന്ന മോശെയുടെ ഉറപ്പിന്റെ വാക്കുകൾ അവർ ശ്രദ്ധിക്കുന്നില്ല. അവർ അതിനായി ഇത്രയും കാലം കാത്തിരുന്നു, അവരുടെ പ്രതീക്ഷകൾ നിറവേറ്റിയിട്ടില്ല. ഇപ്പോൾ എന്തുകൊണ്ട് അത് വ്യത്യസ്തമാകണം? അവർക്ക് ഹൃദയവും പ്രത്യാശയും നഷ്ടപ്പെട്ടു, അത് കൂടുതൽ കയ്പേറിയതായി, കാരണം അവരുടെ ജീവിതകാലത്ത് ആദ്യമായിട്ടായിരിക്കും, അവർ യഥാർത്ഥ വിടുതലിന്റെ പ്രത്യാശ കണ്ടത്. സമാനമായ ഒരു സ്ഥലത്ത് എത്തിയിട്ടില്ലാത്തവർ ആരാണ്? ചില അവസരങ്ങളിൽ എങ്കിലും ദൈവത്താൽ പോലും ഉപേക്ഷിക്കപ്പെട്ട്, വിഷാദമോ, നിരാശയോ, അസംതൃപ്തിയോ അനുഭവപ്പെടാത്തവരായി ആരുണ്ട്?

ഇയ്യോബിന്റെ കഥ ഓർക്കുന്നുണ്ടോ? ദുഷ്ടന്മാരുടെ അഭിവൃദ്ധിയെയും നീതിമാന്മാരുടെ കഷ്ടപ്പാടിനെയും കുറിച്ചുള്ള ചോദ്യങ്ങളുമായി പൊരുതിയ സങ്കീർത്തനക്കാരനായ ആസാഫിന്റെ കാര്യമോ? എങ്കിലും, തന്റെ പോരാട്ടങ്ങൾ പരിഗണിക്കാതെ തന്നെ, വിശ്വാസത്തിന്റെ ഏറ്റവും മനോഹരമായ ഏറ്റുപറച്ചിലുകളിൽ ഒന്ന് ആസാഫിനുണ്ട്: എന്നിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു; നീ എന്നെ വലതുകൈക്ക് പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നയിക്കും, പിന്നെ നീ എന്നെ മഹത്വത്തിലേക്ക് കൊണ്ടുപോകും. സ്വർഗ്ഗത്തിൽ നീയല്ലാതെ എനിക്ക് ആരുണ്ട്? ഭൂമിയിൽ നിന്നെയല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ മാംസവും എന്റെ ഹൃദയവും ക്ഷയിച്ചു പോകുന്നു, ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു (സങ്കീ. 73:23-26).

വിശുദ്ധ ചരിത്രത്തിലൂടെ, ദൈവം തന്റെ ജനത്തോടൊപ്പമുണ്ടെന്ന് ദൈവം ഉറപ്പു നൽകിയിട്ടുണ്ട് (യെശ. 41:13, മത്തായി 28:20). അവിടുന്ന് അവർക്ക് തന്റെ സമാധാനവും ആശ്വാസവും നൽകുന്നു, ജീവിതത്തിലെ വെല്ലുവിളികളെ അതിജീവിക്കാൻ അവരെ ശക്തിപ്പെടുത്തുന്നു (യോഹ. 14:27; യോഹ. 16:33; ഫിലി. 4:6,7).

**"ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും, ഞാൻ നിങ്ങളുടെ ദൈവമായിരിക്കും" (പുറ. 6:7) എന്ന ഉടമ്പടി ആപ്തവാക്യം, ദൈവം തന്റെ ജനവുമായി ഉണ്ടായിരിക്കാൻ ആഗ്രഹിച്ച ഉറ്റ ബന്ധത്തെ പ്രകടിപ്പിക്കുന്നു. "ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും, ഞാൻ നിങ്ങളുടെ ദൈവമായിരിക്കും" (പുറ. 6:7) എന്ന വാക്യം ചിന്തിക്കുക. സന്ദർഭം സംഘടിതം ആയിരുന്നെങ്കിലും, ഇത് നമ്മിൽ ഓരോരുത്തർക്കും വ്യക്തിപരമായി എങ്ങനെ ബാധകമാണ്, ഈ ബന്ധം നമ്മുടെ ദൈനംദിന ജീവിതത്തിൽ എങ്ങനെ പ്രകടമാക്കണം? (2 കൊരി. 6:16 കൂടി കാണുക.)**

## ഫറവോൻ ദൈവത്തെപ്പോലെ

**പുറപ്പാട് 6:28, 7:7 വായിക്കുക. മോശെയുടെ എതിർപ്പിനെ ദൈവം കൈകാര്യം ചെയ്യുന്നത് എങ്ങനെ?**

ദൈവം മോശെയ്ക്ക് തന്നെത്തന്നെ യഹോവയായി അവതരിപ്പിക്കുന്നു, അതായത് അവിടുന്ന് വ്യക്തിപരവും അടുത്തതുമായ ദൈവമാണ്, തന്റെ ജനത്തിന്റെ ദൈവമാണ്, അവരുമായി ഒരു ഉടമ്പടി ബന്ധത്തിൽ ഏർപ്പെട്ട ദൈവം. സ്നേഹ നിധിയായ ഈ ദൈവം ഫറവോനോട് സംസാരിക്കാൻ വീണ്ടും മോശെയോട് കൽപ്പിക്കുന്നു. ആത്മവിശ്വാസക്കുറവോടെ, മോശെ വീണ്ടും എതിർക്കുന്നു, 'ഫറവോൻ എന്തിനാണ് എന്റെ വാക്ക് കേൾക്കുന്നത്?' ഇവിടെയും നമുക്ക് മോശെയുടെ താഴ്മ മാത്രമല്ല, ഏൽപ്പിച്ച ജോലിയിൽനിന്ന് പുറത്തു കടക്കാനുള്ള അവന്റെ ആഗ്രഹവും കാണാൻ കഴിയും, അത് ഇതുവരെ നന്നായി പോയിട്ടില്ല.

ദൈവം മോശെയെ ഫറവോന്റെ അടുത്തേക്ക് മടങ്ങാൻ കൽപ്പിച്ചപ്പോൾ, മോശെ സ്വയം അവിശ്വാസം പ്രകടിപ്പിച്ചു. മോശെയുടെ സംസാര ശേഷിയില്ലായ്മയെ സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'അരൽ സെപതായിം' എന്ന പദം – അക്ഷരാർത്ഥത്തിൽ 'പരിച്ഛേദന ചെയ്യാത്ത അധരങ്ങൾ' എന്നാണ് (6:12,30) പുറപ്പാട് 4:10–ൽ കാണപ്പെടുന്ന സംസാരത്തിൽ മന്ദത ഈ വാക്കിന് സമാനമാണ്: (ആൻഡ്രൂസ് ബൈബിൾ വ്യാഖ്യാനം: പഴയ നിയമം, പുറപ്പാട് ബെറിയൻ സ്പ്രിംഗ്സ്, MI: ആൻഡ്രൂസ് യൂണിവേഴ്സിറ്റി പ്രസ്സ്, 2020), പേജ് 205.

ദൈവം തന്റെ കരുണയിൽ മോശെയെ സഹായിക്കാൻ അഹരോനെ നൽകുന്നു. മോശെ അഹരോനോട് സംസാരിക്കും, തുടർന്ന് അഹരോൻ ഫറവോനോട് പരസ്യമായി സംസാരിക്കും; അങ്ങനെ, മിസ്രയീമ്യ രാജാവിന്റെ മുമ്പാകെ മോശെ ദൈവത്തിന്റെ പങ്ക് വഹിക്കും, അഹരോൻ അവന്റെ പ്രവാചകനായിരിക്കും. ഈ വിവരണം ഒരു പ്രവാചകന്റെ പങ്കിന് മികച്ച നിർവചനം നൽകുന്നു. ഒരു പ്രവാചകൻ ദൈവത്തിന്റെ വക്താവാണ്; അവൻ അല്ലെങ്കിൽ അവൾ ദൈവവചനം ജനങ്ങൾക്ക് കൈമാറുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള അവന്റെ വക്താവാണ്. മോശെ അഹരോനോട് സംസാരിച്ചതുപോലെ, അഹരോൻ അത് ഫറവോനോട് പ്രഖ്യാപിച്ചതുപോലെ, ദൈവം ഒരു പ്രവാചകനുമായി ആശയവിനിമയം നടത്തുന്നു, തുടർന്ന് അദ്ദേഹം ജനങ്ങളോട് ദൈവത്തിന്റെ ഉപദേശം പ്രഖ്യാപിക്കുന്നു. ഇത് വാക്കാലും നേരിട്ടും സംഭവിക്കാം; അല്ലെങ്കിൽ, സാധാരണയായി ചെയ്യുന്നതുപോലെ, പ്രവാചകന് ദൈവത്തിൽനിന്ന് സന്ദേശം ലഭിക്കുന്നു, പിന്നീട് അത് എഴുതുന്നു.

ഫറവോനുമായുള്ള കൂടിക്കാഴ്ചകളിൽനിന്ന് തനിക്ക് എന്ത് പ്രതീക്ഷിക്കാമെന്ന് ദൈവം മോശെയ്ക്ക് വിശദീകരിക്കുന്നു. ഏറ്റുമുട്ടൽ പിരിമുറുക്കവും ദീർഘവുമാകുമെന്ന് അവിടുന്ന് മുന്നറിയിപ്പ് നൽകുന്നു. ഫറവോൻ വളരെ കഠിനഹൃദയനായിരിക്കുമെന്നും അവന്റെ ഹൃദയം കഠിനമാക്കുമെന്നും ദൈവം രണ്ടാമതും മോശെയോട് ഊന്നിപ്പറയുന്നു (പുറപ്പാട് 4:21, പുറപ്പാട് 7:3). എങ്കിലും, ഫലം ഒരു നല്ല കാര്യത്തിൽ അവസാനിക്കും, കാരണം ഞാൻ ദൈവമാണെന്ന് മിസ്രയീമ്യർക്ക് അറിയും (പുറപ്പാട് 7:5). അതായത്, തുടർന്നുള്ള കുഴപ്പങ്ങൾക്കിടയിലും, ദൈവം മഹത്വീകരിക്കപ്പെടും.

**ദൈവത്തിന്റെ വിളി പാലിക്കാത്തതിന് ദൈവമുമ്പിൽ നിരത്താൻ മോശെയ്ക്ക് ഒഴികഴിവുകൾ ഇല്ലാതായി തീർന്നു. ദൈവം നമ്മളോട് ചെയ്യാൻ ആവശ്യപ്പെടുന്നതിൽനിന്ന് പുറത്തു കടക്കാൻ നമുക്ക് എന്ത് ഒഴികഴിവുകൾ ഉപയോഗിക്കാം?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, മിസ്രയീമിലെ ബാധകൾ, പേജ് 257–265 ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

മോശെ ആദ്യമായി ഫറവോനെ സമീപിച്ചതിനുശേഷം മോശെയ്ക്കും അവന്റെ ജനത്തിനും കാര്യങ്ങൾ എത്ര മോശമായി തീർന്നു എന്ന് നോക്കൂ.

മിസ്രയീമ്യർ തന്റെ സേവനത്തിൽ തന്നോടു മത്സരിക്കാൻ പദ്ധതിയിട്ടതായി സംശയിച്ച രാജാവ് പൂർണ്ണമായും ഉണർന്നു. അതൃപ്തി അലസതയുടെ ഫലമായിരുന്നു; അപകടകരമായ തന്ത്രങ്ങൾ മെനയുവാൻ അവർക്ക് സമയം കൊടുക്കരുത് എന്നവൻ തീരുമാനിച്ചു. അവരുടെ ബന്ധനങ്ങൾ മുറുക്കാനും അവരുടെ സ്വതന്ത്ര മനോഭാവത്തെ തകർക്കാനും അവൻ ഉടൻ തന്നെ നടപടികൾ സ്വീകരിച്ചു. അവരുടെ അധ്വാനത്തെ കൂടുതൽ ക്രൂരവും അടിച്ചമർത്തുന്നതുമാക്കാൻ അതേ ദിവസം തന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചു. ആ രാജ്യത്തെ ഏറ്റവും സാധാരണമായ നിർമ്മാണ സാമഗ്രി വെയിലിൽ ഉണക്കിയ ഇഷ്ടികയായിരുന്നു; ഏറ്റവും മികച്ച കെട്ടിടങ്ങളുടെ ചുവരുകൾ ഇതു കൊണ്ടാണ് നിർമ്മിച്ചത്, തുടർന്ന് കല്ലുകൊണ്ട് മൂടിയിരുന്നു; ഇഷ്ടിക നിർമ്മാണത്തിന് ധാരാളം അടിമകളെ ഉപയോഗിച്ചു. മുറിച്ച വൈക്കോൽ കളിമണ്ണുമായി കലർത്തി, അത് ഒരുമിച്ച് നിർത്തുന്ന ജോലിക്ക് വലിയ അളവിൽ വൈക്കോൽ ആവശ്യമായി വന്നു; ഇനി വൈക്കോൽ നൽകരുതെന്ന് രാജാവ് നിർദ്ദേശിച്ചു; തൊഴിലാളികൾ അത് സ്വയം കണ്ടെത്തണം, അതേസമയം അതേ അളവിലുള്ള ഇഷ്ടിക ഈടാക്കുകയും വേണം.

ഈ ഉത്തരവ് ദേശമെമ്പാടുമുള്ള ഇസ്രായേല്യരിൽ വലിയ ദുരിതം സൃഷ്ടിച്ചു. ജനങ്ങളുടെ ജോലിയുടെ മേൽനോട്ടം വഹിക്കാൻ മിസ്രയീമ്യ മേലധികാരികൾ എബ്രായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു, അവരുടെ ചുമതലയിലുള്ളവർ ചെയ്യുന്ന ജോലിയുടെ ഉത്തരവാദിത്തം ഈ ഉദ്യോഗസ്ഥർക്കായിരുന്നു. രാജാവിന്റെ നിബന്ധന നടപ്പിലാക്കിയപ്പോൾ, വൈക്കോലിന് പകരം പുൽത്തണ്ട് ശേഖരിക്കാൻ ആളുകൾ ദേശത്തുടനീളം ചിതറിപ്പോയി; പക്ഷേ സാധാരണ ജോലി ചെയ്യുന്നത് അസാധ്യമാണെന്ന് അവർ കണ്ടെത്തി. ഈ പരാജയത്തിന് എബ്രായ ഉദ്യോഗസ്ഥന്മാരെ മിസ്രയീമ്യ മേലധികാരികൾ ക്രൂരമായി മർദ്ദിച്ചു. - എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും പേജ് 258.

## ചർച്ചാ ചോദ്യങ്ങൾ:

1. **നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വിളി ശ്രദ്ധിച്ചപ്പോൾ, കാര്യങ്ങൾ നന്നായി നടക്കാതെ പോയതോ, തീർച്ചയായും നന്നായി തുടങ്ങിയില്ല എന്നതോ ആയ ഒരു സമയത്തെക്കുറിച്ച് ചിന്തിക്കുക. ആ അനുഭവത്തിൽനിന്ന് കാലക്രമേണ നിങ്ങൾ എന്ത് പാഠങ്ങൾ പഠിച്ചു?**
2. **നിങ്ങൾ അവന്റെ സഹായത്തിനായി പ്രാർത്ഥിച്ചപ്പോഴോ നിങ്ങൾ അത് പ്രതീക്ഷിക്കാത്തപ്പോഴോ ദൈവം നിങ്ങളുടെ ജീവിതത്തിൽ എങ്ങനെ ഇടപെട്ടുവെന്ന് മറ്റുള്ളവരോട് പറയുക. കർത്താവിൽ ആശ്രയിക്കുന്നവർക്ക് പോലും മോശം കാര്യങ്ങൾ സംഭവിക്കുമ്പോൾ, ദൈവത്തിന്റെ നന്മയിൽ നമുക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?**
3. **ഞാൻ കർത്താവിനെ അറിയുന്നില്ല എന്ന് പറയുന്ന ഒരാളോട് നിങ്ങൾ എന്തു പറയും? ആ വ്യക്തി ധിക്കാരപരമായല്ല, മറിച്ച് തന്റെ ജീവിതത്തെക്കുറിച്ചുള്ള ഒരു ലളിതമായ വസ്തുതയായി അത് പറഞ്ഞതായി കരുതാമോ? ആരെയെങ്കിലും കർത്താവിനെ അറിയുന്നതിന് സഹായിക്കാനും അങ്ങനെ ചെയ്യേണ്ടത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടെന്ന് ആ വ്യക്തിയോട് വിശദീകരിക്കാനും നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?**

പാഠം - 4

# ബാധകൾ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 7:8, 10:29; സംഖ്യാപുസ്തകം 33:4; റോമർ 1:24–32; സങ്കീ. 104:27, 28; യെശയ്യാവ് 28:2,12–17; യെശയ്യാവ് 44:9,10,12–17.**

**മനഃപാഠവാക്യം:**

**"യഹോവ മോശെ മുഖാന്തരം അരുളിച്ചെയ്തിരുന്നതു പോലെ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു; ഫറവോൻ യിസ്രായേൽ മക്കളെ വിട്ടയച്ചതുമില്ല" (പുറ. 9:35).**

ഒരു കർഷകൻ തന്റെ കഴുതയെ അനക്കാൻ ശ്രമിക്കുകയായിരുന്നു; അത് അനങ്ങിയില്ല. അപ്പോൾ, കർഷകൻ ഒരു കട്ടിയുള്ള വടി എടുത്ത് അതിന്റെ പുറത്തു ശക്തിയായി അടിച്ചു. പിന്നെ അവൻ കഴുതയോട് സംസാരിച്ചു, തുടർന്ന്, അത് അനങ്ങാൻ തുടങ്ങി. എന്തുകൊണ്ട് അത് അനങ്ങി എന്ന് ഒരാൾ കർഷകനോട് ചോദിച്ചപ്പോൾ, 'ആദ്യം, നിങ്ങൾ അതിന്റെ ശ്രദ്ധ പിടിച്ചുപറ്റണം' അയാൾ മറുപടി നൽകി.

മൃഗങ്ങളോടുള്ള ക്രൂരതയെക്കുറിച്ച് ഉന്നയിച്ചേക്കാവുന്ന ഏതൊരു വിഷയവും മാറ്റിവെച്ച്, പ്രത്യേകിച്ച് മിസ്രയീമിൽനിന്നുള്ള എബ്രായരുടെ പുറപ്പാടിന്റെ പശ്ചാത്തലത്തിൽ ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ശലാക് എറ്റ് ആമി, അതായത്, എന്റെ ജനത്തെ വിട്ടയക്കൂ! എന്ന ദൈവത്തിന്റെ പ്രസിദ്ധമായ വാക്കുകളുമായി ഫറവോന്റെ അടുക്കൽ പോകുവാൻ മോശെയ്ക്ക് ദൈവത്തിന്റെ കൽപ്പന ലഭിച്ചു.

എന്നാലും, ദൈവജനത്തെ വിട്ടയക്കാൻ ഫറവോൻ ആഗ്രഹിച്ചില്ല. എബ്രായർ ഉയർത്തുമെന്ന് മിസ്രയീമ്യർ ഭയപ്പെട്ട സൈനിക ഭീഷണിയല്ലാതെ (പുറപ്പാട് 1:10 കാണുക), ഫറവോൻ ഇത്രയധികം വിമുഖത കാണിച്ചത് എന്തുകൊണ്ട് എന്ന് തിരുവെഴുത്തുകൾ ഒരിടത്തും വ്യക്തമായി വിശദീകരിച്ചിട്ടില്ല. അടിമത്തത്തിന്റെ കാര്യത്തിൽ പലപ്പോഴും സംഭവിക്കുന്നതുപോലെ, അവർ അടിമവേലക്കാർ ആയിരുന്നതിനാൽ അവന് ലഭിച്ച സാമ്പത്തിക നേട്ടങ്ങൾ നഷ്ടപ്പെടുത്താൻ അവൻ ആഗ്രഹിച്ചില്ല. അതുകൊണ്ട്, അവന്റെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടി മാത്രമല്ല, അവന്റെ മനസ്സ് മാറ്റാനും അവന് കുറച്ച് അനുനയിപ്പിക്കലുകൾ ആവശ്യമായി വന്നു.

ഈ ആഴ്ചയിലെ പാഠം പഠിച്ചു ജൂലൈ 26 ലെ ശബ്ബത്തിനായി ഒരുങ്ങുക.

# ദൈവവും ദൈവങ്ങളും

**പുറപ്പാട് 7:8-15 വായിക്കുക. എബ്രായരുടെ ദൈവവും മിസ്രയീമ്യരുടെ ദൈവങ്ങളും തമ്മിലുള്ള ഈ ആദ്യ ഏറ്റുമുട്ടലിൽ എന്ത് പാഠങ്ങളാണ് ഉൾക്കൊള്ളുന്നത്?**

വരാനിരിക്കുന്ന യുദ്ധങ്ങൾ ജീവനുള്ള ദൈവവും മിസ്രയീമ്യരുടെ ദൈവങ്ങളും തമ്മിലായിരിക്കും. ഫറവോൻ തന്നെത്താൻ ആ ദേവന്മാരിൽ ഒരാളായി കണക്കാക്കിയതാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. മിസ്രയീമ്യർക്കോ, മിസ്രയീമിനോ എതിരെയല്ല ദൈവം യുദ്ധം ചെയ്തത്, മറിച്ച് അവരുടെ ദൈവങ്ങൾക്കെതിരെയാണ് (മിസ്രയീമ്യർ 1,500-ലധികം ദേവന്മാരെയും ദേവതകളെയും ആരാധിച്ചിരുന്നു). "മിസ്രയീമിലെ എല്ലാ ദേവന്മാരെക്കുറിച്ചും ബൈബിൾ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഞാൻ യഹോവയാണ് ഞാൻ ന്യായവിധികൾ നടപ്പിലാക്കും" (പുറപ്പാട് 12:12,). പിന്നീട്, മിസ്രയീമിൽ നിന്നുള്ള ഇസ്രായേലിന്റെ യാത്ര വിവരിക്കുമ്പോൾ, അത് വീണ്ടും ഊന്നിപ്പറയുന്നു: "യഹോവ അവരുടെ ദേവന്മാരുടെ മേൽ ന്യായവിധി നടത്തി" (സംഖ്യാപുസ്തകം 33:4).

വടി ഒരു സർപ്പമായി മാറിയ അത്ഭുതം അവരുടെ ദൈവങ്ങളുടെ മേലുള്ള ഈ ന്യായവിധിയുടെ ഒരു ഉത്തമ ഉദാഹരണം ആണ് (പുറപ്പാട് 7:9-12). മിസ്രയീമിൽ, 'യുറേയസ് വാഡ്ജെറ്റ്' ദേവനെ ഒരു മുർഖനായി മുർത്തീകരിച്ചിരുന്നു, മിസ്രയീമിന്മേലുള്ള പരമാധികാരത്തെയാണ് അത് സൂചിപ്പിക്കുന്നത്. അവന്റെ ശക്തിയുടെയും, ദൈവത്വത്തിന്റെയും, രാജകീയതയുടെയും, ദിവ്യ അധികാരത്തിന്റെയും അടയാളമായി ഫറവോന്റെ കിരീടത്തിൽ ഒരു മൂർഖന്റെ ചിഹ്നം പ്രത്യക്ഷപ്പെട്ടു, കാരണം ഈ ദേവൻ ശത്രുക്കളുടെ നേരെ വിഷം തുപ്പുമായിരുന്നു. വിശുദ്ധ സർപ്പം ഫറവോനെ മരണാനന്തര ജീവിതത്തിലേക്ക് നയിക്കുമെന്നു മിസ്രയീമ്യർ വിശ്വസിച്ചു.

രാജാവിന്റെ മുമ്പാകെ, അഹരോന്റെ വടി ഒരു സർപ്പമായി മാറുകയും അത് മറ്റെല്ലാ സർപ്പങ്ങളെയും ഭക്ഷിക്കുകയും ചെയ്തപ്പോൾ, മിസ്രയീമിലെ മാന്ത്രികർക്കും ആഭിചാരകന്മാർക്കും മേലുള്ള ജീവനുള്ള ദൈവത്തിന്റെ മേധാവിത്വം പ്രകടമായി. ഫറവോന്റെ ശക്തിയുടെ ചിഹ്നം കീഴടക്കപ്പെട്ടു എന്നു മാത്രമല്ല, അഹരോനും മോശെയും സർപ്പമായി മാറിയ വടി കൈകളിൽ പിടിച്ചു (പുറ. 7:12,15). മിസ്രയീമിന്മേലുള്ള ദൈവത്തിന്റെ ശക്തിയും ആധിപത്യവും, ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ മോശെയ്ക്ക് ഒരു ദൈവമായ ഫറവോനെക്കാൾ വലിയ അധികാരവും ശക്തിയും ഉണ്ടായിരുന്നു എന്നും ഈ പ്രാരംഭ ഏറ്റുമുട്ടൽ പ്രകടമാക്കി.

പുരാതന മിസ്രയീമ്യർ നെഹെബ്കൗ ('ആത്മാക്കളെ ഉപയോഗിക്കുന്നവൻ') എന്ന സർപ്പദേവനെ പവിത്രനും ആരാധ്യനും ആയി കണക്കാക്കിയിരുന്നു എന്നതും ശ്രദ്ധേയമാണ്. അവരുടെ പുരാണമനുസരിച്ച്, ഏഴ് സർപ്പങ്ങളെ വിഴുങ്ങിയ ഈ സർപ്പദൈവത്തിന് വലിയ ശക്തിയുണ്ട് എന്ന് അവർ വിശ്വസിച്ചിരുന്നു. എന്നാൽ, സർപ്പദൈവത്തിനല്ല, തനിക്കാണ് പരമാധികാരവും ആധിപത്യവും ഉള്ളതെന്ന് ദൈവം മിസ്രയീമ്യരെ അറിയിച്ചു. ഇത്രയും ശക്തമായ ഒരു ഏറ്റുമുട്ടലിനുശേഷം, ഈ സന്ദേശം വ്യക്തമായി മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞു.

**നമ്മുടെ ജീവിതത്തിൽ ആധിപത്യം തേടുന്ന ദൈവങ്ങളുടെ മേൽ കർത്താവിന് പരമാധികാരം നൽകാൻ നമുക്ക് എങ്ങനെ കഴിയും?**

## ഫറവോന്റെ ഹൃദയം കഠിനമാക്കിയത് ആരാണ്?

**പുറപ്പാട് 7:3,13,14,22 വായിക്കുക. ഈ വാക്യങ്ങൾ നമ്മൾ എങ്ങനെ മനസ്സിലാക്കും?**

പുറപ്പാടിൽ, ഫറവോന്റെ ഹൃദയം ഒമ്പത് തവണ കഠിനമാക്കിയതിന് കാരണം ദൈവമാണെന്ന് പറഞ്ഞിരിക്കുന്നു (പുറ. 4:21; 7:3; 9:12; 10:1,20,27; 11:10; 14:4,8; റോമർ 9:17,18 എന്നിവയും കാണുക). മറ്റൊരു ഒമ്പത് തവണ ഫറവോൻ സ്വന്തം ഹൃദയം കഠിനമാക്കിയതായി പറയുന്നു (പുറ. 7:13,14,22; 8:15,19,32; 9:7,34,35).

**രാജാവിന്റെ ഹൃദയം കഠിനമാക്കിയത് ആരാണ് - ദൈവമോ, അതോ ഫറവോൻ തന്നെയോ?**

പുറപ്പാട് കഥയിൽ ഇത് ശ്രദ്ധേയമാണ്: പത്ത് ബാധകളിൽ ആദ്യത്തെ അഞ്ച് ബാധകളിലും, തന്റെ ഹൃദയം കഠിനമാക്കിയതിന്റെ കാരണക്കാരൻ ഫറവോൻ മാത്രമായിരുന്നു. അങ്ങനെ, അവൻ സ്വന്തം ഹൃദയം കഠിനമാക്കാൻ തുടങ്ങി. എങ്കിലും, ആറാമത്തെ ബാധ മുതൽ, ഫറവോന്റെ ഹൃദയം കഠിനമാക്കിയത് ദൈവമാണെന്ന് ബൈബിൾ വാക്യം പറയുന്നു (പുറപ്പാട് 9:12). ഇതെല്ലാം അർത്ഥമാക്കുന്നത്, ദൈവം ചെയ്യുമെന്ന് മോശെയോട് പറഞ്ഞതുപോലെ, ഫറവോന്റെ സ്വന്തം തിരഞ്ഞെടുപ്പിനെ, അവന്റെ മനഃപൂർവ്വമായ പ്രവൃത്തിയെ, ദൈവം ശക്തിപ്പെടുത്തി അല്ലെങ്കിൽ ആഴത്തിലെത്തിച്ചു എന്നതാണ് (പുറപ്പാട് 4:21).

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഫറവോനെ മാനസാന്തരപ്പെടുത്താനും അവന്റെ മനസ്സിന്റെ ഇരുട്ടിൽനിന്നും, തെറ്റിൽനിന്നും അവനെ രക്ഷിക്കുന്നതിനും വേണ്ടിയാണ് ദൈവം ബാധകളെ അയച്ചത്. ഫറവോന്റെ ഹൃദയത്തിൽ പുതിയ തിന്മ ദൈവം സൃഷ്ടിച്ചില്ല; പകരം, ഫറവോനെ അവന്റെ സ്വന്തം ദുഷ്ട പ്രേരണകൾക്ക് വിട്ടുകൊടുത്തു. നാശത്തിൽനിന്നും തടഞ്ഞു നിർത്തുന്ന ദൈവകൃപയില്ലാതെ ദൈവം അവനെ ഉപേക്ഷിച്ചു, അങ്ങനെ അവനെ സ്വന്തം ദുഷ്ടതയ്ക്ക് വിട്ടുകൊടുത്തു (റോമർ 1:24–32 കാണുക). ഫറവോന് സ്വതന്ത്രമായ തെരഞ്ഞെടുപ്പിനുള്ള അവകാശം ഉണ്ടായിരുന്നു - അവന് ദൈവത്തിന് അനുകൂലമായോ പ്രതികൂലമായോ തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നു അവൻ അതിനെതിരെ തീരുമാനിച്ചു.

പാഠങ്ങൾ വ്യക്തമാണ്. ശരിയും തെറ്റും, നന്മയും തിന്മയും, അനുസരണവും അനുസരണക്കേടും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് നൽകപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലെ ലൂസിഫർ മുതൽ, ഏദനിൽ ആദാമും ഹവ്വായും, മിസ്രയീമിലെ ഫറവോനും, ഇന്നത്തെ നാമും വരെ - നമ്മൾ എവിടെ താമസിച്ചാലും, മരണം അല്ലെങ്കിൽ ജീവൻ നമുക്കു തിരഞ്ഞെടുക്കാം (ആവ. 30:19). ഒരു ഉപമ: വെണ്ണയിലും കളിമണ്ണിലും തട്ടുന്ന സൂര്യപ്രകാശം സങ്കൽപ്പിക്കുക. വെണ്ണ ഉരുകുന്നു, പക്ഷേ കളിമണ്ണ് കഠിനമാകുന്നു. രണ്ട് സാഹചര്യങ്ങളിലും സൂര്യന്റെ ചൂട് ഒരുപോലെയാണ്, എന്നാൽ അതിന്റെ പ്രതികരണവും ഫലവും - രണ്ടും വ്യത്യസ്തമാണ്. ഫലം വസ്തുവിനെ ആശ്രയിച്ചിരിക്കുന്നു. ഫറവോന്റെ കാര്യത്തിൽ, ദൈവത്തോടും അവന്റെ ജനത്തോടുമുള്ള അവന്റെ ഹൃദയ മനോഭാവത്തെ അത് ആശ്രയിച്ചിരുന്നുവെന്ന് ഒരാൾക്ക് പറയാം.

**അടുത്ത ദിവസം നിങ്ങൾ എടുക്കാൻ പോകുന്ന സ്വതന്ത്ര തെരഞ്ഞെടുപ്പുകൾ എന്ത്? ശരിയായ തിരഞ്ഞെടുപ്പ് എന്താണെന്ന് നിങ്ങൾക്കറിയാമെങ്കിൽ, അത് ചെയ്യാൻ നിങ്ങൾക്ക് എങ്ങനെ തയ്യാറാകാം?**

## ആദ്യത്തെ മൂന്ന് ബാധകൾ

മിസ്രയീമിലെ പത്ത് ബാധകൾ മിസ്രയീമ്യ ജനതയെയല്ല, മറിച്ച് അവരുടെ ദൈവങ്ങളെയാണ് ലക്ഷ്യം വച്ചത്. ഓരോ ബാധയും അവരിൽ ഒരാളെയെങ്കിലും ബാധിച്ചു.

**പുറപ്പാട് 7:14, 8:19 വായിക്കുക. ഈ ബാധകളിൽ എന്താണ് സംഭവിച്ചത്?**

ഫറവോനുമായുള്ള സംഭാഷണം ബുദ്ധിമുട്ടുള്ളതും മിക്കവാറും അസാധ്യവുമാണെന്ന് ദൈവം മോശെയോട് പറഞ്ഞു (പുറപ്പാട് 7:14). എന്നിരുന്നാലും, ഫറവോനും മിസ്രയീമ്യർക്കും തന്നെത്തന്നെ വെളിപ്പെടുത്താൻ ദൈവം ആഗ്രഹിച്ചു. അങ്ങനെ, അവരുമായി ആശയവിനിമയം നടത്താൻ ദൈവം തീരുമാനിച്ചു. അവർക്ക് മനസ്സിലാകുന്നതിനും കൂടാതെ, എബ്രായർക്ക് ഈ ഏറ്റുമുട്ടലിൽനിന്ന് പ്രയോജനം ലഭിക്കുന്നതിനും എബ്രായരുടെ ദൈവത്തെക്കുറിച്ച് അവർ കൂടുതലറിയണമായിരുന്നു.

ആദ്യത്തെ ബാധ നൈൽനദിയുടെ ദേവനായ 'ഹാപി'ക്കെതിരെയായിരുന്നു (പുറപ്പാട് 7:17–25). മിസ്രയീമിലെ ജീവിതം പൂർണ്ണമായും നൈൽനദിയിലെ വെള്ളത്തെ ആശ്രയിച്ചിരുന്നു. വെള്ളമുള്ളിടത്ത് ജീവനുണ്ടായിരുന്നു. വെള്ളമായിരുന്നു ജീവന്റെ ഉറവിടം, അതിനാൽ അവർ അവരുടെ ദൈവമായ 'ഹാപി'യെ ജീവദാതാവായി ആരാധിച്ചു. തീർച്ചയായും, ജീവനുള്ള ദൈവം മാത്രമാണ് ജീവന്റെ ഉറവിടം, വെള്ളവും ഭക്ഷണവും ഉൾപ്പെടെ എല്ലാറ്റിന്റെയും സ്രഷ്ടാവ് (ഉല്പത്തി 1:1, 2, 20–22; സങ്കീ. 104:27, 28; 136:25; യോഹ. 11:25; 14:6). വെള്ളത്തെ രക്തമാക്കി മാറ്റുന്നത് ജീവനെ മരണമാക്കി മാറ്റുന്നതിനെ പ്രതിനിധീകരിക്കുന്നു. ജീവൻ നൽകാനും സംരക്ഷിക്കാനും 'ഹാപി'ക്ക് കഴിഞ്ഞില്ല. ദൈവത്തിന്റെ ശക്തിയാൽ മാത്രമേ അത് സാധ്യമാകൂ.

അപ്പോൾ ദൈവം ഫറവോന് മറ്റൊരു അവസരം നൽകുന്നു. ഈ സമയം തവള 'ഹെക്വെറ്റ്' ദേവനെ നേരിട്ട് എതിരിടുന്നു (പുറ. 8:115). ജീവനു പകരം, നൈൽനദി തവളകളെ ഉത്പാദിപ്പിക്കുന്നു, മിസ്രയീമ്യർ അതിനെ ഭയപ്പെടുകയും അറയ്ക്കുകയും വെറുക്കുകയും ചെയ്തിരുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ അവർ ആഗ്രഹിച്ചു. ഈ ബാധ നീക്കം ചെയ്യപ്പെട്ട കൃത്യമായ സമയം ദൈവത്തിന്റെ ശക്തിയും ഈ ബാധയ്ക്ക് പിന്നിലുണ്ടെന്ന് തെളിയിച്ചു.

മൂന്നാമത്തെ ബാധയ്ക്ക് ഏറ്റവും ചെറിയ വിവരണമാണ് നൽകിയിരിക്കുന്നത് (പുറപ്പാട് 8:16–19). പേൻ ബാധ, ഭൂമിയിലെ മിസ്രയീമ്യ ദേവനായ 'ഗെബ്' നെതിരെ ഉദ്ദേശിച്ചായിരുന്നു ഇത്. നിലത്തിലെ പൊടിയിൽനിന്ന് (ബൈബിളിലെ സൃഷ്ടികഥയുടെ പ്രതിധ്വനികൾ) ദൈവം പേനുകളെ പുറപ്പെടുവിച്ചു, അവ ദേശത്തുടനീളം വ്യാപിച്ചു. ഈ അത്ഭുതം പകർത്താൻ കഴിയാത്ത (ദൈവത്തിന് മാത്രമേ ജീവൻ സൃഷ്ടിക്കാൻ കഴിയൂ), മന്ത്രവാദികൾ പ്രഖ്യാപിച്ചു, "ഇത് ദൈവത്തിന്റെ വിരൽ ആണ്" (പുറപ്പാട് 8:19). എന്നിട്ടും, ഫറവോൻ അനങ്ങാൻ വിസമ്മതിച്ചു. ഫറവോന്റെ ഹൃദയം എത്ര കഠിനമായിരുന്നുവെന്ന് ചിന്തിക്കുക. ദൈവത്തിന്റെ പ്രേരണയെ ആവർത്തിച്ചു നിരസിച്ചത്, അത് കൂടുതൽ വഷളാക്കി. ദൈവത്തിന്റെ പ്രേരണയെ നിരന്തരം നിരാകരിക്കുന്നതിനെക്കുറിച്ച് നമുക്കോരോരുത്തർക്കും എന്ത് പാഠങ്ങളാണ് ഇവിടെയുള്ളത്?

# ഈച്ചകൾ, കന്നുകാലികൾ, പരുക്കൾ

**പുറപ്പാട് 8:20, 9:12 വായിക്കുക. ദൈവത്തിന്റെ ശക്തിയുടെയും മഹത്വത്തിന്റെയും പ്രകടനങ്ങൾ എത്ര വലുതാണെങ്കിലും, മനുഷ്യവർഗത്തിന് അവനെ നിരസിക്കാനുള്ള സ്വാതന്ത്ര്യം ഇപ്പോഴും ഉണ്ടെന്നാണ് ഈ വിവരണം പഠിപ്പിക്കുന്നത്.**

മിസ്രയീമ്യ ദേവതയായ 'ഉവാച്ചിറ്റ്' ഈച്ച ദേവതയും ചതുപ്പുകളുടെയും ചതുപ്പു നിലങ്ങളുടെയും സ്ത്രീയുമായിരുന്നു. (ഉദയസൂര്യന്റെയും സൃഷ്ടിയുടെയും പുനർ ജന്മത്തിന്റെയും) ദേവനായ 'ഖെപ്രി'യെ ഒരു ഈച്ചയുടെ തലയോടെ ചിത്രീകരിച്ചിരിക്കുന്നു. ഈ ദൈവങ്ങളെ യഹോവ പരാജയപ്പെടുത്തി. ഈ വിവരണത്തിൽ (പുറപ്പാട് 8:20–24), മിസ്രയീമ്യർ കഷ്ടപ്പെട്ടപ്പോൾ, എബ്രായർ സംരക്ഷിക്കപ്പെട്ടു. വാസ്തവത്തിൽ, പിന്നീടുണ്ടായ ബാധകളൊന്നും അവരെ ബാധിച്ചില്ല. "ഞാൻ ദേശത്തിന്റെ നടുവിൽ ദൈവമാണ്" (പുറപ്പാട് 8:22) എന്ന് ഫറവോനെ അറിയിക്കാനുള്ള ദൈവത്തിന്റെ മറ്റൊരു ശ്രമമായിരുന്നു അത്.

അങ്ങനെ, ഫറവോൻ വിലപേശാൻ തുടങ്ങി. സമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരുന്നു എന്നതിൽ സംശയമില്ല. ഇസ്രായേല്യർ അവരുടെ ദൈവത്തെ ആരാധിക്കുന്നതും ദൈവത്തിനു ബലിയർപ്പിക്കുന്നതും അവനു സമ്മതമായിരുന്നു, പക്ഷേ മിസ്രയീമ്യ ദേശത്ത് വച്ചു മാത്രം (പുറപ്പാട് 8:25). മിസ്രയീമ്യർ, മൃഗങ്ങളെ പവിത്രമായി കണക്കാക്കിയിരുന്നതിനാലും അവയെ ബലിയർപ്പിക്കുന്നത് എബ്രായർക്കെതിരെ അക്രമത്തിന് കാരണമാകുമായിരുന്നതിനാലും ഫറവോന്റെ നിബന്ധനകൾ പാലിക്കാൻ കഴിഞ്ഞില്ല. കൂടാതെ, ഇസ്രായേലിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി അതായിരുന്നില്ല.

അതേസമയം, അടുത്ത ബാധ (പുറപ്പാട് 9:17) കന്നുകാലികളുടെ മേൽ പതിക്കുന്നു. സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും മിസ്രയീമ്യ ദേവതയായ 'ഹാത്തോറി'നെ ഒരു പശുവിന്റെ തലയോടെ ചിത്രീകരിച്ചിരിക്കുന്നു. പുരാതന മിസ്രയീമിൽ, കാളദേവനായ 'ആപിസ്' വളരെ നല്ല ജനപ്രിയനും ബഹുമാനിക്കപ്പെട്ടവനുമായിരുന്നു. അങ്ങനെ, ഈ അഞ്ചാമത്തെ ബാധയിൽ, മിസ്രയീമ്യരുടെ കന്നുകാലികൾ ചത്തപ്പോൾ കൂടുതൽ പ്രധാന ദേവതകൾ പരാജയപ്പെട്ടു.

ആറാമത്തെ ബാധയിൽ (പുറ. 9:8–12), വൈദ്യശാസ്ത്രത്തിന്റെയും മാന്ത്രികതയുടെയും ജ്ഞാനത്തിന്റെയും ദേവതയായ 'ഐസിസി' ന്റെ പൂർണ്ണ പരാജയം, പ്രത്യക്ഷമായി. 'സെഖ്മെറ്റ്' (യുദ്ധത്തിന്റെയും പകർച്ചവ്യാധികളുടെയും ദേവത), 'ഇംഹോട്ടെപ്പ്' (വൈദ്യ ത്തിന്റെയും രോഗശാന്തിയുടെയും ദൈവം) തുടങ്ങിയ ദേവതകളുടെ പരാജയവും നാം കാണുന്നു. അവർക്ക് സ്വന്തം ആരാധകരെ സംരക്ഷിക്കാൻ കഴിയുന്നില്ല. വിരോധാഭാസമെന്നു പറയട്ടെ, ഇപ്പോൾ മന്ത്രവാദികൾക്കും ശകുനവാദികൾക്കും രാജാവിന്റെ മുമ്പാകെ ഹാജരാകാൻ പോലും കഴിയാത്തവിധം കഷ്ടപ്പെടുന്നു, ഇത് ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവിനെതിരെ അവർ നിസ്സഹായരാണെന്ന് കാണിക്കുന്നു. പത്ത് ബാധകളെക്കുറിച്ചുള്ള കഥയിൽ ആദ്യമായി, ദൈവം ഫറവോന്റെ ഹൃദയത്തെ കഠിന മാക്കി എന്ന് ഒരു വാചകം പറയുന്നു (പുറപ്പാട് 9:12). ഈ വാക്യം എത്ര ആശയക്കുഴപ്പ മുണ്ടാക്കുന്നതാണെങ്കിലും, പൂർണ്ണ സന്ദർഭത്തിൽ അത് മനസ്സിലാക്കുമ്പോൾ, തന്നെ നിരന്തരം നിരസിക്കുന്നതിന്റെ അനന്തരഫലങ്ങൾ കൊയ്യാൻ യഹോവ നമ്മെ അനുവദി ക്കുമെന്ന് വീണ്ടും വെളിപ്പെടുത്തുന്നു.

**ഫറവോന്റെ പ്രശ്നം ബുദ്ധിപരമായിരുന്നില്ല; ശരിയായ തിരഞ്ഞെടുപ്പ് നടത്താൻ അവന് യുക്തിപരമായ മതിയായ തെളിവുകൾ ഉണ്ടായിരുന്നു. പക്ഷേ, അത് അവന്റെ ഹൃദയത്തിന്റെ പ്രശ്നമായിരുന്നു. നമ്മുടെ ഹൃദയങ്ങളെ നാം എന്തിന് കാത്തു സൂക്ഷിക്കണം എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്താണ് പറയുന്നത്?**

## ആലിപ്പഴം, വെട്ടുക്കിളികൾ, അന്ധകാരം

**പുറപ്പാട് 9:13; 10:29 വായിക്കുക. ഫറവോന്റെ മനസ്സ് മാറ്റുന്നതിൽ ഈ ബാധകൾ എത്രത്തോളം വിജയിച്ചു?**

ആകാശവിതാനത്തിന്റെയും സ്വർഗ്ഗങ്ങളുടെയും മിസ്രയീമ്യൻ ദേവതയായിരുന്നു 'നട്ട്'. ആകാശത്തിൻ കീഴിലും ഭൂമിയിലും സംഭവിക്കുന്ന കാര്യങ്ങൾ നിയന്ത്രിക്കുന്നത് 'നട്ട്' ആണെന്ന് പലപ്പോഴും ചിത്രീകരിക്കപ്പെട്ടിരുന്നു. 'ഒസിരിസ്' വിളകളുടെയും ഫലഭൂയിഷ്ഠതയുടെയും ദേവനായിരുന്നു. ബൈബിളിൽ, കൽമഴ പലപ്പോഴും ദൈവത്തിന്റെ ന്യായവിധിയുമായി ബന്ധപ്പെട്ടിരിക്കുന്നു (യെശ. 28:2,17; യെഹെ. 13:11–13). ഈ ബാധയുടെ സമയത്ത്, തങ്ങളുടെ സ്വത്തുക്കൾ സുരക്ഷിതമായ ഒരു സങ്കേതത്തിൽ ഒളിപ്പിക്കുന്നവർ സംരക്ഷിക്കപ്പെടും (പുറപ്പാട് 9:20,21). എല്ലാവരും ഇപ്പോൾ പരീക്ഷിക്കപ്പെടുന്നു: അവർ ദൈവത്തിന്റെ വാക്ക് വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമോ ഇല്ലയോ?

സർവ്വഭൂമിയും തന്നെക്കുറിച്ച് അറിയുന്നതിനുവേണ്ടിയാണ് ദൈവം ഫറവോനെ ജീവിക്കാൻ അനുവദിച്ചത് (പുറപ്പാട് 9:16). മിസ്രയീമിലെ രാജാവ് താൻ പാപം ചെയ്തുവെന്ന് ഏറ്റുപറഞ്ഞു, പക്ഷേ, പിന്നീട് അവൻ മനസ്സ് മാറ്റി.

മിസ്രയീമ്യ ദേവൻ സേത്ത്, കൊടുങ്കാറ്റിന്റെയും യുദ്ധത്തിന്റെയും ക്രമക്കേടിന്റെയും ദേവനായിട്ടാണ് വിളിക്കപ്പെട്ടിരുന്നത്. സേത്തിനേയും 'ഐസിസി'യേയും ഒത്തു ചേർത്ത് കാർഷിക ദേവതകളായി കണക്കാക്കി. അന്തരീക്ഷത്തിന്റെ ദൈവമായിരുന്ന സെറാപ്പിസ് - ദിവ്യ മഹത്വം, ഫലഭൂയിഷ്ഠത, രോഗശാന്തി, മരണാനന്തര ജീവിതം എന്നിവയുടെ ദേവനായിരുന്നു. വിഗ്രഹങ്ങൾ ഒന്നുമല്ലാത്തതിനാൽ മിസ്രയീമ്യ ദേവന്മാരിൽ ഒരാൾക്കും ദൈവത്തിന്റെ ന്യായവിധികളെ തടയാൻ കഴിഞ്ഞില്ല (പുറ. 10:4–20). (യെശ. 44:9,10,12–17).

ഇസ്രായേലിനെ വിട്ടയക്കാൻ ഫറവോന്റെ ദാസന്മാർ അവനെ പ്രേരിപ്പിച്ചു, പക്ഷേ അവൻ വീണ്ടും വിസമ്മതിച്ചു. അവൻ മുന്നോട്ട് വച്ച അനുരഞ്ജനവ്യവസ്ഥ മോശെ എഥോചിതം നിരസിച്ചു, കാരണം സ്ത്രീകളും കുട്ടികളും ആരാധനയുടെയും വിശ്വാസ സമൂഹത്തിന്റെയും സുപ്രധാനവും വേർതിരിക്കാനാവാത്തതുമായ ഭാഗമാണ്. ഒടുവിൽ, 'റാ' പ്രധാന മിസ്രയീമ്യ ദൈവമായിരുന്നു, സൂര്യദേവൻ. 'തോത്ത' ചന്ദ്രദേവനായിരുന്നു. ഇരുവർക്കും വെളിച്ചം നൽകാൻ കഴിഞ്ഞില്ല. ഫറവോൻ വീണ്ടും വിലപേശാൻ ശ്രമിക്കുന്നു, പക്ഷേ വെറുതെയായി. മിസ്രയീമിൽ മൂന്ന് ദിവസത്തെ അന്ധകാരം ഉണ്ടായി, എന്നാൽ, അവിടെ ഇസ്രായേല്യർ താമസിച്ചിരുന്ന സ്ഥലത്ത് വെളിച്ചം ഉണ്ടായിരുന്നു. ആ വേർതിരിക്കൽ ഇതിലും കൂടുതൽ കൗതുകകരമാക്കാൻ കഴിയില്ലായിരുന്നു.

തന്റെ ജനതയ്ക്ക് ഉണ്ടായ കഷ്ടപ്പാടുകൾ എന്തു തന്നെയായാലും, തിരിച്ചടിക്കാൻ തന്നെ ഫറവോൻ ദൃഢനിശ്ചയം ചെയ്തു, പിന്മാറാൻ ആഗ്രഹിച്ചില്ല. അവന്റെ ആഴമേറിയ ഉദ്ദേശ്യങ്ങൾ നമുക്കറിയില്ലെങ്കിലും, ഒരു ഘട്ടത്തിൽ അത് വെറും അഭിമാനത്തിന്റെ പ്രശ്നമായി മാറി. തെളിവുകൾ ഇത്രയും ശക്തവും വ്യക്തവുമായിരുന്നിട്ടും, (സ്വന്തം ദാസന്മാർ പോലും പ്രഖ്യാപിച്ചു), ഈ മനുഷ്യൻ എത്രത്തോളം നമുക്ക് ഒരു കെണിയായിരിക്കും? അവരുടെ ദൈവമായ കർത്താവിനെ സേവിക്കാൻ ആ മനുഷ്യരെ വിട്ടയയ്ക്കുക. മിസ്രയീമ്യ നശിപ്പിക്കപ്പെട്ടു എന്ന് നിങ്ങൾ ഇതുവരെ അറിയുന്നില്ലയോ? (പുറപ്പാട് 10:7), ശരിയായ തിരഞ്ഞെടുപ്പ് അവന്റെ മുമ്പിൽ ഉണ്ടായിരുന്നിട്ടും - അൽപ്പം മടിച്ചു നിന്നതിനു ശേഷവും, ഫറവോൻ ദൈവഹിതത്തിന് കീഴടങ്ങിയില്ല, പോകാൻ ജനങ്ങളെ അനുവദിച്ചുമില്ല. 'നാശത്തിന് മുമ്പ് ഗർവ്വം, വീഴ്ചയ്ക്കുമുമ്പ് ഉന്നതഭാവം' (സദൃശ. 16:18) എന്ന വാക്കുകളുടെ എത്ര നാടകീയമായ ഉദാഹരണം.

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, മിസ്രയീമിലെ ബാധകൾ, പേജ് 265-272 ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

വിഗ്രഹാരാധനയുടെ നിന്ദ്യമായ സ്വാധീനത്തിൽ വഞ്ചിക്കപ്പെടാതിരിക്കാൻ, തന്റെ 'ദൈവത്തിന്റെ' ജനത്തിന് മിസ്രയീമ്യരുടെ ക്രൂരത അനുഭവിക്കാൻ ദൈവം അനുവദിച്ചു. ഫറവോനുമായുള്ള ഇടപെടലിൽ, വിഗ്രഹാരാധനയോടുള്ള തന്റെ വെറുപ്പും ഫറവോന്റെ ക്രൂരതയെയും അടിച്ചമർത്തലിനെയും ശിക്ഷിക്കാനുള്ള തന്റെ ദൃഢനിശ്ചയവും ദൈവം പ്രകടിപ്പിച്ചു... രാജാവിന്റെ ഹൃദയത്തെ കഠിനമാക്കാൻ അമാനുഷിക ശക്തിയുടെ ആവശ്യമൊന്നും ഉണ്ടായില്ല. ദൈവം ഫറവോന് ദൈവീക ശക്തിയുടെ ഏറ്റവും ശ്രദ്ധേയമായ തെളിവ് നൽകി, എന്നാൽ ഏകാധിപതിയായ ആ രാജാവ് വെളിച്ചത്തെ ശ്രദ്ധിക്കാൻ ശാഠ്യപൂർവ്വം വിസമ്മതിച്ചു. അവൻ നിരസിച്ച അനന്തശക്തിയുടെ ഓരോ പ്രകടനവും അവന്റെ മത്സരത്തിൽ അവനെ കൂടുതൽ കൂടുതൽ ദൃഢനിശ്ചയമുള്ളവനാക്കി. ആദ്യത്തെ അത്ഭുതം നിരസിച്ചപ്പോൾ അവൻ വിതച്ച മൽസരത്തിന്റെ വിത്തുകൾ അവയുടെ വിളവ് നൽകി. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 268.

സൂര്യനും ചന്ദ്രനും മിസ്രയീമ്യരുടെ ആരാധനാമൂർത്തികളായിരുന്നു; ഈ നിഗൂഢമായ അന്ധകാരത്തിൽ, അടിമകളുടെ കാര്യം ഏറ്റെടുത്ത ശക്തിയാൽ മിസ്രയീമിലെ ജനങ്ങളും അവരുടെ ദേവന്മാരും ഒരുപോലെ തകർന്നുപോയി. അത് എത്ര ഭയാനകമായിരുന്നാലും, ഈ ന്യായവിധി ദൈവത്തിന്റെ കാരുണ്യത്തിന്റെയും നശിപ്പിക്കാനുള്ള അവിടുത്തെ മനസ്സില്ലായ്മയുടെയും തെളിവാണ്. അവസാനത്തേതും ഏറ്റവും ഭയാനകവുമായ ബാധകൾ അവരുടെ മേൽ വരുത്തുന്നതിനു മുമ്പ് ജനങ്ങൾക്ക് ചിന്തിക്കുവാനും മാനസാന്തരപ്പെടാനും ദൈവം സമയം നൽകി. ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 272.

## ചോദ്യങ്ങൾ ചർച്ച ചെയ്യുക:

1. **വ്യക്തവും ശരിയായതുമായ തിരഞ്ഞെടുപ്പായിരിക്കേണ്ടതിന് മുന്നിൽ – ആളുകളെ വിട്ടയക്കൂ! – ഫറവോൻ എന്തുകൊണ്ടാണ് തന്നെ ഇത്ര കഠിനനാക്കാൻ അനുവദിച്ചത് എന്ന ചോദ്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക – അവൻ ഇപ്പോഴും വിസമ്മതിച്ചു. ഒരാൾക്ക് എങ്ങനെ സ്വയം വഞ്ചിക്കപ്പെടാൻ കഴിയും? പാപത്തിൽ നമുക്ക് എങ്ങനെ നമ്മെത്തന്നെ കഠിനഹൃദയർ ആക്കാൻ കഴിയും എന്നതിനെക്കുറിച്ച് എന്ത് തരത്തിലുള്ള മുന്നറിയിപ്പുകളാണ് ഇതിൽനിന്ന് നാം സ്വയം സ്വീകരിക്കേണ്ടത്? ശരിയായ തീരുമാനവും ശരിയായ പാതയും നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരുന്നിട്ടും, അത്യന്തം വിനാശകരമായ തീരുമാനങ്ങൾ നാം എടുക്കുന്നത് എന്തിന്? മറ്റ് ഏത് ബൈബിൾ കഥാപാത്രങ്ങളാണ് ഇതേ തരത്തിലുള്ള തെറ്റ് ചെയ്തിട്ടുള്ളത്? ഉദാഹരണത്തിന്, യൂദാസിനെക്കുറിച്ച് ചിന്തിക്കുക.**
2. **ഒരു ഘട്ടത്തിൽ, ഫറവോൻ സ്വന്തം ദേശത്തിനും ജനങ്ങൾക്കും മേൽ വരുത്തിയ നാശത്തിനിടയിൽ, അവൻ പ്രഖ്യാപിച്ചു, ഇത്തവണ ഞാൻ പാപം ചെയ്തു; ദൈവമാണ് നീതിമാൻ, ഞാനും എന്റെ ജനവും ദുഷ്ടന്മാരാണ് (പുറപ്പാട് 9:27,). ആ സമയത്ത് പാപത്തിന്റെ അത്ഭുതകരമായ ഒരു ഏറ്റുപറച്ചിൽ നടന്നെങ്കിലും, അത് യഥാർത്ഥമല്ലായിരുന്നു എന്ന് നമുക്ക് എങ്ങനെ അറിയാം?**

### പാഠം – 5

# പെസഹ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 11:1–10, മീഖാ 6:8, പുറപ്പാട് 12:1–30, 1 കൊരി. 5:7, പുറപ്പാട് 13:14–16, എബ്രായർ 11:28.**

**മനഃപാഠവാക്യം:**

**"ഈ കർമ്മം എന്തെന്ന് നിങ്ങളുടെ മക്കൾ നിങ്ങളോട് ചോദിക്കുമ്പോൾ, യഹോവ മിസ്രയീമ്യരെ ദണ്ഡിപ്പിച്ചപ്പോൾ മിസ്രയീമിലെ യിസ്രായേൽ മക്കളുടെ വീടുകളെ വിട്ടു ഒഴിഞ്ഞു നമ്മുടെ വീടുകളെ രക്ഷിച്ച യഹോവയുടെ പെസഹാ ആകുന്നു ഇത് എന്ന് നിങ്ങൾ പറയണം" (പുറപ്പാട് 12:26,27).**

പത്താമത്തെയും അവസാനത്തെയും ബാധ വരാൻ പോകുന്നു. അവസാനത്തെ മുന്നറിയിപ്പ് നൽകിയിരിക്കുന്നു; അന്തിമതീരുമാനം എടുക്കണം. അത് യഥാർത്ഥ ത്തിൽ ജീവനും മരണവും സംബന്ധിച്ച വിഷയമാണ്. ഒരു വ്യക്തിയുടെ ജീവൻ മാത്രമല്ല, മുഴുവൻ കുടുംബങ്ങളുടെയും ജനതയുടെയും ജീവനും അഭിവൃദ്ധിയും അപകടത്തിലാണ്. നിരവധി ആളുകളുടെ വിധിക്ക്– ഒന്നുകിൽ ജീവനോ അല്ലെങ്കിൽ മരണത്തിനോ – ഫറവോനും അവന്റെ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരുന്നു. ഇസ്രായേലിന്റെ ജീവനുള്ള ദൈവത്തോടുള്ള അവന്റെ മനോഭാവം, അവന്റെ മാത്രമല്ല, അവന്റെ ജനതയുടെയും ഭാവി നിർണ്ണയിച്ചു.

സാഹചര്യങ്ങളുടെ ഗൗരവം നമ്മുടെ മേൽ ഭാരമായിരിക്കുമ്പോൾ, അടുത്ത പടി, ദിശ എന്നിവ തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ, നമ്മെ കൂടാതെ മറ്റ് പലരുടെയും ജീവിതത്തെ വളരെയധികം സ്വാധീനിക്കാൻ കഴിയുന്ന ഒരു തിരഞ്ഞെടുപ്പ് – നമുക്ക് എങ്ങനെ തോന്നുന്നു, നമ്മൾ എന്തുചെയ്യും?

ഈ ആഴ്ചയിലെ പാഠം പഠിച്ച് ഓഗസ്റ്റ് 2–ലെ ശബ്ബത്തിനായി ഒരുങ്ങുക.

## ഒരു ബാധ കൂടി

ദൈവമായ കർത്താവ് തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒന്നും ചെയ്യുന്നില്ല (ആമോസ് 3:7) എന്ന് പ്രവാചകനായ ആമോസ് പ്രഖ്യാപിക്കുന്നു, അടുത്തതായി വരാനിരിക്കുന്ന കാര്യങ്ങൾ പ്രവാചകനായ മോശെയിലൂടെ അവൻ ഫറവോന് വെളിപ്പെടുത്തി. ഏറ്റവും ഗൗരവമേറിയ മുന്നറിയിപ്പ് ഫറവോന് നൽകി. മിസ്രയീമിൽ ഈ വിപത്തുകൾക്ക് കാരണമായ അഹങ്കാരം, ചൂഷണം, അക്രമം, വിഗ്രഹാരാധന എന്നിവയ്ക്കെതിരെയുള്ള ഒരു ന്യായവിധിയായിരിക്കും ഇത്.

**പുറപ്പാട് 11:1–10 വായിക്കുക. മിസ്രയീമിൽ ന്യായവിധി നടപ്പാക്കുന്നതിന് മുമ്പ് ദൈവം എന്ത് മുന്നറിയിപ്പ് നൽകി?**

മൂന്ന് ദിവസത്തെ അന്ധകാരം (പുറപ്പാട് 10:2,23) സമീപകാല സംഭവങ്ങൾ എന്താണ് അർത്ഥമാക്കുന്നതെന്നു ചിന്തിക്കാൻ മിസ്രയീമിന് സമയം നൽകി. ദൈവം അവർക്ക് അവസാനത്തെ വ്യക്തമായ മുന്നറിയിപ്പും, ശരിയായി കാര്യം ചെയ്യാനുള്ള അവസാന അവസരവും നൽകി.

എന്നാൽ പുറപ്പാട് 11:8 പറയുന്നത് മോശെ മഹാകോപത്തോടെ ഫറവോനെ വിട്ടുപോയി എന്നാണ്. മോശെ എന്തിനാണ് കോപത്തോടെ പോയത്? പത്താമത്തെ ബാധയായ ദുരന്തം, ധാരാളം നിരപരാധികളെ ബാധിക്കുമെന്ന് അവനറിയാമായിരുന്നതു കൊണ്ടാകാം – എല്ലാം ഫറവോന്റെ ഹൃദയകാഠിന്യം കൊണ്ടാണ്.

കൂടാതെ, ബൈബിൾ പ്രതീകാത്മകതയിൽ പത്ത് എന്ന സംഖ്യ പ്രധാനമാണ്. പത്ത് പൂർണ്ണതയെ പ്രതിനിധീകരിക്കുന്നു. (ദിവ്യ ധാർമ്മിക നിയമത്തിന്റെ പൂർണ്ണ വെളിപ്പെടുത്തലായ പത്ത് കൽപ്പനകളെ കരുതുക.) പത്ത് മിസ്രയീമ്യ ബാധകൾ ദൈവത്തിന്റെ നീതിയുടെയും പ്രതികാരത്തിന്റെയും പൂർണ്ണമായ പ്രകടനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവം ന്യായാധിപനാണ്, അവിടുന്ന് അനീതി, വിവേചനം, അഹങ്കാരം, ചൂഷണം, ക്രൂരത, സ്വാർത്ഥത എന്നിവയ്ക്ക് എതിരാണ്. അവൻ ദുരിതമനുഭവിക്കുന്നവരുടെയും, ചൂഷണം ചെയ്യപ്പെടുന്നവരുടെയും, ഉപദ്രവിക്കപ്പെടുന്നവരുടെയും, പീഡിതരുടെയും പക്ഷത്താണ്. ദൈവം നീതി നടപ്പിലാക്കും, അത് യഥാർത്ഥത്തിൽ അവിടുത്ത് സ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ്. (സങ്കീ. 2:12; 33:5; 85:11; 89:14; 101:1; യെശ. 16:5, യിരെ. 9:24 കാണുക.)

സ്നേഹവും നീതിയും ഉള്ളവരായിരിക്കാൻ നമ്മളും പരമാവധി ശ്രമിക്കണം. എന്നിരുന്നാലും, നമുക്ക് എളുപ്പത്തിൽ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പരിധി ലംഘിക്കാം. സ്നേഹത്താൽ, തെറ്റുകൾക്ക് നേരെയും തിരുത്തേണ്ട കാര്യങ്ങൾക്കെതിരെയും നമ്മൾ കണ്ണടയ്ക്കുന്നു. അല്ലെങ്കിൽ ഉരുക്ക് കൊണ്ട് നിർമ്മിച്ചതുപോലെ നമ്മുടെ തണുപ്പൻ നീതി നടപ്പിലാക്കാൻ നമുക്ക് കഴിയും. രണ്ടും ശരിയല്ല. ആദർശം ഇതാണ്: നീതി പ്രവർത്തിക്കുക, കരുണയെ സ്നേഹിക്കുക, നിങ്ങളുടെ ദൈവത്തോടൊപ്പം താഴ്മയോടെ നടക്കുക എന്നിവയല്ലാതെ കർത്താവ് നിങ്ങളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നത്? (മീഖാ 6:8). നമുക്ക് പൂർണ്ണമായ സന്തുലിതാവസ്ഥ (നമുക്ക് കഴിയില്ല) നേടാൻ കഴിയുന്നില്ലെങ്കിൽ, നീതിക്ക് പകരം കരുണയുടെ പക്ഷത്ത് തെറ്റ് ചെയ്യുന്നതാണോ നല്ലത്?

# പെസഹ പെരുന്നാൾ

**പുറപ്പാട് 12:1-20 വായിക്കുക. ഇസ്രായേൽ മിസ്രയീമിൽനിന്ന് പുറപ്പെടുന്നതിന് മുമ്പ് ദൈവം മോശെയ്ക്കും അഹരോനും എന്ത് പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നു?**

മിസ്രയീമിൽനിന്നുള്ള പുറപ്പെടൽ എങ്ങനെ ക്രമീകരിക്കണമെന്ന് ദൈവം മോശെയോടും അഹരോനോടും നിർദ്ദേശിച്ചിരിക്കുമെന്ന് ഒരാൾക്കു പ്രതീക്ഷിക്കാം: അതായത്, രക്ഷപ്പെടലിനുള്ള ക്രമീകരണങ്ങൾ എങ്ങനെ ചെയ്യണമെന്ന്, പ്രത്യേകിച്ച് പ്രായമായവർ, ചെറിയ കുട്ടികളുള്ള അമ്മമാർ, മൃഗങ്ങൾ മുതലായവയെ കുറിച്ചു, ദൈവത്തിന്റെ നിർദ്ദേശം അതിശയകരമാണ്: പെസഹാ എങ്ങനെ ആഘോഷിക്കണമെന്ന് അവൻ അവരോട് പറയുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അവരെ വീണ്ടെടുക്കാൻ പോകുന്ന ദൈവത്തെ ആരാധിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ബാക്കി എല്ലാം തക്കസമയത്ത് പിന്തുടരും.

ഓരോ കുടുംബവും ഓരോ കുഞ്ഞാടിനെ ഒരുക്കണമായിരുന്നു, ഒട്ടും പാഴാക്കാതെ, എല്ലാവരും അവരവരുടെ പങ്ക് ഭക്ഷിക്കണം, കുടുംബത്തിന് മുഴുവൻ കുഞ്ഞാടിനെയും ഭക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ, അവർ മറ്റൊരു കുടുംബത്തോടൊപ്പം ചേർന്ന് ഭക്ഷണം കഴിക്കണമായിരുന്നു.

**പുറപ്പാട് 12:13,14 വായിക്കുക. അന്തിമ ബാധ വരുമ്പോൾ യഹോവ അവർക്കു വേണ്ടി എന്തുചെയ്യാൻ പോകുന്നു? ഇതെല്ലാം എന്തിനെ പ്രതിനിധീകരിക്കുന്നു?**

പുറപ്പാട് എല്ലാ വർഷവും പതിവായി ആഘോഷിക്കേണ്ടതായിരുന്നു, ദൈവം അവരുടെ പൂർവ്വികർക്കുവേണ്ടി ചെയ്ത ഒരു മുൻകാല സംഭവത്തിന്റെ ഓർമ്മയ്ക്കായി മാത്രമല്ല, ഇന്നത്തെ തലമുറയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയുടെ യാഥാർത്ഥ്യമാക്കൽ കൂടിയായിരുന്നു അത്. ഓരോ ഗ്രൂപ്പിനും ഇത് ഒരു പുതിയ അനുഭവമായിരിക്കും.

12-ഉം 13-ഉം വാക്യങ്ങൾ പെസഹാ പെരുന്നാളിന്റെ അർത്ഥം വിശദീകരിക്കുന്നു: നാശത്തിന്റെ ദൈവീക ന്യായവിധി ഇസ്രായേല്യരെ കടന്നുപോകും; അങ്ങനെ അവർ 'പെസഹാ' അനുസ്മരിക്കേണ്ടതായിരുന്നു. ഈ വാക്ക് 'കടന്നു' എന്നും 'പോകുക' എന്നും ഉള്ള രണ്ട് വാക്കുകളുടെ സംയോജനമാണ്, കാരണം ജീവന്റെയും രക്ഷയുടെയും അടയാളമായ കുഞ്ഞാടിന്റെ രക്തം വാതിൽപ്പടികളിൽ അടയാളപ്പെടുത്തിയിരുന്ന ഇസ്രായേല്യ ഭവനങ്ങളെ നാശം കടന്നു പോയി. എബ്രായ ഭാഷയിൽ, 'ഭുലമെരവ' അർത്ഥമാക്കുന്നത് പെസഹാ എന്നാണ്.

തന്റെ ജനത്തിനുവേണ്ടി ദൈവം ചെയ്ത ശക്തവും കൃപയുമുള്ള പ്രവൃത്തികളെ ഓരോ ഇസ്രായേല്യനെയും ഓർമ്മിപ്പിക്കുന്നതായിരുന്നു പെസഹാ ആഘോഷം. ഈ ആഘോഷം അവരുടെ ദേശീയത്വം ഉറപ്പിക്കാനും അവരുടെ മതപരമായ വിശ്വാസതത്വങ്ങൾ അടയാളപ്പെടുത്താനും സഹായിച്ചു.

**മുൻകാലങ്ങളിൽ ദൈവം നിങ്ങൾക്ക് ചെയ്ത നന്മകൾ എപ്പോഴും ഓർമ്മിക്കേണ്ടതും ഭാവിയിലും ദൈവം നിങ്ങൾക്ക് നന്മ ചെയ്യുമെന്ന് വിശ്വസിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നത് എന്തുകൊണ്ട്?**

## പെസഹാ ആഘോഷം

**പുറപ്പാട് 12:17–23 വായിക്കുക. ഈ പുതിയ ഉത്സവത്തിന്റെ ആഘോഷത്തിൽ രക്തം എന്ത് പങ്കാണ് വഹിക്കുന്നത്?**

ബലിയർപ്പിക്കപ്പെട്ട മൃഗത്തിന്റെ രക്തം ഈ ആഘോഷത്തിലെ ഒരു പ്രധാന ഘടകമാണ്. ഈ വിരുന്നിൽ പങ്കെടുത്തവർ കൊല്ലപ്പെട്ട കുഞ്ഞാടിന്റെ രക്തം അവരുടെ വീടുകളുടെ വാതിൽപ്പടികളിൽ പുരട്ടിയിരുന്നു. ഈ വിധത്തിൽ, രക്തത്താൽ മൂടപ്പെടാത്തവർ നേരിടേണ്ടിവരുന്ന ബാധയിൽനിന്ന് ദൈവം തങ്ങളെ വിടുവിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് അവർ ദൈവത്തിലുള്ള വിശ്വാസം പ്രകടമാക്കി. സുവിശേഷത്തിന്റെ എത്ര ശക്തമായ ഒരു പ്രകടനം!

പെസഹാ കുഞ്ഞാട് കളങ്കമില്ലാത്തതായിരിക്കണം, കാരണം അത് 'ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!' (യോഹ. 1:29,) എന്ന യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു. മൃഗത്തിന്റെ രക്തം നിർണായക പങ്ക് വഹിച്ചു: അത് മരണസമയത്ത് ജീവന്റെ അടയാളമായി, സംരക്ഷണത്തെ പ്രതീകപ്പെടുത്തി.

"നിങ്ങൾ പാർക്കുന്ന വീടുകളിൻമേൽ രക്തം നിങ്ങൾക്ക് ഒരു അടയാളമായിരിക്കും. ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും; ഞാൻ മിസ്രയീം ദേശത്തെ ബാധിക്കുന്ന ബാധ നിങ്ങളെ നശിപ്പിക്കാൻ നിങ്ങളുടെ മേൽ വരില്ല" (പുറപ്പാട് 12:13). മുഴുവൻ സുവിശേഷവും പെസഹാ ആഘോഷവുമായി ബന്ധപ്പെട്ടിരിക്കുന്നു, കാരണം അത് അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെയും വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയെയും മാത്രമല്ല, നമ്മുടെ പാപങ്ങൾക്കായുള്ള യേശുക്രിസ്തുവിന്റെ യാഗത്തെയും യേശുവിന്റെ രക്തത്താൽ മൂടപ്പെട്ട എല്ലാവർക്കും ലഭ്യമാകുന്ന യേശുവിന്റെ യോഗ്യതകളെയും ചൂണ്ടിക്കാണിച്ചു.

**നൂറ്റാണ്ടുകൾക്ക് ശേഷം, ഈ ആഘോഷത്തെക്കുറിച്ച് തിരിഞ്ഞു നോക്കിയ പൗലോസ് എഴുതി: "അതിനാൽ നിങ്ങൾ യഥാർത്ഥത്തിൽ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം, ഒരു പുതിയ പിണ്ഡമാകേണ്ടതിന് പഴയ പുളിമാവ് നീക്കംചെയ്യുക. നമ്മുടെ പെസഹയായ ക്രിസ്തു നമുക്കുവേണ്ടി അറുക്കപ്പെട്ടു" (1 കൊരി. 5:7).**

പുളിമാവ് അഥവാ യീസ്റ്റ് ഉപയോഗിച്ചാണ് വിവിധ തരം മാവ് തയ്യാറാക്കുന്നത്. ഇസ്രായേല്യർ മിസ്രയീമിൽനിന്ന് പുറപ്പെടുന്നതിന്റെ തലേന്ന് പുളിപ്പില്ലാത്ത അപ്പം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടാണ് ഇത് ആദ്യമായി ബൈബിളിൽ പരാമർശിക്കപ്പെടുന്നത്, അവരുടെ വീടുകളിൽ നിന്ന് യീസ്റ്റ് നീക്കം ചെയ്യേണ്ടതുണ്ടായിരുന്നു (പുറ. 12:8, 15–20; പുറ. 13:37). ഈ പ്രത്യേക സന്ദർഭത്തിൽ, യീസ്റ്റ് പാപത്തിന്റെ പ്രതീകമായിരുന്നു (1 കൊരി. 5:68); അതിനാൽ, പെസഹാ പെരുന്നാളിൽ ഒരു ആഴ്ചത്തേക്ക് ഇത് ഉപയോഗിക്കാൻ പാടില്ലായിരുന്നു. പുളിപ്പില്ലാത്ത അപ്പം പാപരഹിതനായ മിശിഹായുടെ പ്രതീകമാണ്, അവൻ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ച് നമുക്കുവേണ്ടി തന്റെ ജീവൻ നൽകി (യോഹന്നാൻ 1:29, 1 കൊരി. 5:7, എബ്രാ. 4:15). രക്തം മുക്കിയ 'ഈസോപ്പ് കൂട്ടം' ദൈവത്തിന്റെ വിശുദ്ധീകരണ കൃപയെ പ്രതീകപ്പെടുത്തി (സങ്കീ. 51:7). ചുരുക്കത്തിൽ, പെസഹാ മുഴുവൻ, യേശുവിന്റെ വീണ്ടെടുപ്പ് പ്രവൃത്തി വെളിപ്പെടുത്തുന്നു.

**നമ്മുടെ പാപപരിഹാരത്തിനായി ദൈവപുത്രനായ യേശുവിന്റെ രക്തം തന്നെ വേണ്ടിവന്നു എന്ന വസ്തുത, പാപം എത്ര മോശമാണെന്നതിനെ കുറിച്ചു നമ്മെ എന്താണ് പഠിപ്പിക്കുന്നത്?**

# ദീപം കൈമാറുന്നു

ദൈവത്തെയും അവിടുത്തെ സ്നേഹനിർഭരമായ കരുതലിനെയും കുറിച്ചു നമ്മുടെ കുട്ടികൾ എങ്ങനെ അറിയുമെന്ന് സങ്കീർത്തനക്കാരൻ പറയുന്നു: "ഒരു തലമുറ മറ്റൊരു തലമുറയോട് നിന്റെ പ്രവൃത്തികളെ പുകഴ്ത്തി നിന്റെ വീര്യപ്രവൃത്തികളെ പ്രസ്താവിക്കും" (സങ്കീ. 145:4). ബൈബിൾ പരിജ്ഞാനം മറ്റൊരു തലമുറയ്ക്ക് കൈമാറുന്നതിനായി ഒരു കുടുംബം മറ്റൊരു കുടുംബത്തോട് ദൈവത്തെക്കുറിച്ചും അവന്റെ അത്ഭുതകരമായ പ്രവൃത്തികളെക്കുറിച്ചും അവന്റെ പഠിപ്പിക്കലുകളെക്കുറിച്ചും സംസാരിക്കണം.

പുറപ്പാട് 12:24-28 വായിക്കുക. ഇവിടെ എന്ത് പ്രധാന കാര്യമാണ് ഉന്നയിക്കപ്പെട്ടത്? ഇസ്രായേലിലെ ആദ്യത്തെ അധ്യാപകർ മാതാപിതാക്കളായിരുന്നു, പുറപ്പാടിന്റെ കഥ അവരുടെ കുട്ടികൾക്ക് വായ്മൊഴിയായി അവർ പറഞ്ഞു കൊടുക്കണമായിരുന്നു. ഇത് ഒരു പഴയ ചരിത്ര സംഭവമായി മാത്രം പറയേണ്ടതല്ല, മറിച്ച് വളരെക്കാലം മുമ്പാണ് സംഭവിച്ചതെങ്കിലും അവരുടെ സ്വന്തം അനുഭവമായി അവതരിപ്പിക്കേണ്ടതായിരുന്നു. ഈ ഉത്സവം ആഘോഷിക്കുന്നതിലൂടെ, അവരുടെ പൂർവ്വികർ ചെയ്തതു പോലെ ചെയ്ത് അവർ ചരിത്രം പുനരുജ്ജീവിപ്പിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യണമായിരുന്നു. പിതാവ് പറയും: "ഞാൻ മിസ്രയീമിലായിരുന്നു, മിസ്രയീമ്യ ദേവന്മാരുടെ പരാജയവും മിസ്രയീമ്യ ബാധകളും ഞാൻ കണ്ടു, ഞാൻ സ്വതന്ത്രനായി. പുറപ്പാടിന്റെ പുസ്തകത്തിൽ, പെസഹാ സംബന്ധിച്ച കുട്ടികളുടെ ചോദ്യങ്ങൾക്ക് മാതാപിതാക്കൾ എങ്ങനെ ഉത്തരം നൽകണമെന്ന് രണ്ടുതവണ അടിവരയിട്ടിട്ടുണ്ട്" (ആവ. 6:68 ഉം പുറപ്പാട് 13:14-16 ഉം കാണുക).

**മിസ്രയീമിൽനിന്നുള്ള മോചനം ആഘോഷിക്കാൻ പറഞ്ഞപ്പോഴും ഇസ്രായേൽ മക്കൾ മിസ്രയീമിലായിരുന്നുവെന്ന് ശ്രദ്ധിക്കേണ്ടതാണ്. അപ്പോൾ, മുഴുവൻ ആഘോഷവും വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. നിർദ്ദേശങ്ങൾ ലഭിച്ച തിനുശേഷം, അവരുടെ വീണ്ടെടുപ്പുകാരനെ 'ജനങ്ങൾ കുമ്പിട്ട് ആരാധിച്ചു' (പുറ. 12:27), തുടർന്ന് അവർ പെസഹാ നിർദ്ദേശങ്ങൾ പാലിച്ചു.**

ആവർത്തന പുസ്തകത്തിൽ, ഇസ്രായേല്യരുടെ കഥ സ്വന്തം യാത്രയായി ആന്തരികമാക്കാൻ ഇസ്രായേല്യരെ ഓർമ്മിപ്പിക്കുന്നു. ഈ വിവരണത്തിന്റെ കൂട്ടായ സ്വരവും ഇപ്പോഴത്തെ അനുഭവത്തിന്റെ ഊന്നലും ശ്രദ്ധിക്കുക: "എന്റെ പിതാവ് ഒരു അലഞ്ഞു തിരിയുന്ന ഒരു അരാമ്യനായിരുന്നു, അദ്ദേഹം ചുരുക്കം ചില ആളുകളുമായി മിസ്രയീമിലേക്ക് ഇറങ്ങിച്ചെന്ന് അവിടെ താമസിച്ച്, ശക്തരും എണ്ണത്തിൽ കൂടുതലുള്ളവരുമായ ഒരു വലിയ ജനതയായിത്തീർന്നു. എന്നാൽ മിസ്രയീമ്യർ ഞങ്ങളോട് മോശമായി പെരുമാറുകയും ഞങ്ങളെ കഷ്ടപ്പെടുത്തുകയും കഠിനമായ ജോലി ചെയ്യാൻ നിർബന്ധിക്കുകയും ചെയ്തു. അപ്പോൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയോട് നിലവിളിച്ചു, യഹോവ ഞങ്ങളുടെ ശബ്ദം കേട്ടു, ഞങ്ങളുടെ കഷ്ടതയും കഷ്ടപ്പാടും പീഡനവും കണ്ടു. അങ്ങനെ യഹോവ ശക്തമായ കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും, വലിയ ഭയാനകതയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടി ഞങ്ങളെ മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ചു. യഹോവ ഞങ്ങളെ ഈ സ്ഥലത്തേക്ക് കൊണ്ടുവന്നു, പാലും തേനും ഒഴുകുന്ന ഈ ദേശം, ഞങ്ങൾക്ക് തന്നു" (ആവ. 26:5-9). കൂടാതെ, പെസഹാ പെരുന്നാളിന്റെ കഥ (അല്ലെങ്കിൽ വിശുദ്ധ ചരിത്രത്തിലെ ഏതെങ്കിലും സംഭവങ്ങൾ) തങ്ങളുടെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത്, അവർക്ക്, തന്റെ ജനങ്ങൾക്കുവേണ്ടി ദൈവം ചെയ്ത കാര്യങ്ങൾ ഓർമ്മിക്കാൻ മാതാപിതാക്കൾക്ക് വളരെ എളുപ്പമാകും. അത് പറയുന്നത് ശ്രോതാക്കൾക്കും പ്രഭാഷകർക്കും ഒരുപോലെ സഹായകമായിരുന്നു.

# ദൈവീക ന്യായവിധി

**മിസ്രയീമിലെ ആദ്യജാതന്മാരെ ദൈവം എങ്ങനെ സംഹരിച്ചു എന്നതിനെക്കുറിച്ച് പുറപ്പാട് 12:29,30 വായിക്കുക. ദൈവം ആദ്യജാതരിൽ ശ്രദ്ധ കേന്ദ്രീകരിച്ചത് എന്തു കൊണ്ട്? (എബ്രാ. 11:28 ഉം കാണുക.)**

അവസാനത്തെ മിസ്രയീമ്യ ബാധ ആദ്യജാതരുടെ മേൽ വന്നു. എല്ലാ മിസ്രയീമ്യ ദേവന്മാർക്കും ഈ വ്യാജ ദൈവങ്ങളെ ആരാധിച്ചിരുന്ന എല്ലാ കുടുംബങ്ങൾക്കും മേലുള്ള ഒരു ദൈവീക ന്യായവിധിയായിരുന്നു അത്, ജനങ്ങളുടെ സ്വന്തം അഭിനിവേശങ്ങളെയും ആഗ്രഹങ്ങളെയും ഭയങ്ങളെയും പ്രതിഫലിപ്പിക്കുന്ന വിലകുറഞ്ഞ വിഗ്രഹങ്ങളായിരുന്നു അവ.

മുൻ ബാധകൾ കാണിച്ചതുപോലെ, ഈ വിഗ്രഹങ്ങൾക്ക് ആളുകളെ രക്ഷിക്കാൻ കഴിഞ്ഞില്ല. അവയുടെ വിലയില്ലായ്മ പത്താമത്തെ ബാധയുടെ സമയത്ത്, മിസ്രയീമ്യരിൽ ഏറ്റവും വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു.

വിശാലമായ മിസ്രയീമ്യ സാമ്രാജ്യത്തിലുടനീളം എല്ലാ കുടുംബങ്ങളുടെയും അഹങ്കാരം അസ്തമിച്ചിരുന്നു. വിലാപക്കാരുടെ നിലവിളികളും വിലാപങ്ങളും അന്തരീക്ഷത്തിൽ നിറഞ്ഞു. വിളറിയ മുഖങ്ങളും വിറയ്ക്കുന്ന കൈകാലുകളുമായി രാജാവും കൊട്ടാരവാസികളും അതിശക്തമായ ഭീകരതയിൽ അമ്പരന്നു നിന്നു. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും പേജ് 280.

ഫറവോൻ മിസ്രയീമിന്റെ ആത്യന്തിക ശക്തിയെയും ദൈവത്തെയും പ്രതിനിധീകരിച്ചു, അവന്റെ ആദ്യജാതനെ ദൈവത്തിന്റെ മകനായി കണക്കാക്കി. കുട്ടികളെ സംരക്ഷിക്കുന്ന ഒരു ദേവതയായിരുന്നു 'ഐസിസ്' പ്രസവസമയത്ത് സ്ത്രീകളെ പരിചരിക്കുന്ന ഒരു ദേവതയായിരുന്നു 'ഹെക്കെറ്റ്' പ്രത്യുൽപാദനത്തിന്റെ ഒരു ദേവനായിരുന്നു 'മിൻ'. ഇവരെ കൂടാതെ, നിരവധി മിസ്രയീമ്യ ഫലഭൂയിഷ്ഠതാ ദൈവങ്ങളും ഉണ്ടായിരുന്നു. ജീവനുള്ള ദൈവത്തോട് താരതമ്യപ്പെടുത്തുമ്പോൾ ഈ ദൈവങ്ങളെല്ലാം ശക്തിയില്ലാത്തവരായിരുന്നു. മോശെ പറയുന്നു: "യഹോവേ, ദേവന്മാരിൽ നിന്നെപ്പോലെ ആരുണ്ട്? വിശുദ്ധിയിൽ മഹത്വമുള്ളവനും മഹത്വമുള്ള പ്രവൃത്തികളിൽ ഭയങ്കരനും അത്ഭുതങ്ങൾ ചെയ്യുന്നവനും നിന്നെപ്പോലെ ആരുണ്ട്?" (പുറപ്പാട് 15:11). പിന്നീട് യിത്രോ സാക്ഷ്യപ്പെടുത്തി: "യഹോവ മറ്റെല്ലാ ദേവന്മാരെക്കാളും വലിയവനാണെന്ന് ഇപ്പോൾ എനിക്കറിയാം" (പുറപ്പാട് 18:11).

പുറപ്പാട് 1 അനുസരിച്ച്, മിസ്രയീമ്യരെ ദുർബലപ്പെടുത്താനും അവരെ കീഴടക്കാനും അപമാനിക്കാനും ഫറവോന്റെ കൽപ്പനപ്രകാരം മിസ്രയീമ്യർ ഇസ്രായേലിന്റെ നവജാത പുത്രന്മാരെ കൊന്നു. ഇപ്പോൾ ദൈവത്തിന്റെ ശിക്ഷ മിസ്രയീമിലെ ആദ്യജാത പുത്രന്മാരെ ബാധിക്കുന്നു. ആളുകൾ വിതയ്ക്കുന്നത് അവർ കൊയ്യുന്നു. നാമെല്ലാവരും അനുഭവിച്ചിട്ടുള്ള വേദനാജനകമായ സത്യം, നമ്മുടെ തീരുമാനങ്ങളും യഥാർത്ഥ പെരുമാറ്റവും അനന്തരഫലങ്ങൾ കൊണ്ടുവരുന്നു. നമ്മുടെ തെറ്റായ പ്രവൃത്തികളുടെ അനന്തരഫലങ്ങൾ നമ്മൾ മാത്രമല്ല, മറ്റുള്ളവരും, ചിലപ്പോൾ, നിരപരാധികളായ മറ്റുള്ളവർ പോലും, അനുഭവിക്കുന്നു എന്നതാണ് സത്യം. പാപത്തിന്റെ സ്വഭാവം ഇതാണ്.

**മറ്റുള്ളവരുടെ പാപങ്ങൾ മൂലം നിങ്ങൾ എന്തനുഭവിച്ചു? അല്ലെങ്കിൽ, നിങ്ങളുടെ പാപങ്ങൾ മൂലം മറ്റുള്ളവർ ഏതൊക്കെ വിധത്തിലാണ് അനുഭവിച്ചത്? നമ്മുടെ ഏക പ്രത്യാശ എന്താണ്?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, പെസഹാ, പേജ് 273–280, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

മിസ്രയീമിൽ നിന്നുള്ള വിടുതലിനെ മാത്രമല്ല, പാപത്തിന്റെ അടിമത്തത്തിൽ നിന്ന് തന്റെ ജനത്തെ മോചിപ്പിക്കുന്നതിൽ ക്രിസ്തു കൈവരിച്ച വലിയ വിടുതലിനെയും സൂചിപ്പിക്കുന്ന പെസഹാ മാതൃകാപരവുമായ ഒരു സ്മാരകമായിരിക്കണം. ബലിയർപ്പണ കുഞ്ഞാട് ദൈവത്തിന്റെ കുഞ്ഞാടിനെ പ്രതിനിധീകരിക്കുന്നു, ക്രിസ്തു നമ്മുടെ രക്ഷയുടെ ഏക പ്രത്യാശയാണ്. അപ്പൊസ്തലൻ പറയുന്നു, "നമ്മുടെ പെസഹാ കുഞ്ഞാട്, ക്രിസ്തു, നമുക്കുവേണ്ടി ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു" (1 കൊരിന്ത്യർ 5:7). പെസഹാ കുഞ്ഞാടിനെ അറുക്കുന്നത് മാത്രം പോരാ; അതിന്റെ രക്തം വാതിൽപ്പടികളിൽ തളിക്കണം; അതിനാൽ ക്രിസ്തുവിന്റെ രക്തത്തിന്റെ ഗുണങ്ങൾ ആത്മാവിൽ പ്രയോഗിക്കണം. അവിടുന്ന് ലോകത്തിനു വേണ്ടി മാത്രമല്ല മരിച്ചത്, വ്യക്തിപരമായി നമുക്കു ഓരോരുത്തർക്കും വേണ്ടി മരിച്ചുവെന്നും നാം വിശ്വസിക്കണം. പ്രായശ്ചിത്തയാഗത്തിന്റെ പുണ്യം നാം സ്വയം ഏറ്റെടുക്കണം. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 277.

ഇന്നും, ലോകമെമ്പാടുമുള്ള ജൂത കുടുംബങ്ങൾ പെസഹാ ആഘോഷിക്കുന്നു. അവർ 'പെസഹാ സെഡർ' ('സെദർ' എന്നാൽ 'ക്രമം/ക്രമീകരണം') എന്ന് വിളിക്കുന്ന ഒരു ആഘോഷം നടത്തുന്നു, ഈ സമയത്ത് അവർ പുറപ്പാട് വിവരിക്കുകയും തുടർന്ന് കുടുംബമായി പ്രത്യേക ഭക്ഷണം ആസ്വദിക്കുകയും ചെയ്യുന്നു. പുറപ്പാടിന്റെ കാലം മുതൽ അക്ഷരാർത്ഥത്തിൽ ഇത് ആചരിക്കുന്നത് അതിശയകരമാണ്! ജൂതന്മാർ ആചരിക്കുന്ന പെസഹായും ഏഴാം ദിന ശബ്ബത്തും മാത്രമാണ് പുരാതന കാലം വരെ പഴക്കമുള്ളത്.

## ചർച്ചാ ചോദ്യങ്ങൾ:

1. **ആദ്യജാതന്മാരെ കൊന്നതിലൂടെ കർത്താവിന്റെ നീതി നമുക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും, അവരിൽ പലരും തീർച്ചയായും നിരപരാധികളായിരുന്നു? ദൈവസ്നേഹത്തിന്റെ ശക്തമായ യാഥാർത്ഥ്യവുമായി ഇതിനെ എങ്ങനെ യോജിപ്പിക്കാം? പ്രളയത്തെക്കുറിച്ചും ചിന്തിക്കുക. ഇത് നമുക്ക് എങ്ങനെ മനസ്സിലാക്കാം?**
2. **വിശ്വാസികൾ യേശുവിന്റെ രക്തത്താൽ മൂടപ്പെട്ടിരിക്കുന്നുവെന്നും അവിടുത്തെ രക്തം അവരുടെ എല്ലാ അകൃത്യങ്ങളിൽനിന്നും അവരെ ശുദ്ധീകരിക്കുന്നുവെന്നുമുള്ള പ്രതീകാത്മക ചൊല്ലിന്റെ അർത്ഥമെന്താണ്?**
3. **താഴെ പറയുന്ന വാക്കുകൾ വായിക്കുക: ക്രിസ്തുവിന്റെ അനുയായികൾ അവന്റെ അനുഭവത്തിൽ പങ്കാളികളായിരിക്കണം.അവർ ദൈവവചനം സ്വീകരിക്കുകയും സ്വാംശീകരിക്കുകയും വേണം, അങ്ങനെ അത് ജീവിതത്തിന്റെയും പ്രവൃത്തിയുടെയും പ്രേരകശക്തിയായി മാറും. ക്രിസ്തുവിന്റെ ശക്തിയാൽ അവർ അവിടുത്തെ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുകയും ദൈവിക ഗുണങ്ങളെ പ്രതിഫലിപ്പിക്കുകയും വേണം... ക്രിസ്തുവിന്റെ ആത്മാവും പ്രവൃത്തിയും അവിടുത്തെ ശിഷ്യന്മാരുടെ ആത്മാവും പ്രവൃത്തിയുമായി മാറണം–എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 278. ഇവിടെ എഴുതിയിരിക്കുന്ന കാര്യങ്ങൾ നമ്മിൽ ചെയ്യാൻ നമുക്ക് എങ്ങനെ അനുവദിക്കാം?**

## പാഠം - 6

# ചെങ്കടലിലൂടെ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 12:31-36, യാക്കോബ് 2:17-20, പുറപ്പാട് 13:1; 14:31, എബ്രായർ 11:22, പുറപ്പാട് 15:1-21, വെളിപ്പാട് 15:24.**

**മനഃപാഠവാക്യം:**

**"മോശെ ജനത്തോടു പറഞ്ഞു: ഭയപ്പെടേണ്ട. നിശ്ചലരായി നിന്നു യഹോവ ഇന്ന് നിങ്ങൾക്കു ചെയ്യുന്ന രക്ഷ കണ്ടുകൊൾവിൻ. ഇന്നു നിങ്ങൾ കാണുന്ന മിസ്രയീമ്യരെ നിങ്ങൾ വീണ്ടും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു" (പുറപ്പാട് 14:13,14)**

പുറപ്പാട് എന്നത് പഴയനിയമകാലത്തെ ദൈവജനത്തിന്റെ ഏറ്റവും നാടകീയവും മഹത്വപൂർണ്ണവുമായ അനുഥവമാണ്. ദൈവം എബ്രായരുടെ ശത്രുക്കളെ പരാജയപ്പെടുത്തി യിസ്രായേല്യരെ വാഗ്ദത്തദേശത്തേക്ക് വിജയകരമായി കൊണ്ടുവന്നതിന്റെ ദിവ്യ മാതൃകയാണ് ഈ സംഭവം. ക്രിസ്തുവിലുള്ള രക്ഷയുടെയും വീണ്ടെടുപ്പിന്റെയും പ്രതീകം കൂടിയാണിത്.

മാനുഷിക വീക്ഷണകോണിൽനിന്ന് നോക്കുമ്പോൾ, യിസ്രായേൽ മക്കൾ നിരാശാജനകവും അസാധ്യവുമായ - അവർക്ക് സ്വയം രക്ഷിക്കാൻ കഴിയാത്ത- ഒരു സാഹചര്യത്തിലായിരുന്നു. അവർ വിടുവിക്കപ്പെടണമെങ്കിൽ, അത് ഒരു ദൈവിക പ്രവൃത്തിയിലൂടെ മാത്രമേ സാധ്യമാവൂ. നമ്മുടെ പാപത്തിന്റെ കാര്യത്തിലും ഇതു തന്നെയാണ്: നമ്മളും ഒരു നിരാശാജനകമായ സാഹചര്യത്തിലാണ്. പുറപ്പാടിനെക്കാൾ നാടകീയമായ ഒന്ന് നമുക്ക് ആവശ്യമാണ്. നമുക്ക് അത് ലഭിച്ചു: ക്രിസ്തുവിന്റെ കുരിശും, ക്രിസ്തു നമുക്കെല്ലാവർക്കും വേണ്ടി അവിടെ ചെയ്തതും.

പുറപ്പാട് 15-ൽ സന്തോഷപൂർവ്വം ആലപിച്ചിരിക്കുന്ന സങ്കീർത്തനങ്ങൾ അതിശയകരവും അവിശ്വസനീയവുമാണ്. ദൈവത്തിന്റെ അടയാളങ്ങളും അത്ഭുതങ്ങളും അത്ഭുതകരമായ വീണ്ടെടുപ്പ് പ്രവൃത്തികളും അവയുടെ ഉച്ചസ്ഥായിയിലായിരുന്നു.

എന്നാൽ അവ ക്രിസ്തു ക്രൂശിൽ നമുക്കുവേണ്ടി ചെയ്ത കാര്യങ്ങളുമായി താരതമ്യപ്പെടുത്താൻ പോലും അസാദ്ധ്യം, അവിടെ പുറപ്പാട് സംഭവം വെറും ഒരു സൂചന മാത്രമായിരുന്നു.

ഈ ആഴ്ചയിലെ പാഠം പഠിച്ചു ഓഗസ്റ്റ് 9 ലെ ശബ്ബത്തിനായി ഒരുങ്ങുക.

## പോയി ദൈവത്തെ ആരാധിക്കുക

പെസഹാ രാത്രിയിൽ, രക്തത്താൽ മൂടപ്പെടാത്തവരുടെ മേൽ ദിവ്യ ന്യായവിധി വന്നു (പുറ. 12:112). സ്ഥാനം, വിദ്യാഭ്യാസം, സാമൂഹിക പദവി അല്ലെങ്കിൽ ലിംഗഭേദം ആദിയായവ ആരെയും രക്ഷിച്ചില്ല. ഫറവോൻ മുതൽ അടിമകൾ വരെയുള്ള എല്ലാ കുടുംബങ്ങളെയും, മൃഗങ്ങളുടെ കടിഞ്ഞൂലുകളെ പോലും ശിക്ഷിച്ചു. മിസ്രയീമ്യരുടെ അഹങ്കാരം മുഴുവൻ പൊടിയിലായി.

**പുറപ്പാട് 12:31-36 വായിക്കുക. ഫറവോൻ അവരെയെല്ലാം പോകാൻ അനുവദിച്ചെങ്കിലും, അവൻ എന്നെയും അനുഗ്രഹിക്കണമേ എന്ന വിചിത്രമായ അഭ്യർത്ഥന നടത്തിയത് എന്തുകൊണ്ട്? എബ്രായരോട് പോയി ആരാധിക്കാൻ പറഞ്ഞ ഫറവോൻ എന്നെയും അനുഗ്രഹിക്കണമേ എന്ന ഈ അപേക്ഷ കൂട്ടിച്ചേർക്കുന്നത് എത്ര രസകരമാണ്! തന്റെ ജനത്തിനിടയിൽ ഭൂമിയിൽ ഒരു 'ദൈവ'മായ മിസ്രയീമ്യ രാജാവ് എന്തിനാണ് അങ്ങനെ ചോദിക്കുന്നത്? എബ്രായ ദൈവത്തിന്റെ ശക്തി ഒടുവിൽ അവൻ മനസ്സിലാക്കുകയും അതിൽനിന്ന് പ്രയോജനം നേടാൻ ആഗ്രഹിക്കുകയും ചെയ്യുന്നതായി തോന്നുന്നു. എന്നിരുന്നാലും, ദൈവം അവനെ എങ്ങനെ അനുഗ്രഹിക്കും?**

അവൻ മത്സരത്തിലും, ശാഠ്യത്തിലും, പാപത്തിലും, അഹങ്കാരത്തിലും ആണ്ടു കിടന്നവനല്ലേ? തീർച്ചയായും, അവൻ ഒടുവിൽ സമ്മതം നൽകി. പക്ഷേ അത് യഹോവയുടെ ഇഷ്ടത്തിന് കീഴടങ്ങിയതു കൊണ്ടല്ല. പകരം, അത് പരാജയത്തിൽ നിന്നായിരുന്നു. അവൻ പശ്ചാത്തപിച്ചില്ല - അവന്റെ പിൽക്കാല പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നതുപോലെ തന്റെ രാജ്യത്തെ നശിപ്പിച്ചുകൊണ്ടിരുന്ന നാശം തടയാൻ അവൻ ആഗ്രഹിച്ചു.

ഫറവോൻ അപമാനിതനായി. ഏറ്റവും മോശമായ ബാധയിൽ നിന്നുള്ള ദാരുണമായ സാഹചര്യങ്ങൾ കണക്കിലെടുത്ത്, യിസ്രായേലിന് മിസ്രയീം വിടാൻ അവൻ അനുമതി നൽകുന്നു. മുൻകാലങ്ങളിലെല്ലാം അവൻ നൽകാൻ വിസമ്മതിച്ചത്, അവന്റെ പ്രവൃത്തികൾ തന്റെ ജനതയ്ക്ക് വരുത്തിവച്ച കഷ്ടപ്പാടുകൾ പരിഗണിക്കാതെ, അവൻ ഇപ്പോൾ അനുവദിക്കുന്നു. എബ്രായർ പോകാൻ മിസ്രയീമ്യ ജനതയും ആഗ്രഹിക്കുന്നു. അവർ പറഞ്ഞതുപോലെ, ദയവായി പോകുക, അല്ലെങ്കിൽ ഞങ്ങളെല്ലാവരും മരിച്ചുപോകും. അത് മനസ്സിലാക്കാവുന്നതേയുള്ളൂ.

അതേസമയം, യിസ്രായേല്യർ മിസ്രയീമിൽനിന്ന് വെറും കൈയോടെ പോകാതിരിക്കാനും, ഒടുവിൽ പ്രതീക്ഷിച്ചതിലും കൂടുതൽ കാലം യാത്രയിലായിരിക്കാനും അവർക്ക് ആവശ്യമായ സാധനങ്ങൾ നൽകാനും ദൈവം ഒരുക്കം ചെയ്തു. മിസ്രയീമ്യർ ജൂതന്മാർക്ക് വിലയേറിയ വസ്തുക്കൾ നൽകിയത് അവർ വേഗത്തിൽ ദേശം വിട്ടു പോകുന്നതിനുവേണ്ടിയാണ്. പക്ഷേ, വിലയേറിയ ആ വസ്തുക്കൾ നൂറ്റാണ്ടുകളായി യിസ്രായേല്യർക്ക് നിഷേധിക്കപ്പെട്ട അടിമവേലകൂലി ആയിരുന്നു. വാസ്തവത്തിൽ, എബ്രായരെ അവരുടെ ദേശത്തുനിന്ന് പുറത്താക്കുന്നതിനു മിസ്രയീമ്യർ നൽകിയ വില വളരെ തുച്ഛമായിരുന്നു. നമ്മുടെ പ്രവൃത്തികൾ തെറ്റായിരുന്നതുകൊണ്ടല്ല, മറിച്ച് അവയുടെ അനന്തരഫലങ്ങൾ ഭയന്ന് മാത്രം നാം എത്ര തവണ മാനസാന്തരപ്പെട്ടിട്ടുണ്ട്? അത് യഥാർത്ഥ അനുതാപമല്ലാത്തത് എന്തുകൊണ്ട്? ഒരു അർത്ഥത്തിൽ, ചുരുങ്ങിയ സമയത്തേക്കെങ്കിലും രക്ഷപ്പെടാൻ കഴിയുന്ന പാപങ്ങളെക്കുറിച്ചു ഖേദിക്കാൻ നമുക്ക് എങ്ങനെ പഠിക്കാം?

# ആദ്യജാതന്റെ പ്രതിഷ്ഠ

വീണ്ടെടുപ്പിന്റെയും വിടുതലിന്റെയും വാഗ്ദത്തസമയം വരാൻ പോകുകയായിരുന്നു. ആളുകൾ തയ്യാറാകേണ്ടതുണ്ടായിരുന്നു. അവർ വിശ്വസിക്കുക മാത്രമല്ല, ആ വിശ്വാസങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയും ചെയ്യണമായിരുന്നു. അവർ എന്താണ് ചെയ്യേണ്ടതെന്ന് ദൈവം അവരോട് പറഞ്ഞിരുന്നു; വിശ്വാസത്താൽ, ഇപ്പോൾ അവർ അത് ചെയ്യേണ്ടതുണ്ട്. യാക്കോബ് എഴുതുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു സന്ദർഭത്തിൽ ആണെങ്കിലും, ഈ തത്വം വളരെ നന്നായി യോജിക്കുന്നു: “മൂഢാ, വിശ്വാസം കൂടാതെയുള്ള പ്രവൃത്തി നിർജ്ജീവമാണെന്ന് നീ അറിയുന്നില്ലേ?” (യാക്കോബ് 2:17 –20).

**പുറപ്പാട് 13:1–16 വായിക്കുക. അവസാന ബാധയുടെ സമയത്ത് യിസ്രായേല്യ ആദ്യജാതന്മാർ ദൈവകൃപയാൽ വിടുവിക്കപ്പെട്ടു. ഈ ശാശ്വത കല്പന നൽകിയിരിക്കുന്നത് എന്തുകൊണ്ടാണ്? ഇന്ന് നമുക്ക് ഇത് എന്താണ് അർത്ഥമാക്കുന്നത്?**

രക്തത്തിൻ കീഴിലായിരുന്ന യിസ്രായേൽ കുടുംബങ്ങളെ ദൈവം കരുണയോടെ കാത്തു, കാരണം വിശ്വാസത്താൽ അവർ അവരുടെ വാതിലുകളിൽ രക്തം അടയാളപ്പെടുത്തിയിരുന്നു. മോശെയിലൂടെ കർത്താവിൽനിന്ന് ഈ പുതിയ നിർദ്ദേശങ്ങൾ ലഭിച്ചു: “എല്ലാ ആദ്യജാതന്മാരെയും എനിക്കായി വിശുദ്ധീകരിക്കുക” (പുറപ്പാട് 13:2). ഈ നിയമം മനുഷ്യർക്കും മൃഗങ്ങൾക്കും ബാധകമായിരുന്നു.

ഈ കല്പനയ്ക്ക് പിന്നിലെ ഒരു തത്വം, “അവൻ നമ്മുടെ സ്രഷ്ടാവും എല്ലാറ്റിന്റെയും ഉടമയുമായതിനാൽ എല്ലാം അവന്റേതാണ്, ഭൂമിയും അതിലുള്ളതും, ലോകവും അതിൽ വസിക്കുന്ന എല്ലാവരും ദൈവത്തിന്റേതാണ്” (സങ്കീ. 24:1). “അതിലുള്ള വെള്ളിയും പൊന്നും എന്റേതാണ്” (ഹഗ്ഗായി 2:8). യിസ്രായേല്യരുടെ ആദ്യജാത പുത്രന്മാർ ദൈവം അവർക്ക് നൽകിയ അനുഗ്രഹങ്ങളുടെ ആദ്യഫലമായിരുന്നു; അവർ അവനോടുള്ള അവരുടെ സമ്പൂർണ്ണ സമർപ്പണത്തിന്റെയും അവരുടെ കൈവശമുള്ളതെല്ലാം ദൈവത്തിന്റേതാണ് എന്നുള്ളതിന്റെയും അടയാളമായിരുന്നു.

കൂടാതെ, ഇവിടെ വീണ്ടെടുപ്പിന്റെയും രക്ഷയുടെയും ആശയം നാം കാണുന്നു. ആദ്യജാത പുത്രന്മാർ രക്തത്താൽ മൂടപ്പെട്ടതിനാൽ മരണത്തിൽനിന്ന് രക്ഷപ്പെട്ടു. യേശുവിന്റെ രക്തത്തിനു കീഴിലുള്ള എല്ലാവരെയും പോലെ അവരും മരണത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ടു. പൗലോസ് യേശുവിനെക്കുറിച്ച് എഴുതുന്നതുപോലെ: “അവനിൽ നമുക്ക് അവന്റെ രക്തത്താൽ പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്” (കൊലൊ. 1:14).

**അതേസമയം, ഈ സമർപ്പണം എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ചുള്ള ചട്ടങ്ങൾ നൽകപ്പെട്ടു, മിസ്രയീമ്യ അടിമത്തത്തിൽ നിന്നുള്ള അവരുടെ വിടുതലിന്റെ ഒരു ആഘോഷം. എന്നാൽ അവർ മൃഗങ്ങളെ ബലിയർപ്പിച്ച്, അവരുടെ പുത്രന്മാരെ വീണ്ടെടുക്കണമായിരുന്നു (പുറപ്പാട് 13:12,13,15). പുറപ്പാട് 13:16 അവർ തങ്ങളുടെ കൈകളിലും കണ്ണുകൾക്കിടയിലും എന്ത് വയ്ക്കണമെന്ന് പറയുന്നു. നമുക്ക് എത്ര വിശ്വാസമുണ്ടെങ്കിലും, ആ വിശ്വാസത്തിന്മേൽ നാം പ്രവർത്തിക്കണം എന്ന പ്രധാനപ്പെട്ട ആത്മീയ സത്യത്തെ ഇത് എങ്ങനെ പ്രതീകപ്പെടുത്തുന്നു?**

## ചെങ്കടൽ കടക്കൽ

**പുറപ്പാട് 13:17; 14:12 വായിക്കുക. യിസ്രായേല്യർ മിസ്രയീം വിട്ടപ്പോൾ ദൈവം അവരെ നയിച്ചത് എങ്ങനെ? തുടർന്ന് എന്തു സംഭവിച്ചു?**

മോശെയ്ക്ക് ദൈവം നൽകിയ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, യിസ്രായേല്യർ മിസ്രയീം വിട്ടത് ഒരു സുസംഘടിത സൈന്യവുമായിട്ടാണ്. എബ്രായപദങ്ങളായ 'ത്സാബ'യും 'മഖാനെ'യും ആ വിവരണത്തിന് സാക്ഷ്യം വഹിക്കുന്നു, അതായത്, "സൈന്യം, വിഭാഗം, പാളയം, സൈന്യങ്ങൾ" (പുറ. 6:26; പുറ. 7:4; പുറ. 12:17,41,51; പുറ. 14:19,20; പുറ. 13:18 മായി താരതമ്യം ചെയ്യുക). പിന്നീട് ബിലെയാം മോവാബിന്റെ കുന്നുകളിൽനിന്ന് യിസ്രായേൽ, ഗോത്രം ഗോത്രമായി പാളയമിറങ്ങിയിരിക്കുന്നതായികണ്ടു (സംഖ്യാ. 24:2).

അതേസമയം, "മോശെ യോസേഫിന്റെ അസ്ഥികളും കൊണ്ടുപോയി" (പുറ. 13:19). വാക്യത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിശദാംശമാണിത്, ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള യോസേഫിന്റെ വിശ്വാസ നിവൃത്തിയെ ഇത് വെളിപ്പെടുത്തുന്നു. മിസ്രയീമിന്റെ മഹത്വത്തിലും പദവികളിലും ജീവിച്ചെതെങ്കിലും യോസേഫിന് ഒരിക്കലും വാഗ്ദത്ത ദേശത്തെക്കുറിച്ചുള്ള കാഴ്ച നഷ്ടപ്പെട്ടില്ല. തന്റെ അസ്ഥികൾ കനാൻ ദേശത്തേക്ക് കൊണ്ടുപോകണമെന്ന് അവൻ അഭ്യർത്ഥിച്ചു (ഉല്പത്തി 50:24, 25). യഹോവ, താൻ സത്യം ചെയ്തതുപോലെ മിസ്രയിം സന്ദർശിച്ച് യിസ്രായേലിനെ കനാൻ ദേശത്തേക്ക് കൊണ്ടുവരുമെന്ന് അവൻ വിശ്വസിച്ചു (എബ്രാ. 11:22). യിസ്രായേൽ കനാനിൽ എത്തിയപ്പോൾ, യോസേഫിന്റെ അസ്ഥികൾ "ശേഖേമിൽ അടക്കം ചെയ്തു" (യോശുവ 24:32). മേഘസ്തംഭവും അഗ്നിസ്തംഭവും തന്റെ ജനത്തിനിടയിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളങ്ങളായിരുന്നു. കർത്താവ് അവിടെ വസിക്കുകയും മേഘത്തിൽനിന്ന് സംസാരിക്കുകയും ചെയ്തു (പുറ. 14:24; സംഖ്യ. 12:5,6).

അതേസമയം, ഫറവോൻ തന്റെ ഹൃദയത്തിന്റെ യഥാർത്ഥ ഉദ്ദേശ്യങ്ങൾ വെളിപ്പെടുത്തുന്നു. അവൻ മാനസാന്തരപ്പെട്ടില്ല, അവൻ ഒരിക്കലും യഥാർത്ഥത്തിൽ പശ്ചാത്തപിച്ചിട്ടില്ല. തന്നെ അനുഗ്രഹിക്കണമെന്ന് ദൈവത്തോട് അപേക്ഷിക്കുന്നത് ഒരു പ്രഹസനമായിരുന്നു, ഒരുപക്ഷേ അവന്റെ സ്വന്തം ഹൃദയത്തിലെ ഒരു വഞ്ചനയായിരുന്നു. അവൻ തന്റെ സൈന്യത്തെ ശേഖരിച്ചു, അവർ രക്ഷപ്പെട്ട അടിമകളെ പിന്തുടർന്നു. ഈ മനുഷ്യൻ യഥാർത്ഥത്തിൽ പാപത്താൽ എത്രമാത്രം അന്ധനായിരുന്നു. ഫറവോന്റെ സൈന്യം വരുന്നത് ആളുകൾ കണ്ടപ്പോൾ, അവർ വികാരങ്ങൾ പ്രകടിപ്പിക്കുകയും ഒന്നിലധികം തവണ അത് പ്രതിധ്വനിക്കുന്ന വാക്കുകൾ പറയുകയും ചെയ്തു: "മിസ്രയീമിൽ ശവക്കുഴികളില്ലാഞ്ഞിട്ടാണോ, മരുഭൂമിയിൽ മരിക്കാൻ ഞങ്ങളെ കൊണ്ടുവന്നത്? ഞങ്ങളെ മിസ്രയീമിൽനിന്ന് പുറത്തു കൊണ്ടുവരാൻ നീ ഞങ്ങളോട് ഇങ്ങനെ പെരുമാറിയത് എന്തിന്? (പുറ. 14:11).

അതായത്, ദൈവത്തിന്റെ ശക്തിയുടെ നാടകീയമായ പ്രകടനങ്ങൾ, ആദ്യജാത പുത്രന്മാരെ ഒഴിവാക്കിയത് ഉൾപ്പെടെ, ആളുകൾ ഇപ്പോഴും അതിശയിപ്പിക്കുന്ന വിശ്വാസക്കുറവ് പ്രകടിപ്പിച്ചു.

**നിങ്ങൾ അവസാനമായി ഒരു ഭയാനകമായ സാഹചര്യത്തെ നേരിട്ടതിനെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ആദ്യപ്രതികരണം എന്തായിരുന്നു: ദൈവത്തിലുള്ള വിശ്വാസമോ അതോ വിശ്വാസക്കുറവോ? അടുത്ത തവണ മറ്റൊന്ന് വരുമ്പോൾ (അത് വരും) നിങ്ങളെ സഹായിക്കുന്ന എന്ത് പാഠങ്ങളാണ് ആ സാഹചര്യത്തിൽ നിന്ന് നിങ്ങൾ പഠിക്കേണ്ടത്?**

# വിശ്വാസത്താൽ മുന്നോട്ടു പോകുന്നു

**പുറപ്പാട് 14:13-31 വായിക്കുക. വിശ്വാസക്കുറവ് ഉണ്ടായിരുന്നിട്ടും, ദൈവം യിസ്രായേൽ മക്കൾക്കുവേണ്ടി എന്താണ് ചെയ്തത്?**

മോശെ പൂർണ്ണഹൃദയത്തോടെ ദൈവത്തെയും അവന്റെ വചനത്തെയും വിശ്വസിച്ച തിനാൽ, അവൻ ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. പ്രയാസകരമായ സാഹചര്യങ്ങളിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് നാല് നിർണായക കാര്യങ്ങൾ അദ്ദേഹം അവതരിപ്പിച്ചു:

"ഭയപ്പെടേണ്ട" (പുറ. 14:13,). ആദ്യത്തെ അഭ്യർത്ഥന കർത്താവിൽ വിശ്വസിക്കുക എന്നതാണ്, കാരണം ഈ രീതിയിൽ മാത്രമേ ഭയത്തെ മറികടക്കാൻ കഴിയൂ. വിശ്വാസികൾ ദൈവത്തിന്റെ കൈകളിലാണെന്നും അവർ അവരുടെ ദൈവമായും കർത്താവായും സ്വീകരിക്കുമ്പോൾ അവിടുന്നു അവർക്കുവേണ്ടി പ്രവർത്തിക്കുമെന്നും പ്രസ്താവിച്ചുകൊണ്ട് യെശയ്യാവ് നമ്മെ ഓർമ്മിപ്പിക്കുന്നു: "അതിനാൽ ഭയപ്പെടേണ്ട, കാരണം ഞാൻ നിന്നോടു കൂടെയുണ്ട്; ഭ്രമിക്കേണ്ട, കാരണം ഞാൻ നിന്റെ ദൈവമാണ്... നിന്റെ ദൈവമായ യഹോവ ഞാൻ ആകുന്നു; നിന്റെ വലങ്കൈ പിടിച്ചു നിന്നോട് പറയുന്നു: ഭയപ്പെടേണ്ട; ഞാൻ നിന്നെ സഹായിക്കും" (യെശ. 41:10,13).

"നിശ്ചലരായി നിൽക്കുക" (പുറ. 14:13). "നിശ്ചലമായി നിൽക്കുക" എന്നതിന്റെ അർത്ഥം പിറുപിറുക്കുന്നത് നിർത്തി വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുക എന്നല്ല, മറിച്ച് ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ ശക്തമായ ഇടപെടലിനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക എന്നതാണ്, കാരണം അവൻ പ്രവർത്തിക്കും.

"കർത്താവ് ഇന്ന് നിങ്ങൾക്ക് കൊണ്ടുവരുന്ന വിടുതൽ നിങ്ങൾ കാണും" (പുറ. 14:13). നമ്മുടെ വിശ്വാസം വളരുന്നതിന്, ദൈവത്തിന്റെ നേതൃത്വത്തെയും സഹായത്തെയും തിരിച്ചറിയുകയും അവിടുന്ന് വാഗ്ദാനം ചെയ്ത സഹായത്തിന് നന്ദിയുള്ളവരായിരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. 'കാണുക' എന്നാൽ കണ്ണുകൾ തുറക്കുക എന്നാണ് (കാരണം അവിശ്വാസം അന്ധമാണ്). ദൈവത്തിന് മാത്രമേ വിജയവും സുരക്ഷയും രക്ഷയും നൽകാൻ കഴിയൂ. ദൈവം എപ്പോഴും നമുക്കുവേണ്ടി നിൽക്കുകയും, കരുതലും ഉചിതമായ സമയത്ത് ആവശ്യമുള്ള സഹായം നൽകുകയും ചെയ്യുന്നു.

"കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും" (പുറ. 14:14). ദൈവം എന്തു ചെയ്യുമെന്ന് ഇത് സൂചിപ്പിക്കുന്നു: തന്റെ ജനത്തിനുവേണ്ടി അവിടുന്ന് വ്യക്തിപരമായി പോരാടും. കാൽവരി ഈ യാഥാർത്ഥ്യത്തിന്റെ ആത്യന്തിക തെളിവാണ്, കാരണം നമുക്ക് നിത്യജീവൻ നൽകുന്നതിനായി ക്രിസ്തു ക്രൂശിൽ സാത്താനെ പരാജയപ്പെടുത്തി (യോഹ. 5:24; എബ്രാ. 2:14; വെളി. 12:10,11). കർത്താവ് യിസ്രായേല്യർക്കുവേണ്ടി പോരാടുകയാണെന്ന് മിസ്രയീമ്യർ പോലും തിരിച്ചറിഞ്ഞു (പുറ. 14:25). മോശെയോടുള്ള ദൈവത്തിന്റെ കല്പന വ്യക്തമായിരുന്നു: മുന്നോട്ട് പോകുക. ദൈവം തന്റെ പ്രവർത്തന പദ്ധതി പടിപടിയായി വിശദീകരിച്ചു: (1) ദൈവത്തിന്റെ ദൂതനും മേഘസ്തംഭവും യിസ്രായേലിന്റെ പാളയത്തിന്റെ മുന്നിൽ നിന്ന് മാറി അവരുടെ പിന്നിൽ നിന്നു, മിസ്രയീമ്യൻ സൈന്യത്തിൽനിന്ന് അവരെ സംരക്ഷിച്ചു; (2) വിശ്വാസത്താൽ മോശെ കടലിനു മുകളിൽ കൈ നീട്ടി; (3) കർത്താവ് വെള്ളം വിഭജിച്ചു, ശക്തമായ ഒരു കാറ്റുകൊണ്ട് അത് വറ്റിച്ചു; (4) അതിന്റെ ഫലമായി യിസ്രായേല്യർ കടലിൽ ഉണങ്ങിയ നിലത്തിലൂടെ സുരക്ഷിതമായി മറുകരയിലേക്ക് പോയി. മിസ്രയീമ്യർ അന്ധമായി അവരെ പിന്തുടർന്നു, കാരണം ദൈവം തന്റെ ജനത്തിനുവേണ്ടി അസാധാരണ കാര്യങ്ങൾ ചെയ്യുന്നത് അവർ കാണുന്നില്ല. അതായത്, പുറപ്പാട് 14:25-ലെ അവരുടെ ഏറ്റുപറച്ചിൽ വെളിപ്പെടുത്തിയതുപോലെ, വളരെ വൈകുന്നതു വരെ അവർക്ക് കാണാൻ കഴിഞ്ഞില്ല.

## മോശെയുടെയും മിര്യാമിന്റെയും ഗീതം

മിസ്രയീം സൈന്യം മുഴുവൻ അട്ടിമറിക്കപ്പെട്ടു; ഫറവോൻ ഉൾപ്പെടെ ആരും അതിജീവിച്ചില്ല (സങ്കീ. 136:15 കാണുക). മിസ്രയീമ്യർക്ക് ഇത് ഒരു അത്ഭുതകരമായ പരാജയവും ദൈവജനത്തിന് ഒരു സമ്പൂർണ്ണ വിജയവുമായിരുന്നു. അവരുടെ ചരിത്രത്തിലുടനീളം, ഇന്നുവരെയും, യെഹൂദന്മാർ ഈ കഥ ആവർത്തിച്ചു പറയുന്നതിൽ അതിശയിക്കാനില്ല.

**പുറപ്പാട് 15:1–21 വായിക്കുക. മോശെയുടെ ഗാനത്തിന്റെ ഉള്ളടക്കം എന്താണ്?**

തന്റെ ജനത്തെ എതിർത്തവരെ പരാജയപ്പെടുത്തിയ ശക്തനായ യോദ്ധാവാണ് ദൈവം. ഈ ഗാനം ദൈവമായ കർത്താവിനെ സ്തുതിക്കുന്നു. ദൈവമായ കർത്താവ് തന്റെ ശക്തിയും ഗാനവും രക്ഷയുമാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് മോശെ വ്യക്തിപരമായി ഈ വിഷയത്തെ വിശദീകരിക്കുന്നു. അവനെപ്പോലെ ആരുമില്ല, "വിശുദ്ധിയിൽ മഹത്വമുള്ളവൻ, മഹത്വത്തിൽ ഭയങ്കരൻ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ" (പുറ. 15:11).

മോശെയുടെ ഗാനം ദൈവത്തെക്കുറിച്ചാണ്, അവിടുന്ന് ആരാണെന്നും എന്തു ചെയ്യുന്നുവെന്നും മോശെ പ്രകീർത്തിക്കുന്നു. തന്റെ ജനത്തിനായുള്ള അവിടുത്തെ മികച്ച പ്രവൃത്തിക്ക് കർത്താവിനെ ഉയർത്തുകയും സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. നമ്മോടുള്ള ദൈവത്തിന്റെ നന്മയുടെ സ്വാഭാവിക ഫലങ്ങളാണ് നന്ദിയും ആരാധനയും. അവിടുത്തെ സ്നേഹം ആസ്വദിക്കുക എന്നുള്ളത് ഊർജ്ജസ്വലമായ ഒരു ആത്മീയ ജീവിതത്തിന്റെ മുൻവ്യവസ്ഥയാണ്. പ്രത്യേകിച്ചും ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം ഊന്നിപ്പറയുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു, കാരണം അവിടുന്ന് വീണ്ടെടുത്തവരെ അവിടുന്ന് നയിക്കും, അവരെ വിശുദ്ധ വാസസ്ഥലത്തേക്ക് നയിക്കും. ദൈവം തന്റെ അവകാശത്തിന്റെ പർവതത്തിൽ വിശുദ്ധമന്ദിരം സ്ഥാപിക്കുമെന്ന് മോശെ പ്രവചിക്കുന്നു (പുറ. 15:17).

വെളിപ്പാട് 15:2–4 ൽ, വീണ്ടെടുക്കപ്പെട്ടവർ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടും. ഇത് എങ്ങനെയാണെന്ന് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ?

**ദൈവം നീതിമാനാണെങ്കിൽ, മരണാനന്തര ജീവിതം ഉണ്ടായിരിക്കണമെന്ന് ഇമ്മാനുവൽ കാന്റ് പറഞ്ഞു. ആ പ്രസ്താവന ഇത്ര സത്യമായിരിക്കുന്നത് എന്തുകൊണ്ട്? ഇത്രയും കാലം ഇവിടെ കാണാത്ത നീതി ഒരു ദിവസം വരുമെന്ന് നമുക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും? ആ പ്രത്യാശയിൽനിന്ന് നിങ്ങൾക്ക് എങ്ങനെ ആശ്വാസം കണ്ടെത്താനാകും?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, പുറപ്പാട്, പേജ്. 281–290, 'ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും' എന്ന പുസ്തകത്തിൽ വായിക്കുക.**

യിസ്രായേല്യരുടെ വിശ്വാസം കുറവായിരുന്നിട്ടും ദൈവം അവരോടൊപ്പമായിരുന്നു. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ എങ്ങനെ ചിന്തിക്കണമെന്നും പെരുമാറണമെന്നും അവരെ പഠിപ്പിക്കാനും നയിക്കാനും അവിടുന്ന് ആഗ്രഹിച്ചു. ദൈവം അവരെ ക്ഷമയോടെ നയിക്കുകയും വെല്ലുവിളികൾ കുറഞ്ഞ ഒരു സ്ഥലത്തേക്ക് അവരെ നയിക്കുകയും ചെയ്തു. എലൻ ജി. വൈറ്റ് വിശദീകരിക്കുന്നു: യിസ്രായേല്യർക്ക്... ദൈവത്തെക്കുറിച്ച് കുറച്ച് അറിവും ദൈവത്തിൽ കുറച്ച് വിശ്വാസവും മാത്രമേ ഉണ്ടായിരുന്നുള്ളൂ, അവർ ഭയചകിതരും നിരാശരുമായിത്തീരുമായിരുന്നു. അവർ നിരായുധരും യുദ്ധത്തിൽ പരിചയമില്ലാത്തവരുമായിരുന്നു, അവരുടെ ആത്മാവ് നീണ്ട അടിമത്തത്താൽ വിഷാദത്തിലായിരുന്നു, സ്ത്രീകളും കുട്ടികളും, ആട്ടിൻകൂട്ടങ്ങളും കന്നുകാലികളും അവരെ ഭാരപ്പെടുത്തി. ചെങ്കടലിലൂടെ അവരെ നയിച്ചപ്പോൾ, കരുണയുടെയും ന്യായവിധിയുടെയും ദൈവമായി കർത്താവ് തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തി. –എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും 282.

മോശെയുടെ ഗീതത്തെക്കുറിച്ച് ആൻഡ്രൂസ് ബൈബിൾ കമന്ററി പറയുന്നു: "ദൈവത്തിന്റെ ഈ വീണ്ടെടുപ്പു ചരിത്രത്തിലെ പ്രവൃത്തിയുടെ ഉറപ്പ്, ഭാവിയിൽ നമുക്ക് ഭയപ്പെടേണ്ടതില്ലെന്ന് ഉറപ്പുനൽകുന്നു. കനാൻ കീഴടക്കുമ്പോൾ നേരിടേണ്ടി വരുന്ന ഭാവി ശത്രുക്കളെക്കുറിച്ചാണ് അവസാന ഖണ്ഡിക ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദൈവത്തിന്റെ ശക്തമായ ഭുജം കാരണം, അവർ ഒരു കല്ലുപോലെ നിശ്ചലമായിരിക്കും" (വാക്യം 16). ചില അസാധ്യതകളെ നേരിടുമ്പോൾ, നാം മൂലയിലായതായി തോന്നുകയും ഏതു വഴിക്ക് തിരിയണമെന്ന് അറിയാതിരിക്കുകയും ചെയ്യുമ്പോൾ, മോശെയുടെ ഗീതത്തിൽ നമുക്ക് ഉറപ്പു കണ്ടെത്താൻ കഴിയും, കാരണം അത് ദൈവജനത്തിന്റെ ചരിത്രത്തിലെ ഒരു മഹത്തായ സംഭവത്തെ അനുസ്മരിപ്പിക്കുന്നു. – ആൻഡ്രൂസ് ബൈബിൾ കമന്ററി, പുറപ്പാട് (ബെറിയൻ സ്പ്രിംഗ്സ്, MI: ആൻഡ്രൂസ് യൂണിവേഴ്സിറ്റി പ്രസ്സ്, 2020), പേജ്. 214.

## ചർച്ചാ ചോദ്യങ്ങൾ:

1. **എബ്രായരുടെ മിസ്രയീമിൽനിന്നുള്ള അവിശ്വസനീയമായ വിടുതലിന് ശേഷം, ചെങ്കടലിലെ വെല്ലുവിളിക്കു മുമ്പ്, അവർ കാണിച്ചതു പോലെയുളള വിശ്വാസക്കുറവ് നാമും പലപ്പോഴും കാണിക്കാറുണ്ട്. അതായത്, ദൈവം കാണിച്ചിരിക്കുന്ന അവിടുത്തെ ശക്തിയുടെയും നന്മയുടെയും ഇത്രയധികം തെളിവുകൾക്കിടയിലും, വിശ്വാസക്കുറവ് കാണിക്കാനും പ്രകടിപ്പിക്കാനും നമുക്ക് ഇപ്പോഴും എളുപ്പമാണ്, എന്തുകൊണ്ട്?**
2. **ആദ്യജാത പുത്രന്മാരുടെ നഷ്ടം ഉൾപ്പെടെ എല്ലാം സംഭവിച്ചതിനുശേഷവും, ഫറവോൻ യിസ്രായേലിനെ പിന്തുടരുന്നത് എന്തുകൊണ്ട്? നമ്മളിൽ ആരെങ്കിലും പാപത്താൽ കഠിനരാകുന്നത് എത്ര അപകടകരമാണെന്ന് ഇത് നമ്മോട് പറയുന്നത് എന്താണ്?**
3. **നാമെല്ലാവരും ചിലപ്പോഴൊക്കെ ഭയാനകമായ പരീക്ഷണങ്ങൾ നേരിടുന്നുണ്ടെങ്കിലും, നമുക്കോ നമ്മുടെ പ്രിയപ്പെട്ടവർക്കോ ഒന്നും സംഭവിക്കാത്ത പല നല്ല ദിവസങ്ങൾ, ചില വളരെ നല്ല സമയങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാത്തിനുമുപരി, നമ്മൾ ശത്രു പ്രദേശത്താണ് ജീവിക്കുന്നതെന്ന് മനസ്സിലാക്കുമ്പോൾ, ഈ സമയങ്ങളെ ദൈവത്തിന്റെ കൃപയുടെയും സംരക്ഷണത്തിന്റെയും തെളിവായി നാം കാണേണ്ടത് എന്തുകൊണ്ട്? നല്ല സമയങ്ങളിൽ ദൈവത്തെ എപ്പോഴും സ്തുതിക്കാൻ നാം ഓർമ്മിക്കേണ്ടത് എന്തുകൊണ്ട്? കാരണം നമ്മൾ എത്ര വലിയ ദുരന്തങ്ങളിൽ നിന്നാണ് രക്ഷപ്പെട്ടതെന്ന് നാം ഒരിക്കലും അറിയുന്നില്ല.**

പാഠം - 7

# ജീവന്റെ അപ്പവും വെള്ളവും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറ. 15:22–16:36, ഉല്പത്തി 3:16, പുറ. 17:17, 1 കൊരി. 10:4, പുറ. 18:1–27, 1 കൊരി. 10:11.**

**മനഃപാഠവാക്യം:**

**അപ്പോൾ യഹോവ മോശെയോട്: "എന്റെ കല്പനകളും ന്യായപ്രമാണങ്ങളും പ്രമാണിക്കാൻ നിങ്ങൾക്ക് എത്രത്തോളം മനസ്സില്ലാതിരിക്കും? നോക്കൂ! യഹോവ നിങ്ങൾക്ക് ശബ്ബത്ത് തന്നിരിക്കുന്നു; അതുകൊണ്ട് അവൻ ആറാം ദിവസം നിങ്ങൾക്കു രണ്ടു ദിവസത്തേക്ക് ആഹാരം തരുന്നു. ഓരോരുത്തനും അവനവന്റെ സ്ഥാനത്ത് തന്നെ ഇരിക്കട്ടെ; ഏഴാം ദിവസം ആരും തന്റെ സ്ഥലം വിട്ടുപോകരുത്. അങ്ങനെ ജനം ഏഴാം ദിവസം വിശ്രമിച്ചു" (പുറപ്പാട് 16:28–30).**

മിസ്രയീം വിട്ടതിനുശേഷം, യിസ്രായേൽ വാഗ്ദത്ത ദേശത്തേക്ക് അജ്ഞാതമായ ഒരു യാത്രയിലായിരുന്നു. പ്രത്യേകിച്ച്, ബുദ്ധിമുട്ടുള്ളതും നീണ്ടതുമായ ഒരു യാത്ര! അവർ നിരവധി പുതിയ പാഠങ്ങൾ പഠിക്കേണ്ടതുണ്ടായിരുന്നു. കർത്താവ് അവരെ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ടായിരുന്നു; അതെ, അവരുടെ വളർച്ചയിൽ അവരെ സഹായിക്കാൻ അവിടുന്ന് ആഗ്രഹിച്ചു, പക്ഷേ അവർ അച്ചടക്കം, ആത്മനിയന്ത്രണം, ത്യാഗം, നിസ്വാർത്ഥത, കർത്താവിലുള്ള വിശ്വാസം, പ്രത്യേകിച്ച് അനുസരണം എന്നിവ പഠിക്കണം.

മോശെ ഒരു ദൃശ്യ നേതാവായിരുന്നു, വിജയിക്കണമെങ്കിൽ ആളുകൾ അവനെയും അവന്റെ നേതൃത്വത്തെയും പിന്തുടരേണ്ടതുണ്ടായിരുന്നു. അവർ ഒരുമിച്ച് നിൽക്കുകയും ഒരു സമൂഹമായി സഹകരിക്കുകയും പരസ്പരം സഹായിക്കുകയും ചെയ്യേണ്ടത് നിർണായകമായിരുന്നു. മുന്നിൽ നിരവധി തടസ്സങ്ങളും വെല്ലുവിളികളും ഉണ്ടായിരുന്നു. അവരുടെ ആത്മീയ വളർച്ചയുടെ ഭൂരിഭാഗവും അവർ ആ വെല്ലുവിളികളെ, പ്രത്യേകിച്ച് വെല്ലുവിളികൾ വലുതായപ്പോൾ, മോശെയോട് എങ്ങനെ പ്രതികരിച്ചു എന്നതിനെ ആശ്രയിച്ചിരുന്നു. ആയിരം മൈൽ യാത്ര ഒരു ചുവടുവെപ്പിൽ നിന്നാണ് ആരംഭിക്കുന്നത് എന്ന പരിചിതമായ ചൈനീസ് പഴഞ്ചൊല്ല് അവരുടെ സാഹചര്യത്തിൽ സത്യമായിരുന്നു, ഓരോ ചുവടുവെപ്പിലും അവർ മോശെയുടെ നിർദ്ദേശങ്ങൾ വിശ്വസിക്കേണ്ടതുണ്ടായിരുന്നു. ദുഃഖകരമെന്നു പറയട്ടെ, നമ്മൾ കാണാൻ പോകുന്നതുപോലെ, അവർ അത്ര എളുപ്പത്തിൽ ആ പാഠങ്ങൾ പഠിച്ചില്ല.

പിന്നെ, ആരാണ് അത് പഠിക്കുന്നത്?

ഈ ആഴ്ചയിലെ പാഠം പഠിച്ച് ഓഗസ്റ്റ് 16 ശബ്ബത്തിനായി ഒരുങ്ങുക

## കയ്പേറിയ വെള്ളം

ബൈബിൾ വിവരണങ്ങളിൽ, വ്യത്യസ്ത കഥാപാത്രങ്ങൾ, നല്ലതോ ചീത്തയോ, വ്യത്യസ്ത വേഷങ്ങൾ അവതരിപ്പിക്കുന്നു, അതിനാൽ കഥാസന്ദർഭത്തിലെ കഥാവസ്തുതകൾ, സ്ഥലങ്ങൾ, സമയം, നീച കഥാപാത്രങ്ങൾ എന്നിവ നാം ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാലും, സാധാരണയായി ഏറ്റവും പ്രധാനപ്പെട്ട കാര്യം പരിഹാരവും പഠിച്ച പാഠങ്ങളും ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. ഈ വിവരണങ്ങളിലും ഇത് വ്യത്യസ്തമല്ല.

ഉപകഥകൾ കാണിക്കുന്നതുപോലെ, ദൈവം പ്രശ്നപരിഹാരകനും സമാധാനം ഉണ്ടാക്കുന്നവനുമാണ്; എന്നാലും, ആളുകളുടെ അവിശ്വാസം ദൈവത്തിന്റെ പ്രവൃത്തി സങ്കീർണ്ണമാക്കുന്നു. അവരുടെ നിരന്തരമായ പിറുപിറുപ്പും അനുസരണക്കേടും കാരണം, എബ്രായർ ഗുരുതരമായ സങ്കീർണതകൾ, ദുരന്തങ്ങൾ പോലും അനുഭവിച്ചു. അവരുടെ അവിശ്വാസവും അനുതാപമില്ലായ്മയും കാരണം അവർ സ്വയം നിരവധി ബുദ്ധിമുട്ടുകൾ വരുത്തിവച്ചു.

**പുറപ്പാട് 15:22–27 വായിക്കുക. ചെങ്കടൽ കടന്നതിനുശേഷം, ആദ്യത്തെ അത്ഭുതം നടന്നതിന്റെ പശ്ചാത്തലം എന്തായിരുന്നു?**

യിസ്രായേലിന്റെ വിശ്വാസത്തിന്റെ ആദ്യ പരീക്ഷണം വെള്ളത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ടിരുന്നു, കഠിനവും ചൂടുള്ളതും വരണ്ടതുമായ മരുഭൂമിയിലെ അന്തരീക്ഷം കണക്കിലെടുക്കുമ്പോൾ അതിശയിക്കാനില്ല. മൂന്ന് ദിവസത്തെ യാത്രയ്ക്ക് ശേഷം, ആളുകൾ ഒടുവിൽ വെള്ളം കണ്ടെത്തി, പക്ഷേ അത് കുടിക്കാൻ കൊള്ളില്ലായിരുന്നു. 'മാറാ' 'കയ്പേറിയത്' എന്നാണ് അർത്ഥമാക്കുന്നത്, വെള്ളം കയ്പേറിയതായതിനാൽ, യിസ്രായേലിന് ദൈവത്തിന്റെ കരുതലിലുള്ള വിശ്വാസം പെട്ടെന്ന് തകർന്നു. എങ്കിലും, ദൈവം അനുകമ്പയോടെ പ്രതികരിച്ചു, ആദ്യത്തെ അത്ഭുതം ഒരു മരക്കഷണം കൊണ്ടാണ് ചെയ്തത്. തീർച്ചയായും, മരമല്ല, മറിച്ച് ദൈവമാണ് വെള്ളത്തെ മധുരവും കുടിക്കാൻ യോഗ്യവുമാക്കിയത്. (1) ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാനുള്ള ക്ഷമയും, (2) ദൈവം മനുഷ്യരുമായി സഹകരിച്ച് കാര്യങ്ങൾ ചെയ്യുന്നുവെന്നുമുള്ള പ്രധാനപ്പെട്ട പാഠങ്ങൾ ആളുകൾ പഠിക്കേണ്ടതുണ്ടായിരുന്നു:

എന്നിരുന്നാലും, യിസ്രായേൽ മക്കൾ, ദൈവം അവർക്കുവേണ്ടി ചെയ്ത വലിയ അത്ഭുതങ്ങളെ കണ്ടവർ, ആവേശത്തോടെ അവനെ സ്തുതിച്ചു "ദൈവമേ, ദേവന്മാരിൽ നിന്നെപ്പോലെ ആരുണ്ട്? വിശുദ്ധിയിൽ മഹത്വമുള്ളവനേ, മഹത്വപ്രവൃത്തികളിൽ ഭയങ്കരനേ, അത്ഭുതങ്ങൾ ചെയ്യുന്നവനേ, നിന്നെപ്പോലെ ആരുണ്ട്?" (പുറ. 15:11) ഇങ്ങനെ പ്രഖ്യാപിച്ചവർ പെട്ടെന്ന് അതെല്ലാം മറന്നുപോയി.

അവരുടെ പിറുപിറുപ്പിനുശേഷവും, മിസ്രയീമ്യരേ ബാധിച്ച "രോഗങ്ങളിൽ ഒന്നും" (പുറ. 15:26) യിസ്രായേല്യരുടെ മേൽ വരുത്തുകയില്ലെന്നും അവരെ സംരക്ഷിക്കുമെന്നും ദൈവം വാഗ്ദാനം ചെയ്തു. അവർ തന്നോട് വിശ്വസ്തരായി നിലകൊണ്ടാൽ മാത്രമേ ഈ വാഗ്ദാനം അനുഭവിക്കാൻ അവർക്ക് കഴിയൂ.

**എന്തൊക്കെ പരീക്ഷണങ്ങളും പോരാട്ടങ്ങളുമാണ് നിങ്ങൾ നിങ്ങളുടെ മേൽ കൊണ്ടുവരുന്നത്? നിങ്ങൾ ദൈവവുമായി സഹകരിച്ചാൽ ദൈവം ഇപ്പോഴും നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമെന്നതിൽ നിങ്ങൾ ആശ്വസിക്കുന്നുണ്ടോ?**

## കാടയും മന്നയും

നിർഭാഗ്യവശാൽ, ഈ തീർത്ഥാടന കഥകളിൽ ആവർത്തിച്ചുള്ള ഒരു രീതിയുണ്ട്. ദൈവത്തിന്റെ ശക്തമായ കൈ മുൻകാലങ്ങളിൽ തങ്ങളെ സഹായിച്ചിരുന്നുവെന്നും അവൻ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നൽകിയിരുന്നുവെന്നും ആളുകൾ സൗകര്യപൂർവ്വം മറന്നുപോയി. അവരുടെ ആത്യന്തിക ലക്ഷ്യത്തിനും വാഗ്ദത്തം ചെയ്യപ്പെട്ട അത്ഭുതകരമായ ഭാവിക്കും മുമ്പിൽ തങ്ങളുടെ ഇപ്പോഴത്തെ പ്രശ്നങ്ങൾ അവരെ അന്ധരാക്കാൻ അവർ അനുവദിച്ചു. ഇന്നത്തെ ദൈവജനങ്ങൾക്കിടയിലും ഇത് ഒരു സാധാരണ പ്രശ്നമാണ്.

**പുറപ്പാട് 16:1-36 വായിക്കുക. യിസ്രായേല്യരുടെ പിറുപിറുപ്പിന് കാരണം എന്തായിരുന്നു, തുടർന്ന് എന്ത് സംഭവിച്ചു?**

ബൈബിളിലെ പ്രലോഭനങ്ങൾ പലപ്പോഴും ഭക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഏദൻ തോട്ടത്തിൽ, വീഴ്ച എന്നത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വിലക്കപ്പെട്ട വൃക്ഷത്തിൽനിന്ന് ഭക്ഷിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു (ഉല്പത്തി 2:16, 17; ഉല്പത്തി 3:16). യേശുവിന്റെ മരുഭൂമിയിലെ പ്രലോഭനങ്ങളിൽ, സാത്താൻ അവനെ ആദ്യം പരീക്ഷിച്ചത് ഭക്ഷണത്തിലൂടെയായിരുന്നു (ഉല്പത്തി 4:3). ഏശാവിന്റെ അടക്കമില്ലാത്ത വിശപ്പ് നിമിത്തം അവന്റെ ആദ്യജാതാവകാശങ്ങൾ നഷ്ടപ്പെട്ടു (ഉല്പത്തി 25:29-34). യിസ്രായേലിന്റെ അനുസരണക്കേട് ഭക്ഷണപാനീയങ്ങളുമായി എത്ര തവണ ബന്ധപ്പെട്ടിരിക്കുന്നു! മോശെ പിൽക്കാല തലമുറകളെ ഓർമ്മിപ്പിച്ചതിൽ അതിശയിക്കാനില്ല:

**"മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്, മറിച്ച് മനുഷ്യൻ ദൈവത്തിന്റെ വായിൽനിന്നു വരുന്ന ഓരോ വാക്കുകൊണ്ടും ജീവിക്കുന്നു" (ആവ. 8:3).**

മന്ന, തീർച്ചയായും, 40 വർഷത്തെ പ്രവാസകാലത്ത് ദൈവം മരുഭൂമിയിൽ യിസ്രായേല്യർക്ക് നൽകിയ ഒരു സ്വർഗ്ഗീയ അപ്പമായിരുന്നു. ഈ ദാനത്തിലൂടെ, എല്ലാറ്റിന്റെയും സ്രഷ്ടാവും ദാതാവും അവിടുന്ന് ആണെന്ന് അവരെ പഠിപ്പിച്ചു. കൂടാതെ, ഏഴാം ദിവസ ശബ്ബത്ത് എങ്ങനെ ആചരിക്കണമെന്ന് അവർക്ക് കാണിച്ചു കൊടുക്കാൻ ദൈവം തന്റെ അമാനുഷികമായ മന്ന ഉപയോഗിച്ചു.

ഓരോ ആഴ്ചയും നാല് അത്ഭുതങ്ങൾ സംഭവിച്ചു: (1) അഞ്ച് ദിവസത്തേക്ക്, ദൈവം ദിവസേന മന്ന വിഹിതമായി നൽകി; (2) വെള്ളിയാഴ്ചകളിൽ, മന്നയുടെ ഇരട്ടി ഭാഗം നൽകി; (3) വെള്ളിയാഴ്ച മുതൽ ശബ്ബത്ത് തീരുന്നത് വരെ മന്ന കേടായില്ല; (4) ശബ്ബത്തിൽ മന്ന വീണില്ല. ആളുകൾ ശബ്ബത്ത് ദിവസം ഓർമ്മിക്കുന്നതിനും ആ ദിവസം ദൈവത്തിന്റെ നന്മ ആഘോഷിക്കുന്നതിനും വേണ്ടി ദൈവം നിരന്തരം ഈ അത്ഭുതങ്ങൾ ചെയ്തുകൊണ്ടിരുന്നു. ദൈവം പറഞ്ഞു: "കർത്താവ് നിങ്ങൾക്ക് ശബ്ബത്ത് തന്നിരിക്കുന്നു എന്ന് ഓർമ്മിക്കുക" (പുറപ്പാട് 16:29).

ആളുകൾ കഴിക്കാൻ ഇഷ്ടപ്പെടുന്നു. തിന്നാൻ വേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിലത്തുനിന്ന് വളരുന്ന ഭക്ഷണത്തിന്റെ സമൃദ്ധി (നമ്മുടെ യഥാർത്ഥ ഭക്ഷണം) നമ്മൾ കഴിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് മാത്രമല്ല, കഴിക്കുന്നത് നമ്മൾ ഇഷ്ടപ്പെടണമെന്നും വെളിപ്പെടുത്തുന്നു. എന്നിരുന്നാലും, ഈ അത്ഭുത ദാനമായ ഭക്ഷണം എങ്ങനെ ദുരുപയോഗം ചെയ്യാൻ കഴിയും?

## പാറയിൽ നിന്നുള്ള വെള്ളം

മരുഭൂമിയിൽ, നിങ്ങൾക്ക് ധാരാളം വെള്ളം ആവശ്യമാണ്. ആളുകൾ വഴക്കുണ്ടാക്കിയിട്ടും, ദൈവത്തെ വിശ്വസിക്കാതിരുന്നിട്ടും, അവർക്ക് വെള്ളം നൽകാനുള്ള അവന്റെ കഴിവും സന്നദ്ധതയും പരീക്ഷിച്ചിട്ടുപോലും ദൈവം ഈ പ്രശ്നം പരിഹരിച്ചു. അവരുടെ അവിശ്വാസത്തിൽ, അവർ മിസ്രയീമിലേക്ക് തിരിഞ്ഞുനോക്കി.

**പുറപ്പാട് 17:17 വായിക്കുക. ഈ സംഭവത്തിൽ നിന്ന് ആളുകൾ എന്ത് പാഠം പഠിക്കേണ്ടതായിരുന്നു?**

മോശെ ആ സ്ഥലത്തിന് 'പരീക്ഷ' എന്നർത്ഥമുള്ള 'മസാ' എന്നും 'കലഹം' എന്നർത്ഥമുള്ള 'മെരീബ' എന്നും പേരിട്ടു. ദൈവത്തെ പരീക്ഷിക്കരുതെന്നും ദൈവവുമായി വഴക്കിടരുതെന്നും ഈ രണ്ട് പേരുകൾ യിസ്രായേല്യരെ ഓർമ്മിപ്പിക്കേണ്ടതായിരുന്നു, അവിശ്വാസികളായിരുന്നിട്ടും യിസ്രായേല്യർ വെള്ളം കുടിച്ചു. (എബ്രാ. 3:7,8,15). ദൈവസാന്നിധ്യത്തിന്റെ മാത്രമല്ല, അവിടുത്തെ ശക്തിയുടെയും അധികാരത്തിന്റെയും വ്യക്തമായ തെളിവുകൾ അവർ ഇതിനകം കണ്ടിട്ടുണ്ടെങ്കിലും, അവരുടെ ഇടയിൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഗൗരവമായി അവർ ചോദ്യം ചെയ്തു.

മോശെ പാറയെ അടിച്ചു, പക്ഷേ മേഘസ്തംഭത്താൽ മൂടപ്പെട്ട ദൈവപുത്രൻ ആയിരുന്നു മോശെയുടെ അരികിൽ നിന്നു, ജീവദായകമായ വെള്ളം ഒഴുകാൻ ഇടയാക്കിയത്. മോശെയും മൂപ്പന്മാരും മാത്രമല്ല, അകലെ നിന്നിരുന്ന മുഴുവൻ സഭയും കർത്താവിന്റെ മഹത്വം കണ്ടു; മേഘം നീക്കം ചെയ്യപ്പെട്ടിരുന്നെങ്കിൽ, അതിൽ വസിക്കുന്നവന്റെ ഭയാനകമായ പ്രകാശത്താൽ അവർ കൊല്ലപ്പെടുമായിരുന്നു. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 298.

വെള്ളം ജീവന്റെ പ്രതീകമാണ്, കാരണം, വെള്ളമില്ലാതെ ജീവനില്ല. നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിനും വെള്ളം ആവശ്യമാണ്. നമ്മൾ 60 ശതമാനം വെള്ളമാണ്. നമ്മുടെ അസ്ഥികൾ പോലും ഭാഗികമായി വെള്ളത്താൽ നിർമ്മിതമാണ്. അങ്ങനെ, മരുഭൂമിയിൽ അവർക്ക് വെള്ളം നൽകിയ ദൈവം അവരുടെ ആവശ്യങ്ങൾക്കായി കരുതുന്നുവെന്നും അവർക്ക് കർത്താവിൽ ആശ്രയിക്കാൻ സാധിക്കുമെന്നുമുള്ളതിന്റെ അടയാളമായിരുന്നു. എന്നാൽ, വീണ്ടും, അവർ അനുസരിക്കേണ്ടിവന്നു.

നിരവധി നൂറ്റാണ്ടുകൾക്ക് ശേഷം, 1 കൊരിന്ത്യർ 10:4-ൽ, മരുഭൂമിയിലെ യിസ്രായേല്യരുടെ അനുഭവം അതുല്യമായിരുന്നുവെന്ന് പൗലോസ് വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തു തന്നെ അവരെ നയിക്കുക മാത്രമല്ല, അവർക്ക് വെള്ളം നൽകുകയും ചെയ്തു (സങ്കീ. 78:15,16), മറ്റ് ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ നിറവേറ്റി. പൗലോസ് പ്രഖ്യാപിച്ചു: ആ പാറ ക്രിസ്തുവായിരുന്നു. അവർക്ക്, ക്രിസ്തു ജീവന്റെ ഉറവിടവും നിത്യജീവൻ നൽകുന്നവനുമായിരുന്നു. ഒരു പാറ ഉറച്ചതായിരിക്കുന്നതുപോലെ, ദൈവം തന്റെ ജനത്തെ ദൃഢമായി നയിക്കുന്നു. തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ അവിടുന്ന് പരാജയപ്പെടുന്നില്ല എന്നതിനാൽ ഒരാൾക്ക് അവിടുത്തെ ആശ്രയിക്കാം.

**ഇപ്പോൾ, നിങ്ങൾ ദൈവത്തിൽ വിശ്വസിക്കേണ്ട ചില കാര്യങ്ങൾ എന്തൊക്കെയാണ്? അവിടുത്തെ ഇഷ്ടത്തിന് കീഴടങ്ങാനും അവിടുത്തെ സമയത്ത് അവിടുന്ന് പ്രവർത്തിക്കുന്നതുവരെ കാത്തിരിക്കാനും നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും? ഇത് എല്ലായ്പ്പോഴും അത്ര എളുപ്പമല്ലാത്തത് എന്തുകൊണ്ട്?**

## യിത്രോ

മോശെയുടെ അമ്മായിയപ്പനായ രൂവേൽ എന്നും വിളിക്കപ്പെടുന്ന യിത്രോ, (പുറപ്പാട് 2:18) അവനെ സന്ദർശിച്ചു. യിത്രോ മോശെയുടെ ഭാര്യ സിപ്പോറയെയും രണ്ട് ആൺമക്കളായ ഗേർഷോമിനെയും എലീയേസറിനെയും കൂടെ കൊണ്ടുവന്നു. അവർ വരുന്നുണ്ടെന്ന് കേട്ടപ്പോൾ മോശെ അവരെ സ്വാഗതം ചെയ്യാൻ പുറപ്പെട്ടു.

**പുറപ്പാട് 18:1–27 വായിക്കുക. യിസ്രായേൽ ജനതയുടെ ചരിത്രത്തിലെ ഏത് പ്രധാന ഘട്ടങ്ങളാണ് ഇവിടെ നടന്നത്?**

ദൈവം യിസ്രായേലിനുവേണ്ടി ചെയ്ത അത്ഭുതകരമായ വിടുതലിനെ കുറിച്ച് കേട്ടതുകൊണ്ടാണ് യിത്രോ വന്നത്. യഹോവ യിസ്രായേലിനുവേണ്ടി ഫറവോനോടും മിസ്രയീമ്യരോടും ചെയ്തതൊക്കെയും വഴിയിൽ അവർ നേരിട്ട എല്ലാ കഷ്ടപ്പാടുകളിലും ദൈവം അവരെ എങ്ങനെ രക്ഷിച്ചു  എന്നും മോശെ യിത്രോയോട് വിശദമായി വിവരിച്ചു (പുറ. 18:8).

യിത്രോ ദൈവത്തിന്റെ ദയയെയും തന്റെ ജനത്തിനുവേണ്ടിയുള്ള അവിടുത്തെ അസാധാരണമായ ഇടപെടലുകളെയും പ്രശംസിച്ചുകൊണ്ട് ഇങ്ങനെ പ്രഖ്യാപിച്ചു: "മിസ്രയീമ്യരുടെ കയ്യിൽനിന്നും ഫറവോന്റെ കയ്യിൽനിന്നും നിങ്ങളെ വിടുവിച്ച് മിസ്രയീമ്യരുടെ കൈക്കീഴിൽനിന്നും ജനങ്ങളെ വിടുവിച്ച യഹോവ വാഴ്ത്തപ്പെടുമാറാകട്ടെ. ഇപ്പോൾ യഹോവ എല്ലാ ദേവന്മാരെക്കാളും വലിയവനെന്ന് ഞാൻ അറിയുന്നു, കാരണം ഈ കാര്യത്തിൽ അവർ ജനങ്ങളോട് ധിക്കാരത്തോടെയാണ് പെരുമാറിയത്" (പുറ. 18:10,11). സത്യദൈവം ആരാണെന്നും തന്റെ ജനത്തിനുവേണ്ടി അവിടുത്തേക്ക് എന്തുചെയ്യാൻ കഴിയുമെന്നും ലോകത്തിന് സാക്ഷ്യം വഹിക്കുക എന്നതായിരുന്നു ദൈവജനത്തിനിടയിലെ തന്റെ പ്രവൃത്തിയുടെ ലക്ഷ്യം.

സത്യദൈവത്തെക്കുറിച്ച് യിത്രോ പഠിച്ച അതേ സമയം, ദൈവജനത്തിന് നൽകാൻ ജ്ഞാനവും പ്രയോജനകരവുമായ ഉപദേശവും അവന് ഉണ്ടായിരുന്നു:. നീതിയുക്തവും ന്യായയുക്തവുമായ തത്ത്വങ്ങൾ ഉള്ള നിയമവ്യവസ്ഥ സംഘടിപ്പിക്കേണ്ടത് മോശെയുടെ ആവശ്യമായിരുന്നു. സമർപ്പിതരും വിശ്വസ്തരുമായ ന്യായാധിപന്മാരെയും, സത്യസന്ധരായ പുരുഷന്മാരെയും അവന് ആവശ്യമായിരുന്നു. യിത്രോ താഴെപ്പറയുന്ന യോഗ്യതകൾ ജ്ഞാനപൂർവ്വം എണ്ണിപ്പറഞ്ഞു: (1) ദൈവത്തെ ഭയപ്പെടുന്ന പുരുഷന്മാർ; (2) വിശ്വസ്തരായ പുരുഷന്മാർ; (3) സത്യസന്ധമല്ലാത്ത ലാഭം വെറുക്കുന്നവർ. നല്ല സ്വഭാവമുള്ള, കഴിവുള്ള ആളുകളെ ആയിരം, നൂറ്, അമ്പത്, പത്ത് എന്നിങ്ങനെ വ്യത്യസ്ത യൂണിറ്റുകളിൽ നിയമിക്കേണ്ടിയിരുന്നു. ഈ രീതിയിൽ, മോശെയുടെ ഭരണപരമായ ഭാരം കുറയുകയും അദ്ദേഹത്തിന് കാര്യമായ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുകയും ചെയ്തു. അങ്ങനെ, ജനങ്ങൾക്ക് നല്ല സേവനം ലഭിച്ചു. മോശെ യിത്രോയുടെ ജ്ഞാനപൂർവമായ ഉപദേശം (പുറ. 18:24) സ്വീകരിച്ച് ഭരണപരമായ വ്യത്യസ്ത റോളുകളിലേക്ക് നേതാക്കളെ നിയമിച്ചു (ആവ. 1:9–18).

**മോശെയ്ക്ക് ആ വൃദ്ധനെ ഒഴിവാക്കി സ്വന്തം കാര്യം നോക്കാൻ പറയാമായിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തില്ല. ഒരു എബ്രായൻ പോലുമല്ലാത്ത ഈ വ്യക്തിയെ ശ്രദ്ധിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽനിന്ന് നമുക്ക് എന്ത് പ്രധാന പാഠങ്ങൾ പഠിക്കാനാകും?**

## ജീവജലവും അപ്പവും

**1 കൊരി. 10:11 വായിക്കുക. ഈ സംഭവങ്ങൾ രേഖപ്പെടുത്താൻ പൗലോസ് നൽകുന്ന കാരണം എന്താണ്?**

യിസ്രായേല്യർക്ക് സംഭവിച്ച എല്ലാ കാര്യങ്ങളും ക്രിസ്തുവിന്റെ അനുയായികൾക്കുള്ള ഉദാഹരണങ്ങളും മുന്നറിയിപ്പുകളുമാണെന്നും അതേ പ്രശ്നങ്ങൾ ഒഴിവാക്കാൻ അവ സഹായിക്കുമെന്നും പൗലോസ് വിശദീകരിക്കുന്നു; അതായത്, അവർ ഈ ഉദാഹരണങ്ങളിൽനിന്ന് പഠിക്കും. യുഗാന്ത്യത്തിൽ ജീവിക്കുന്ന നമുക്ക് ഇത് പ്രസക്തമായ ഒരു നിർദ്ദേശമാണ്. വിശ്വാസികളെ ശക്തി, സ്നേഹം, ആത്മശിക്ഷണം എന്നിവയാൽ ശക്തിപ്പെടുത്താൻ ദൈവം തന്റെ ജനത്തിന് പരിശുദ്ധാത്മാവിനെ നൽകുന്നു (2 തിമൊ. 1:6,7) അങ്ങനെ അവർക്ക് തിരുത്തലുകൾ വരുത്താൻ കഴിയും. തീരുമാനങ്ങൾ എടുക്കുകയും അവന്റെ പഠിപ്പിക്കലുകൾ പിന്തുടരുകയും ചെയ്യാം. യേശുക്രിസ്തു പുതുജീവന്റെ ഉറവിടമാണ് (യോഹ. 14:6), നമ്മെ "ജീവനുള്ളതും വിശുദ്ധവും ദൈവത്തിന് സ്വീകാര്യവുമായ ഒരു യാഗമാക്കി മാറ്റാൻ അവനു മാത്രമേ കഴിയൂ... ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:1,2).

ഈ വിവരണങ്ങളിൽനിന്ന് എടുത്ത, പ്രത്യേകിച്ച് മന്നയുടെയും വെള്ളത്തിന്റെയും, പാഠങ്ങളിലൂടെ മരുഭൂമിയിലൂടെ അവരെ നയിച്ചതിനെക്കുറിച്ചുള്ള സത്യങ്ങൾ യേശു അവരെ പഠിപ്പിച്ചു.

**യോഹന്നാൻ 4:7–15 ഉം യോഹന്നാൻ 6:31–51 ഉം വായിക്കുക. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്ക് ഇവിടെ എന്ത് സത്യങ്ങളാണ് വെളിപ്പെടുത്തിയിരിക്കുന്നത്?**

മറ്റെവിടെയും ലഭിക്കാത്ത ഒന്ന് ക്രിസ്തു വാഗ്ദാനം ചെയ്യുന്നുവെന്ന് ശമര്യാക്കാരി കണ്ടെത്തി. സമാധാനത്തിനും ആനന്ദത്തിനും സന്തോഷത്തിനും വേണ്ടിയുള്ള ആന്തരിക ദാഹം ഉത്ഭവിക്കുന്നത് ദൈവത്തിൽ നിന്നാണ്, അതിനാൽ ദൈവത്തിന് മാത്രമേ അത് തൃപ്തിപ്പെടുത്താൻ കഴിയൂ (സങ്കീ. 42:1,2).

പിന്നീട്, മന്നയുടെ പശ്ചാത്തലത്തിൽ, അത് ജനങ്ങൾക്ക് നൽകിയത് മോശെയല്ല, ദൈവമാണെന്ന് യേശു വിശദീകരിച്ചു. തുടർന്ന് യേശു പ്രഖ്യാപിച്ചു: ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല (യോഹ. 6:35). താൻ ജീവന്റെ അപ്പമാണെന്ന് യേശു മൂന്ന് തവണ ആവർത്തിച്ചു (യോഹ. 6:35,41,48).

മരുഭൂമിയിലെ മന്ന "സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം" (യോഹ. 6:31,32) പോലെ, പാറയിൽനിന്നുള്ള വെള്ളം അവരുടെ ദാഹം ശമിപ്പിക്കാൻ ക്രിസ്തു നൽകിയ ദാനമായിരുന്നു. ഈ ഭൗതിക വശങ്ങൾക്ക് പുറമേ, അപ്പത്തിനും വെള്ളത്തിനും ആത്മീയ പ്രാധാന്യമുണ്ടായിരുന്നു, കാരണം യേശുക്രിസ്തു "ജീവന്റെ അപ്പവും" (യോഹ. 6:35,48) "ജീവനുള്ള വെള്ളവും" ആണ് (യോഹ. 4:10,11,14; യോഹ. 7:37,38). അപ്പോൾ അവനിൽ മാത്രമേ നമ്മുടെ ആത്മീയ ദാഹവും വിശപ്പും യഥാർത്ഥത്തിൽ തൃപ്തിപ്പെടുത്താൻ കഴിയൂ.

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, ചെങ്കടൽ മുതൽ സീനായി വരെ, പേജ് 291–302, ഗോത്ര പിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

വെള്ളത്തിന്റെ സംഭവത്തിന് അധികം താമസിയാതെ, യിസ്രായേൽ ജനത ഒരു പുതിയ അപകടത്തെ അഭിമുഖീകരിച്ചു (പുറപ്പാട് 17:8–16 കാണുക) – അമാലേക്യർ എന്ന ഉഗ്രരും യുദ്ധസമാനരുമായ ഒരു ഗോത്രം അവരെ ആക്രമിച്ചു. അമാലേക്യർ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചോ അവന്റെ പരമാധികാരത്തെക്കുറിച്ചോ അജ്ഞരല്ല, മറിച്ച് അവന്റെ മുമ്പാകെ ഭയപ്പെടുന്നതിനുപകരം, അവന്റെ ശക്തിയെ ധിക്കരിക്കാൻ അവർ സ്വയം സജ്ജമാക്കി. മിസ്രയീമ്യരുടെ മുമ്പിൽ മോശെ ചെയ്ത അത്ഭുതങ്ങളെ അമാലേക്യ ജനത പരിഹാസവിഷയമാക്കി, ചുറ്റുമുള്ള ജാതികളുടെ ഭയത്തെ പരിഹസിച്ചു. ആരും രക്ഷപ്പെടാതിരിക്കാൻ എബ്രായരെ നശിപ്പിക്കുമെന്ന് അവർ തങ്ങളുടെ ദൈവങ്ങളെക്കൊണ്ട് സത്യം ചെയ്തു, യിസ്രായേലിന്റെ ദൈവം അവരെ ചെറുക്കാൻ ശക്തിയില്ലാത്തവനാണെന്ന് അവർ വീമ്പിളക്കി. യിസ്രായേല്യരാൽ അവർക്ക് ഉപദ്രവമോ ഭീഷണിയോ ഒന്നും ഉണ്ടായില്ല. അവരുടെ ആക്രമണം പൂർണ്ണമായും പ്രകോപനമില്ലാതെയായിരുന്നു. ദൈവത്തോടുള്ള അവരുടെ വെറുപ്പും ധിക്കാരവും പ്രകടിപ്പിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം, അതുകൊണ്ട് ദൈവജനത്തെ നശിപ്പിക്കാൻ അവർ ശ്രമിച്ചു.

അമാലേക്യർ വളരെക്കാലമായി കൊടും പാപികളായിരുന്നു, അവരുടെ കുറ്റകൃത്യങ്ങൾ പ്രതികാരത്തിനായി ദൈവത്തോട് നിലവിളിച്ചിരുന്നു, എന്നിട്ടും അവന്റെ കരുണ അവരെ മാനസാന്തരത്തിലേക്ക് വിളിച്ചു; എന്നാൽ അമാലേക്യർ ക്ഷീണിതരും പ്രതിരോധമില്ലാത്തവരുമായ യിസ്രായേൽ നിരകളുടെ മേൽ വീണപ്പോൾ, അവർ തങ്ങളുടെ ന്യായവിധി മുദ്രകുത്തി. – എലൻ ജി. വൈറ്റ്, ഗോത്ര പിതാക്കന്മാരും പ്രവാചകന്മാരും, പേജ് 300.

## ചോദ്യങ്ങൾ ചർച്ച ചെയ്യുക

1. **ദൈവം തന്റെ ജനത്തിനുവേണ്ടി ചെയ്തതിൽ നിന്ന് ജെത്രോ സത്യദൈവത്തെക്കുറിച്ച് എങ്ങനെ പഠിച്ചു എന്ന ആശയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. (ആവ. 4:48 കാണുക.) ഇന്ന് ആ തത്വം സത്യമായി നിലനിൽക്കുന്നത് എന്തുകൊണ്ട്? നിങ്ങളോടും നിങ്ങളുടെ ക്ലാസിനോടും ചോദിക്കുക: നമ്മുടെ സഭ ലോകത്തിന് എന്ത് തരത്തിലുള്ള സാക്ഷ്യമാണ് നൽകുന്നത്? നമ്മുടെ ദൈവത്തിന്റെ പ്രകൃതത്തെയും സ്വഭാവത്തെയും കുറിച്ച് നമ്മൾ ലോകത്തോട് എന്താണ് പറയുന്നത്?**
2. **1 കൊരിന്ത്യർ 10:4 വീണ്ടും വായിക്കുക. ഈ യേശുവിൽ നാം കാണുന്നതിന് വിപരീതമായി, പഴയനിയമത്തിലെ ദൈവം പ്രതികാരദാഹിയും, വെറുപ്പുളവാക്കുന്നവനും, ക്ഷമിക്കാത്തവനുമായിരുന്നു എന്ന് പറയുന്ന പുരാതന ദൈവദൂഷണത്തെക്കുറിച്ച് നമുക്ക് പഠിപ്പിക്കാമോ? ആ വിശ്വാസം തെറ്റാണെന്ന് ഈ വാക്യം എങ്ങനെ കാണിക്കുന്നു?**
3. **അമാലേക്യർക്ക് സത്യദൈവത്തെക്കുറിച്ച് പഠിക്കാൻ എങ്ങനെ അവസരം ലഭിച്ചു എന്നതിനെക്കുറിച്ച് എല്ലെൻ ജി. വൈറ്റ് മുകളിൽ എഴുതിയത് വീണ്ടും വായിക്കുക. ജെത്രോയുടേതുമായി അവരുടെ മനോഭാവം താരതമ്യം ചെയ്യുക. ദൈവം അവരുടെ മേൽ മാത്രമല്ല, യിസ്രായേൽ സമ്പർക്കം പുലർത്തിയ പുരാതന ലോകത്തിലെ പല ഗോത്രങ്ങളുടെയും മേൽ ന്യായവിധി കൊണ്ടുവന്നതിനെക്കുറിച്ച് നമുക്ക് എന്ത് പാഠങ്ങൾ പഠിക്കാനാകും?**

## പാഠം – 8

# സീനായ് ഉടമ്പടി

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറ. 19:1; 20:17, വെളി. 21:3, ആവ. 5:6–21, യാക്കോബ് 1:23–25, റോമർ 3:20–24, റോമർ 10:4.**

**മനഃപാഠവാക്യം:**

**"മിസ്രയീമ്യരോട് ഞാൻ ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകുകളിൽ വഹിച്ചുകൊണ്ട് എന്റെ അടുക്കൽ കൊണ്ടുവന്നതും നിങ്ങൾ കണ്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ എന്റെ ശബ്ദം കേട്ട് എന്റെ നിയമം പാലിക്കുമെങ്കിൽ, നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഒരു പ്രത്യേക നിധിയായിരിക്കും; കാരണം ഭൂമി മുഴുവൻ എനിക്കുള്ളതാണ്. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജ്യവും വിശുദ്ധജനവും ആയിരിക്കും" (പുറ. 19:4–6).**

മിസ്രയീമിൽനിന്ന് യിസ്രായേലിനെ മോചിപ്പിച്ച ശേഷം ദൈവം അവരെ നയിച്ചത് എവിടേക്ക്? വാഗ്ദത്തദേശത്തേക്ക് – മറ്റെവിടെ? ഭൂമിശാസ്ത്രപരമായി എത്ര ശരിയാണെങ്കിലും, ആ ഉത്തരം ദൈവശാസ്ത്രപരമായി തെറ്റാണ്. ദൈവം തന്നെ ഇതിന് ഉത്തരം നൽകുന്നു: "മിസ്രയീമിനോട് ഞാൻ എന്താണ് ചെയ്തതെന്നും ഞാൻ നിങ്ങളെ കഴുകന്മാരുടെ ചിറകുകളിൽ വഹിച്ചുകൊണ്ട് എന്റെ അടുക്കൽ കൊണ്ടുവന്നതെങ്ങനെയെന്നും നിങ്ങൾ കണ്ടല്ലോ" (പുറ. 19:4). അങ്ങനെ, ദൈവ ശാസ്ത്രപരമായ ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിന്റെ മുൻഗണനയും ലക്ഷ്യവും വെളിപ്പെടുത്തുന്നു: ദൈവം അവരെ തന്നിലേക്ക് കൊണ്ടുവന്നു.

മനുഷ്യർ ദൈവത്തിൽനിന്ന് അകന്നുപോകുമ്പോൾ, ദൈവം അവരെ അന്വേഷിച്ച് തന്നിലേക്ക് തിരികെ വിളിക്കുന്നു. ഈ ആഴമേറിയ സത്യത്തിന്റെ ഏറ്റവും മികച്ച മാതൃക ഏദൻ തോട്ടത്തിലാണ്, ആദാമും ഹവ്വായും ദൈവത്തിനെതിരെ പാപം ചെയ്യുകയും ദൈവത്തിന്റെ കല്പന അനുസരിക്കാതിരിക്കുകയും ദൈവത്തിൽ നിന്ന് മറഞ്ഞിരിക്കുകയും ചെയ്തപ്പോൾ. ദൈവം മുൻകൈയെടുത്ത് വിളിച്ചു പറഞ്ഞു: "നീ എവിടെയാണ്?" (ഉല്പത്തി 3:9). ദൈവം എപ്പോഴും ആദ്യത്തെ ചുവട് എടുക്കുന്നു. യേശു വാചാലമായി പറയുന്നു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. എന്റെ നുകം നിങ്ങളുടെമേൽ ഏറ്റുകൊണ്ട് എന്നിൽനിന്ന് പഠിക്കുവിൻ; ഞാൻ സൗമ്യനും താഴ്മയുള്ളവനും ആകുന്നു; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" (മത്തായി 11:28,29).

ദൈവം നമ്മെയെല്ലാം വിളിക്കുന്നു; നമ്മുടെ നിത്യ ന്യായവിധി നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ ആഴ്ചയിലെ പാഠം പഠിച്ച് ഓഗസ്റ്റ് 23 ലെ ശബ്ബത്തിനായി ഒരുങ്ങുക.

# സീനായ് പർവതത്തിൽ

**പുറപ്പാട് 19:18 വായിക്കുക. സീനായ് പർവതത്തിന്റെ അടിവാരത്തിൽ വച്ച് ദൈവം അവർക്ക് എന്താണ് വാഗ്ദാനം ചെയ്തത്?**

ദൈവം യിസ്രായേല്യരെ സീനായ് പർവതത്തിലേക്ക് നയിച്ചു, അവിടെ അവൻ താമസിയാതെ അവർക്ക് ന്യായപ്രമാണം (പത്ത് കല്പനകൾ) നൽകും. മോശെ പലതവണ ദൈവവുമായി കണ്ടുമുട്ടിയത് ജെബൽ മൂസ (ഉയരം: 7,497 അടി അല്ലെങ്കിൽ 2,285 മീറ്റർ) ആയിരിക്കാം (ഉയരം: 7,497 അടി അല്ലെങ്കിൽ 2,285 മീറ്റർ), വർഷങ്ങൾക്കുശേഷം, ഏലീയാവ് ഇവിടെ ദൈവത്തെ കണ്ടുമുട്ടി (1 രാജാ. 19:8). യിസ്രായേലിനെ മിസ്രയീമിൽനിന്ന് പുറത്തേക്കു നയിക്കാൻ ദൈവം മോശെയെ വിളിച്ച അതേ പർവതമാണിത് (പുറ. 3:1,10). ആ സമയത്ത്, മോചിപ്പിക്കപ്പെട്ട യിസ്രായേലിനൊപ്പം ഈ സ്ഥലത്ത് ദൈവത്തെ ആരാധിക്കുമെന്ന് ദൈവം മോശെയെ അറിയിച്ചു, അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം അവരെ നയിച്ചു എന്നതിന്റെ അടയാളമായിരുന്നു ഇത് (പുറ. 3:12).

രണ്ടുമാസത്തെ യാത്രയ്ക്കു ശേഷം, യിസ്രായേല്യർ സീനായിൽ എത്തി (പുറ. 19:1), അവിടെ അവർ ഏകദേശം ഒരു വർഷം താമസിച്ചു (പുറ. 19:1 സംഖ്യാപുസ്തകം 10:11,12 മായി താരതമ്യം ചെയ്യുക). ആ വർഷത്തിൽ, പുറപ്പാട് 1940, ലേവ്യപുസ്തകം 127, സംഖ്യാപുസ്തകം 1:1; 10:10 എന്നിവയിൽ വിവരിച്ചിരിക്കുന്നതുപോലെ നിരവധി നിയമങ്ങൾ ഉണ്ടാക്കി. മോശെയുടെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളിൽ കാണപ്പെടുന്ന വിവരണത്തിന്റെ കേന്ദ്രഭാഗമാണ് സീനായ് പർവതത്തിലെ യിസ്രായേലിന്റെ താമസം. അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി മാറുന്നതിന്റെ അടിസ്ഥാനം ഇവിടെയാണ്, പുറജാതീയതയിലും വിഗ്രഹാരാധനയിലും മുഴുകിയിട്ടില്ലാത്ത ഒരേയൊരു ജനം.

ദൈവം മുൻകൈയെടുത്ത് തനിക്കും യിസ്രായേലിനും ഇടയിൽ ഉടമ്പടി സ്ഥാപിക്കുന്നു. ആളുകൾ അനുസരണമുള്ളവരായിരിക്കുകയും ദൈവവുമായുള്ള ബന്ധം നിലനിർത്തുകയും ചെയ്താൽ, അവരെ ഒരു പ്രത്യേക നിധിയും, രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധ ജനവുമാക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. ഒരു വിശുദ്ധ ജനമായിരിക്കുക എന്നാൽ ദൈവത്തിന് സമർപ്പിക്കുകയും അവന്റെ സ്വഭാവം മറ്റുള്ളവർക്ക്, പ്രത്യേകിച്ച് ചുറ്റുമുള്ള ജനങ്ങൾക്ക്, വെളിപ്പെടുത്തികൊടുക്കുകയും ചെയ്യുക എന്നാണ്. മറ്റുള്ളവരെ ദൈവവുമായി ബന്ധിപ്പിക്കുകയും, അവരെ ദൈവത്തിലേക്ക് നയിക്കുകയും, ദൈവത്തിന്റെ വഴികളും നിയമങ്ങളും പഠിപ്പിക്കുകയും ചെയ്യുന്ന പുരോഹിതന്മാരുടെ ഒരു രാജ്യമായി പ്രവർത്തിക്കാനായിട്ടാണ് അവർ വിളിക്കപ്പെട്ടത്. ദൈവത്തിന്റെ പ്രത്യേക നിധിയായിരിക്കുന്ന ഇസ്രായേൽ ദൈവത്തെ കുറിച്ചും അവന്റെ സ്വഭാവത്തെ കുറിച്ചുമുള്ള അറിവ് ലോകത്തിൽ പ്രകാശിപ്പിക്കുന്ന ചാനലായിരിക്കണം എന്ന് ദൈവം ആഗ്രഹിച്ചു.

ദൈവവും അവന്റെ ജനവും തമ്മിലുള്ള ബന്ധത്തിന്റെ നിയമപരമായ സ്ഥാപനമായിരുന്നു ഈ ഉടമ്പടി. വ്യത്യസ്ത വാക്യങ്ങളിൽ അല്പം വ്യത്യാസമുള്ള പൊതു ഉടമ്പടി സൂത്രവാക്യം ഇതാണ്: ഞാൻ അവരുടെ ദൈവമായിരിക്കും, അവർ എന്റെ ജനമായിരിക്കും (പുറ. 6:7, ലേവ്യ 26:12, യിരെ. 24:7, യിരെ. 31:33, എബ്രാ. 8:10, വെളി. 21:3 കാണുക).

**ദൈവത്തിന്റെ പ്രത്യേക നിധി ആയിരിക്കുന്നത് സങ്കല്പിക്കുക! അതിൽ എന്ത് പ്രത്യേക പദവികൾ ഉൾപ്പെടും? നിങ്ങൾക്ക് എന്ത് പ്രത്യേക ഉത്തരവാദിത്തങ്ങൾ ഉണ്ടായിരിക്കും?**

## സമ്മാനത്തിനായി തയ്യാറെടുക്കുന്നു

**പുറപ്പാട് 19:9–25 വായിക്കുക. പത്തു കല്പനകൾ സ്വീകരിക്കുന്നതിന് ദൈവം യിസ്രായേലിനെ എങ്ങനെയാണ് ഒരുക്കിയത്?**

സീനായിൽ പത്തു കല്പനകൾ, ന്യായപ്രമാണം സ്വീകരിക്കാൻ ഇസ്രായേല്യർ എന്തു തയ്യാറെടുപ്പുകൾ ചെയ്യണമെന്നാണ് ദൈവം നിർദ്ദേശിച്ചത്. അവരുടെ ബാഹ്യശുദ്ധി ദൈവത്തോടുള്ള അവരുടെ പൂർണ്ണ സമർപ്പണത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. വരാനിരിക്കുന്ന ദൈവത്തിന്റെ ഉജ്ജ്വലമായ മഹത്വ പ്രകടനത്തിനായി അവർ തയ്യാറാറാകണമായിരുന്നു. അങ്ങനെ സംഭവിച്ചപ്പോൾ, അതോടൊപ്പം "ഇടിമുഴക്കങ്ങളും മിന്നലുകളും പർവതത്തിൽ ഒരു കനത്ത മേഘവും ഉണ്ടായിരുന്നു; കാഹളനാദം വളരെ ഉച്ചത്തിലായിരുന്നു, അതിനാൽ പാളയത്തിലുള്ള എല്ലാവരും വിറച്ചു" (പുറപ്പാട് 19:16).

പത്തു കല്പനകൾ ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെയും ബൈബിൾ ധാർമ്മികതയുടെയും കാതലായ ഭാഗമാണ്. എല്ലാ മനുഷ്യവർഗത്തിനുമുള്ള ദിവ്യ മാനദണ്ഡങ്ങളുടെ സത്തയും അടിത്തറയും അത് രൂപപ്പെടുത്തുന്നു; അതിന്റെ തത്വങ്ങൾ ശാശ്വതവും സാർവത്രികവുമാണ്.

**ബൈബിൾ വിവരണമനുസരിച്ച്, പത്തു കല്പനകൾ ദൈവം പ്രഖ്യാപിച്ചു (പുറ. 19:19; പുറ. 20:1; ആവ. 5:4, 5, 24), ദൈവമാണ് ഇത് എഴുതിയത് (പുറ. 24:12, പുറ. 31:18, ആവ. 5:22). ഇത് മോശെയ്ക്ക് രണ്ടുതവണ പ്രത്യേക സമ്മാനമായി നൽകി. (പുറ. 32:19; പുറ. 34:1; ആവ. 10:1,2).**

പുറപ്പാട് പുസ്തകത്തിൽ, പത്തു കല്പനകളെ സാക്ഷ്യം (എബ്രായ: എഡട്ട്; പുറ. 31:18) എന്ന് വിളിക്കുന്നു; അല്ലെങ്കിൽ അതിനെ 'ഉടമ്പടിയുടെ വാക്കുകൾ' (എബ്രായ: ദിബ്രെ ഹബ്ബെരിറ്റ്; പുറ. 34:28) എന്ന് വിളിക്കുന്നു. ആവർത്തന പുസ്തകത്തിൽ, അവ ഉടമ്പടിയുടെ പലകകളിൽ എഴുതിയിരിക്കുന്നു (ആവ. 9:9, 11,15). എബ്രായയിലെ രണ്ട് പുസ്തകങ്ങളും 'പത്ത് കല്പനകൾ' (എബ്രായ: മിറ്റ്സ്വോട്ട്, കല്പനകൾ) എന്ന പദം ഉപയോഗിക്കുന്നില്ല. പകരം, മൂന്ന് തവണ അവർ അതിനെ 'പത്ത് വാക്കുകൾ' എന്ന് വിളിക്കുന്നു. എബ്രായ ഭാഷയിൽ 'അസെരെറ്റ് ഹദ്ദെബാരിം' എന്നും ദാബറിൽ, കാര്യം, സംസാരം, കഥ, വാഗ്ദാനം, പ്രസ്താവന. എന്നും അർത്ഥമാക്കുന്നു (പുറ. 34:28, ആവ. 4:13, ആവ. 10:4 കാണുക.)

ന്യായപ്രമാണത്തിന്റെ രണ്ട് പതിപ്പുകളുണ്ട്; ആദ്യത്തേത് പുറപ്പാട് 20:117 ലും രണ്ടാമത്തേത് ആവ. 21:321 ലും രേഖപ്പെടുത്തിയിരിക്കുന്നു. മോശെ യിസ്രായേലിന് വാമൊഴിയായി അവതരിപ്പിച്ച രണ്ടാമത്തെ പതിപ്പ്, സീനായിക്ക് ഏകദേശം നാൽപ്പത് വർഷങ്ങൾക്ക് ശേഷം, ആളുകൾ വാഗ്ദത്ത ദേശത്ത് പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് സംഭവിച്ചു (ആവ. 1:3,4; ആവ. 4:44–47). അവിടെ ഈ രണ്ടു സാഹചര്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുന്നു.

പൗലോസ് ന്യായപ്രമാണത്തെ സ്നേഹമാണെന്ന് സംഗ്രഹിച്ചപ്പോൾ, അദ്ദേഹം പത്തു കല്പനകളിൽ നിന്ന് ഉദ്ധരിച്ചു (റോമർ 13:8–10). സ്നേഹം തീർച്ചയായും ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ ആകെത്തുകയാണ്, കാരണം അവൻ സ്നേഹത്തിന്റെ ദൈവമാണ് (1 യോഹ. 4:16).

**ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രകടനമായി ന്യായപ്രമാണത്തിന്റെ ആശയത്തെ നിങ്ങൾ എങ്ങനെ മനസ്സിലാക്കും? അതിന്റെ അർത്ഥമെന്താണ്? ദൈവസ്നേഹം എങ്ങനെയാണ് അവയിൽ വെളിപ്പെടുന്നത്?**

## പത്ത് കല്പനകളുടെ സമ്മാനം

**പുറപ്പാട് 20:1–17 വായിക്കുക. പത്ത് കല്പനകളുടെ തത്വങ്ങൾ എന്തൊക്കെയാണ്, അത് എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്?**

ദൈവീക ന്യായപ്രമാണത്തിന്റെ ആരംഭം കല്പനകളിൽ നിന്നല്ല, മറിച്ച് തന്റെ ജനത്തിനായുള്ള ദൈവത്തിന്റെ കൃപ നിറഞ്ഞ പ്രവൃത്തിയിൽ നിന്നാണെന്ന് ശ്രദ്ധിക്കുക:

“ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാണ്, നിങ്ങളെ മിസ്രയീമിൽനിന്ന്, അടിമത്തത്തിന്റെ നാട്ടിൽനിന്ന് കൊണ്ടുവന്നവൻ” (പുറ. 20:2). യിസ്രായേലിന് സ്വാതന്ത്ര്യവും രക്ഷയും നൽകി കർത്താവ് ആദ്യം തന്റെ കൃപ കാണിക്കുന്നു, അതിനുശേഷം മാത്രമേ അവൻ തന്റെ ഇഷ്ടം വെളിപ്പെടുത്തുന്നുള്ളൂ. ദൈവം അവരോട് കാണിച്ച സ്നേഹത്തിനും, ഉപകാരത്തിനും നന്ദികരേറ്റുന്നതിലൂടെ ഈ കല്പനകൾ പാലിക്കേണ്ടതായിരുന്നു. പത്ത് കല്പനകളുടെ പ്രധാന സംഗ്രഹപദം ‘സ്നേഹം’ എന്നാണ് (റോമർ 13:10). ഏറ്റവും വലിയ കല്പന സ്നേഹത്തിന്റെ കല്പനയാണ്, അത് രണ്ട് തരത്തിൽ പ്രകടിപ്പിക്കപ്പെടുന്നു: ദൈവത്തോടുള്ള സ്നേഹം (ആവ. 6:5), നമ്മുടെ അയൽക്കാരനോടുള്ള സ്നേഹം (ലേവ്യ. 19:18).

ആദ്യത്തെ നാല് കല്പനകൾ, ദൈവത്തെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നു; തുടർന്നുള്ള ആറ് കല്പനകൾ, നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നു. പത്ത് കല്പനകൾ ആരംഭിക്കുന്നത് എല്ലാറ്റിനുമുപരിയായി ദൈവത്തോടുള്ള സ്നേഹത്തിലും മറ്റുള്ളവ രോടുള്ള സ്നേഹത്തിലൂടെ അത് തുടരുകയും ചെയ്യുന്നു.

നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന് പ്രഥമവും പരമോന്നതവുമായ സ്ഥാനം നൽകി അവനെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം; (ഒന്നാം കല്പന); ദൈവത്തിന്റെ അതുല്യമായ നാമത്തെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, ശാരീരികമോ പ്രതീകാത്മകമോ ആത്മീയമോ ആയ ഏതെങ്കിലും രൂപത്തിലുള്ള ഒരു വിഗ്രഹത്താൽ ദൈവത്തെ മാറ്റിസ്ഥാപിക്കരുത്. നമ്മുടെ ഏറ്റവും ശുദ്ധമായ വാത്സല്യം ദൈവത്തിനുള്ളതാണ് (രണ്ടാം കല്പന); ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത് – അവന്റെ പ്രശസ്തിയും സ്വഭാവവും ആദരിക്കുക (മൂന്നാം കല്പന); അവന്റെ വിശ്രമത്തിന്റെയും ആരാധനയുടെയും ദിവസമായ ശബ്ബത്തിനെ ബഹുമാനിക്കുക (നാലാം കല്പന); മാതാപിതാക്കളെ ബഹുമാനിക്കുക (അഞ്ചാം കല്പന); ജീവനെ ബഹുമാനിക്കുക (ആറാം കല്പന); വിവാഹത്തെ ബഹുമാനിക്കുക (ഏഴാം കല്പന); ആളുകളുടെ സ്വത്തിനെ ബഹുമാനിക്കുക (എട്ടാം കല്പന); മറ്റുള്ളവരുടെ പ്രശസ്തിയെ ബഹുമാനിക്കുക (ഒമ്പതാം കല്പന); സ്വാർത്ഥമായ ആഗ്രഹങ്ങളൊന്നും നമ്മുടെ സ്വഭാവത്തെ കളങ്കപ്പെടുത്താതിരിക്കാൻ സ്വയം ബഹുമാനിക്കുക (പത്താം കല്പന). യേശു തന്നെ പറഞ്ഞതുപോലെ: “നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെ കൽപ്പനകളെ പാലിക്കും” (യോഹ. 14:15; 1 യോഹ. 4:20, 21). അങ്ങനെ, യഥാർത്ഥ അനുസരണം യേശുവിനോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും ഒരു പ്രകടനമാണ്, നമ്മുടെ അയൽക്കാരോട് നാം എങ്ങനെ പെരുമാറുന്നു എന്നതിൽ ഏറ്റവും ശക്തമായി പ്രകടിപ്പിക്കുന്ന സ്നേഹം.

## ദൈവകല്പനകളുടെ വ്യത്യസ്ത ധർമ്മങ്ങൾ

ദൈവത്തിന്റെ നിയമം ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. ദൈവം വിശുദ്ധനും നീതിമാനും നല്ലവനും ആയതുപോലെ, അവന്റെ നിയമവും അങ്ങനെ തന്നെ. പൗലോസ് സ്ഥിരീകരിക്കുന്നു: "ന്യായപ്രമാണം വിശുദ്ധമാണ്, കല്പന വിശുദ്ധവും നീതിയും നല്ലതുമാണ്" (റോമർ 7:12).

ബൈബിളിൽ, ദൈവത്തിന്റെ നിയമം വളരെ ക്രിയാത്മകമായ ഒരു വെളിച്ചത്തിൽ കാണപ്പെടുന്നു (മത്തായി 5:17,18; യോഹ. 14:15; 1 കൊരി. 7:19). (സങ്കീ. 119 പോലെ) ഒരാൾക്ക് നിയമത്തെക്കുറിച്ച് കവിതകൾ രചിക്കാം, നിയമത്തെക്കുറിച്ച് പാടാം (സങ്കീർത്തനം 19), രാവും പകലും അതിനെക്കുറിച്ച് ധ്യാനിക്കാം (സങ്കീ. 1:2; യോശുവ 1:8). ന്യായപ്രമാണം തിന്മയിൽനിന്ന് ഒരാളെ സംരക്ഷിക്കുന്നു, ജ്ഞാനം, വിവേകം, ആരോഗ്യം, സമൃദ്ധി, സമാധാനം എന്നിവ നൽകുന്നു (ആവ. 4:16; സദൃശ. 23).

ദൈവത്തിന്റെ നിയമം ജീവിതത്തിൽ ഒരു വലിയ സ്വതന്ത്ര ഇടം സൃഷ്ടിക്കുന്ന വേലി പോലെയാണ്, ഒരു പ്രത്യേക പരിധിക്കപ്പുറം – അപകടം, പ്രശ്നങ്ങൾ, സങ്കീർണതകൾ, മരണം പോലും നമ്മെ കാത്തിരിക്കുന്നു എന്ന് മുന്നറിയിപ്പ് നൽകുന്നു (ഉല്പത്തി 2:16,17; യാക്കോബ് 2:12).

നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മുടെ ജീവിതത്തെ മാറ്റുകയും ചെയ്യുന്ന യേശുവിനെ ചൂണ്ടിക്കാണിക്കുന്ന ഒരു അടയാളം കൂടിയാണ് നിയമം (2 കൊരി. 5:17; 1 യോഹ. 1:79). ഈ രീതിയിൽ, നമ്മെ ക്രിസ്തുവിലേക്ക് നയിക്കുന്ന ഒരു സൂക്ഷിപ്പുകാരൻ/കാവൽക്കാരൻ തന്നെയാണ് അത്. (ഗലാ. 3:24). യാക്കോബ് 1:23 25 വായിക്കുക. അവൻ എന്താണ് പറയുന്നത്, നമ്മെ രക്ഷിക്കാൻ കഴിയില്ലെങ്കിലും നിയമത്തിന്റെ ധർമ്മവും പ്രാധാന്യവും എന്താണെന്ന് മനസ്സിലാക്കാൻ ഈ വാക്കുകൾ നമ്മെ എങ്ങനെ സഹായിക്കുന്നു? ഒരു കണ്ണാടി നിങ്ങളുടെ കുറവുകൾ വെളിപ്പെടുത്തും, അതെ. എന്നാൽ കണ്ണാടിക്ക് അവയെ സുഖപ്പെടുത്താൻ കഴിയില്ല. കണ്ണാടി പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു, പക്ഷേ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നില്ല. ദൈവത്തിന്റെ നിയമത്തിന്റെ കാര്യവും ഇതുതന്നെയാണ്. നിയമം പാലിച്ചുകൊണ്ട് ദൈവമുമ്പാകെ നീതീകരിക്കപ്പെടാൻ ശ്രമിക്കുന്നത്, എത്രയും വേഗം അല്ലെങ്കിൽ പിന്നീട്, കണ്ണാടി നിങ്ങളുടെ കുറവുകൾ ഇല്ലാതാക്കുമെന്ന് പ്രതീക്ഷിച്ച് കണ്ണാടിയിൽ നോക്കുന്നത് പോലെയാണ്.

രക്ഷ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല വിശ്വാസത്താലത്രേ എന്നതിനാൽ – ചില ക്രിസ്ത്യാനികൾ ന്യായപ്രമാണം നീങ്ങിപ്പോയെന്നും ഇനി നമ്മൾ ന്യായപ്രമാണം പാലിക്കേണ്ടതില്ലെന്നും അവകാശപ്പെടുന്നു. തീർച്ചയായും, നിയമം തന്നെയാണ് പാപത്തെ നിർവചിക്കുന്നതെന്ന് കണക്കിലെടുക്കുമ്പോൾ – "നിയമത്തിലൂടെയല്ലാതെ ഞാൻ പാപത്തെ അറിയുമായിരുന്നില്ല" (റോമർ 7:7). മേല്പറഞ്ഞ അവകാശവാദം നിയമവും സുവിശേഷവും തമ്മിലുള്ള ബന്ധത്തിന്റെ വളരെ തെറ്റായ വ്യാഖ്യാനമാണ്. നിയമത്തിന്റെ നിലനിൽപ്പാണ് സുവിശേഷം നമുക്ക് ആവശ്യമാക്കി തീർക്കുന്നത്.

**ദൈവത്തിന്റെ നിയമം അനുസരിക്കാനുള്ള നിങ്ങളുടെ ശ്രമങ്ങളിൽ നിങ്ങൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്? നിങ്ങളുടെ രക്ഷ അതിൽ അടിസ്ഥാനപ്പെടുത്തിയാൽ മതിയോ? അല്ലെങ്കിൽ, നിങ്ങൾക്ക് സുവിശേഷം ആവശ്യമായി വരുന്നത് എന്തു കൊണ്ട്?**

## ന്യായപ്രമാണം നമുക്കുള്ള ദൈവത്തിന്റെ വാഗ്ദാനം

**റോമർ 3:20-24 വായിക്കുക. പത്ത് കല്പനകൾ പാലിച്ചതുകൊണ്ട് നമുക്ക് രക്ഷപ്പെടാൻ കഴിയില്ലെന്ന് പൗലോസ് വളരെ വ്യക്തമായി പറയുന്നു, അപ്പോൾ കല്പനകൾ നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രവർത്തിക്കണം?**

പത്ത് കല്പനകളെ വിവരിക്കാൻ മോശെയുടെ എഴുത്തിൽ ഉപയോഗിച്ചിരിക്കുന്ന ദബാരിം എന്ന പദത്തിന്റെ എബ്രായ അർത്ഥം (പുറപ്പാട് 34:28, ആവ. 4:13, ആവ. 10:4) അക്ഷരാർത്ഥത്തിൽ 'കല്പനകൾ' എന്നല്ല, 'വാക്കുകൾ' എന്നാണ്. ഈ വാക്കിന്, ദാബർ (ഏകവചനം), ഒരു 'വാഗ്ദാനം' എന്ന അർത്ഥമുണ്ടാകാം. അതായത്, നിരവധി സ്ഥലങ്ങളിൽ (1 രാജാ. 8:56; 2 ദിന. 1:9; നെഹെ. 5:12, 13; ആവ. 1:11; ആവ. 6:3; ആവ. 9:28; യോശു. 9:21; യോശു. 22:4; യോശു. 23:5), ദാബർ എന്നത് വാഗ്ദാനത്തിന്റെ ആശയം പ്രകടിപ്പിക്കുന്ന ഒരു നാമത്തിലോ ക്രിയയിലോ വിവർത്തനം ചെയ്യപ്പെടുന്നു.

എലൻ ജി. വൈറ്റ് ഡെക്കലോഗിന്റെ പ്രവർത്തനത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നു: പത്ത് കല്പനകൾ... പത്ത് വാഗ്ദാനങ്ങളാണ്. (എലൻ ജി. വൈറ്റ് കമന്റ്'സ്, ദി എസ്ഡിഎ ബൈബിൾ കമന്ററി, വാല്യം 1, പേജ് 1105). ഡെക്കലോഗ് എന്നത് നമ്മെ ശരിയായ പാതയിലേക്ക് നയിക്കുന്ന ദൈവത്തിൽ നിന്നുള്ള വാഗ്ദാനങ്ങളായി മനസ്സിലാക്കണം, അങ്ങനെ നമുക്കുവേണ്ടി അത്ഭുതകരമായ കാര്യങ്ങൾ ചെയ്യാൻ അവന് കഴിയും. എന്നാൽ നാം അവ അനുസരിക്കണം.

എന്നാൽ ക്രിസ്തു ന്യായപ്രമാണത്തെ റദ്ദാക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു എന്ന അർത്ഥത്തിലല്ല, യേശുക്രിസ്തു ന്യായപ്രമാണത്തിന്റെ നിയോഗമാണെന്ന് പൗലോസ് പറയുന്നത്. പകരം, ക്രിസ്തു നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവുമാണ്; ക്രിസ്തുവിന്റെ പാപപരിഹാരയാഗം അതിന്റെ സാധുതയും ശാശ്വതത്വവും അവസാനിപ്പിക്കുന്നു എന്നല്ല ഇതിനർത്ഥം.

നേരെമറിച്ച്, നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ നിയമസാധുതയെക്കുറിച്ചും അതിന്റെ നിലനിൽക്കുന്ന അധികാരത്തെക്കുറിച്ചും പൗലോസ് സംസാരിക്കുന്നു (റോമർ 3:31; 1 കൊരി. 7:19; ഗലാ. 5:6). 'ടെലോസ്' എന്ന വാക്കിന്റെ അർത്ഥം ഒന്നാമതായി ഉദ്ദേശ്യപൂർണ്ണവും ലക്ഷ്യബോധവുമാണ്, സമയബന്ധിതമല്ല. ദൈവത്തിന്റെ നിയമത്തിന്റെ യഥാർത്ഥ അർത്ഥവും ഉദ്ദേശ്യവും വെളിപ്പെടുത്തുന്നതാക്കോൽ ക്രിസ്തുവാണ്. അതിനാൽ, ക്രിസ്തു ന്യായപ്രമാണത്തെ അസാധുവാക്കുകയോ റദ്ദാക്കുകയോ ചെയ്തുവെന്ന് പ്രസ്താവിക്കുന്നത് തെറ്റാണ്. നിയമത്തിന്റെ ലക്ഷ്യമാണ് ക്രിസ്തു, അത് ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുന്നു.

**ന്യായപ്രമാണം എങ്ങനെയാണ് നമ്മെ യേശുവിലേക്ക് ചൂണ്ടിക്കാണിക്കുന്നത്? അതായത്, നമ്മെ യേശുവിലേക്ക് ചൂണ്ടിക്കാണിക്കാൻ സഹായിക്കുന്ന എന്ത് കാര്യങ്ങളാണ് ന്യായപ്രമാണം നമുക്ക് വെളിപ്പെടുത്തുന്നത്?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, യിസ്രായേലിന് നൽകിയ നിയമം, പേജ് 303-310, നിയമത്തിനെതിരായ സാത്താന്റെ ശത്രുത, പേജ് 331-342 എന്നിവ ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

ദൈവം തന്റെ നിയമം സംസാരിക്കുന്ന സന്ദർഭത്തെ അതിന്റെ ഉന്നത സ്വഭാവത്തിന് അനുസൃതമായി ഭയാനകമായ ഒരു രംഗമാക്കി മാറ്റാൻ ഉദ്ദേശിച്ചു. ദൈവ സേവനവുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും ഏറ്റവും വലിയ ആദരവോടെ പരിഗണിക്കണമെന്ന് ആളുകളെ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 303.

ഈ ആദരവിന്റെ തത്വം ഇന്നും നിലനിൽക്കുന്നു. ദൈവത്തിന്റെ മഹത്വം, അത്യുൽകൃഷ്ടം, അതിഗംഭീരം എന്നിവയെക്കുറിച്ചുള്ള ഒരു ഗ്രാഹ്യത്തിൽ നിന്നാണ് ഇത് ഉത്ഭവിക്കുന്നത്. ദൈവത്തിന്റെ മഹത്വം കാണുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ നന്ദി നിറയുകയും നമ്മുടെ അഹങ്കാരം നിലം പതിക്കുകയും ചെയ്യും. ദൈവത്തിന്റെ വിശുദ്ധി നാം അടുത്തു കാണുന്തോറും, നമ്മുടെ ജീവിതത്തിലെ കൂടുതൽ കൂടുതൽ അപൂർണ്ണതകൾ നാം തിരിച്ചറിയുകയും, അവന്റെ രൂപാന്തരപ്പെടുത്തുന്ന സാന്നിധ്യത്തിനായി ദാഹിക്കുകയും. അപ്പോൾ അവനെപ്പോലെയാകാൻ നാം കൂടുതൽ ആഗ്രഹിക്കുകയും ചെയ്യും. കൂടാതെ, അവനിൽനിന്നും അവന്റെ വിശുദ്ധനിയമത്തിൽനിന്നും വ്യത്യസ്തരായ, നാം ആരാണെന്ന് അറിയുമ്പോൾ, ക്രിസ്തുവിന്റെ പകര മരണത്തിൽ നാം പൂർണ്ണമായി ആശ്രയിക്കും.

അതേസമയം, ദൈവത്തെ നമ്മുടെ കർത്താവും രാജാവുമായി താഴ്മയോടെ സ്വീകരിക്കുകയാണെങ്കിൽ, അവന്റെ കല്പനകൾ അനുസരിക്കാൻ പ്രയാസമില്ലെന്ന് യേശു വ്യക്തമാക്കി (മത്തായി 11:28-30). ദൈവിക നിയമത്തിന് സ്ഥിരമായ സാധുതയുണ്ടെന്ന് ക്രിസ്തു വ്യക്തമാക്കി (മത്തായി 5:17-20). ദൈവം നമുക്ക് സൗജന്യമായി നൽകിയ രക്ഷ, അവനോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും പേരിൽ നാം സ്വീകരിക്കുമ്പോൾ, അവന്റെ നിയമങ്ങൾ പാലിക്കുമ്പോൾ, അവനുമായുള്ള രക്ഷാകരമായ ബന്ധത്തിന്റെ പൂർണ്ണത നമുക്ക് അനുഭവിക്കാൻ കഴിയും. നിയമം പാലിക്കുന്നതിന്റെ വലിയ നേട്ടങ്ങൾ ആസ്വദിക്കുമ്പോൾ (എല്ലാത്തിനുമുപരി, അത് ലംഘിക്കുന്നത് കൊണ്ടുവരുന്ന വേദനയും പ്രയാസവും നോക്കുക), നമ്മുടെ രക്ഷ നിയമം പാലിക്കുന്നതിലല്ല, യേശുവിലാണെന്ന് അറിയുന്നതിന്റെ ഉറപ്പും നമുക്ക് ആസ്വദിക്കാനാകും.

## ചർച്ചാ ചോദ്യങ്ങൾ:

1. **നിയമം സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പ് ആളുകൾക്ക് ആവശ്യമായ ഭക്തിബോധം എന്താണെന്ന് മനസ്സിലാക്കാൻ അവരെ സഹായിച്ചു. ഇന്ന്, നമ്മുടെ സഭയിലും സഭാ ജീവിതത്തിലും, ദൈവ മുമ്പാകെ സമാനമായ ഒരു ആദരവും ഭയവും എവിടെ? അതോ നമുക്ക് അത് എങ്ങനെയോ നഷ്ടപ്പെട്ടോ?**
2. **ഈ ഉടമ്പടി സൂത്രവാക്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക: ഞാൻ അവരുടെ ദൈവമായിരിക്കും, അവർ എന്റെ ജനമായിരിക്കും. ഇന്ന് നമുക്ക് ഇത് എന്താണ് അർത്ഥമാക്കുന്നത്, വ്യക്തിപരമായും ഒരു സഭ എന്ന നിലയിലും അത് എങ്ങനെ വെളിപ്പെടുത്തണം?**
3. **ദൈവം നമ്മോട് കൽപ്പിക്കുന്നത് ചെയ്യാൻ അവൻ നമ്മെ പ്രാപ്തരാക്കുന്നു. എലൻ ജി. വൈറ്റ് പ്രസ്താവിക്കുന്നത്, അവന്റെ എല്ലാ കല്പനകളും പ്രാപ്തമാക്കുന്നു. ക്രിസ്തുവിന്റെ ഒബ്ജക്റ്റ് പാഠങ്ങൾ, പേജ് 333. ഈ വാഗ്ദാനം എങ്ങനെ പ്രായോഗികമാക്കാം?**
4. **കുരിശിനുശേഷം നിയമം ഇല്ലാതായി എന്ന പൊതുവായ വാദത്തോട് നമ്മൾ എങ്ങനെ പ്രതികരിക്കണം? മിക്ക കേസുകളിലും, അവർ യഥാർത്ഥത്തിൽ എന്താണ് ഇല്ലാതായി എന്ന് പറയുന്നത്?**

പാഠം - 9

# നിയമം ജീവിക്കുന്നു

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറ. 21:132, പുറ. 22:16–23:33, 2 രാജാ. 19:35, മത്തായി 5:38,48, റോമർ 12:19, മത്തായി 16:27.**

**മനഃപാഠവാക്യം:**

**അപ്പോൾ കർത്താവ് മോശെയോട് അരുളിച്ചെയ്തു: "നീ യിസ്രായേൽ മക്കളോട് ഇപ്രകാരം പറയണം: ഞാൻ സ്വർഗ്ഗത്തിൽനിന്നു നിങ്ങളോടു സംസാരിച്ചതു നിങ്ങൾ കണ്ടിരിക്കുന്നു; എന്റെ അടുക്കൽ വെള്ളികൊണ്ടുള്ള ദേവന്മാരെയോ സ്വർണ്ണം കൊണ്ടുള്ള ദൈവങ്ങളെയോ നിങ്ങൾ ഉണ്ടാക്കരുത്" (പുറ. 20:22,23).**

ചുറ്റുമുള്ള ജനതകളിൽനിന്ന് വ്യത്യസ്തരായി തന്റെ ജനം മാറണമെന്ന് ദൈവം ആഗ്രഹിച്ചു. തന്റെ നേതൃത്വത്തിനും അധികാരത്തിനും കീഴിൽ ജീവിക്കുന്ന ഒരു സമർപ്പിത വിശ്വാസ സമൂഹമായി അവരെ സ്ഥാപിക്കാൻ ദൈവം ആഗ്രഹിച്ചു. എല്ലാവരും ദൈവത്തിന്റെ നിയമത്തിന് വിധേയരായിരിക്കും. ന്യായാധിപന്മാരെ നിയമത്തിന്റെ ഭരണാധികാരികളായി നിയമിച്ചു, പുരോഹിതന്മാർ അത് പഠിപ്പിക്കണമായിരുന്നു. മാതാപിതാക്കളും നിർണായക പങ്ക് വഹിക്കണമായിരുന്നു.

ഏതൊരു സംസ്കാരത്തിലും, നിയമങ്ങൾ നിയമനിർമ്മാതാവിന്റെ ആദർശങ്ങൾ, ലക്ഷ്യങ്ങൾ, ഉദ്ദേശ്യം, സ്വഭാവം എന്നിവ വെളിപ്പെടുത്തുന്നു. ഉദാഹരണത്തിന്, എല്ലാ എബ്രായ ആൺകുട്ടികളെയും കൊല്ലാൻ ഫറവോൻ ഉത്തരവിട്ടപ്പോൾ, ഈ നിയമം അവൻ ആരാണെന്ന് വെളിപ്പെടുത്തി: ദുഷ്ടൻ. ഇതിനു വിപരീതമായി, രാജ്യത്തിലെ 18 വയസ്സുള്ള ഓരോരുത്തർക്കും സൗജന്യ ഉന്നത വിദ്യാഭ്യാസം നൽകണമെന്ന് ഒരു രാജാവ് നിയമം പുറപ്പെടുവിച്ചാൽ, രാജാവിന്റെ ഔദാര്യത്തിന്റെയും തന്റെ രാജ്യം അഭിവൃദ്ധിപ്പെടണമെന്ന ആഗ്രഹത്തിന്റെയും തെളിവായി പലരും ഇത് പരിഗണിക്കും.

ദൈവത്തിന്റെ നിയമം ദൈവത്തിനെ വെളിപ്പെടുത്തുന്നു, അതായത്, ദൈവത്തിന്റെ നന്മ, സ്നേഹം, മൂല്യങ്ങൾ, നീതി, തിന്മയ്ക്കെതിരായ തന്റെ നിയന്ത്രണങ്ങൾ. നിയമം വിശുദ്ധവും നീതിയുക്തവും ആയിരിക്കുന്നതുപോലെ, ദൈവവും അങ്ങനെ തന്നെ. സമൃദ്ധമായ ജീവിതത്തിന് ഇടം സൃഷ്ടിക്കുന്നതിനൊപ്പം, അപകടങ്ങളിൽ നിന്നും ദുരന്തങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കാനും നിയമം സഹായിക്കുന്നു. ദൈവത്തോടുള്ള ബഹുമാനവും, പരസ്പര ബഹുമാനവും, ജീവിത മൂല്യങ്ങളോടുള്ള ബഹുമാനവുമായിരുന്നു അവന്റെ നിയമനിർമ്മാണ വ്യവസ്ഥയുടെ അടിസ്ഥാനം.

ഈ ആഴ്ചയിലെ പാഠം പഠിച്ച് ഓഗസ്റ്റ് 30 ലെ ശബ്ബത്തിനായി ഒരുങ്ങുക.

## ഉടമ്പടി സംഹിത

സീനായിൽ, ദൈവം തന്റെ നിയമം നൽകിയതോടെ, താനുമായുള്ള ബന്ധത്തിലൂടെ തന്റെ ജനത്തിന് എങ്ങനെ വിശുദ്ധ ജീവിതം നയിക്കാൻ പഠിപ്പിക്കാം എന്നതിന് അടിസ്ഥാനം ഇട്ടു. എന്നാൽ നിയമത്തിന്റെ തത്വങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കേണ്ടതായിരുന്നു, അതിനാൽ ദൈവം അവർക്ക് "ഉടമ്പടി സംഹിത" എന്നറിയപ്പെടുന്ന അധിക നിയമങ്ങൾ നൽകി. ഈ നിയമങ്ങൾ നിരീക്ഷിക്കുകയും അവ ശരിയായി പ്രയോഗിക്കുകയും ചെയ്യേണ്ടത് ന്യായാധിപന്മാരുടെ ഉത്തരവാദിത്തമായിരുന്നു.

അടിമത്തത്താലും വിജാതീയതയാലും അന്ധരും അധഃപതിച്ചവരുമായ ജനങ്ങളുടെ മനസ്സുകൾ ദൈവത്തിന്റെ പത്ത് കല്പനകളുടെ ദൂരവ്യാപകമായ തത്വങ്ങളെ പൂർണ്ണമായി വിലമതിക്കാൻ തയ്യാറായിരുന്നില്ല. പത്ത് കല്പനകളുടെ കടമകൾ കൂടുതൽ പൂർണ്ണമായി മനസ്സിലാക്കാനും നടപ്പിലാക്കാനും വേണ്ടി, പത്ത് കല്പനകളുടെ തത്വങ്ങൾ ചിത്രീകരിക്കുകയും പ്രയോഗിക്കുകയും ചെയ്തുകൊണ്ട് അധിക കല്പനകൾ നൽകപ്പെട്ടു. അനന്തമായ ജ്ഞാനത്തിലും നീതിയിലും രൂപപ്പെടുത്തിയതിനാലും ന്യായാധിപന്മാർ അവയനുസരിച്ച് വിധി നൽകേണ്ടി ഇരുന്നതിനാലും ഈ നിയമങ്ങളെ ന്യായവിധികൾ എന്ന് വിളിച്ചിരുന്നു. പത്ത് കല്പനകളിൽനിന്ന് വ്യത്യസ്തമായി, അവ മോശെയ്ക്ക് സ്വകാര്യമായി കൈമാറി, അവ ജനങ്ങളോട് അറിയിക്കേണ്ടതായിരുന്നു. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 310.

**ഉടമ്പടിയുടെ നിയമസംഹിത നിരവധി അധ്യായങ്ങളിലായി വിവരിച്ചിരിക്കുന്നു (പുറ. 21:1; 23:19). തിന്മയുടെ കുത്തൊഴുക്ക് തടയുന്നതിനും ക്രമീകൃതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുമാണ് ഈ എല്ലാ നിയന്ത്രണങ്ങളും നിയമങ്ങളും പുറപ്പെടുവിച്ചത്.**

അടിമത്ത നിയമങ്ങൾ സവിശേഷമായിരുന്നു, ആധുനിക അല്ലെങ്കിൽ മധ്യകാല അടിമത്തത്തിന്റെ അധാർമീകവും ദുഷ്ടവുമായ ആചാരവുമായി അവയെ തെറ്റിദ്ധരിക്കരുത്. എബ്രായ അടിമകൾ വാസ്തവത്തിൽ സംരക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്തിരുന്നു. ആധുനിക, മധ്യകാല സമൂഹങ്ങളിൽ, ദാസന്മാരും അടിമകളും അവരുടെ ഉടമസ്ഥന്റെ സ്വത്തായിരുന്നു, അവർക്ക് അവരുമായി ഇഷ്ടമുള്ളത് ചെയ്യാൻ കഴിയും. ഇതിനു വിപരീതമായി, ബൈബിൾ നിയമങ്ങൾ കാര്യങ്ങൾ വ്യത്യസ്തമായി നിയന്ത്രിച്ചു. അടിമത്തം ആറ് വർഷത്തേക്ക് പരിമിതപ്പെടുത്തി (പുറ. 21:1,2; യിരെ. 34:8-22), ഏഴാം വർഷത്തിൽ, യജമാനനോടൊപ്പം താമസിക്കാൻ ആഗ്രഹിക്കാത്ത എല്ലാ അടിമകളെയും മോചിപ്പിക്കണമായിരുന്നു. യജമാനന്മാർ അവർക്ക് ശബ്ബത്ത് അവധി നൽകുകയും (പുറ. 20:9,10) അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യണമായിരുന്നു.

## കൂടുതൽ നിയമങ്ങൾ

ദൈവത്തിന്റെ കരുണയാൽ, സ്വത്തവകാശവുമായി ബന്ധപ്പെട്ട വിവിധ സാഹചര്യങ്ങളിൽ ആളുകളോട് എങ്ങനെ ഇടപെടണമെന്ന് ദൈവം ന്യായാധിപന്മാരെ പഠിപ്പിച്ചു. ഒരു കാള അയൽക്കാരന്റെ കാളയെ ആക്രമിച്ചാൽ, ആളുകൾ ഒരു വളർത്തുമൃഗത്തെ മോഷ്ടിച്ച് വിറ്റാൽ, മറ്റൊരു ഉടമയുടെ വയലിലോ മുന്തിരിത്തോട്ടത്തിലോ മൃഗങ്ങൾ മേയുകയാണെങ്കിൽ, ഒരാൾ കടം വാങ്ങിയ ഒരു വസ്തു അയാളിൽ നിന്ന് മോഷ്ടിക്കപ്പെട്ടാൽ, അല്ലെങ്കിൽ ഒരു കൂലിക്കെടുത്ത മൃഗത്തിന് പരിക്കേൽക്കുകയോ മരിക്കുകയോ ചെയ്താൽ എന്തുചെയ്യണമെന്ന് സൂചിപ്പിക്കുന്ന നിരവധി കേസ് പഠനങ്ങൾ എണ്ണിപ്പറഞ്ഞിട്ടുണ്ട് (പുറ. 21:33; 22:15).

**പുറപ്പാട് 22:16; 23:9 വായിക്കുക. ഈ നിയമങ്ങളിൽ ഏതൊക്കെ വിഷയങ്ങളാണ് കൈകാര്യം ചെയ്തത്, എങ്ങനെ?**

ദൈവത്തിന്റെ നിയമങ്ങളിൽ വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുന്നു. ആളുകളെ താഴ്ത്തിക്കെട്ടുന്നതിനോ അപമാനിക്കുന്നതിനോ എതിരെ പ്രത്യേക നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ഒരു തരത്തിലുള്ള ചൂഷണവും ദൈവം ആഗ്രഹിച്ചില്ല. ദൈവം തന്റെ കാരുണ്യത്താൽ മനുഷ്യഹൃദയത്തിന്റെ പാപപ്രവണതകളെ തിരുത്തുകയും ആളുകളുടെ സ്വാഭാവിക ചായ്‌വുകളെ നിയന്ത്രിക്കുകയും ചെയ്യുന്നു. സമൂഹത്തെ സുരക്ഷിതമായി സൂക്ഷിക്കുകയും, തിന്മ ഇല്ലാതാക്കുകയും, നല്ല വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കുകയും ചെയ്യണമായിരുന്നു. നീതിയും സ്നേഹവും എല്ലാ പ്രവൃത്തികളെയും ഭരിക്കണം.

**പുറ. 23:1019 വായിക്കുക. ഇവിടെ ഏതൊക്കെ പ്രധാന വിഷയങ്ങളാണ് കൈകാര്യം ചെയ്തത്?**

ശബ്ബത്തും ഉത്സവങ്ങളും ആരാധനയെക്കുറിച്ചായിരുന്നു, രക്ഷാചരിത്രത്തിലെ നിർണായക സംഭവങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളായിരുന്നു അവ. ആരാധന ശ്രദ്ധാപൂർവ്വം ക്രമീകരിച്ചിരുന്നു, കാരണം മറ്റെല്ലാ പ്രവർത്തനങ്ങൾക്കും ദൈവശാസ്ത്രപരമായ അടിസ്ഥാനം അതായിരുന്നു. സൃഷ്ടിപ്പിലാണ് ശബ്ബത്ത് സ്ഥാപിതമായത് (ഉല്പത്തി 2:2,3; പുറ. 20:8–11), യിസ്രായേലിന്റെ വിടുതലും വീണ്ടെടുപ്പുമായി അത് ബന്ധപ്പെട്ടിരുന്നു (ആവ. 5:12–15), ശക്തമായ രീതിയിൽ, ദൈവത്തെ നമ്മുടെ സ്രഷ്ടാവ്, വീണ്ടെടുപ്പുകാരൻ, കർത്താവ് എന്നീ നിലകളിൽ ആരാധിക്കുന്നതിലേക്ക് അത് വിരൽ ചൂണ്ടുന്നു (മർക്കോസ് 2:27,28).

അതേസമയം, യിസ്രായേൽ എല്ലാ വർഷവും ആഘോഷിക്കേണ്ട മൂന്ന് നിർണായക ഉത്സവങ്ങൾ ഉണ്ടായിരുന്നു: (1) വസന്തകാലത്ത് പെസഹാ അല്ലെങ്കിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (സാധാരണയായി മാർച്ച് പകുതി മുതൽ ഏപ്രിൽ പകുതി വരെ); (2) മുൻ ഉത്സവത്തിന് ഏഴ് ആഴ്ച കഴിഞ്ഞ് പെന്തക്കോസ്ത് അല്ലെങ്കിൽ വിളവെടുപ്പ് പെരുന്നാൾ (അല്ലെങ്കിൽ ആഴ്ചകളുടെ പെരുന്നാൾ), അങ്ങനെ 50 ദിവസങ്ങൾക്ക് ശേഷം ആരംഭിക്കുന്നു; (3) കൂടാരപ്പെരുന്നാൾ അല്ലെങ്കിൽ ശരത്കാലത്ത് വിളവെടുപ്പ് പെരുന്നാൾ (സാധാരണയായി സെപ്റ്റംബർ പകുതി മുതൽ ഒക്ടോബർ പകുതി വരെ; പുറപ്പാട് 34:18–26, ലേവ്യ. 23:4–44, സംഖ്യ. 28:16; 29:40; ആവ. 16:1–16 എന്നിവയും കാണുക).

## ദൈവത്തിന്റെ യഥാർത്ഥ പദ്ധതി

**പുറപ്പാട് 23:20-33 വായിക്കുക. വാഗ്ദത്ത ദേശം കീഴടക്കുന്നതിന് ദൈവം എന്ത് രീതികളാണ് ഉപയോഗിക്കാൻ ആഗ്രഹിച്ചത്?**

യിസ്രായേല്യർ തങ്ങളുടെ പുതിയ പ്രദേശത്തിനായി യുദ്ധം ചെയ്യണമെന്നത് ദൈവത്തിന്റെ ഉദ്ദേശ്യമായിരുന്നില്ല; അത് അവർക്ക് നൽകേണ്ടതായിരുന്നു. അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും ഇത് വാഗ്ദാനം ചെയ്തിരുന്നു, യിസ്രായേലിന് ദൈവം നൽകിയ പ്രത്യേക സമ്മാനമായി അവർ അത് സ്വീകരിക്കണമായിരുന്നു.

വാഗ്ദത്തദേശം കീഴടക്കുന്നതിനുള്ള മാതൃക ചെങ്കടൽ കടക്കുമ്പോൾ പ്രകടമായി. ദൈവം തന്റെ ജനത്തിനുവേണ്ടി പോരാടുകയും അവരെ കൊല്ലാൻ പദ്ധതിയിട്ടവരുടെ മേൽ അവർക്ക് പൂർണ്ണ വിജയം നൽകുകയും ചെയ്തു (പുറ. 14:13,14). ദൈവം അത്ഭുതകരമായി ഇടപെട്ടതിനാൽ മിസ്രയീമ്യർ പരാജയപ്പെട്ടു. അതുപോലെ, അസീറിയൻ രാജാവായ സൻഹേരീബിന്റെ കാലത്ത്, വിപുലവും, സജ്ജവും, നന്നായി പരിശീലനം ലഭിച്ചതുമായ അസീറിയൻ സൈന്യത്തെയും ദൈവം പരാജയപ്പെടുത്തി, യിസ്രായേല്യർ യുദ്ധം ചെയ്യേണ്ടതില്ലായിരുന്നു. പ്രവാചകനായ യെശയ്യാവ് മുഖാന്തരം ഹിസ്കീയാ രാജാവിന് നൽകിയ ദൈവ വചനം വിശ്വസിച്ചതിനാൽ ദൈവം രാജാവിന് വിജയം നൽകി (2 രാജാ. 19:35, യെശ. 37:36).

വാഗ്ദത്തദേശം അവന്റെ പിൻഗാമികൾക്ക് ഉടനടി നൽകില്ലെന്നും, 400 വർഷത്തിനുശേഷം മാത്രമേ നൽകൂ എന്നും ദൈവം അബ്രഹാമിനെ അറിയിച്ചു (ഉല്പത്തി 15:13-16). എന്തുകൊണ്ട്? കാരണം, കനാൻ ദേശത്തെ നിവാസികളുടെ ദുഷ്ടത ഇതുമായി ബന്ധപ്പെട്ടതായിരുന്നു. ദൈവം അവരോട് കരുണയോടെ പ്രവർത്തിച്ചു കൊണ്ടിരുന്നു, അവർക്ക് അനുതപിക്കാൻ ദൈവം മറ്റൊരു കൃപയുടെ സമയം നൽകി. എന്നിട്ടും, അവർ ദൈവത്തിനും അവന്റെ മൂല്യങ്ങൾക്കും എതിരായ മത്സരത്തിൽ തുടർന്നു, അതിനാൽ ആ ജനതകളുടെ അകൃത്യം പൂർത്തിയായപ്പോൾ, എബ്രായർക്ക് ഒരു പുതിയ മാതൃരാജ്യമായി അവരുടെ പ്രദേശം നൽകാൻ ദൈവം തയ്യാറായി.

കൂടാതെ, അസാധാരണവും എന്നാൽ വളരെ ഫലപ്രദവുമായ രണ്ട് രീതികളിലൂടെ ജാതികളെ യിസ്രായേലിനു മുമ്പിൽനിന്ന് പുറത്താക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തു: (1) ദുഷ്ടജാതികളിൽ ഭയവും ഭീതിയും അയച്ചുകൊണ്ട്, (2) ദൈവം കടന്നലുകളെ ഉപയോഗിച്ച്. യിസ്രായേല്യർ പുതിയ പ്രദേശത്ത് എത്തുന്നതിനുമുമ്പ്, അവരുടെ ശത്രുക്കളെ ഓടിച്ചു. അവർ പിന്നോട്ട് തിരിഞ്ഞ് ഓടുമായിരുന്നു (പുറ. 23:27,28). വാഗ്ദത്ത ദേശം കീഴടക്കുന്നതിൽ നിർണായക പങ്ക് ദൈവത്തിന്റെ ദൂതൻ വഹിക്കുന്നു. പ്രദേശങ്ങൾ കീഴടക്കി, അവരെ സംരക്ഷിച്ച, യിസ്രായേലിനെ നയിച്ച, ഈ ദൂതൻ ക്രിസ്തുവായിരുന്നു. പകൽ സമയത്ത് അവരെ നയിക്കുന്ന മേഘസ്തംഭവും രാത്രിയിൽ അഗ്നിസ്തംഭവുമായിരുന്നു ക്രിസ്തു. യിസ്രായേല്യർ ശ്രദ്ധാപൂർവ്വം ക്രിസ്തുവിനെ ശ്രദ്ധിക്കണമായിരുന്നു. കാരണം ക്രിസ്തുവിന് ദിവ്യ അധികാരമുണ്ടായിരുന്നു (പുറ. 23:21). ദൈവഹിതത്തോടുള്ള അവരുടെ ധിക്കാരവും ക്രിസ്തുവിന്റെ നേതൃത്വത്തിലുള്ള അവരുടെ വിശ്വാസക്കുറവും അവരുടെ പുരോഗതിയെ സങ്കീർണ്ണമാക്കി.

**ദൈവം ആ പുറജാതീയർക്ക് അവരുടെ വഴികൾ മാറ്റാൻ നിരവധി വർഷങ്ങൾ നൽകിയെന്ന ഈ ആശയം, ദൈവത്തിന്റെ കൃപയെക്കുറിച്ച് നമ്മെ എന്താണ് പഠിപ്പിക്കുന്നത്, മാത്രമല്ല അത് സ്വീകരിക്കാൻ വിസമ്മതിക്കുന്നവരെ ആ കൃപയുടെ പരിധികളെക്കുറിച്ച് എന്താണ് പഠിപ്പിക്കുന്നത്?**

## കണ്ണിനു പകരം കണ്ണ്

**മത്തായി 5:38-48 വായിക്കുക: പ്രതികാര നിയമത്തിന്റെ അർത്ഥം യേശു എങ്ങനെ വ്യാഖ്യാനിക്കുന്നു? ഇന്ന് നമ്മൾ അത് എങ്ങനെ പ്രയോഗികമാക്കണം?**

ഗിരിപ്രഭാഷണത്തിൽ, യേശുക്രിസ്തു പഴയനിയമത്തിൽ നിന്നുള്ള വാക്യങ്ങളാണ് ആളുകൾക്ക് തീർച്ചയായും പരിചിതമായിരുന്ന വാക്യങ്ങൾ ഉദ്ധരിച്ചത്. എന്നിരുന്നാലും, നൂറ്റാണ്ടുകളായി ഈ നിയമങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യത്തിൽനിന്ന് അകന്നുപോയ നിലവിലുള്ള റബ്ബിമാരുടെ വ്യാഖ്യാനങ്ങൾക്കെതിരെയാണ് അവിടുന്ന് സംസാരിച്ചത്. അതായത്, മനുഷ്യപാരമ്പര്യം ദൈവവചനത്തിന്റെ ഉദ്ദേശ്യം മറച്ചുവെക്കുക മാത്രമല്ല, ചില സന്ദർഭങ്ങളിൽ ശബ്ബത്ത് ചട്ടങ്ങളും, (അവർ ശബ്ബത്ത് കല്പനയോട് ചെയ്ത കാര്യങ്ങൾ ഓർക്കുക) അവയുടെ ഉദ്ദേശ്യത്തെയും അർത്ഥങ്ങളെയും വളച്ചൊടിച്ചു. തന്റെ വാക്കുകളിലൂടെ, യേശു ഈ നിയമങ്ങളുടെ യഥാർത്ഥ അർത്ഥങ്ങൾ പുനഃസ്ഥാപിക്കുകയായിരുന്നു.

ഗിരിപ്രഭാഷണത്തിൽ, തന്റെ ശ്രോതാക്കളെ പാഠങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യത്തിലേക്കും അർത്ഥത്തിലേക്കും തിരിച്ചുവിട്ടുകൊണ്ട്, യേശു ഈ തെറ്റായ വ്യാഖ്യാനങ്ങളിൽ ചിലത് തിരുത്താൻ ശ്രമിച്ചു.

കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നതിനെക്കുറിച്ച് സംസാരിക്കുന്ന പുറപ്പാട് 21:24-ൽ നിന്നുള്ള വാക്യം മത്തായി 5:38-ൽ ഉദ്ധരിച്ചിട്ടുണ്ട് ("നിങ്ങൾ കേട്ടിട്ടുണ്ട്... പക്ഷേ ഞാൻ നിങ്ങളോട് പറയുന്നു") കൂടാതെ പ്രതികാരനിയമം എന്നറിയപ്പെടുന്ന 'ലെക്സ് ടാലിയോണിസി'നെ പരാമർശിക്കുകയും ചെയ്തു. ബൈബിളിലെ മറ്റ് സ്ഥലങ്ങളിലും ഈ വാക്യം ഉപയോഗിച്ചിട്ടുണ്ട് (ലേവ്യ. 24:20, ആവ. 19:21).

യഥാർത്ഥത്തിൽ, വ്യക്തിപരമായ പ്രതികാരത്തിനെതിരെ രൂപപ്പെടുത്തിയതാണ് ഈ നിയമം. കുടിപ്പക അല്ലെങ്കിൽ ഒരു അന്വേഷണവും നടത്താതെ ആദ്യം പ്രതികാരം നിർത്തലാക്കുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. ജഡ്ജിമാർ പരിക്ക് വിലയിരുത്തി, തുടർന്ന് ശരിയായ നഷ്ടപരിഹാരം കണക്കാക്കി അത് നൽകണമായിരുന്നു. ആളുകൾ നിയമം സ്വന്തം കൈകളിലേക്ക് എടുക്കുന്നത് തടയുന്നതിനാണ് ഈ രീതി നടപ്പിലാക്കിയത്. ദൈവത്തിന്റെ നിയമം അനുസരിച്ച് നീതി നടപ്പാക്കണമായിരുന്നു.

മോശയ്ക്ക് ഈ സാമൂഹിക നിയമങ്ങൾ നൽകിയ യേശുക്രിസ്തുവിന് ഈ നിയമത്തിന്റെ ഉദ്ദേശ്യം അറിയാമായിരുന്നു; അതിനാൽ, അതിന്റെ യഥാർത്ഥ ഉദ്ദേശ്യമനുസരിച്ച്, വസ്തുനിഷ്ഠമായ രീതിയിൽ അത് പ്രയോഗിക്കാൻ അവന് കഴിഞ്ഞു. നീതിയും അനുരഞ്ജനവും കൊണ്ടുവരിക, സമാധാനം പുനഃസ്ഥാപിക്കുക എന്നതായിരുന്നു അതിന്റെ പിന്നിലെ ലക്ഷ്യം. ഒരർത്ഥത്തിൽ, നീതി ഒരുതരം പ്രതികാരത്തെ സൂചിപ്പിക്കുന്നുവെന്ന് ഒരാൾക്ക് വാദിക്കാം. നീതിയുടെയും പ്രതികാരത്തിന്റെയും ആശയങ്ങൾക്കിടയിൽ ശരിയായ സന്തുലിതാവസ്ഥ കണ്ടെത്താനുള്ള ശ്രമമായിരുന്നു ഈ നിയമങ്ങളുടെ ശരിയായ പ്രയോഗം.

**ഒരു ദിവസം നീതി ലഭിക്കുമെന്ന തിരിച്ചറിവ്, ഇപ്പോൾ ലോകത്ത് കാണുന്ന എല്ലാ അനീതികളെയും നേരിടാൻ നിങ്ങളെ എങ്ങനെ സഹായിക്കും?**

## പ്രതികാരം

പ്രിയമുള്ളവരേ, നിങ്ങൾ ഒരിക്കലും പ്രതികാരം ചെയ്യരുത്, മറിച്ച് അത് ദൈവത്തിന്റെ കോപത്തിന് വിട്ടുകൊടുക്കുക, കാരണം പ്രതികാരം എനിക്കുള്ളതാണ്, ഞാൻ പകരം വീട്ടും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു എന്ന് എഴുതിയിരിക്കുന്നു (റോമർ 12:19, ആവ. 32:35 ഉം കാണുക).

**ഈ വാക്യങ്ങളിൽ ഏത് വാഗ്ദാനവും കല്പനയും കാണപ്പെടുന്നു, അവ എങ്ങനെ അടുത്തു ബന്ധപ്പെട്ടിരിക്കുന്നു?**

ഇപ്പോൾ ഇല്ലാത്ത നീതി കർത്താവ് കൊണ്ടുവരുന്നതുവരെ, നിയമം നടപ്പിലാക്കുകയും ഉപദ്രവമോ പരിക്കോ സംഭവിക്കുമ്പോൾ ന്യായമായ ശിക്ഷ നിർണ്ണയിക്കുകയും ചെയ്യുക എന്നതായിരുന്നു പുരാതന യിസ്രായേലിലെ ന്യായാധിപന്മാരുടെ കടമ. എന്നാൽ അവർക്ക് ആദ്യം വസ്തുതകൾ ആവശ്യമായിരുന്നു. ക്രിസ്തുവിന്റെ കാലത്തെ നിയമജ്ഞർ വ്യക്തിപരമായ പ്രതികാരത്തിനുള്ള വാതിൽ തുറക്കുന്ന വിധത്തിൽ ഈ നിയമം പ്രയോഗിച്ചു എന്നതാണ് പ്രശ്നം. അങ്ങനെ ചെയ്യുന്നതിലൂടെ, തത്ത്വം അതിന്റെ സന്ദർഭത്തിൽനിന്ന് മാറ്റി, പ്രാരംഭ ഉദ്ദേശ്യം നഷ്ടപ്പെട്ടു. തൽഫലമായി, യഥാർത്ഥത്തിൽ നിയമം വിലക്കിയതിനെ അവർ പ്രതിരോധിക്കുകയായിരുന്നു.

**മത്തായി 6:4,6; മത്തായി 16:27; ലൂക്കോസ് 6:23; 2 തിമൊ. 4:8 എന്നിവ വായിക്കുക. പ്രതിഫലത്തിന്റെയും ശിക്ഷയുടെയും തത്വങ്ങളെ യേശു എങ്ങനെ വീക്ഷിച്ചു എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മോട് എന്താണ് പറയുന്നത്?**

യേശു പ്രതിഫല തത്വത്തിന് എതിരല്ലായിരുന്നു, ശിക്ഷ. നീതി എന്നത് തത്വത്തിന്റെ കാര്യമാണ്; അത് ജീവിതത്തിന്റെ ഒരു നിർണായക ഭാഗമാണ്. എന്നാലും, ഒരു വ്യക്തിയും സ്വയം ജഡ്ജി, ജൂറി, ആരാച്ചാർ എന്നീ നിലകളിൽ പ്രവർത്തിക്കരുത്. നീതിയെ വളച്ചൊടിക്കുന്നത് എത്ര എളുപ്പമാണ്! ദ്രോഹത്തിന് പകരം വീട്ടേണ്ടത് നമ്മുടെ കടമയല്ല. എന്തെങ്കിലും തിന്മ പരിഹരിക്കണമെങ്കിൽ, അത് വസ്തുനിഷ്ഠമായി ഒരു കോടതി നിർവഹിക്കണം; അത് ന്യായാധിപന്മാരുടെ പ്രവൃത്തിയാണ്.

ഈ സന്ദർഭത്തിൽ, നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ പൂർണ്ണരായിരിക്കാൻ യേശു നമ്മോട് പറയുന്നു. നമുക്ക് എങ്ങനെ ദൈവത്തെപ്പോലെ പൂർണ്ണരാകാൻ കഴിയും? നിസ്വാർത്ഥ സ്നേഹമാണ് ദൈവത്തിന്റെ പരമമായ സ്വഭാവം. ശത്രുക്കളെ എങ്ങനെ സ്നേഹിക്കണമെന്നും അവരെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും യേശു തന്റെ അനുയായികളെ പഠിപ്പിക്കുന്നു. യഥാർത്ഥ പൂർണ്ണത എന്നത് അർഹതയില്ലാത്തവരെ പോലും സ്നേഹിക്കുക, അവരോട് ക്ഷമിക്കുക, കരുണ കാണിക്കുക എന്നതാണ് (ലൂക്കോസ് 6:36). ഈ തത്വവും അത് നയിക്കുന്ന പ്രവൃത്തികളുമാണ് ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുക എന്നതിന്റെ അർത്ഥം.

**നമ്മോട് കല്പിക്കപ്പെട്ട രീതിയിൽ, അനുദിനം സ്നേഹിക്കാൻ ഏതൊക്കെ വഴികളിലൂടെ പഠിക്കാൻ നമുക്ക് കഴിയും? എന്തുകൊണ്ടാണ് ഇത് എപ്പോഴും സ്വയം മരണത്തിലേക്ക് നയിക്കുന്നത്?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, യിസ്രായേലിന് നൽകിയ നിയമം, പേജ് 310–314, ഗോത്ര പിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

നമ്മൾ നമ്മുടെ ശത്രുവിന്റെ പ്രദേശത്ത് ജീവിക്കുന്നതിനാൽ, യഥാർത്ഥ ജീവിതത്തിൽ അവന്റെ വൈദഗ്ധ്യവും വഞ്ചനാപരവുമായ പദ്ധതികളാൽ നമുക്ക് പരിക്കേറ്റേക്കാം എന്നതിൽ അതിശയിക്കാനില്ല. പാപവും നാം ജീവിക്കുന്ന പാപകരമായ ലോകവും മൂലമുണ്ടായ വേദനയും കഷ്ടപ്പാടും നമ്മിൽ ആർക്കാണ് അറിയാത്തത്? നിർഭാഗ്യവശാൽ, ഇപ്പോൾ അത് ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ്. എങ്കിലും, അത് നേരിടാൻ ദൈവം നമുക്ക് ശക്തി നൽകുന്നു.

നമുക്ക് ആവശ്യമുള്ളപ്പോൾ നമ്മുടെ പ്രിയ രക്ഷകൻ സഹായം അയയ്ക്കും. സ്വർഗ്ഗത്തിലേക്കുള്ള വഴി അവിടുത്തെ കാൽപ്പാടുകളാൽ വിശുദ്ധീകരിക്കപ്പെടുന്നു. നമ്മുടെ പാദങ്ങളെ മുറിവേൽപ്പിക്കുന്ന ഓരോ മുള്ളും നമ്മുടെ പ്രിയ രക്ഷകനെ മുറിവേൽപ്പിക്കുന്നു. നാം വഹിക്കാൻ വിളിക്കപ്പെട്ട ഓരോ കുരിശും അവിടുന്ന് നമുക്ക് മുമ്പേ വഹിച്ചു. സമാധാനത്തിനായി ആത്മാവിനെ ഒരുക്കുന്നതിനായി അവിടുന്ന് സംഘർഷങ്ങളെ അനുവദിക്കുന്നു. കഷ്ടകാലം ദൈവജനത്തിന് ഭയാനകമായ ഒരു പരീക്ഷണമാണ്; എന്നാൽ ഓരോ യഥാർത്ഥ വിശ്വാസിയും വിശ്വാസത്താൽ മുകളിലേക്ക് നോക്കുകയാണെങ്കിൽ, വാഗ്ദാനത്തിന്റെ വില്ല് തന്നെ ചുറ്റിപ്പറ്റി നിൽക്കുന്നത് കാണാൻ അവനു കഴിയും. എലൻ ജി. വൈറ്റ്, വലിയ വിവാദം, പേജ് 633.

## ചർച്ചാ ചോദ്യങ്ങൾ:

1. **കർത്താവ് ആ പുറജാതീയ ജനതകളെ അവരുടെ ദേശത്തുനിന്ന് പുറത്താക്കിയെന്നും ചിലപ്പോൾ തുടച്ചുനീക്കിയെന്നും ഉള്ള വസ്തുത മനസ്സിലാക്കാൻ വേണ്ടി ആളുകൾ നൂറ്റാണ്ടുകളായി കഷ്ടപ്പെടുന്നു. അത് തീർച്ചയായും അസ്വസ്ഥത സൃഷ്ടിക്കുന്നു, എങ്കിലും, ഈ സംഭവങ്ങളിൽ പോലും ദൈവത്തിന്റെ സ്നേഹവും നീതിയും പ്രകടമാക്കിയിരിക്കുന്നു എന്ന് ആളുകൾ മനസ്സിലാക്കുമ്പോൾ, അവന്റെ നീതി മാത്രമല്ല, അവന്റെ സ്നേഹവും വെളിപ്പെട്ടുവെന്ന് വിശ്വസിക്കാൻ അത് നമ്മെ എങ്ങനെ സഹായിക്കും?**
2. **മറ്റുള്ളവരെയും, നമ്മുടെ ശത്രുക്കളെയും, നിങ്ങളെ വെറുക്കുന്നവരെ പോലും സ്നേഹിക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ എല്ലാ വാക്കുകൾക്കും ശേഷം, അവിടുന്ന് നമ്മോട് പറയുന്നു, "അതിനാൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരാകുവീൻ" (മത്തായി 5:48) എന്ന വസ്തുത കൂടുതൽ ആഴത്തിൽ ചിന്തിക്കുക. ഈ മറ്റ് കല്പനകൾക്ക് തൊട്ടുപിന്നാലെ ഈ കല്പന പാലിക്കാൻ യേശു ആവശ്യപ്പെടുന്നത് എന്തു കൊണ്ടാണ്? 'പൂർണ്ണനായിരിക്കുക' എന്നതിന്റെ അർത്ഥത്തെക്കുറിച്ച് 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവായ' ദൈവം ഇവിടെ എന്താണ് നമ്മോട് പറഞ്ഞത്?**
3. **ദൈവത്തിന്റെ നിയമത്തോടും അതിന്റെ ധർമ്മങ്ങളോടും പൗലോസ് അപ്പൊസ്തലന് ക്രിയാത്മകവും ധാർമികപരവുമായ ഒരു ഉദ്ധാരണ മനോഭാവം ഉണ്ടായിരുന്നു, എന്നാൽ നിയമത്തിന്റെ ദുരുപയോഗത്തെ പൗലോസ് അപ്പൊസ്തലൻ എതിർത്തു. "നിങ്ങൾ ന്യായപ്രമാണത്തിന് കീഴിലല്ല, കൃപയ്ക്ക് കീഴിലാണ്" (റോമർ 6:14) എന്ന അപ്പൊസ്തലന്റെ പ്രസ്താവനയുടെ അർത്ഥമെന്താണ്? നിയമം ദുരുപയോഗം ചെയ്യാൻ കഴിയുന്ന വഴികൾ എന്തൊക്കെയാണ്? നീതിയും പ്രതികാരവും തമ്മിലുള്ള വ്യത്യാസം എന്താണ്? അവ തികച്ചും വ്യത്യസ്തമായ ആശയങ്ങളാണോ അതോ ഒരേ ആശയത്തിന്റെ വ്യത്യസ്ത വശങ്ങളാണോ? നീതിക്കായുള്ള നമ്മുടെ ആഗ്രഹം യഥാർത്ഥത്തിൽ പ്രതികാരത്തിനായുള്ള ആഗ്രഹമല്ലെന്ന് നമുക്ക് എങ്ങനെ അറിയാം?**

## പാഠം – 10

# ഉടമ്പടിയും രൂപരേഖയും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറ. 24:1–18; 1 കൊരി. 11:23–29; ലേവ്യ. 10:1,2; യെഹെ. 36:26–28; പുറ. 25:19; പുറ. 31:1–18.**

**മനഃപാഠവാക്യം:**

**"അപ്പോൾ മോശെ വന്നു കർത്താവിന്റെ എല്ലാ വചനങ്ങളും ന്യായവിധികളും ജനത്തെ അറിയിച്ചു. കർത്താവ് പറഞ്ഞ എല്ലാ വാക്കുകളും ഞങ്ങൾ ചെയ്യും എന്ന് ആളുകൾ ഏക സ്വരത്തിൽ ഉത്തരം പറഞ്ഞു" (പുറ. 24:3).**

അവരുടെ ദൈവവും സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ കർത്താവ് തന്റെ ജനത്തോടൊപ്പമായിരിക്കാനും അവരുടെ ഇടയിൽ വസിക്കാനും ആഗ്രഹിച്ചു. താനുമായി അടുത്ത കൂട്ടായ്മയിലായിരിക്കാനാണ് അവിടുന്ന് നമ്മെ സൃഷ്ടിച്ചത്. സമയവും പരിശ്രമവും കൊണ്ട് മാത്രമേ മറ്റുള്ളവരുമായി അർത്ഥവത്തായ ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ കഴിയുകയുള്ളെങ്കിൽ, ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ കാര്യത്തിലും ഇതു സത്യമാണ്. പക്ഷേ നാം അവനോടൊപ്പം സമയം ചെലവഴിച്ചാൽ അത് ഒരു ഉന്നമനവും വളർച്ചയും നിറഞ്ഞ അനുഭവമാക്കാം. പ്രായോഗികമായി, ഇതിനർത്ഥം ദൈവം നമ്മോട് സംസാരിക്കുന്ന അവിടുത്തെ വചനം പഠിക്കുക, നമ്മുടെ ഹൃദയങ്ങൾ ദൈവത്തിലേക്ക് തുറക്കുന്ന പ്രാർത്ഥനയിൽ സമയം ചെലവഴിക്കുക, ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, തിരിച്ചുവരവ് എന്നിവയെക്കുറിച്ച് മറ്റുള്ളവരോട് സാക്ഷ്യം വഹിക്കുക (ദൈവത്തിന്റെ ദൗത്യത്തിൽ ഏർപ്പെടുക) എന്നാണ്. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ, നമ്മൾ മറ്റുള്ളവർക്ക് അനുഗ്രഹങ്ങളുടെ ഒരു ചാനലായിത്തീരും.

ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് നമ്മിൽത്തന്നെയല്ല, ദൈവത്തിലായിരിക്കണം (എബ്രാ. 12:1,2). അവനുമായുള്ള നമ്മുടെ ബന്ധം വഴി, അവിടുത്തെ പഠിപ്പിക്കലുകൾ, അതായത് അവിടുത്തെ വചനം അനുസരിക്കാനായി നമ്മെ പ്രാപ്തരാക്കാൻ ദൈവത്തിന് കഴിയും. ക്രിസ്തുവിന്റെ അനുയായികളുള്ള അന്ത്യകാല തലമുറയെ "ദൈവകല്പനയും യേശുവിന്റെ വിശ്വാസവും പാലിക്കുന്നവർ" (വെളി. 14:12) എന്ന് വിശേഷിപ്പിച്ചിരിക്കുന്നതിൽ അതിശയിക്കാനില്ല.

ഇത് വളരെ ലളിതമാണ്, വാസ്തവത്തിൽ: നാം ദൈവത്തെ സ്നേഹിക്കുന്നു, ആ സ്നേഹത്തിൽനിന്ന് നാം അവിടുത്തെ അനുസരിക്കുന്നു.

ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 6-ലെ ശബ്ബത്തിനായി ഒരുങ്ങുക.

# പുസ്തകവും രക്തവും

**പുറപ്പാട് 24:18 വായിക്കുക. ദൈവവും തന്റെ ജനവും തമ്മിലുള്ള ഉടമ്പടി ഉറപ്പിക്കലിൽ ദൈവവചനം വായിക്കുന്നതും രക്തം തളിക്കുന്നതും എന്ത് പങ്കാണ് വഹിക്കുന്നത്?**

ബൈബിളിലെ ജീവനുള്ള ദൈവം ബന്ധങ്ങളുടെ ദൈവമാണ്. നമ്മുടെ ദൈവത്തിന് ആവശ്യമുള്ള പ്രധാന ഘടകം ഒരു വസ്തുവോ കാര്യപരിപാടിയോ അല്ല, മറിച്ച് വ്യക്തിയാണ്. അതിനാൽ, ദൈവം ആളുകളിൽ ശ്രദ്ധ ചെലുത്തുന്നു. ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ പ്രാഥമിക ലക്ഷ്യം മനുഷ്യരുമായി വ്യക്തിപരമായ ബന്ധം കെട്ടിപ്പടുക്കുക എന്നതാണ്. എല്ലാത്തിനുമുപരി, സ്നേഹമായ ഒരു ദൈവം ബന്ധങ്ങളെക്കുറിച്ച് കരുതലുള്ള ഒരു ദൈവമാണ്, കാരണം ബന്ധങ്ങളില്ലാതെ സ്നേഹം എങ്ങനെ ഉണ്ടാകും?

യേശു പറഞ്ഞു: "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ, എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ. 12:32,). നമ്മുടെ ധാർമ്മിക പെരുമാറ്റത്തിലോ, ശരിയായ സിദ്ധാന്തത്തിലോ, ശരിയായ പ്രവർത്തനങ്ങളുടെ ഒരു കൂട്ടത്തിലോ മാത്രമല്ല, എല്ലാറ്റിനുമുപരി, നമ്മളുമായുള്ള വ്യക്തിപരമായ അടുത്ത ബന്ധത്തിൽ ദൈവം താൽപ്പര്യപ്പെടുന്നു. രണ്ട് സൃഷ്ടി സ്ഥാപനങ്ങളും (ഉല്പത്തി 1–2) ബന്ധത്തെക്കുറിച്ചാണ്: ആദ്യത്തേത് ദൈവവുമായുള്ള ലംബ ബന്ധത്തെക്കുറിച്ചും (ശബ്ബത്ത്) രണ്ടാമത്തേത് മനുഷ്യർ തമ്മിലുള്ള സമാന്തര ബന്ധത്തെക്കുറിച്ചും (വിവാഹം).

സീനായിലെ ഉടമ്പടി ഉറപ്പിക്കൽ ദൈവം തന്റെ ജനവുമായി ഉണ്ടായിരിക്കാൻ ആഗ്രഹിച്ച പ്രത്യേക ബന്ധത്തെ ശക്തിപ്പെടുത്തി. ചടങ്ങിൽ, ദൈവം ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളും തങ്ങൾ അനുസരിക്കുമെന്ന് ആളുകൾ രണ്ടുതവണ വിളിച്ചുപറഞ്ഞു. കർത്താവ് പറഞ്ഞതെല്ലാം ഞങ്ങൾ ചെയ്യും, അവർ പ്രഖ്യാപിച്ചു. അവരും അത് ഉദ്ദേശിച്ചിരുന്നു. പക്ഷേ അവരുടെ അപൂർണതയും ബലഹീനതയും ശക്തിയില്ലായ്മയും അവർ അറിഞ്ഞില്ല. ക്രിസ്തുവിന്റെ യോഗ്യതകളാൽ മാത്രമേ യിസ്രായേലിന് ദൈവത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ കഴിയൂ എന്ന് സൂചിപ്പിക്കുന്ന ഉടമ്പടി പുസ്തകത്തിൽ രക്തം തളിച്ചു.

മനുഷ്യ സ്വഭാവം അപൂർണവും, ദുർബലവും, പാപപൂർണവുമാണെന്ന് അംഗീകരിക്കാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. തിന്മയിലേക്കു സഹജമായ ഒരു പ്രവണത നമുക്കുണ്ട്. നന്മ ചെയ്യാൻ കഴിയണമെങ്കിൽ, നമുക്ക് പുറത്തുനിന്നുള്ള സഹായം വേണം. ഈ സഹായം മുകളിൽനിന്ന്, ദൈവത്തിന്റെ കൃപയുടെ ശക്തിയിൽനിന്ന്, അവന്റെ വചനത്തിൽനിന്ന്, പരിശുദ്ധാത്മാവിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. ഇതെല്ലാം നമ്മുടെ കൈവശമുണ്ടെങ്കിലും, തിന്മ ഇപ്പോഴും നമുക്ക് വളരെ എളുപ്പത്തിൽ വരുന്നു, ഇല്ലേ?

അതുകൊണ്ടാണ് ദൈവവുമായുള്ള ഒരു അടുത്ത വ്യക്തിപരമായ ബന്ധം, അന്ന് സീനായിലെ ആളുകൾക്ക് അത്യാവശ്യമായിരുന്നത് പോലെ, ഇന്ന് നമുക്ക് അത്യാവശ്യമായിരിക്കുന്നത്.

**"കർത്താവ് പറഞ്ഞതൊക്കെയും ഞങ്ങൾ ചെയ്യും" (പുറ. 24:3,). എത്ര തവണ നിങ്ങൾ ഇതുപോലെ പറഞ്ഞിട്ടുണ്ട്, പക്ഷേ പരാജയപ്പെട്ടു? എന്താണ് ഏക പരിഹാരം?**

# ദൈവത്തെ കാണുന്നു

**പുറപ്പാട് 24:9-18 വായിക്കുക. യിസ്രായേൽ മക്കൾക്ക് ഇവിടെ എന്ത് അത്ഭുതകരമായ അനുഭവമാണ് ഉണ്ടായത്?**

ദൈവവുമായുള്ള ഉടമ്പടിയുടെ ദൃഢമായ ഉറപ്പിക്കലിനുശേഷം, മോശെ വീണ്ടും സീനായി പർവതാരോഹണം നടത്തി. ഈ കയറ്റത്തിന്റെ തുടക്കത്തിൽ, മോശെ ഒറ്റയ്ക്കല്ലായിരുന്നു. 73 യിസ്രായേല്യ നേതാക്കളുടെ മികച്ച കൂട്ടായ്മ അദ്ദേഹത്തിനുണ്ടായിരുന്നു. നേതാക്കളെ സംബന്ധിച്ചിടത്തോളം, ഇത് ഒരു പരമോന്നത അനുഭവമായിരുന്നു: അവർ ദൈവത്തെ കണ്ടു (തിയോഫനി), രണ്ടുതവണ ഈ വാചകം അത്ഭുതകരമായ യാഥാർത്ഥ്യത്തിനു അടിവരയിടുന്നു. നേതാക്കൾ ഒരുമിച്ച് ഭക്ഷണം കഴിച്ച് ദൈവവുമായുള്ള ഉടമ്പടി മുദ്രവെക്കേണ്ട സമയമായിരുന്നു അത്. ഇതൊരു വിരുന്നായിരുന്നു, യിസ്രായേലിന്റെ ദൈവം അവരുടെ ആതിഥേയനായിരുന്നു. ഈ നേതാക്കളെ ദൈവം വളരെ അധികം ബഹുമാനിച്ചു.

ബൈബിൾ കാലഘട്ടത്തിൽ (ഒരു പരിധിവരെ ഇന്നും), മധ്യപൂർവദേശത്ത് ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് ഒരു ഉന്നത അനുഭവവും, മഹത്തരമായ ബഹുമതിയും, പദവിയുമായിരുന്നു. അത് ക്ഷമ വാഗ്ദാനം ചെയ്യുകയും സൗഹൃദബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. പ്രതിസന്ധി ഘട്ടങ്ങളിലും പ്രശ്നങ്ങളിലും പരസ്പരം സഹായിക്കുകയും ഒരുമിച്ച് നിൽക്കുകയും ചെയ്യുമെന്ന് അത് സൂചിപ്പിക്കുന്നു. ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിലൂടെ, ഒരു കക്ഷിക്ക് എന്തെങ്കിലും സംഭവിച്ചാൽ, മറ്റേയാൾ വന്ന് സഹായിക്കുമെന്ന് വാക്കുകളില്ലാതെ അവർ പരസ്പരം വാഗ്ദാനം ചെയ്യുന്നു. ഒരു ഭക്ഷണത്തിന് ക്ഷണിക്കപ്പെടുക എന്നത് എല്ലാവർക്കും ലഭിക്കാത്ത ഒരു പ്രത്യേക പദവിയാണ്.

അതേസമയം, ഭക്ഷണം നിരസിക്കുന്നത് ഏറ്റവും മോശമായ തരത്തിലുള്ള അപമാനങ്ങളിൽ ഒന്നായിരുന്നു. പുതിയ നിയമത്തിൽ യേശുക്രിസ്തു പാപികളോടൊപ്പം ഭക്ഷണം കഴിച്ചതിന് ശക്തമായി വിമർശിക്കപ്പെട്ട കഥകൾ മനസ്സിലാക്കാൻ ഈ ഉൾക്കാഴ്ച നമ്മെ സഹായിക്കുന്നു (ലൂക്കോസ് 5:30). വിശ്വാസികൾ തിരുവത്താഴം ആഘോഷിക്കുന്ന സമയത്ത്, തങ്ങളെപ്പോലെ പാപികളായ മറ്റ് വിശ്വാസികളുമായി അവർ ഈ അടുത്ത ബന്ധം സ്ഥാപിക്കുകയും, യേശുവിൽ നമുക്കുള്ള ക്ഷമയും രക്ഷയും ആഘോഷിക്കുകയും ചെയ്യുന്നു (മത്തായി 26:26-30, മർക്കോസ് 14:22-25, 1 കൊരി. 11:23-29).

ദുഃഖകരമെന്നു പറയട്ടെ, മോശെയോടൊപ്പം പോയ ചില പുരുഷന്മാർ പിന്നീട് പാപത്തിൽ വീണു, ജീവൻ നഷ്ടപ്പെട്ടു (ലേവ്യ 10:1,2,9). ദൈവവുമായി ഇത്ര ആഴത്തിലുള്ള അനുഭവം ഉണ്ടായിരുന്നിട്ടും, ആ അനുഭവത്താൽ അവർ രൂപാന്തരപ്പെടുകയോ മാനസാന്തരപ്പെടുകയോ ചെയ്തില്ല. സത്യവും വിശുദ്ധ പദവികളും കൈവശം വയ്ക്കുന്നത് യാന്ത്രികമായ മാനസാന്തരത്തെ അർത്ഥമാക്കുന്നില്ല എന്നതിനെക്കുറിച്ചുള്ള എത്ര ശക്തമായ ഒരു പാഠമാണിത്! അവർ ചെയ്തത് അനുഭവിച്ചറിഞ്ഞ ഈ പുരുഷന്മാർ പിന്നീട് ദുഃഖപര്യവസാന നാടകം കളിച്ച അവസാനത്തെ ആളുകൾ ആയിരിക്കണമായിരുന്നു.

**ഉന്നത പദവി ലഭിച്ചവരായ ഈ പുരുഷന്മാരുടെ, അഹരോന്റെയും പുത്രന്മാരുടെയും, കഥയെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. നമ്മെ ഏൽപ്പിച്ച വെളിച്ചത്താൽ, യഥാർത്ഥ ഉന്നത പദവി ലഭിച്ചവരായ അഡ്വെന്റിസ്റ്റുകാർ എന്ന നിലയിൽ ഇത് നമുക്ക് എന്ത് മുന്നറിയിപ്പാണ് നൽകുന്നത്?**

# അനുസരിക്കാൻ ശക്തി

**യെഹെസ്കേൽ 36:26-28 വായിക്കുക. നമ്മുടെ ജീവിതത്തിൽ അനുസരണം എങ്ങനെയാണ് സംഭവിക്കുന്നത്?**

മൂന്ന് സന്ദർഭങ്ങളിൽ, ദൈവത്തെ അനുസരിക്കുമെന്ന് യിസ്രായേല്യർ തീക്ഷ്ണമായി പ്രഖ്യാപിച്ചു (പുറ. 19:8; പുറ. 24:3,7). മനുഷ്യരായ നമ്മൾ ദുർബലരും, തകർന്നവരും, പാപികളുമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നുണ്ടെങ്കിലും അനുസരണം പ്രാധാന്യം അർഹിക്കുന്നു. പുരാതന യിസ്രായേലിന്റെ ചരിത്രത്തിലൂടെ മാത്രമല്ല, എല്ലാ ജനത്തിന്റെയും ചരിത്രത്തിലൂടെ ഈ ദുഃഖകരമായ സത്യം ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ നിയമം ശ്രദ്ധാപൂർവ്വം പാലിച്ചാൽ ദൈവം ചെയ്യുന്നത് നിങ്ങൾക്കും ചെയ്യാൻ കഴിയും.

അപ്പോൾ എങ്ങനെയാണ് ദൈവത്തെ വിശ്വസ്തതയോടെ പിന്തുടരാൻ നമുക്ക് കഴിയുക? ദൈവം കൽപ്പിക്കുന്നത് ചെയ്യാൻ അവിടുന്ന് നമ്മെ ശക്തീകരിക്കുന്നു എന്നതാണ് സന്തോഷവാർത്ത. നമ്മുടെ ഉള്ളിൽ ഇല്ലാത്ത സഹായം പുറത്തു നിന്നാണ് വരുന്നത്, ദൈവം ആവശ്യപ്പെടുന്നത് ചെയ്യാൻ അവിടുന്ന് നമ്മെ പ്രാപ്തരാക്കുന്നു. അത് ദൈവത്തിന്റെ പ്രവൃത്തിയാണ്. യെഹെസ്കേൽ 36:26,27-ലെ ദൈവശാസ്ത്ര സംഗ്രഹത്തിന്റെ കാതലായ ഭാഗത്ത്, പ്രവാചകനായ യെഹെസ്കേൽ ഈ കാര്യം വളരെ വ്യക്തമാക്കുന്നു. ദൈവത്തിന് മാത്രമേ ഹൃദയം മാറ്റിവയ്ക്കൽ നടത്താൻ കഴിയൂ, നമ്മുടെ ശിലാഹൃദയം നീക്കം ചെയ്ത് പകരം ലോലമായ ഒരു മാംസഹൃദയം സ്ഥാപിച്ചുകൊണ്ടാണ് ദൈവം അങ്ങനെ ചെയ്യുന്നത്. യോശുവ തന്റെ സദസ്സിനെ ഓർമ്മിപ്പിച്ചതുപോലെ: നിങ്ങൾക്ക് ദൈവത്തെ സേവിക്കാൻ കഴിയുന്നതല്ല (യോശുവ 24:19).

ദൈവത്തെ പിന്തുടരാൻ നമുക്ക് തീരുമാനിക്കാം; അതാണ് നമ്മുടെ ധർമ്മം. ഓരോ നിമിഷവും ദൈവത്തിന് കീഴടങ്ങുക എന്ന തിരഞ്ഞെടുപ്പ് നാം നടത്തണം. കാരണം, ദൈവത്തെ സേവിക്കാനുള്ള നമ്മുടെ ബോധപൂർവമായ തിരഞ്ഞെടുപ്പ് പോലും നിറവേറ്റാൻ നമുക്ക് ശക്തിയില്ല. എന്നാൽ നാം നമ്മുടെ ബലഹീനത ദൈവത്തിന് സമർപ്പിക്കുമ്പോൾ, അവിടുന്ന് നമ്മെ ശക്തരാക്കും. പൗലോസ് പറയുന്നു: "ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:10).

യെഹെസ്കേൽ 36:24-30-ലെ "ഞാൻ ആകുന്നവൻ ഞാനാകുന്നു" എന്നത് ശ്രദ്ധിക്കുക: അവിടുത്തെ നിയമം ശ്രദ്ധാപൂർവ്വം പാലിക്കാൻ ദൈവം നിങ്ങളെ ശേഖരിക്കുന്നു, ശുദ്ധീകരിക്കുന്നു, മാറ്റുന്നു, നൽകുന്നു, സ്ഥാപിക്കുന്നു, പ്രേരിപ്പിക്കുന്നു. അവൻ ചെയ്യുന്നത് നിങ്ങളും ചെയ്യും. അവിടുന്ന് നിങ്ങളുമായി ഒന്നാകുന്നു, നിങ്ങൾ ദൈവവുമായി അടുത്ത് സഹവസിക്കുകയാണെങ്കിൽ, അവിടുത്തെ പ്രവൃത്തി നിങ്ങളുടെ പ്രവൃത്തിയായിരിക്കും. ദൈവവും നിങ്ങളും തമ്മിലുള്ള ഐക്യം ചലനാത്മകവും ശക്തവും സജീവവുമായിരിക്കും.

വീണ്ടും, ഈ ഭാഗത്തിലെ ഊന്നൽ ദൈവത്തിന്റെ പ്രവൃത്തിയിലാണ്. യെഹെ. 36:27 ഇങ്ങനെ വായിക്കുന്നു: "ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും, നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അവ അനുഷ്ഠിക്കും. ദൈവം ആളുകളോട് അനുസരിക്കാൻ കൽപ്പിക്കുകയും തുടർന്ന് അനുസരിക്കാനുള്ള ശക്തി നൽകുകയും ചെയ്യുന്നു. ദൈവം തന്റെ ജനത്തോട് ആവശ്യപ്പെടുന്നത് ചെയ്യാൻ, അവിടുന്ന് എപ്പോഴും അവരെ സഹായിക്കുന്നു. നീതീകരണവും രക്ഷയും അവന്റെ ദാനങ്ങളായതുപോലെ അനുസരണവും ദൈവത്തിന്റെ ദാനമാണ് (നമ്മുടെ പ്രകടനമോ നേട്ടമോ മാത്രമല്ല) (ഫിലി. 2:13).

**അനുസരിക്കാനുള്ള ശക്തി നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, പാപത്തിൽ വീഴുന്നത് എളുപ്പമാണെന്ന് നമുക്ക് തോന്നുന്നത് എന്തുകൊണ്ട്?**

## തന്റെ ജനത്തിന്റെ നടുവിൽ

**ദൈവം തന്റെ ജനത്തെ വിവിധ മാർഗങ്ങളിലൂടെ പഠിപ്പിച്ചുകൊണ്ടിരുന്നു, അതിലൊന്ന് വിശുദ്ധമന്ദിരത്തിലൂടെയായിരുന്നു. അതിലെ എല്ലാ ശുശ്രൂഷകളും യേശുവിലേക്ക് വിരൽ ചൂണ്ടി; അവ നൂറ്റാണ്ടുകൾക്ക് ശേഷം യേശുവിലൂടെ നടപ്പിലാക്കപ്പെടാനിരുന്ന രക്ഷാപദ്ധതിയുടെ വസ്തുനിഷ്ഠമായ പാഠങ്ങളായിരുന്നു. പുറപ്പാട് 25:19 വായിക്കുക. ഈ വാക്യങ്ങളിൽ നിർണായകവും പ്രായോഗികവും ദൈവശാസ്ത്രപരവുമായ എന്ത് സത്യങ്ങളാണ് കാണപ്പെടുന്നത്?**

ദൈവം യിസ്രായേല്യരോട് അടുത്തിരുന്ന് അവരെ നയിച്ചിരുന്നുവെങ്കിലും, ഒരു വിശുദ്ധ മന്ദിരം പണിയാൻ അവൻ മോശെയോട് നിർദ്ദേശിച്ചു: "ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം" (പുറപ്പാട് 25:8). ദൈവം അവരോടൊപ്പമുണ്ടെന്ന് വ്യക്തമായി അവരെ കാണിക്കാൻ ദൈവം ആഗ്രഹിച്ചു. അവർ പലതവണ തെറ്റ് ചെയ്തെങ്കിലും, അവിടുന്ന് അവരെ ഉപേക്ഷിച്ചില്ല, അവർ വീണ്ടും സ്വർഗ്ഗത്തിന്റെ പ്രീതിയിലേക്ക് എടുക്കപ്പെട്ടതിനു ശേഷം അവർക്ക് വിശുദ്ധ മന്ദിരം പണിയുവാൻ ദൈവിക കല്പന ലഭിച്ചു, അവർ വിശുദ്ധ മന്ദിരം പണിയുവാൻ ആരംഭിച്ചു. (എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 343).

മനുഷ്യനിർമിത ക്ഷേത്രങ്ങളിലും കെട്ടിടങ്ങളിലും ദൈവം വസിക്കുന്നില്ലെന്ന് ബൈബിൾ നമ്മോടു പറയുന്നു (പ്രവൃത്തികൾ 7:47–50) കാരണം ദൈവം സ്വർഗ്ഗാധി സ്വർഗ്ഗത്തെക്കാൾ വലുതാണ്, സ്വർഗ്ഗത്തിന് ദൈവത്തെ ഉൾക്കൊള്ളാൻ സാധ്യമല്ല. ഏഥൻസിലെ അരയോപാഗസിൽ പൗലോസ് പറയുന്നു: "ലോകത്തെയും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനാണ്, മനുഷ്യ കൈകളാൽ നിർമ്മിച്ച ക്ഷേത്രങ്ങളിൽ അവൻ വസിക്കുന്നില്ല" (അ.പ്ര. 17:24). കൂടാതെ, ശലോമോൻ രാജാവ് പറയുന്നു: "എന്നാൽ ദൈവം ഭൂമിയിൽ വസിക്കുമോ? ഇതാ, സ്വർഗ്ഗത്തിനും അത്യുന്നത സ്വർഗ്ഗത്തിനും അങ്ങയെ ഉൾക്കൊള്ളാൻ കഴിയില്ല; ഞാൻ പണിതിരിക്കുന്ന ഈ ആലയം എത്ര ചെറുത്!" (1 രാജാ. 8:27). ദൈവം തന്റെ സാന്നിധ്യം അവർക്ക് വെളിപ്പെടുത്തുന്ന സ്ഥലമായിരുന്നു വിശുദ്ധമന്ദിരം.

വിശുദ്ധമന്ദിരത്തിന്റെ നിർമ്മാണത്തിനായി യിസ്രായേല്യർ ഒരു സ്വമേധയാ വഴിപാട് കൊണ്ടുവരണമായിരുന്നു. സ്വർണ്ണം, വെള്ളി, വെങ്കലം, ഖദിരമരം, വിവിധ തരം നല്ല തുണിത്തരങ്ങൾ, ഒലിവ് എണ്ണ, സുഗന്ധദ്രവ്യങ്ങൾ എന്നിവയുൾപ്പെടെ അമൂല്യവും വിലയേറിയതുമായ സമ്മാനങ്ങൾ അവർ നൽകണമായിരുന്നു.

പുറപ്പാട് 25:10; 27:21–ൽ, സമാഗമന കൂടാരത്തെയും അതിലെ ശുശ്രൂഷകളെയും കുറിച്ച് നമുക്ക് നിരവധി വിശദാംശങ്ങൾ നൽകിയിരിക്കുന്നു. നിയമപെട്ടകം, കാഴ്ചയപ്പമേശ, വിളക്കുതണ്ട്, വിളക്കുമരം, യാഗപീഠങ്ങൾ, തിരശ്ശീലകൾ, നിറങ്ങൾ, അളവുകൾ എന്നിവയുൾപ്പെടെ സമാഗമനകൂടാരം എങ്ങനെ നിർമ്മിക്കണമെന്നും സജ്ജീകരിക്കണമെന്നും ഉള്ള പ്രത്യേക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു രൂപരേഖ ദൈവം മോശെയ്ക്ക് നൽകി.

ദൈവം കാണിച്ച മാതൃക അനുസരിച്ച് മോശെ കൂടാരം പണിയണമായിരുന്നു (പുറ. 25:9,40; പുറ. 26:30), അത് സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിന്റെ പ്രതിഫലന മായിരുന്നു (എബ്രാ. 8:1,2; എബ്രാ. 9:11). യേശുവിന്റെ മരണവും സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ അവന്റെ ശുശ്രൂഷയും വരെ ഭൂമിയിലെ വിശുദ്ധമന്ദിരം ഒരു നിർണായക ധർമ്മം നിർവഹിച്ചു, ക്രിസ്തുവിന്റെ മരണസമയത്ത് അതിവിശുദ്ധസ്ഥലത്തിന് മുമ്പിലുള്ള തിരശ്ശീല കീറുന്നതിലൂടെ പ്രതീകപ്പെടുത്തുന്ന ഒരു സത്യമാണിത് (മത്താ. 27:51, മർക്കോസ് 15:38). അത് ഭൗമിക വിശുദ്ധമന്ദിരത്തെ അസാധുവാക്കി.

## ദൈവാത്മാവിനാൽ നിറയപ്പെട്ടു

കൂടാരത്തിലെ ശുശ്രൂഷകൾക്കുള്ള ഒരുക്കത്തിന്റെ എല്ലാ വിശദാംശങ്ങളിലും ദൈവം മോശെയ്ക്ക് നിർദ്ദേശം നൽകി. പുരോഹിതന്മാർ പുരോഹിതവസ്ത്രങ്ങൾ ധരിക്കണമായിരുന്നു, എന്നാൽ മഹാപുരോഹിതൻ യിസ്രായേൽ പുത്രന്മാരുടെ പേരുകൾ അടങ്ങിയ ഒരു പ്രത്യേക എഫോദ് ധരിച്ചിരുന്നു. ഊറീമും തുമ്മീമും അടങ്ങിയ ഒരു പതക്കവും തന്റെ ഹൃദയ ഭാഗത്ത് അദ്ദേഹം ധരിച്ചിരുന്നു, (പുറ. 28). എല്ലാ പുരോഹിതന്മാരെയും വിശുദ്ധീകരിക്കണമായിരുന്നു (പുറ. 29). ശ്രദ്ധാപൂർവ്വം തയ്യാറാക്കേണ്ട മറ്റ് വസ്തുക്കൾ ധൂപപീഠം, കഴുകുന്നതിനുള്ള പാത്രം, അഭിഷേക തൈലം, ധൂപവർഗ്ഗം (പുറപ്പാട് 30) എന്നിവയായിരുന്നു.

**പുറപ്പാട് 31:1–18 വായിക്കുക. കൂടാരത്തിന്റെ എല്ലാ വിശദാംശങ്ങളും അനുബന്ധ ശുശ്രൂഷകളും മനോഹരവും ഉചിതവുമായ രീതിയിൽ തയ്യാറാക്കാനും നിർമ്മിക്കാനും ദൈവം എന്ത് പ്രത്യേക സഹായം നൽകി?**

തിരുവെഴുത്തുകളിൽ ആദ്യമായി ദൈവം ഒരു വ്യക്തിയെ ദൈവത്തിന്റെ ആത്മാവിനാൽ നിറച്ചിരിക്കുന്നു എന്ന് വായിക്കുന്നു. അതിന്റെ അർത്ഥമെന്താണ്? കൂടാരത്തിന്മേൽ കലാപരമായി പ്രവർത്തിക്കാൻ ബെസലേലിനെ ശാക്തീകരിച്ചു. അതായത് പുതിയ കഴിവുകൾ, ഗ്രാഹ്യം, ആവശ്യമായ കരകൗശലത്തെക്കുറിച്ചുള്ള അറിവ് എന്നിവയാൽ അവൻ സജ്ജമാക്കപ്പെട്ടു. കൂടാതെ, ഈ വേലയിൽ ബെസലേലിനെ സഹായിക്കാൻ ദൈവം ഒഹൊലിയാബിനും മറ്റ് നിരവധി കരകൗശല വിദഗ്ധർക്കും അതേ ആത്മാവിനെ നൽകി.

ഈ എല്ലാ സൃഷ്ടിപരമായ കഴിവുകളുടെയും മദ്ധ്യത്തിൽ, ദൈവം അവരെ വിശുദ്ധീകരിക്കുന്ന യഹോവയാണെന്നും ദൈവത്തിനും തന്റെ ജനത്തിനും ഇടയിൽ ഒരു അടയാളമായി ശബ്ബത്ത് നല്കപ്പെട്ടിരിക്കുന്നു എന്നും ദൈവം വ്യക്തമാക്കി. നാലാമത്തെ കല്പനയുടെ ആചരണം വിശുദ്ധീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീട്, യെഹെസ്കേൽ ഇങ്ങനെ നിരീക്ഷിച്ചു: “ഞാൻ ദൈവമാണെന്ന് അവർ അറിയേണ്ടതിന്, എനിക്കും അവർക്കും ഇടയിൽ ഒരു അടയാളമായി ഞാൻ എന്റെ ശബ്ബത്തുകൾ അവർക്ക് നൽകി” (യെഹെ. 20:12).

കർത്താവ് നമ്മുടെ സ്രഷ്ടാവും (ഉല്പത്തി 2:2, 3), വീണ്ടെടുപ്പുകാരനും, ദൈവവും (ആവ. 5:15; മർക്കോസ് 2:27,28) മാത്രമല്ല, പരിശുദ്ധനും കൂടിയാണെന്നു ശബ്ബത്ത് ഓർമ്മിപ്പിക്കുന്നു. അവൻ തന്റെ സാന്നിധ്യത്താൽ ആളുകളെ രൂപാന്തരപ്പെടുത്തുന്നു; ദൈവാത്മാവിലൂടെ, ദൈവവചനത്തിലൂടെ, സ്നേഹവും ദയയും നിസ്വാർത്ഥതയും ക്ഷമിക്കുന്ന സ്വഭാവവും പ്രതിഫലിപ്പിക്കുന്നവരായി അവർ വളരുന്നു.

ദൈവം മോശെയ്ക്ക് നൽകിയ അവസാന സമ്മാനം പത്ത് കല്പനകളാണ് (പുറ. 31:18). ദൈവം തന്നെയാണ് പത്ത് കല്പനകൾ രണ്ട് കല്പലകകളിൽ എഴുതി നൽകിയത് (പുറ. 31:18, ആവ. 9:9–11). ഈ പലകകൾ സമാഗമന കൂടാരത്തിൽ അതിവിശുദ്ധസ്ഥലത്ത് കൃപാസനത്തിൻ കീഴിലുള്ള ഉടമ്പടി പെട്ടകത്തിനുള്ളിൽ സ്ഥാപിക്കണമായിരുന്നു (പുറ. 25:21).

**കൃപാസനം എന്ന പ്രയോഗം ഒരു എബ്രായപദത്തിൽനിന്നാണ് വരുന്നത്, അതിന്റെ മൂല അർത്ഥം ‘പ്രായശ്ചിത്തം ചെയ്യുക’ എന്നാണ്. അപ്പോൾ, ഈ ‘കൃപാസനം’ ദൈവത്തിന്റെ നിയമപെട്ടകത്തിനു നേരേ മുകളിൽ സ്ഥാപിക്കപ്പെട്ടത് എന്തുകൊണ്ട്? അതിൽ നാം കാണുന്ന പ്രത്യാശ എന്ത്?**

## കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റ്, കൂടാരവും അതിലെ ശുശ്രൂഷകളും, പേജ് 343-353, ഗോത്ര പിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

ദൈവജനത്തിന്റെ ഏറ്റുപറഞ്ഞ പാപങ്ങൾക്ക് പാപമോചനം ലഭിച്ചിരുന്ന ഒരു പ്രത്യേക സ്ഥലമായിരുന്നു കൂടാരം. യിസ്രായേൽ മക്കൾ മരുഭൂമിയിലായിരുന്നപ്പോൾ രക്ഷയുടെ മുഴുവൻ പദ്ധതിയും വിശദമായി, അവർക്ക് വെളിപ്പെടുത്തിയ സ്ഥലമായിരുന്നു അത്. നീതീകരണം, വിശുദ്ധീകരണം, ന്യായവിധി എന്നിവയെല്ലാം അവിടെ പഠിപ്പിച്ചു. ഓരോ മൃഗബലിയും യേശുവിന്റെ മരണത്തിലേക്കും, പാപമോചനത്തിലേക്കും, ഒടുവിൽ, പാപങ്ങൾ തുടച്ചുനീക്കുന്നതിലേക്കും വിരൽ ചൂണ്ടി. യാഗങ്ങളോടൊപ്പം, നീതിയുടെ മാനദണ്ഡമായ ദൈവത്തിന്റെ നിയമത്തിന്റെ സാന്നിധ്യവും അവിടെ ഉണ്ടായിരുന്നു.

പെട്ടകത്തിനുള്ളിൽ പ്രതിഷ്ഠിച്ചിരുന്ന ദൈവത്തിന്റെ നിയമം നീതിയുടെയും ന്യായവിധിയുടെയും മഹത്തായ നിയമമായിരുന്നു. നിയമം ലംഘനക്കാരന് മരണം പ്രഖ്യാപിച്ചു; എന്നാൽ നിയമത്തിന് മുകളിൽ കൃപാസനം ഉണ്ടായിരുന്നു, അതിന്മേൽ ദൈവത്തിന്റെ സാന്നിധ്യം വെളിപ്പെട്ടു, പ്രായശ്ചിത്തത്തിന്റെ ഫലമായി, അനുതപിക്കുന്ന പാപിക്ക് പാപമോചനം ലഭിച്ചു. അങ്ങനെ വിശുദ്ധമന്ദിര ശുശ്രൂഷകളാൽ പ്രതീകപ്പെടുത്തപ്പെടുന്ന നമ്മുടെ വീണ്ടെടുപ്പിനായുള്ള ക്രിസ്തുവിന്റെ പ്രവൃത്തിയിൽ, കൃപയും സത്യവും ഒരുമിച്ചു കണ്ടുമുട്ടുന്നു; നീതിയും സമാധാനവും പരസ്പരം ചുംബിച്ചിരിക്കുന്നു. സങ്കീർത്തനം 85:10. എലൻ ജി. വൈറ്റ്, ഗോത്ര പിതാക്കന്മാരും പ്രവാചകന്മാരും, പേജ് 349.

## ചർച്ചാ ചോദ്യങ്ങൾ:

1. **കർത്താവ് എന്നോട് ചെയ്യാൻ പറയുന്നതെല്ലാം ഞാൻ ചെയ്യും എന്ന് നിങ്ങൾ എത്ര തവണ പറഞ്ഞിട്ടുണ്ട്? നിങ്ങളുടെ ശ്രമങ്ങളിൽ നിങ്ങൾ എത്രത്തോളം വിജയിച്ചു?**
2. **സീനായ് പർവതത്തിൽ കർത്താവിനോടൊപ്പമുള്ള മോശെയുടെ 40 ദിവസത്തെ താമസത്തിന്റെ അവസാനം, യിസ്രായേല്യർ തന്റെ ശബ്ബത്ത് ആചരിക്കണമെന്ന് ദൈവം ഊന്നിപ്പറഞ്ഞു, കാരണം അവരെ വിശുദ്ധരാക്കുന്നത് കർത്താവാണ് എന്നതിന് അത് ദൈവത്തിനും അവർക്കും ഇടയിൽ ഒരു അടയാളമായിരിക്കും. വിശുദ്ധ ശബ്ബത്ത് ആചരിക്കുന്നതും വിശുദ്ധീകരിക്കുന്നതും എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു?**
3. **ഞാൻ അവരുടെ ഇടയിൽ വസിക്കേണ്ടതിന് അവർ ഒരു വിശുദ്ധ മന്ദിരം നിർമ്മിക്കണമെന്ന് കർത്താവ് ആഗ്രഹിച്ചു. യിസ്രായേലിന്റെ രക്ഷയുടെ കേന്ദ്രമായിരുന്നു ഈ സ്ഥലം എന്നത് എത്ര ആകർഷകമാണ്. ദൈവം തന്റെ ജനത്തിനിടയിൽ വസിച്ചിരുന്ന ഈ വിശുദ്ധ മന്ദിരത്തിൽ, രക്ഷയുടെ പദ്ധതി മാതൃകകളിലും നിഴലുകളിലും നടപ്പിലാക്കപ്പെട്ടു. രക്ഷയ്ക്കായി ദൈവത്തെ പൂർണ്ണമായും ആശ്രയിക്കുന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്താണ് പറയുന്നത്?**
4. **രക്തത്തിലൂടെ അവരുടെ എല്ലാ പാപങ്ങളും ദൈവത്തിന്റെ വിശുദ്ധ ആലയത്തിലേക്ക് കൊണ്ടുവന്നു എന്നതിന്റെ അർത്ഥമെന്താണ്? യേശു ക്രൂശിൽ നമുക്കുവേണ്ടി ചെയ്തതും സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ ഇപ്പോൾ നമുക്കുവേണ്ടി ചെയ്യുന്നതുമായ ഈ അത്ഭുതകരമായ സത്യത്തെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു?**

## പാഠം – 11

# വിശ്വാസത്യാഗവും മധ്യസ്ഥതയും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറ. 32:16; സങ്കീ. 115:48; യെശ. 44:9,10; റോമർ 1:22–27; പുറ. 32:7–32; യെശ. 53:4.**

**മനഃപാഠവാക്യം:**

**"അപ്പോൾ മോശെ കർത്താവിന്റെ അടുക്കൽ മടങ്ങിവന്ന് പറഞ്ഞു: അയ്യോ, ഈ ജനം ഒരു വലിയ പാപം ചെയ്തു, സ്വർണ്ണംകൊണ്ട് തങ്ങൾക്കുവേണ്ടി ഒരു ദൈവത്തെ ഉണ്ടാക്കിയിരിക്കുന്നു! എങ്കിലും ഇപ്പോൾ, നീ അവരുടെ പാപം ക്ഷമിക്കേണമേ – അല്ലെങ്കിൽ, നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്ന് എന്റെ പേർ മായിച്ചു കളയണമേ ഞാൻ പ്രാർത്ഥിക്കുന്നു" (പുറപ്പാട് 32:31,32).**

മോശെ യിസ്രായേൽ പാളയത്തിൽനിന്ന് അപ്രത്യക്ഷനായിട്ട് വെറും 40 ദിവസമേ ആയിട്ടുള്ളൂ. എന്താണ് സംഭവിച്ചത്? ദൈവജനം ദൈവത്തിൽനിന്ന് അകന്നു മാറി മനുഷ്യനിർമ്മിതമായ സ്വർണ്ണ കാളക്കുട്ടിയെ ആരാധിക്കുന്നു. ഇത്രയധികം ശക്തമായ അടയാളങ്ങൾക്കും അനുഭവങ്ങൾക്കും അത്ഭുതങ്ങൾക്കും ശേഷം, അവർക്ക് അത് ചെയ്യാൻ എങ്ങനെ കഴിഞ്ഞു?

നിരവധി ഉത്തരങ്ങൾ ഉണ്ടാകാം, ഒരുപക്ഷേ അവയിലെല്ലാം ചില സത്യങ്ങളും കണ്ടേക്കാം. ദൈവം യഥാർത്ഥത്തിൽ ആരാണെന്ന് ആളുകൾക്ക് മനസ്സിലായില്ലേ? അതോ അവനുമായുള്ള അവരുടെ ശക്തമായ അനുഭവങ്ങൾ അവരുടെ ജഢികവും പാപപരവുമായ ആഗ്രഹങ്ങളാൽ മൂടപ്പെട്ടിരുന്നോ? ദൈവം അവർക്കുവേണ്ടി ചെയ്തതിനെ അവർ വിലമതിക്കാതെ, അതെല്ലാം നിസ്സാരമായി എടുത്തോ? അവരുടെ ദൈനംദിന ചിന്തകളും പഴയ പാപചിന്തകളും അവരുടെ ധാരണയെ മങ്ങിയതാക്കിയോ? അവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ കരുണാമയമായ പ്രവൃത്തികൾക്ക് അവർ നന്ദികെട്ടവരായി തീർന്നോ? ദൈവത്തിന്റെ മഹത്തായ പ്രവൃത്തികൾ അവർ ഇത്ര പെട്ടെന്ന് മറന്നുപോയോ (സങ്കീ. 106:13, 21–23)? അതോ അഹരോന്റെ പരാജയപ്പെട്ട നേതൃത്വത്തെ കുറ്റപ്പെടുത്തിയോ? കർത്താവ് അഹരോനോട് വളരെ കോപിക്കുകയും അവനെ നശിപ്പിക്കുകയും ചെയ്യുമായിരുന്നു (ആവ. 9:20).

ഈ ഭയാനകമായ വിശ്വാസത്യാഗത്തിന്റെ കാരണങ്ങൾ എന്തുതന്നെയായാലും, നമുക്ക് അതിൽനിന്ന് എന്ത് പാഠങ്ങൾ പഠിക്കാൻ കഴിയും? മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ച് മാത്രമല്ല, പാപാവസ്ഥ ഉണ്ടായിരുന്നിട്ടും, മനുഷ്യരോടുള്ള ദൈവത്തിന്റെ കൃപയാർന്ന സ്നേഹത്തെക്കുറിച്ചും നാം എന്ത് പഠിക്കുന്നു?

ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 13-ലെ ശബ്ബത്തിനായി ഒരുങ്ങുക.

## പരാജയപ്പെട്ട നേതൃത്വം

ദൈവം തന്നോടൊപ്പം സമയം ചെലവഴിക്കാൻ മോശെയെ വിളിച്ചു. നാല്പത് പകലും നാല്പത് രാത്രിയും മോശെയ്ക്ക് ഒരു ചെറിയ കാലയളവായിരുന്നിരിക്കാം, പക്ഷേ യിസ്രായേല്യർക്ക് അത്, വളരെ ദൈർഘ്യമേറിയതായി തോന്നി. അവരുടെ ദൃശ്യനായ നേതാവ് ഇല്ലായിരുന്നു. അവർ ദിശാബോധം നഷ്ടപ്പെട്ടവരും, അക്ഷമരും, ഭയന്നവരും, അരക്ഷിതാവസ്ഥയിലുമായി. വിഗ്രഹാരാധന നിറഞ്ഞ മിസ്രയീമിൽ ജീവിതകാലം മുഴുവൻ തങ്ങൾ കണ്ട ദൈവങ്ങളെ പോലെ തങ്ങളെ നയിക്കാൻ ഒരു ദൃശ്യ ദൈവം ഉണ്ടായിരിക്കണമെന്ന് അവർ ആഗ്രഹിച്ചു.

**പുറപ്പാട് 32:16 വായിക്കുക. അഹരോന്റെ നേതൃത്വം ഇത്ര അത്ഭുതകരമായി പരാജയപ്പെപ്പെട്ടത് എങ്ങനെ?**

അഹരോൻ അവസരത്തിനൊത്ത് ഉയർന്നില്ല. ആ നിമിഷം പിടിച്ചെടുത്ത് ശരിയാ യത് ചെയ്യുന്നതിൽ അവൻ പരാജയപ്പെട്ടു. കർത്താവിൽ വിശ്വസിക്കുന്നതിനുപകരം, ഭൂരിപക്ഷത്തിന്റെ മുമ്പാകെ അവൻ തളർന്നുപോയി. ആളുകൾ അചിന്തനീയമായത് ആവശ്യപ്പെട്ടു: "വരൂ, ഞങ്ങളുടെ മുമ്പിൽ പോകുന്ന ഒരു ദൈവത്തെ ഞങ്ങൾക്ക് ഉണ്ടാക്കിത്തരൂ" (പുറ. 32:1), അവൻ സമ്മതിച്ചു.

വിഗ്രഹം നിർമ്മിക്കാൻ ആളുകൾ സ്വമേധയാ സ്വർണ്ണം നൽകി, അഹരോൻ അവരെ തടഞ്ഞില്ല എന്നു മാത്രമല്ല, വാസ്തവത്തിൽ, സംഭാവന ചെയ്യാൻ അവരെ ക്ഷണിച്ചു. തുടർന്ന് അഹരോൻ ഈ വ്യാജ ദൈവത്തിന്റെ രൂപപ്പെടുത്തലിൽ പങ്കെടുത്തു. "യിസ്രായേലേ, ഇത് നിന്നെ മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന നിന്റെ ദൈവമാണ് പിന്നീട്, ആളുകൾ പ്രഖ്യാപിച്ചു" (പുറ. 32:4). പാപികളും ദുഷ്ടന്മാരും ഹ്രസ്വദൃഷ്ടിക്കാരുമായിരുന്നു അവർ. ഈ വിഗ്രഹം നിർമ്മിച്ചതിനുശേഷം, ആ വിഗ്രഹം, തങ്ങളെ രക്ഷിച്ചുവെന്ന് അവർ പറഞ്ഞു. പാപകരമായ ആഗ്രഹ ങ്ങൾക്ക് നമ്മുടെ ചിന്തയെയും പ്രവൃത്തികളെയും എങ്ങനെ വളച്ചൊടിക്കാൻ കഴിയും എന്നത് അതിശയകരമല്ലേ? ആളുകൾ സ്വന്തം സൃഷ്ടികളെ ആരാധിക്കുന്നു, ഈ പ്രക്രിയയിൽ അവരുടെ മനുഷ്യത്വവും ധാർമ്മികതയും അധഃപതിക്കുന്നു.

ഇത്തരമൊരു പ്രതിസന്ധിയിൽ ജനപ്രീതി, വ്യക്തിപരമായ സുരക്ഷ, അല്ലെങ്കിൽ ജീവൻ എന്നിവയ്ക്ക് മുകളിൽ ദൈവമഹത്വത്തെ ഉയർത്തിപ്പിടിക്കുവാൻ ദൃഢ നിശ്ചയവും തീരുമാനശേഷിയും അചഞ്ചലമായ ധൈര്യവുമുള്ള ഒരു നേതാവിനെ യാണ് ആവശ്യം ആയിരുന്നത്. എന്നാൽ യിസ്രായേലിന്റെ ഇപ്പോഴത്തെ നേതാവ് ഈ സ്വഭാവക്കാരനല്ലായിരുന്നു. ദുർബലനായ അഹരോൻ ജനങ്ങളോട് ചേർന്ന് ദൈവത്തിനെതിരായി പ്രതിഷേധിച്ചു, പക്ഷേ ആ നിർണായക നിമിഷത്തിൽ അവന്റെ ചാഞ്ചാട്ടവും ഭീരുത്വവും അവരെ കൂടുതൽ ദൃഢനിശ്ചയം ഉള്ളവരാക്കി. കോലാഹലം വർദ്ധിച്ചു. അന്ധവും യുക്തിരഹിതവുമായ ഒരു ഉന്മാദം ജനക്കൂട്ടത്തെ കീഴടക്കിയതായി തോന്നി. ദൈവവുമായുള്ള തങ്ങളുടെ ഉടമ്പടിയിൽ വിശ്വസ്തത പുലർത്തുന്ന ചിലർ ഉണ്ടായിരുന്നു, പക്ഷേ ജനങ്ങളിൽ ഭൂരിഭാഗവും വിശ്വാസ ത്യാഗത്തിൽ പങ്കുചേർന്നു. അഹരോൻ സ്വന്തം സുരക്ഷയെക്കുറിച്ച് ഭയപ്പെട്ടു; ദൈവത്തിന്റെ മഹത്വത്തിനായി മാന്യമായി നിലകൊള്ളുന്നതിനുപകരം, അവൻ ജനക്കൂട്ടത്തിന്റെ ആവശ്യങ്ങൾക്ക് വഴങ്ങി. എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ്. 316, 317.

**ഒരു നേതാവായ അഹരോന് എങ്ങനെ ഇത്ര ദുർബലനാകാൻ കഴിഞ്ഞു? അഹരോൻ ഏതൊക്കെ വിധങ്ങളിൽ തന്റെ അതിദാരുണമായ പ്രവൃത്തികളെ സ്വന്തം ഹൃദയത്തിൽ ന്യായീകരിക്കാൻ ശ്രമിച്ചിരിക്കാം?**

## വിഗ്രഹാരാധനയും തിന്മയും

**പുറപ്പാട് 32:6 വായിക്കുക. അവരുടെ വിഗ്രഹാരാധന അവരെ പെട്ടെന്ന് എവിടേക്കാണ് നയിച്ചത്? (സങ്കീ. 115:48; സങ്കീ. 135:15–18; യെശ. 44:9,10 എന്നിവയും കാണുക.)**

സ്വർണ്ണ കാളക്കുട്ടി 'ആപിസ്' എന്നറിയപ്പെടുന്ന മിസ്രയീമ്യ ദൈവത്തെപ്പോലെയോ, അല്ലെങ്കിൽ 'ഹാത്തോർ' എന്നറിയപ്പെടുന്ന പശുദൈവത്തെപ്പോലെയോ ആയിരുന്നു. ഇത് ഒന്നും രണ്ടും കല്പനകളുടെ (പുറപ്പാട് 20:36) നഗ്നമായ ലംഘനമായിരുന്നു. ഈ ലംഘനം ശിക്ഷിക്കപ്പെടാതിരിക്കാൻ പറ്റില്ല, കാരണം അത് ജീവനുള്ള അവരുടെ സ്രഷ്ടാവുമായുള്ള ബന്ധം പരസ്യമായി തകർത്തു. അവരുടെ സ്രഷ്ടാവിനെ ആരാധിക്കുന്നതിനു പകരം, കാണാനോ കേൾക്കാനോ മണക്കാനോ സംസാരിക്കാനോ പരിപാലിക്കാനോ സ്നേഹിക്കാനോ നയിക്കാനോ കഴിയാത്ത സ്വന്തം സൃഷ്ടിയെയാണ് യിസ്രായേല്യർ ആരാധിച്ചത്.

സൃഷ്ടി ക്രമം മാറ്റിമറിച്ചു: ദൈവത്തിന്റെ പ്രതിച്ഛായയിലാണ് അവർ സൃഷ്ടിക്കപ്പെട്ടതെന്ന് മനസ്സിലാക്കുന്നതിനുപകരം, അവർ സ്വന്തം പ്രതിച്ഛായയിൽ പോലും അല്ലാത്ത, ഒരു മൃഗത്തിന്റെ പ്രതിച്ഛായയിൽ, ഒരു ദൈവത്തെ ഉണ്ടാക്കി, അവർക്ക് അത് മതിയായിരുന്നു. അവർ സേവിക്കാൻ ആഗ്രഹിച്ച ദൈവം ഇതാണോ? അങ്ങനെ, അവർ ദൈവത്തിനെതിരെ വളരെ വലിയ പാപം ചെയ്തു (യെശ. 31:7; യെശ. 42:17).

**റോമർ 1:22–27–ൽ എഴുതിയിരിക്കുന്നത് സ്വർണ്ണ കാളക്കുട്ടി വിശ്വാസത്യാഗം എങ്ങനെ പ്രതിഫലിപ്പിക്കുന്നു?**

ദൈവം ദൈവമാണ്, മനുഷ്യൻ മനുഷ്യനാണ്. വിഗ്രഹാരാധന ദൈവത്തിനും മനുഷ്യനും ഇടയിൽ വിടവ് സൃഷ്ടിച്ച് ദൈവവുമായുള്ള ബന്ധം തകർക്കുന്നു (സഭാപ്രസംഗി 5:2). അത് പ്രകടമായതോ, തുറന്നതോ, ഹൃദയത്തിൽ മറഞ്ഞിരിക്കുന്നതോ എന്തായാലും, വിഗ്രഹാരാധന കർത്താവുമായുള്ള നമ്മുടെ ബന്ധത്തെ വേഗത്തിൽ വിച്ഛേദിച്ച് ധാർമ്മികമായ അധഃപതനത്തിലേക്ക് നമ്മെ നയിക്കുന്നു. അടുത്ത ദിവസം അവർ എന്താണ് ചെയ്തതെന്നതിൽ അതിശയിക്കാനില്ല: വിഗ്രഹത്തിന് ബലിയർപ്പിച്ച ശേഷം, അവർ ആഘോഷം ആരംഭിച്ചു, മിസ്രയീമിലെ വിഗ്രഹാരാധനാ ഉത്സവങ്ങളുടെ അനുകരണം ആയിരുന്നു ഇത് എന്ന് എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 320 ൽ പരാമർശിച്ചു.

സ്വന്തം വിഗ്രഹങ്ങൾ കെട്ടിച്ചമയ്ക്കുന്നതിൽ മനുഷ്യർ പ്രതികളാണ്. അവർ സ്വന്തം ദൈവങ്ങളെ സൃഷ്ടിക്കുന്നു, അത് വളരെ മോശമാണ്, അവർ പോയി ആ ദൈവങ്ങളെ സേവിക്കുന്നു. പെട്ടെന്ന് അല്ലെങ്കിൽ പിന്നീട്, സ്രഷ്ടാവിനെ മാറ്റി സ്ഥാപിക്കുന്നു, അത് ധാർമ്മിക അധഃപതനത്തിലേക്ക് നയിക്കുന്നു.

**ഇന്ന് മനുഷ്യർ സ്രഷ്ടാവിനു പകരം സൃഷ്ടിയെ ആരാധിക്കുന്ന രീതികൾ എന്തൊക്കെയാണ്?**

# സ്വയം ദുഷിപ്പിക്കുന്നു

**പുറപ്പാട് 32:7,8 വായിക്കുക. ദൈവം മോശെയെ യിസ്രായേൽ പാളയത്തിലേക്ക് തിരിച്ചയച്ചത് എന്തുകൊണ്ട്?**

ഒരു വിഗ്രഹത്തിലേക്ക് തിരിഞ്ഞതിലൂടെ, യിസ്രായേല്യർ മിസ്രയീമിൽനിന്ന് തങ്ങളെ വിടുവിച്ച സത്യദൈവത്തിൽനിന്ന് പിരിഞ്ഞു പോകുന്ന പ്രക്രിയയിലായിരുന്നു. മിസ്രയീമിൽ നിന്ന് തങ്ങളെ വിടുവിച്ചത് ഈ പ്രതിമ എന്ന് പറഞ്ഞുകൊണ്ട് "തങ്ങളെത്തന്നെ ദുഷിപ്പിച്ച അവരെ ദൈവം കുറ്റം വിധിച്ചു" (പുറപ്പാട് 32:7). ദൈവം അവരോട് പറഞ്ഞതിന് എത്ര വിപരീതം! (പുറപ്പാട് 20:2). ദൈവത്തിന്റെ സാന്നിധ്യത്തെയും വീര്യപ്രവൃത്തികളെയും നിഷേധിക്കുന്നത് ഗൗരവമേറിയ കാര്യമാണ്. അവരുടെ ചിന്തയും വികാരങ്ങളും വികലവും പൂർണ്ണമായി ദുഷിച്ചതും ആയിരുന്നു.

യെഹെസ്കേൽ പ്രവാചകനെ സംബന്ധിച്ചിടത്തോളം, ദൈവജനത്തിന്റെ എല്ലാ ദുരിതങ്ങളുടെയും മൂലകാരണം വിഗ്രഹാരാധന ആയിരുന്നു, അവിടെ നിന്നാണ് മറ്റ് എല്ലാ പാപങ്ങളും ഉത്ഭവിക്കുന്നത് (ഉദാഹരണത്തിന്, യെഹെ. 8:1-18, യെഹെ. 20:1-44, യെഹെ. 22:1-12 കാണുക). പുരാതന വിശ്വാസികൾ വ്യത്യസ്ത മനുഷ്യനിർമ്മിത വിഗ്രഹങ്ങളെ ആരാധിച്ചപ്പോൾ ഇത്ര ചിന്തയില്ലാത്തവരും തിരുത്താൻ കഴിയാത്തവരുമായത് എന്തു കൊണ്ടാണെന്ന് നമ്മൾ പലപ്പോഴും ചിന്തിക്കാറുണ്ട്. നമ്മൾ ഒരിക്കലും അങ്ങനെയൊന്നും ചെയ്യില്ലെന്ന് നമുക്ക് ഉറപ്പുമുണ്ട്. നമ്മൾ യഥാർത്ഥത്തിൽ വിഗ്രഹങ്ങളിൽനിന്ന് മുക്ത രാണോ? ഇന്നത്തെ വിഗ്രഹങ്ങൾക്ക് വ്യത്യസ്ത ആകൃതികളും രൂപങ്ങളും ഉണ്ടായിരിക്കാം, എന്നാലും അവയ്ക്ക് സമാനമായ ഒരു ആകർഷണമുണ്ട്.

ദൈവത്തെ മാറ്റിസ്ഥാപിക്കുന്ന ഒന്നാണ് ഒരു വിഗ്രഹം, അത് ശരിയല്ലെന്ന് നമുക്കറി യാമെങ്കിലും, നമ്മൾ പലപ്പോഴും അതിനെ ആരാധിക്കുന്നത് ആവർത്തിക്കുന്നു. ദൈവത്തേ ക്കാൾ കൂടുതലായി അത്, നമ്മുടെ ഭാവന, വാത്സല്യം, സമയം, മനസ്സ് എന്നിവ പിടിച്ചെടു ക്കുന്നു. നമ്മുടെ ചിന്തയെ അടിമപ്പെടുത്താൻ പോലും അതിന് കഴിയും. വാസ്തവത്തിൽ, നമ്മൾ എന്താണോ കാണുന്നത് അത് ആയിത്തീരുന്നു, നമ്മൾ സേവിക്കുന്ന ഏതൊരു ദൈവത്തെക്കാളും ഉയരത്തിലേക്ക് നമ്മൾ ഉയരുകയില്ല.

ദൈവം നിങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവല്ലെങ്കിൽ, മറ്റ് ദൈവങ്ങൾ അവന്റെ സ്ഥാനം നിറയ്ക്കും. ദൈവത്തിന്റെ സജീവ സാന്നിധ്യം നാം ആസ്വദിക്കുകയും വളർത്തി യെടുക്കുകയും ചെയ്യുന്നില്ലെങ്കിൽ, നാം നമ്മുടെ ജീവിതം മറ്റെന്തിനോ അല്ലെങ്കിൽ മറ്റൊരാൾക്കോവേണ്ടി സമർപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യും. ക്രിസ്തുവിനുപകരം വയ്ക്കുന്നവയ്ക്ക് വ്യത്യസ്ത രൂപങ്ങൾ: അഹങ്കാരം, സ്വാർത്ഥത, പണം, അധികാരം, ലൈംഗികത, ഭക്ഷണം, ടിവി, മയക്കുമരുന്ന്, മദ്യം, അശുദ്ധമായ ചിന്തകൾ, അശ്ലീലം, ആനന്ദങ്ങൾ, ജോലി, കായികം, കുടുംബം, വീഡിയോ ഗെയിമുകൾ, സിനിമകൾ, ഷോപ്പിംഗ്, ആശയങ്ങൾ, രാഷ്ട്രീയം, സംഗീതം, സ്ഥാനം, സ്ഥാനപ്പേരുകൾ, ഗ്രേഡുകൾ മുതലായവ ഉണ്ടാകാം. പട്ടികയ്ക്ക് അവസാനമില്ല.

ഇക്കാര്യത്തിൽ നമ്മൾ വളരെ സർഗ്ഗാത്മകരും കണ്ടുപിടുത്തക്കാരുമാണ്. നല്ലതും മനോഹരവും അർത്ഥവത്തുമായതെന്തും നമുക്ക് ഒരു വിഗ്രഹമാക്കി മാറ്റാൻ കഴിയും. വിഗ്രഹാരാധന അത്യന്തം അപകടകരമാണ്, കാരണം അത് നമ്മുടെ വ്യക്തിത്വവും ചിന്താരീതിയും സ്നേഹവും സാമൂഹിക ജീവിതവും രൂപാന്തരപ്പെടുത്തുന്നു. അത് നമ്മുടെ വ്യക്തിത്വത്തെ മാറ്റുകയും യഥാർത്ഥ വ്യക്തിബന്ധങ്ങളെ പൊള്ളയാക്കുകയും ഒടുവിൽ, നമ്മെ രക്ഷിക്കാൻ കഴിയാത്തതും അർത്ഥശൂന്യവുമായ ഇടപെടലുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുകയും ചെയ്യും.

# ദൈവത്തിന്റെ നീതിയുള്ള കോപം

**പുറപ്പാട് 32:9–29 വായിക്കുക. യിസ്രായേലിനെ നശിപ്പിക്കുമെന്ന ദൈവത്തിന്റെ ഭീഷണിയോട് മോശെയുടെ പ്രതികരണം എന്തായിരുന്നു?**

മോശെ സീനായ് പർവതത്തിലായിരിക്കുമ്പോൾത്തന്നെ, മത്സരികളെ നശിപ്പിച്ച് മോശെയുടെ പിൻഗാമികളെ ഒരു വലിയ ജനമാക്കുമെന്ന് ദൈവം പറഞ്ഞു. എന്നാൽ മോശെ ആഗ്രഹിച്ചത് അതായിരുന്നില്ല. പകരം, യിസ്രായേല്യർ മോശെയുടെ ജനമല്ല – അവർ ദൈവത്തിന്റെ ജനമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മോശെ ദൈവത്തോട് അപേക്ഷിച്ചു. മോശെയല്ല അവരെ മിസ്രയീമിൽനിന്ന് കൊണ്ടുവന്നത്, മറിച്ച് ദൈവം തന്നെയാണ് തന്റെ അത്ഭുതപ്രവൃത്തികളിലൂടെ അത് ചെയ്തത്. അതുകൊണ്ട് മോശെ പിതാക്കന്മാരോടുള്ള തന്റെ ആദ്യകാല വാഗ്ദാനങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ട്, ദൈവത്തോട് അപേക്ഷിച്ചു, മോശെ ദൈവത്തിനും മനുഷ്യവർഗത്തിനും ഇടയിൽ ഒരു മധ്യസ്ഥനായി പ്രവർത്തിച്ചു.

തന്റെ ജനത്തിന് വരുത്തുമെന്ന് പറഞ്ഞ ദോഷത്തെക്കുറിച്ച് ദൈവം അനുതപിച്ചതിനുശേഷം (പുറപ്പാട് 32:14), മോശെ അവരുടെ അടുത്തേക്ക് മടങ്ങി. പുറപ്പാട് 34:29, 30–ൽ സംഭവിച്ചതുപോലെ, ദൈവത്തിന്റെ സന്നിധിയിൽനിന്ന് വന്നപ്പോൾ പ്രകാശിച്ചതുപോലെ അല്ലായിരുന്നു മോശെയുടെ മുഖം, പിന്നെയോ, മോശെയുടെ മുഖം തന്റെ കോപത്തെ പ്രതിഫലിപ്പിച്ചു.

മോശെ പാളയത്തിലേക്ക് അടുത്തപ്പോൾ, കാളക്കുട്ടിയെയും നൃത്തവും കണ്ടപ്പോൾ, അവന്റെ കോപം ജ്വലിച്ചു, കൈകളിൽനിന്ന് പലകകൾ രണ്ടും, മോശെ പർവതത്തിന്റെ അടിവാരത്തേക്ക് എറിഞ്ഞുതകർത്തു (പുറപ്പാട് 32:19). പത്തു കല്പനകൾ അടങ്ങിയ പലകകൾ പൊട്ടിച്ചത്, അതിന്റെ ഉള്ളടക്കം പൊട്ടിച്ചതിന്റെ ഒരു ബാഹ്യ അടയാളമായിരുന്നു. ദൈവം മോശെയെ ശാസിച്ചു, എന്നാൽ, പിന്നീട് “നീ പൊട്ടിച്ചുകളഞ്ഞ ആദ്യ പലകകൾ” (ആവ. 10:2) മാറ്റിസ്ഥാപിക്കാൻ അതുപോലെ രണ്ട് പലകകൾ ഉണ്ടാക്കാൻ മോശെയോട് കല്പിച്ചു. ദൈവം തന്നെ പത്തു കല്പനകൾ വീണ്ടും എഴുതിക്കൊടുത്തു.

ജനങ്ങളുടെ ആവശ്യങ്ങൾക്ക് കീഴടങ്ങിയതിന് മോശെ അഹരോനെ കഠിനമായി ശാസിച്ചു. “നീ അവരെ ഇത്ര വലിയ പാപത്തിലേക്ക് നയിക്കാൻ ഈ ആളുകൾ നിന്നോട് എന്തു ചെയ്തു?” (പുറ. 32:2). അഹരോൻ തന്റെ ലംഘനത്തിന് ന്യായീകരണം നൽകാൻ ശ്രമിച്ചു: (1) മറ്റുള്ളവരെ കുറ്റപ്പെടുത്തിയും (2) മാന്ത്രികതയിലൂടെയും: “ഞാൻ അത് ‘സ്വർണ്ണം’ തീയിലേക്ക് എറിഞ്ഞു, ഈ കാളക്കുട്ടി പുറത്തുവന്നു!” (പുറപ്പാട് 32:24). മോശെയോടും 70 മൂപ്പന്മാരോടും ഒപ്പം പർവതത്തിൽ കയറുന്നത് ഉൾപ്പെടെയുള്ള നിരവധി പദവികൾ നൽകപ്പെട്ട അഹരോനെ, ദൈവം വളരെയധികം ബഹുമാനിച്ചു എന്നതാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയത് (പുറ. 24:1). എന്തൊരു ഇരുണ്ട വിരോധാഭാസം! ഒരു അത്ഭുതം സംഭവിച്ചുവെന്ന് അവകാശപ്പെടുന്നതിലൂടെ, അഹരോൻ തന്റെ സഹോദരനെ കബളിപ്പിക്കാൻ ശ്രമിച്ചു (ഒരു പാപം മറ്റൊന്നിലേക്ക് നയിക്കുന്നത് എങ്ങനെയെന്ന് ശ്രദ്ധിക്കുക; ഈ സാഹചര്യത്തിൽ, വിഗ്രഹാരാധന നുണയിലേക്കാണ് നയിച്ചത്). എന്തായാലും, ആളുകൾ എത്ര വന്യമായി പെരുമാറുന്നുവെന്ന് കണ്ടിട്ടും മോശെ വഞ്ചിക്കപ്പെട്ടില്ല. പ്രതികൂല ഫലങ്ങൾ വ്യക്തമായിരുന്നു, മോശയ്ക്ക് ഉടൻ തന്നെ മത്സരം നിർത്തേണ്ടി വന്നു.

**മധ്യസ്ഥ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് ഈ സംഭവം നമ്മെ എന്താണ് പഠിപ്പിക്കുന്നത്? നിങ്ങൾ ഇപ്പോൾ ആർക്കുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്?**

# മധ്യസ്ഥ പ്രാർത്ഥന

**പുറപ്പാട് 32:30-32 വായിക്കുക. പാപികൾക്കുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥനയിൽ മോശെ എത്രത്തോളം മുന്നോട്ട് പോയി?**

അവരുടെ മത്സരം നിമിത്തം, യിസ്രായേല്യ പാളയത്തിൽ ഭയാനകമായ കാര്യങ്ങൾ സംഭവിച്ചു, അതിൽ നിരവധി ആളുകളുടെ മരണവും ഉൾപ്പെടുന്നു (പുറ. 32:28). അടുത്ത ദിവസം, മോശെ ജനങ്ങളോട് ഇങ്ങനെ പ്രഖ്യാപിച്ചു: "നിങ്ങൾ ഒരു വലിയ പാപം ചെയ്തിരിക്കുന്നു. ഇപ്പോൾ ഞാൻ യഹോവയുടെ അടുക്കലേക്കു കയറിപ്പോകുന്നു; ഒരുപക്ഷേ നിങ്ങളുടെ പാപത്തിന് പ്രായശ്ചിത്തം ചെയ്യാൻ എനിക്ക് കഴിയും" (പുറ. 32:30).

മോശെ യഹോവയുടെ അടുക്കലേക്കു മടങ്ങിപ്പോയി, അയ്യോ, ഈ ജനം എത്ര വലിയ പാപം ചെയ്തിരിക്കുന്നു! അവർ സ്വർണ്ണം കൊണ്ടു ദൈവങ്ങളെ ഉണ്ടാക്കിയിരിക്കുന്നു! എന്നാൽ, ദയവായി അവരുടെ പാപം ക്ഷമിക്കേണമേ - അല്ലെങ്കിൽ, അങ്ങ് എന്റെ പേര് എഴുതിയ പുസ്തകത്തിൽനിന്ന് എന്റെ പേര് മായിച്ചുകളയേണമേ (പുറ. 32:31,32).

മോശെയെ ക്രിസ്തുവിന്റെ ഒരു മാതൃകയായി കണക്കാക്കുന്നതിൽ അതിശയിക്കാനില്ല! പാപികൾക്കു വേണ്ടിയുള്ള തന്റെ മധ്യസ്ഥ പ്രാർത്ഥനയും അവർക്കു വേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കാനുള്ള തന്റെ സന്നദ്ധതയും കാരണം, ക്രിസ്തു നമുക്കെല്ലാവർക്കും വേണ്ടി എന്തുചെയ്യുമെന്ന് മോശെ തീർച്ചയായും പ്രതിഫലിപ്പിച്ചു. അതിക്രമികളോടുള്ള എത്ര മാതൃകാപരമായ അനുകമ്പ! അവൻ ദൈവത്തോടുള്ള തന്റെ സമ്പൂർണ്ണ സമർപ്പണവും ജനങ്ങളോടുള്ള അവന്റെ ത്യാഗപരമായ സ്നേഹവും പ്രകടമാക്കി. ഈ പ്രത്യേക സമയത്ത് മോശെ എത്ര കാലം ദൈവത്തോടൊപ്പം പർവതത്തിൽ താമസിച്ചുവെന്ന് പുറപ്പാട് പുസ്തകം പറയുന്നില്ല, എന്നാൽ അവൻ സീനായിയിൽ 40 ദിവസം ഉണ്ടായിരുന്നുവെന്ന് ആവർത്തനപുസ്തകം വെളിപ്പെടുത്തുന്നു (ആവ. 9:18 കാണുക).

പുറപ്പാട് 32:32-ൽ 'ക്ഷമിക്കുക' എന്ന് വിവർത്തനം ചെയ്തിരിക്കുന്ന പദം, അടിസ്ഥാനപരമായി 'വഹിക്കുക' എന്നർത്ഥമുള്ള ഒരു ക്രിയയിൽ നിന്നാണ്, ഉദാഹരണത്തിന് യെശയ്യാവ് 53:4-ൽ, (യേശുവിനെക്കുറിച്ച്) തീർച്ചയായും അവൻ നമ്മുടെ ദുഃഖങ്ങൾ വഹിച്ചു എന്ന് വായിക്കുന്നു. പുറപ്പാട് 32:32-ൽ 'ക്ഷമിക്കുക' എന്നും, 'വഹിക്കുക' എന്നും വിവർത്തനം ചെയ്തിരിക്കുന്നത് അതേ ക്രിയയിൽ നിന്നുമാണ്. (യെശ. 53:4). രക്ഷയുടെയും ക്ഷമയുടെയും പ്രക്രിയയെക്കുറിച്ചും നമ്മെ രക്ഷിക്കാൻ ദൈവം എന്ത് വിലകൊടുത്തു എന്നതിനെക്കുറിച്ചും എത്ര ശക്തമായ ഉൾക്കാഴ്ച.

തീർച്ചയായും, മോശെ ജനങ്ങളുടെ പാപം വഹിക്കാൻ കർത്താവിനോട് ആവശ്യപ്പെടുകയായിരുന്നു, ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം അവൻ കുരിശിൽ ചെയ്തത് അതാണ്. പുറപ്പാട് 32:32 പകരമുള്ള പാപപരിഹാരം എന്ന ആശയം മാത്രമല്ല, പകരം വയ്ക്കുന്നത് ആരാണ്: ദൈവം തന്നെ എന്നതും കാണിക്കുന്നു. പാപമോചനം എങ്ങനെ വരുന്നുവെന്ന് ഈ വചനം കാണിക്കുന്നു. ക്രിസ്തുവിൽ ദൈവം നമ്മുടെ പാപങ്ങൾ വഹിച്ചു, നമ്മുടെ പാപങ്ങൾ ക്ഷമിച്ചു കിട്ടാനുള്ള ഏക മാർഗവും അവൻ തന്നെ. രക്ഷാ പദ്ധതിയുടെ എത്ര ശക്തമായ പ്രകടനവും നമ്മെ രക്ഷിക്കാൻ ദൈവം എന്ത് വിലകൊടുത്തു എന്നതിനെക്കുറിച്ചു നമുക്കും പ്രപഞ്ചത്തിനും പ്രകടവുമാക്കി.

**ജനങ്ങളുടെ പാപങ്ങൾ വഹിക്കാൻ മോശെ ദൈവത്തോട് തന്നെ ആവശ്യപ്പെടുന്നു, ഒടുവിൽ, യേശുവിൽ, ദൈവം അത് ചെയ്യുന്നു. ഈ അത്ഭുതകരമായ സത്യം നമ്മുടെ മനസ്സുകളെ എങ്ങനെ ചുറ്റിപ്പിടിക്കുന്നു? വീണുപോയ മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് ഇത് നമ്മോട് എന്താണ് പറയുന്നത്?**

## കൂടുതൽ ചിന്ത:

**ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ എലൻ ജി. വൈറ്റിന്റെ 'സീനായിലെ വിഗ്രഹാരാധന' പേജ് 315-327 വായിക്കുക.**

ഈ ആഴ്ചയിലെ പാഠം വിശ്വാസികളിൽ ദൈവം ചെയ്ത പ്രവൃത്തിയിൽ ഒരു പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. "നാം ചോദിക്കുന്നതിലും നിനക്കുന്നതിലും വളരെ അധികം കർത്താവിന് നമ്മിൽ ചെയ്യാൻ കഴിയും" (എഫെ. 3:20). നമ്മൾ നമ്മിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ച്, നമ്മുടെ വ്യക്തിപരമായ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തരുത്, കാരണം ഇത് വിഗ്രഹാരാധനയിലേക്ക് നയിക്കും. പകരം, നമ്മുടെ ശ്രദ്ധ ദൈവത്തിലും അവിടുത്തെ ശക്തിയിലും ആയിരിക്കണം. അത് പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് നയിക്കപ്പെടാൻ ശക്തി നൽകുന്നു (ഫിലി. 4:13; യൂദാ 1:24,25).

ഈ പാപത്തിന് ന്യായവിധി നടപ്പാക്കണമെന്ന് നീതിയിൽ കുറയാത്ത സ്നേഹം ആവശ്യപ്പെട്ടു. ദൈവം തന്റെ ജനത്തിന്റെ സംരക്ഷകനും പരമാധികാരിയുമാണ്. മറ്റുള്ളവരെ നാശത്തിലേക്ക് നയിക്കാതിരിക്കാൻ അവിടുന്ന് മത്സരത്തിൽ ഉറച്ചുനിൽക്കുന്നവരെ ഛേദിച്ചുകളയുന്നു. കയീന്റെ ജീവൻ രക്ഷിച്ചതിലൂടെ, പാപം ശിക്ഷിക്കപ്പെടാതെ പോകാൻ അനുവദിച്ചാൽ അതിന്റെ ഫലം എന്തായിരിക്കുമെന്ന് ദൈവം പ്രപഞ്ചത്തിന് കാണിച്ചുകൊടുത്തു. കയീന്റെ ജീവിതവും പഠിപ്പിക്കലും തന്റെ പിൻഗാമികളിൽ ചെലുത്തിയ സ്വാധീനം, ഒരു വെള്ളപ്പൊക്കത്താൽ മുഴുവൻ ലോകത്തെയും നശിപ്പിക്കാൻ ആവശ്യപ്പെടുന്ന അഴിമതിയുടെ അവസ്ഥയിലേക്ക് നയിച്ചു... മനുഷ്യർ കൂടുതൽ കാലം ജീവിച്ചപ്പോൾ, അവർ കൂടുതൽ വഷളന്മാരായി. സീനായിലെ വിശ്വാസത്യാഗത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെ. ലംഘനത്തിനുള്ള ശിക്ഷ വേഗത്തിൽ ലഭിച്ചില്ലെങ്കിൽ, അതേ ഫലങ്ങൾ വീണ്ടും കാണപ്പെടും. -എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 325.

## ചർച്ചാ ചോദ്യങ്ങൾ:

1. **തിങ്കളാഴ്ചത്തെ പഠനത്തിന്റെ അവസാനത്തിലെ ചോദ്യത്തെക്കുറിച്ച് കൂടുതൽ വിശദമായി ചിന്തിക്കുക. സ്രഷ്ടാവിന് വിരുദ്ധമായി സൃഷ്ടിയെ ആരാധിക്കാൻ നമുക്ക് ഏതൊക്കെ മാർഗങ്ങളുണ്ട്? ഉദാഹരണത്തിന്, ഭൂമിയുടെ നല്ല കാര്യസ്ഥന്മാരാകാനും പരിസ്ഥിതിയെ ആരാധിക്കാതെ, അതിനെ ഒരു വിഗ്രഹമാക്കി മാറ്റാതെ, അതിനെ സംരക്ഷിക്കാൻ നമുക്ക് എങ്ങനെ കഴിയും?**
2. **ഒരു പ്രവൃത്തിയുടെ അനന്തരഫലങ്ങൾ അല്ലെങ്കിൽ സംഭവത്തോടുള്ള പ്രതികരണത്തിന്റെ ഗൗരവം മനസ്സിലാക്കി ഒരാൾക്ക് സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കാൻ കഴിയും. ദൈവത്തിനും അവന്റെ പഠിപ്പിക്കലിനുമെതിരായ മത്സരത്തിൽ ശാഠ്യപൂർവ്വം വിസമ്മതിച്ചവരെ വധിക്കാൻ മോശെ ഉത്തരവിട്ടത് എന്തുകൊണ്ട്?**
3. **പകരക്കാരനാകുന്നത് പാപപരിഹാരത്തിന്റെ ഒരേയൊരു ശരിയായ മാതൃകയായിരിക്കുന്നത് എന്തുകൊണ്ട്? സുവിശേഷത്തിന്റെ അടിസ്ഥാനത്തെ നിഷേധിക്കുന്നതും താഴ്ത്തിക്കെട്ടുന്നതുമായ ഏതു പകരക്കാര പാപപരിഹാര സിദ്ധാന്തവും, ദൈവശാസ്ത്രപരമായി ഗുരുതരമായ ഒരു തെറ്റാണ്, എന്തുകൊണ്ട്? 1 പത്രോസ് 2:24 വായിക്കുക. നമ്മുടെ പകരക്കാരൻ യേശു എന്ന ആശയത്തെ ഇത് എങ്ങനെ ശക്തമായി വെളിപ്പെടുത്തുന്നു?**

പാഠം - 12

# ദയവായി നിന്റെ മഹത്വം എനിക്കു കാണിച്ചുതരൂ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 33:7; 34:35; ആവ. 18:15, 18; യോഹ. 17:3; റോമർ 2:4; യോഹ. 3:16; 2 കൊരി. 3:18.**

**മനഃപാഠവാക്യം:**

**"കർത്താവ് അവന്റെ മുമ്പാകെ കടന്നുഘോഷിച്ചത് എന്തെന്നാൽ കർത്താവായ ദൈവം കരുണയും കൃപയുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ വിടാതെ, പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ" (പുറ. 34:6,7).**

ദൈവത്തോടൊപ്പമുള്ള നമ്മുടെ നടത്തത്തിൽ എല്ലാവരും വളരേണ്ടതുണ്ട്. വളർച്ച ഇല്ലെങ്കിൽ നമ്മൾ മരിച്ചവരാണ്. അപ്പൊസ്തലനായ പത്രോസ് പ്രഖ്യാപിക്കുന്നു: "നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവിടുത്തേക്ക് ഇപ്പോഴും എന്നേക്കും മഹത്വം! ആമേൻ" (2 പത്രോസ്. 3:18). വളരാൻ നാം സന്നദ്ധരായിരിക്കണം. നാം ദിനംപ്രതി ദൈവത്തിന്റെ സർവ്വകലാശാലയിലാണ്, അവിടെ ബിരുദദാനമില്ല, മറിച്ച് നിരന്തരമായ പഠന പ്രക്രിയയിലാണ്. വളർച്ചയുടെ ഓരോ ഘട്ടത്തിലും, ക്രിസ്തുവിൽ വിളിക്കപ്പെട്ടിരിക്കുന്ന വ്യക്തിയായി നിങ്ങളെ രൂപപ്പെടുത്താൻ ദൈവത്തെ അനുവദിച്ചാൽ നിങ്ങൾക്ക് പൂർണ്ണരാകാൻ കഴിയും.

ഒരു സ്കൂളിനെക്കുറിച്ച് ചിന്തിക്കുക. ഒന്നാം ക്ലാസുകാർ വായിക്കാനും 100 വരെ എണ്ണാനും പഠിച്ചാൽ, അവർക്ക് പാസിങ് ഗ്രേഡ് ലഭിക്കും, കാരണം അവരുടെ അറിവ് വളർച്ചയുടെ ആ ഘട്ടത്തിൽ പൂർണ്ണമാണ്. എന്നാൽ, ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയുടെ അറിവിന്റെ നിലവാരം, അതിൽ കൂടുതലൊന്നും കണ്ടെത്തുന്നില്ലെങ്കിൽ, അത് അവന്റെയോ അവളുടെയോ വിദ്യാഭ്യാസത്തിലെ ഒരു വലിയ പരാജയത്തെ സൂചിപ്പിക്കുന്നു. ദൈവകൃപയിലും ദൈവത്തെക്കുറിച്ചുള്ള അറിവിലുമുള്ള നമ്മുടെ വളർച്ചയുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. നമ്മുടെ വികസനത്തിന്റെ ഓരോ ഘട്ടത്തിലും, ക്രിസ്തു തന്റെ മണ്ഡലത്തിൽ പൂർണത നേടിയതുപോലെ നമുക്ക് നമ്മുടെ മണ്ഡലത്തിൽ പൂർണതയുള്ളവരാകാൻ കഴിയും.

ദൈവത്തിന്റെ നിർദ്ദേശങ്ങൾ അറിയുന്നതിലൂടെയും പിന്തുടരുന്നതിലൂടെയും കർത്താവിനോടൊപ്പമുള്ള തന്റെ നടത്തത്തിൽ മോശെ എങ്ങനെ വളർന്നുവെന്ന് ഈ ആഴ്ച നമ്മൾ പഠിക്കുന്നു.

ഈ ആഴ്ചയിലെ പാഠം പഠിച്ചു സെപ്റ്റംബർ 20-ലെ ശബ്ബത്തിനായി ഒരുങ്ങുക.

## സമാഗമനകൂടാരം

**പുറപ്പാട് 33:7–11 വായിക്കുക. ദൈവം മോശെയോട് സമാഗമനകൂടാരം പണിയാൻ ആവശ്യപ്പെട്ടത് എന്തുകൊണ്ട്?**

സമാഗമനകൂടാരം (യിസ്രായേൽ പാളയത്തിന് പുറത്ത് നിർമ്മിച്ചത്) പിന്നീട് നിർമ്മിക്കപ്പെടുകയും പാളയത്തിന്റെ മധ്യഭാഗത്ത് സ്ഥാപിക്കുകയും ചെയ്ത സമാഗമനകൂടാരവുമായി നാം ആശയക്കുഴപ്പത്തിലാകരുത്. സമാഗമനകൂടാരത്തിൽ മോശെ എത്ര തവണ ദൈവവുമായി കൂടിയാലോചിച്ചുവെന്ന് നമുക്കറിയില്ല. എന്നാലും, ഒരു കാര്യം നമുക്ക് ഉറപ്പായി അറിയാം: ദൈവവുമായുള്ള മോശെയുടെ കൂടിക്കാഴ്ചകൾ അവർക്കിടയിൽ ഒരു അടുത്ത സൗഹൃദത്തിന് കാരണമായി. "ഒരു മനുഷ്യൻ തന്റെ സുഹൃത്തിനോട് സംസാരിക്കുന്നതുപോലെ ദൈവം മോശെയോട് മുഖാമുഖം സംസാരിച്ചു" (പുറപ്പാട് 33:11). നമുക്ക് കൂടിയാലോചിക്കാനും എല്ലാ കാര്യങ്ങളും തുറന്ന് ചർച്ച ചെയ്യാനും, അവൻ അല്ലെങ്കിൽ അവൾ അത് മറ്റുള്ള വരോട് ഒരിക്കലും വെളിപ്പെടുത്തില്ലെന്ന് വിശ്വസിക്കാനും കഴിയുന്ന, ഒരു വ്യക്തി യാണ് ഒരു സുഹൃത്ത്. ഒരു സുഹൃത്ത് ഉണ്ടായിരിക്കേണ്ടത് ഏറ്റവും നല്ല കാര്യ ങ്ങളിൽ ഒന്നാണ്, എന്നാൽ ആ സുഹൃത്ത്, ഏറ്റവും നല്ല വ്യക്തിയും വിശ്വസി ക്കാവുന്നവനും ആയിരിക്കേണം.

**പുറപ്പാട് 19–34–ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ദൈവം നമ്മുടെ ജീവിതത്തെ എങ്ങനെ രൂപാന്തരപ്പെടുത്തുന്നു എന്നതിനെക്കുറിച്ച് മോശെയുടെ കഥ വളരെ പ്രബോധനപരമാണ്. ദൈവം ഈ മികച്ച നേതാവുമായി എങ്ങനെ ഒരു ബന്ധം സ്ഥാപിച്ചു? മോശെയുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു പഠനം, ദൈവത്തിന്റെ ശക്തിയെക്കുറിച്ചു മാത്രമല്ല, അവിടുത്തെ സ്നേഹത്തെക്കുറിച്ചും സ്വഭാവത്തെ ക്കുറിച്ചും ഉള്ള തന്റെ അറിവിൽ മോശെ എങ്ങനെ വളർന്നു എന്ന് കാണിക്കുന്നു. ദൈവവുമായുള്ള ബന്ധത്തിന് ഇത് ഒരു നിർണായക ഘടകമാണ്.**

സീനായ് പർവതത്തിൽ എത്തുന്നതിനു മുമ്പ്, ഒരു പ്രത്യേക നേതൃത്വപരമായ റോളിനായി ഒരുങ്ങുമ്പോൾ പോലും, ദൈവം മോശെയെ ശക്തമായി ഉപയോഗിച്ചു. മിദ്യാൻ ദേശത്ത്, ആടുകളെ മേയ്ക്കുമ്പോൾ, ദൈവം രണ്ട് പുസ്തകങ്ങൾ എഴുതാൻ അവനെ പ്രചോദിപ്പിച്ചു: ഇയ്യോബ് & ഉല്പത്തി. തുടർന്ന്, കത്തുന്ന മുൾപടർപ്പിന്റെ നാടകീയ സംഭവത്തിൽ, യിസ്രായേലിനെ മിസ്രയീമിൽനിന്ന് പുറത്തുകൊണ്ടുവരാൻ ദൈവം അവനെ വിളിച്ചു. ചെങ്കടലിൽ മിസ്രയീമിലെ ദേവന്മാരുടെയും ശക്തമായ മിസ്രേമ്യൻ സൈന്യത്തിന്റെയും പരാജയം അവൻ കണ്ടു. ദൈവം യിസ്രായേലിനെ മിസ്രയീമിൽനിന്ന് സീനായിയിലേക്ക് നയിച്ചതെങ്ങനെയെന്ന് അവൻ ആഴ്ചകളോളം നിരീക്ഷിച്ചു. അവന്റെ തിളങ്ങുന്ന മുഖത്തിന് കാരണമായതിനുശേഷം, അവൻ യിസ്രായേലിനെ മറ്റൊരു 39 വർഷം വാഗ്ദത്ത ദേശത്തിന്റെ വക്കിലേക്ക് നയിച്ചു. മോശെ ദൈവത്തിന്റെ വിശ്വസ്ത ദാസനായിരുന്നുവെന്ന് ബൈബിൾ പറയുന്നു (ആവ. 34:5, യോശുവ 1:1), ഇരുട്ടിൽ മങ്ങാത്ത ഒരു വെളിച്ചം, മറ്റുള്ളവരെ അളക്കാൻ കഴിഞ്ഞ ഒരു മാതൃകാ പ്രവാചകൻ (ആവ. 18:15,18). ആളുകൾ എപ്പോഴും മോശെ യുടെ നിർദ്ദേശങ്ങളും വാക്കുകളും പാലിച്ചില്ലെങ്കിലും, മോശെ ഒരു മാറ്റത്തിന്റെ ഏജന്റായിരുന്നു. അങ്ങനെ ചെയ്തപ്പോൾ, അവർ അഭിവൃദ്ധി പ്രാപിച്ചു.

**മോശെയിൽനിന്ന് നമുക്ക് പഠിക്കാം, കാരണം നമ്മളെ മാറ്റാൻ ദൈവത്തെ അനുവദിക്കുമ്പോൾ ദൈവത്തിന് എന്തുചെയ്യാൻ കഴിയുമെന്ന് മോശെയുടെ അസാധാരണമായ ജീവിതകഥ നമ്മോട് പറയുന്നു. ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തിലെ ചില വഴിത്തിരിവുകൾ എന്തൊക്കെയായിരുന്നു, നിങ്ങളുടെ ജീവിതത്തിൽ ദൈവം ശക്തമായി പ്രവർത്തിച്ചുവെന്ന് നിങ്ങൾ എങ്ങനെ തിരിച്ചറിഞ്ഞു?**

# എനിക്ക് നിങ്ങളെ അറിയാൻ കഴിയേണ്ടതിന്

**പുറപ്പാട് 33:12-17 വായിക്കുക. മോശെ കർത്താവിനോട് എന്ത് പഠിപ്പിക്കാനാണ് ആവശ്യപ്പെട്ടത്? ദൈവത്തിന്റെ സാന്നിധ്യം അവരെ നയിക്കാൻ അവൻ ആവശ്യപ്പെട്ടത് എന്തുകൊണ്ടാണ്?**

കർത്താവിൽ മോശെയുടെ വളർച്ച സ്ഥിരമായിരുന്നു. അവൻ കർത്താവിനോട് കൂടുതൽ കൂടുതൽ അടുക്കുകയും ദൈവത്തിന്റെ സ്വരൂപത്തെ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്തു. ഒരു ദിവസം സമാഗമന കൂടാരത്തിൽ ദൈവവുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, മോശെ പെട്ടെന്ന് ദൈവത്തെ അറിയുന്നില്ലെന്ന് മനസ്സിലാക്കി, ഒരു പ്രത്യേക പ്രാർത്ഥന നടത്തി: “നിന്റെ വഴി ഇപ്പോൾ എനിക്ക് കാണിച്ചു തരൂ, ഞാൻ നിന്നെ അറിയാൻ ഇടയാകും” (പുറപ്പാട് 33:13). ദൈവത്തെ മനസ്സിലാക്കാനുള്ള തന്റെ ആഴമായ ആവശ്യത്തെക്കുറിച്ച് മോശെ ബോധവാനായിരുന്നു.

പുതിയൊരു തലത്തിൽ ദൈവത്തെ മനസ്സിലാക്കേണ്ടതിന്റെ ആഴമായ ആവശ്യത്തെക്കുറിച്ച് മോശെയ്ക്ക് ബോധ്യമുണ്ടായിരുന്നു. കർത്താവിനെ കൂടുതൽ അറിയുന്തോറും അവനെ അറിയുന്നില്ലെന്ന് അവൻ കണ്ടെത്തി. അവൻ തന്റെ ആവശ്യം തിരിച്ചറിഞ്ഞു, ദൈവത്തെ നന്നായി അറിയാൻ പൂർണ്ണഹൃദയത്തോടെ ആഗ്രഹിച്ചു. ദൈവം മോശെയുടെ ആഗ്രഹം മനസ്സോടെ അനുവദിച്ചു.

ഇതുവരെയുള്ള മോശെയുടെ അനുഭവങ്ങൾ നോക്കുന്നതിലൂടെ, മോശെ ദൈവവുമായുള്ള ആഴമേറിയതും അടുത്തതുമായ ബന്ധത്തിലേക്ക് എങ്ങനെ ആകർഷിക്കപ്പെട്ടുവെന്നും അവൻ എങ്ങനെ ആത്മീയമായി വളർന്നുവെന്നും നമുക്ക് നിരീക്ഷിക്കാൻ കഴിയും. ആദ്യം, മോശെ മലയിൽ കയറി ദൈവത്തിന്റെ അടുക്കൽ വരെ പോയി (പുറ. 19:3). പിന്നെ അവൻ മലയുടെ മുകളിൽ പോയി (പുറ. 19:20) അതിനുശേഷം ദൈവം വസിച്ചിരുന്ന ‘കട്ടിയുള്ള ഇരുട്ട്’ മേഘത്തെ സമീപിച്ചു (പുറ. 20:21).

മറ്റൊരു സന്ദർഭത്തിൽ, ദൈവം ഉണ്ടായിരുന്ന മേഘത്തിൽ മോശെ പ്രവേശിച്ചു, അവൻ 40 പകലും 40 രാത്രിയും ദൈവത്തോടൊപ്പം അവിടെ താമസിച്ചു (പുറ. 24:18). ഈ 40 ദിവസങ്ങൾക്കുള്ളിൽ, ദൈവം മോശെയ്ക്ക് രണ്ട് വിലയേറിയ സമ്മാനങ്ങൾ നൽകി: (1) മോശെ തന്നെ കൊത്തിയെടുത്ത കല്പലകകളിൽ ദൈവം തന്നെ എഴുതിയ പത്തു കല്പനകൾ (പുറ. 24:12), (2) കൂടാരം എങ്ങനെ നിർമ്മിക്കണമെന്നും സമാഗമനകൂടാരം എങ്ങനെ സജ്ജീകരിക്കണമെന്നും ഉള്ള നിർദ്ദേശങ്ങൾ (പുറ. 25-31).

പിന്നെ അവൻ 40 പകലും രാത്രിയും ദൈവത്തോടൊപ്പം ചെലവഴിച്ചു, പാപികൾക്കുവേണ്ടി മധ്യസ്ഥത വഹിച്ചു (പുറ. 32:30-32, ആവ. 9:18). ഇതെല്ലാറ്റിനും ശേഷം, ദൈവത്തിന്റെ സ്വഭാവം കൂടുതൽ വ്യക്തമായി അറിയാൻ മോശെ ആഗ്രഹിച്ചു, ദൈവം ഉടൻ തന്നെ അവൻ ആരാണെന്ന് മനസ്സിലാക്കാൻ പ്രത്യേക ഉൾക്കാഴ്ചകൾ നൽകി. മോശെ ആഗ്രഹിച്ച ഈ അറിവ് ദൈവത്തെക്കുറിച്ചുള്ള വെറും ബൗദ്ധിക ഗ്രാഹ്യമല്ല, മറിച്ച് ദൈവത്തിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള അനുഭവപരമായ അറിവായിരുന്നു.

**നൂറ്റാണ്ടുകൾക്ക് ശേഷം യേശു ഇങ്ങനെ പറഞ്ഞതിൽ അതിശയിക്കാനില്ല: “ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതാകുന്നു നിത്യജീവൻ” (യോഹ. 17:3). ദൈവം തന്നെത്തന്നെ മനുഷ്യർക്ക് വെളിപ്പെടുത്താൻ സ്വയം ഒരു മനുഷ്യനായതിനേക്കാൾ നല്ല മാർഗം വേറെ എന്തുണ്ട്? നിങ്ങൾക്ക് ദൈവത്തെ അറിയാമോ, അതോ നിങ്ങൾക്ക് അവനെക്കുറിച്ച് മാത്രം അറിയാമോ? രണ്ടും തമ്മിലുള്ള നിർണായക വ്യത്യാസം എന്താണ്?**

# ദയവായി നിന്റെ മഹത്വം എനിക്ക് കാണിച്ചു തരേണമേ

സ്വർണ്ണ കാളക്കുട്ടി വിശ്വാസത്യാഗത്തിനുശേഷം, ദൈവം അവരെ തുടർന്നും വാഗ്ദത്ത ദേശത്തേക്ക് നയിക്കുമെന്ന് ഉറപ്പാക്കാൻ ആഗ്രഹിച്ച മോശെ ദൈവജനത്തിനുവേണ്ടി മാധ്യസ്ഥം വഹിച്ചു. അവന്റെ ഉള്ളിന്റെ ഉള്ളിൽ, ദൈവത്തെ നന്നായി അറിയാനും മോശെ ആഗ്രഹിച്ചു.

**പുറപ്പാട് 33:18-23 വായിക്കുക. തന്റെ മഹത്വം കാണാനുള്ള മോശെയുടെ അപേക്ഷയ്ക്ക് ദൈവം എങ്ങനെയാണ് ഉത്തരം നൽകിയത്?**

ദയവായി നിന്റെ മഹത്വം എനിക്ക് കാണിച്ചുതരൂ, മോശെ കർത്താവിനോട് അപേക്ഷിച്ചു. തന്റെ കരുണയാൽ, ദൈവം അവന് തന്റെ മഹത്വം വെളിപ്പെടുത്തി. എന്നാലും, മോശെയുടെ അഭ്യർത്ഥനയ്ക്ക് ഉത്തരം നൽകുമ്പോൾ, ദൈവം തന്റെ 'നന്മ' കാണിക്കുമെന്ന് വാഗ്ദാനം ചെയ്തു. ദൈവത്തിന്റെ മഹത്വം നന്മയാണ്, അത് ദൈവത്തിന്റെ സ്വഭാവമാണെന്ന് ഒരാൾക്ക് സുരക്ഷിതമായി നിഗമനം ചെയ്യാം (എലൻ ജി. വൈറ്റ്, ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തലന്മാർ, പേജ് 576; ക്രിസ്തുവിന്റെ ഒബ്ജക്റ്റ് ലെസൻസ്, പേജ് 414, 415; പ്രവാചകന്മാരും രാജാക്കന്മാരും പേജ് 313 എന്നിവയും കാണുക).

തന്റെ മക്കൾക്ക് തന്റെ സദ്ഗുണം നൽകുന്നത് ദൈവത്തിന്റെ മഹത്വമാണ്. പുരുഷന്മാരും സ്ത്രീകളും ഉയർന്ന നിലവാരത്തിലെത്തുന്നത് കാണാൻ ദൈവം ആഗ്രഹിക്കുന്നു. - എലൻ ജി. വൈറ്റ്, ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തലന്മാർ, പേജ് 530. അനുതപിക്കുന്ന പാപികളെ സ്വീകരിച്ച്, അവരെ മാറ്റാൻ ആവശ്യമായതെല്ലാം നൽകുക എന്നതാണ് ദൈവത്തിന്റെ മഹത്വം. (പ്രവാചകന്മാരും രാജാക്കന്മാരും, പേജ് 668 കാണുക). അതേസമയം, നമ്മുടെ സ്വന്തം ജീവിതത്തിൽ ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുകയും അത് മറ്റുള്ളവരെ അറിയിക്കുകയും ചെയ്യുന്നത് നമ്മുടെ മഹത്വം ആണ്.

ദൈവത്തിന്റെ സ്വഭാവത്തിന്റെയും, അവന്റെ നന്മയുടെയും, ദയയുടെയും, ആർദ്രമായ സ്നേഹത്തിന്റെയും പ്രതിഫലനം നമ്മുടെ പ്രവൃത്തികളിൽ കാണണം. ഈ വിധത്തിൽ, ലോകത്തിന് ഒരു അനുഗ്രഹം മാത്രമല്ല, കാണുന്ന പ്രപഞ്ചത്തിന് ഒരു പ്രകാശമാകാനുള്ള അവസരവും നമുക്കുണ്ട്. പൗലോസ് പ്രസ്താവിക്കുന്നതു പോലെ: "ഞങ്ങൾ ലോകത്തിനും ദൂതന്മാർക്കും മനുഷ്യർക്കും തന്നെ കൂത്തുകാഴ്ചയായി തീർന്നിരിക്കയാൽ ദൈവം അപ്പൊസ്തലന്മാരായ ഞങ്ങളെ ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോലെ നിറുത്തി എന്ന് എനിക്കു തോന്നുന്നു" (1 കൊരി. 4:9). ഈ പ്രപഞ്ചമാനം നമ്മുടെ ജീവിതത്തിനും സേവനത്തിനും നമുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത ഒരു അർത്ഥവും ലക്ഷ്യവും നൽകുന്നു.

റോമർ 2:4-ൽ, "ദൈവത്തിന്റെ നന്മ നിങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കുന്നു" എന്ന് പൗലോസ് പറയുന്നു. അതായത്, ദൈവത്തിന്റെ നന്മയും സ്വഭാവവുമാണ് ആളുകളെ അവരുടെ പാപാവസ്ഥയെയും രക്ഷയുടെ ആവശ്യത്തെയും കുറിച്ച് ബോധ്യപ്പെടുത്തുന്നത്. തീർച്ചയായും, നാം കുരിശിലേക്ക് നോക്കുമ്പോൾ അവിടെ ആരായിരുന്നു (കർത്താവ് തന്നെ), കർത്താവ് എന്തിനാണ് അവിടെ ആയിരുന്നതെന്ന് അറിയുമ്പോൾ - അവിടുന്ന് നമ്മെ സ്നേഹിച്ചതുകൊണ്ടും നമ്മെ രക്ഷിക്കാനുള്ള ഏക മാർഗം ഇതായിരുന്നതുകൊണ്ടും- അവിടുത്തെ നന്മയെയും സ്വഭാവത്തെയും കുറിച്ച് സാധ്യമായ ഏറ്റവും വലിയ വെളിപ്പെടുത്തൽ നമുക്കുണ്ട്.

**കുരിശിലും ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് അത് നിങ്ങളോട് പറയുന്ന കാര്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ നിങ്ങൾ എത്ര സമയം ചെലവഴിക്കുന്നു?.**

## ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ

**പുറപ്പാട് 34:1-28 വായിക്കുക. ദൈവം മോശെയ്ക്ക് തന്റെ മഹത്വം വെളിപ്പെടുത്തിയത് എങ്ങനെയാണ്?**

മോശെക്ക് അവൻ ആദ്യം പൊട്ടിച്ചു കളഞ്ഞതുപോലുള്ള രണ്ട് കല്പലകകൾ കൂടെ കൊണ്ടുപോകേണ്ടിവന്നു. (പുറ. 32:19). മോശെ ഏഴാം തവണ സീനായ് പർവതത്തിൽ കർത്താവിനെ കാണാൻ പോകുകയായിരുന്നു. അദ്ദേഹത്തിന്റെ മുൻ കയറ്റങ്ങൾ ഇനിപ്പറയുന്ന വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്നു: (1) പുറ. 19:3,7; (2) പുറ. 19:8,14; (3) പുറ. 19:20,25; (4) പുറ. 20:21; 24:3; (5) പുറ. 24:9, 12:18; പുറ. 32:15; (6) പുറ. 32:30,31. മോശെ അതിരാവിലെ തന്റെ കയറ്റം ആരംഭിച്ചു.

ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഈ മഹത്തായ ഉൾക്കാഴ്ചയ്ക്കായി മോശെ ഇപ്പോൾ തയ്യാറായിരിക്കുന്നു. ദൈവത്തിന്റെ സ്വഭാവം ഏറ്റവും ഭംഗിയായി വിശദീകരിക്കുന്നത് ഈ അതിശയകരമായ സ്വയം വെളിപ്പെടുത്തലിലാണ്. ദൈവം ആരാണെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട വിവരണമാണിത്; ബൈബിൾ ഉടനീളം നെയ്തിരിക്കുന്ന സ്വർണ്ണ നൂലാണ് ഇത് (സംഖ്യാ. 14:18, നെഹെ. 9:17, സങ്കീ. 103:8, യോവേൽ 2:13, യോനാ 4:2). ഇവിടെ കർത്താവിന്റെ പ്രഖ്യാപനം പഴയനിയമത്തിലെ യോഹന്നാൻ 3:16 ആണ്. നിർണായക സ്ഥലങ്ങളിൽ, ബൈബിൾ എഴുത്തുകാർ ദൈവത്തിന്റെ സ്വഭാവം ശരിയായി മനസ്സിലാക്കേണ്ടതിന്, ജീവനുള്ള ദൈവത്തിന്റെ ഈ സ്വയം പ്രഖ്യാപനം ആവർത്തിക്കുകയോ, അല്ലെങ്കിൽ വികസിപ്പിക്കുകയോ ചെയ്തിട്ടുണ്ട്.

ദൈവത്തിന്റെ നാമത്തിന്റെ അസാധാരണവും, അഭൂതപൂർവവും, സമാനതകളില്ലാത്തതുമായ വിശദീകരണം മോശെയ്ക്ക് ലഭിച്ചപ്പോൾ, അവൻ കുമ്പിട്ട് ദൈവത്തെ ആരാധിച്ചു. ദൈവത്തിന്റെ സ്നേഹം, കൃപ, കരുണ, അനുകമ്പ, നന്മ, വിശ്വസ്തത, ക്ഷമ, വിശുദ്ധി, നീതി എന്നിവയുടെ നേർക്കാഴ്ചകൾ ലഭിക്കുമ്പോൾ, നാമും ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അവിടുത്തെ അസാധാരണ ഗുണങ്ങൾ കാണുകയും അഭിനന്ദിക്കുകയും ചെയ്യുമ്പോഴാണ് നാം ദൈവത്തെ സ്നേഹിക്കാൻ തുടങ്ങുന്നത്, ദൈവത്തെ സേവിക്കാനും അനുസരിക്കാനുമുള്ള ആഗ്രഹത്തിലേക്ക് നയിക്കുന്ന ഒരു സ്നേഹം. ദൈവം നമ്മെ സ്നേഹിക്കുന്നതിനാൽ, നാം ദൈവത്തെ തിരികെ സ്നേഹിക്കുന്നു (1 യോഹ. 4:19).

ഈ സ്വയം വെളിപ്പെടുത്തലിൽ, തന്റെ ജനത്തിനുവേണ്ടി അത്ഭുതകരമായ പ്രവൃത്തികൾ ചെയ്യുമെന്നും അവരെ വാഗ്ദത്തദേശത്തേക്ക് നയിക്കുമെന്നും ദൈവം മോശെയ്ക്ക് ഉറപ്പുനൽകുന്നു. മറ്റ് ജാതികൾ തന്റെ മഹത്വവും അത്ഭുതകരമായ പ്രവൃത്തിയും കാണുമെന്ന് വാഗ്ദാനം ചെയ്ത്, ദൈവം അവരുമായുള്ള ഉടമ്പടി പുതുക്കുന്നു. "ഇതാ, ഞാൻ ഒരു ഉടമ്പടി ചെയ്യുന്നു. ഭൂമിയിലോ ഒരു ജാതിയിലോ ഇതുവരെ ചെയ്തിട്ടില്ലാത്ത അത്ഭുതങ്ങൾ ഞാൻ നിങ്ങളുടെ എല്ലാ ജനത്തിനും മുമ്പാകെ ചെയ്യും; നീ സഹവസിക്കുന്ന ജനമൊക്കെയും ദൈവത്തിന്റെ പ്രവൃത്തി കാണും. ഞാൻ നിന്നോട് ചെയ്യാൻ പോകുന്നത് ഒരു അത്ഭുത കാര്യമാണ്" (പുറ. 34:10).

**എന്നാലും, യിസ്രായേല്യർ തങ്ങളുടെ അഭിവൃദ്ധി ഉറപ്പാക്കാൻ ദൈവത്തെ അനുസരിക്കുകയും വ്യക്തമായ പത്ത് പ്രമാണങ്ങൾ പാലിക്കുകയും ചെയ്യണമായിരുന്നു. ഇതിനകം ലംഘിക്കപ്പെട്ട ആ ഉടമ്പടിയുടെ ഉള്ളടക്കം, എഴുതാൻ ദൈവം മോശെയോട് ആവശ്യപ്പെട്ടു (പുറ. 34:27,28).**

## മോശെയുടെ തിളങ്ങുന്ന മുഖം

**പുറപ്പാട് 34:29–35 വായിക്കുക. മോശെയുടെ മുഖപ്രകാശത്തിന് കാരണമെന്തായിരുന്നു?**

ദൈവം തന്റെ സ്നേഹ സ്വഭാവം മോശെയ്ക്ക് വെളിപ്പെടുത്തിയതിനുശേഷം, മോശെ യിസ്രായേലിന്റെ പാളയത്തിലേക്ക് ഒരു തിളക്കമുള്ള മുഖത്തോടെ ഇറങ്ങി. തന്റെ മുഖം തിളക്കമുള്ളതാണെന്ന് മോശെയ്ക്ക് ആദ്യം അറിയാമായിരുന്നോ? ഒട്ടും അറിയില്ല. ഒരാൾ കർത്താവിനോട് കൂടുതൽ അടുക്കുമ്പോൾ, ദൈവത്തിന്റെ വിശുദ്ധിയുമായി താരതമ്യപ്പെടുത്തുമ്പോൾ ആ വ്യക്തി തന്റെ അപൂർണതകളെക്കുറിച്ച് കൂടുതൽ ബോധവാനാണ്.

മോശെയുടെ മുഖം തിളക്കമുള്ളതായി മാറാൻ കാരണമെന്തായിരുന്നു? മോശെ ദൈവസന്നിധിയിലായിരുന്നു എന്ന വസ്തുതയല്ല, കാരണം മുമ്പ് പലതവണ അവൻ ദൈവത്തോടൊപ്പമായിരുന്നു, ആ കൂടിക്കാഴ്ചകൾക്ക് ശേഷം അവന്റെ മുഖം പ്രകാശിച്ചില്ല. എന്നാലും, മോശെ കർത്താവിന്റെ സാന്നിധ്യത്തിൽ അല്ലായിരുന്നുവെങ്കിൽ, അവന്റെ മുഖം ഒരിക്കലും പ്രകാശിക്കുമായിരുന്നില്ല. ദൈവത്തിന്റെ നന്മയും ദയയും സ്വഭാവത്തിന്റെ ഭംഗിയും മനസ്സിലാക്കിയ മോശെ ദൈവത്തിന് സ്വയം പൂർണ്ണമായും തുറന്നുകൊടുത്തു. അപ്പോൾ മോശെ രൂപാന്തരപ്പെടുകയും, മുഖം പ്രകാശിക്കുകയും ചെയ്തു. നാം ദൈവത്തിന് കീഴടങ്ങുകയും അവിടുന്ന് നമ്മുടെ ജീവിതത്തിന്റെ കർത്താവും രാജാവുമാകാൻ അനുവദിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങൾക്കും മനസ്സുകൾക്കും ഒരു മാറ്റം അനുഭവിക്കാൻ കഴിയും.

**2 കൊരിന്ത്യർ 3:18 വായിക്കുക. യേശുവിന് നിങ്ങളെ എങ്ങനെ ക്രമേണ അവന്റെ പ്രതിച്ഛായയിലേക്ക് രൂപാന്തരപ്പെടുത്താൻ കഴിയും?**

മോശെയുടെ തിളങ്ങുന്ന മുഖത്തെ യേശുക്രിസ്തുവുമായി പൗലോസ് താരതമ്യം ചെയ്യുന്നു, ദൈവത്തിന്റെ ന്യായപ്രമാണവും കൃപയും വ്യക്തിവൽക്കരിക്കപ്പെട്ട യേശുവിന്റെ മഹത്വം മോശെയുടെ ന്യായപ്രമാണത്തിന്റെ മഹത്വത്തെ മറികടക്കുന്നു. ക്രിസ്തുവും ദൈവത്തിന്റെ ന്യായപ്രമാണവും നമ്മുടെ സ്വഭാവങ്ങളിൽ കൊത്തിവയ്ക്കാൻ കഴിയുന്നത് നാം യേശുവിൽ ദൃഷ്ടി പതിപ്പിക്കുമ്പോൾ മാത്രമാണ് (എബ്രാ. 3:1, എബ്രാ. 12:2), അതും ദൈവാത്മാവിന്റെ ശക്തിയാൽ മാത്രം (2 കൊരി. 3:12–18).

നമ്മുടെ സ്വഭാവങ്ങളെ മാറ്റാനും നമ്മെ ദൈവത്തിന്റെ ദിവ്യ പ്രതിച്ഛായയിലേക്ക് രൂപപ്പെടുത്താനും നാം ദൈവത്തെ അനുവദിക്കുമ്പോൾ ദൈവത്തിന് നമുക്കുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്ന് പ്രകടമാക്കുന്ന ഒരു മാതൃകയാണ് മോശെ. “ജീവന്റെ പുതുക്കത്തിൽ” (റോമർ 6:4) നടക്കുന്നതിനെക്കുറിച്ച് പൗലോസ് സംസാരിക്കുമ്പോൾ ഇതാണ് അർത്ഥമാക്കുന്നത്.

**നിങ്ങളുടെ സ്വഭാവത്തിന്റെ ഏതൊക്കെ മേഖലകളിലാണ് ദൈവത്തിന്റെ സ്വഭാവം കൂടുതൽ നന്നായി പ്രതിഫലിപ്പിക്കേണ്ടത്? മിക്കവാറും എല്ലാ മേഖലകളിലും, അല്ലേ? എന്നിരുന്നാലും, കുരിശിലും അതിന്റെ അർത്ഥത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, നിങ്ങൾക്ക് എങ്ങനെ പ്രോത്സാഹനവും രക്ഷയുടെ ഉറപ്പും നൽകും?**

## കൂടുതൽ ചിന്ത:

**ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ എലൻ ജി. വൈറ്റ്, സീനായിയിലെ വിഗ്രഹാരാധന, പേജ് 327–330 വായിക്കുക.**

ഒരു ഇരുണ്ട ദിവസം, ഒരു അച്ഛനും മകനും ഒരു കത്തീഡ്രൽ സന്ദർശിച്ചു. വ്യത്യസ്ത ബൈബിൾ സാഹചര്യങ്ങളുടെ മനോഹരമായ ചിത്രീകരണങ്ങളുള്ള സ്റ്റെയിൻ-ഗ്ലാസ് ജനാലകളിലേക്ക് അവർ നോക്കിയപ്പോൾ, സൂര്യൻ പെട്ടെന്ന് ആളുകളുടെ ഗ്ലാസ് ചിത്രത്തിലൂടെ പ്രകാശിക്കാൻ തുടങ്ങി, അവരെ ആകർഷകമായ പ്രകാശത്താൽ പ്രകാശിപ്പിച്ചു. കൊച്ചുകുട്ടി തന്റെ പിതാവിനോട് ചോദിച്ചു: "അച്ഛാ, ഈ ആളുകൾ ആരാണ്?" പിതാവിന് ക്രിസ്തുമതത്തെക്കുറിച്ചോ ക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുവിന്റെ ശിഷ്യന്മാരെക്കുറിച്ചോ കൂടുതൽ അറിയില്ലായിരുന്നു, പക്ഷേ പെട്ടെന്ന് മറുപടി പറഞ്ഞു: "ഈ ആളുകൾ ക്രിസ്ത്യാനികളാണ്." ഈ മിന്നുന്ന ചിത്രം മകന്റെ മനസ്സിൽ തങ്ങിനിന്നു. ഒരു ദിവസം കുട്ടിയുടെ അധ്യാപകൻ ക്ലാസ്സിൽ ചോദിച്ചു: "കുട്ടികളേ, ക്രിസ്ത്യാനികൾ ആരാണെന്ന് നിങ്ങൾക്ക് അറിയാമോ?" കൊച്ചുകുട്ടിക്ക് ആ തിളക്കമുള്ള ചിത്രം ഓർമ്മ വന്നു. കുട്ടി മറുപടി പറഞ്ഞു: "എനിക്കറിയാം, ക്രിസ്ത്യാനികൾ പ്രകാശിക്കുന്ന ആളുകളാണ്." യേശു തന്റെ അനുയായികളോട് പറഞ്ഞു, "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16). പ്രകാശിക്കുന്ന ആളുകൾക്ക് മാത്രമേ മാറ്റത്തിന്റെ ഏജന്റുമാരാകാൻ കഴിയൂ.

## ചർച്ചാ ചോദ്യങ്ങൾ:

1. **നാം ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തി, ദയയും മര്യാദയും, ആർദ്രഹൃദയവും ദയയും ഉള്ളവരാണെങ്കിൽ, ഇപ്പോൾ സത്യത്തിലേക്ക് മാനസാന്തരപ്പെടാൻ ഒരാൾ മാത്രമുള്ളിടത്തു നൂറ് മാനസാന്തരങ്ങൾ ഉണ്ടാകും. എലൻ ജി. വൈറ്റ്, ടെസ്റ്റിമണിസ് ഫോർ ദി ചർച്ച്, വാല്യം 9, പേജ് 189. നമ്മുടെ സ്വഭാവം, പ്രവൃത്തികൾ, മനോഭാവങ്ങൾ എന്നിവ നമ്മുടെ സാക്ഷ്യത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ച് എന്ത് ശക്തമായ സന്ദേശമാണ് ഇവിടെയുള്ളത്?**
2. **പുറപ്പാട് 34:6,7 പഴയനിയമത്തിലെ യോഹന്നാൻ 3:16 എന്ന് ഉചിതമായി വിളിക്കപ്പെടുന്നു. എന്തുകൊണ്ട്?**
3. **നിങ്ങളുടെ ദൈവം ആരാണെന്ന് ചോദിക്കുന്ന ആളുകളോട്, പുറപ്പാട് 34:6,7 – ൽ ദൈവം സ്വയം വെളിപ്പെടുത്തിയതിനെ അടിസ്ഥാനമാക്കി, ദൈവത്തിന്റെ സ്വഭാവത്തിന്റെ ഭംഗി നിങ്ങൾക്ക് എങ്ങനെ വിശദീകരിക്കാൻ കഴിയും?**
4. **ക്രിസ്തുവിനെ അവകാശപ്പെടുന്ന ആളുകളുടെ സ്വഭാവവും പ്രവൃത്തികളും അവരുടെ നടത്തത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ക്ലാസ്സിൽ ചർച്ച ചെയ്യട്ടെ. അതായത്, ദയയും കൃപയും എളിമയും ക്ഷമിക്കുന്നവരും ആയിരുന്നവരുടെ സ്വന്തം അനുഭവത്തിൽ അവരുടെ സ്വാധീനം എന്തായിരുന്നു? അതേസമയം, ദയയില്ലാത്തവരും ക്ഷമിക്കാത്തവരും അഹങ്കാരികളുമായ ക്രിസ്ത്യാനികൾ കർത്താവിനോടൊപ്പമുള്ള നിങ്ങളുടെ നടത്തത്തെ എങ്ങനെ സ്വാധീനിച്ചിട്ടുണ്ട്?**

## പാഠം – 13

# കൂടാരം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: പുറപ്പാട് 35:1, 36:7; ഉല്പത്തി 1:1; പുറപ്പാട് 36:8, 39:31; എബ്രായർ 7:25; പുറപ്പാട് 40:1–38; യോഹന്നാൻ 1:14.**

**മനഃപാഠവാക്യം:**

**"അപ്പോൾ മേഘം സമാഗമന കൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു... യിസ്രായേല്യരുടെ സകല പ്രയാണങ്ങളിലും അവരെല്ലാവരും കാൺകെ പകൽ സമയത്ത് തിരുനിവാസത്തിന്മേൽ യഹോവയുടെ മേഘവും രാത്രിയിൽ അതിന്മേൽ അഗ്നിയും ഉണ്ടായിരുന്നു" (പുറപ്പാട് 40:34,38).**

പഴയകാലത്ത് ദൈവജനത്തിന്റെ പ്രധാന ദൗത്യം, (അതുപോലെ ഇന്ന് നമ്മുടെയും) ദൈവവുമായി അടുത്ത ബന്ധത്തിൽ ജീവിക്കുക; ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുക; കൂടാതെ, ദൈവത്തിന്റെ ശരിയായ ചിത്രം മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുക (ആവ. 4:5–8) എന്നതായിരുന്നു.

ഏദൻ തോട്ടത്തിൽ, ആദാമും ഹവ്വായും ദൈവത്തിൽനിന്ന് ഒളിച്ചു, കാരണം അവരുടെ പാപംമൂലം അവർ ദൈവത്തെ കാണാൻ ഭയപ്പെട്ടു. പാപം മനുഷ്യരെ സ്വാഭാവികമായും ദൈവത്തെ ഭയപ്പെടുന്നവരാക്കുന്നു, ഈ ഭയം അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണത്തെ വളച്ചൊടിക്കുന്നു. ഈ വിള്ളൽ നികത്താൻ ദൈവം ആദ്യപടി സ്വീകരിച്ചു, മുൻകൈ എടുത്ത്, വിടവും തകർന്ന ബന്ധവും നന്നാക്കി എന്നതാണ് സന്തോഷവാർത്ത. പാപിയെ അവൻ തന്നിലേക്ക് തിരികെ വിളിക്കുന്നു: നീ എവിടെയാണ്? (ഉല്പത്തി 3:9).

അതിനാൽ, നമ്മുടെ പ്രാഥമിക ദൗത്യം ദൈവത്തിന്റെ ശരിയായ സ്വഭാവവും അവന്റെ സ്നേഹവും നീതിയുക്തവുമായ പ്രവൃത്തികളും നമുക്ക് ചുറ്റിലുമുള്ളവരുടെ മുന്നിൽ അവതരിപ്പിക്കുക എന്നതാണ്. നമ്മുടെ ചുറ്റുമുള്ളവർ. ദൈവത്തിന്റെ നിസ്വാർത്ഥ സ്നേഹത്തെക്കുറിച്ച് ബോധ്യപ്പെടുകയും ദൈവത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുമ്പോൾ, അവർ തങ്ങളുടെ ജീവിതം ദൈവത്തിനു സമർപ്പിക്കുകയും അവിടുന്ന് അവരോട് ചെയ്യാൻ പറയുന്നത് അവരുടെ സ്വന്തം നന്മയ്ക്കാണെന്ന് അറിഞ്ഞുകൊണ്ട് അനുസരിക്കുകയും ചെയ്യും.

സമാഗമന കൂടാരം മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ അടുപ്പം പ്രകടമാക്കുകയും വിശ്വാസത്തോടെ തന്റെ അടുക്കൽ വരുന്നവരെ അവിടുന്ന് എങ്ങനെ രക്ഷിക്കുന്നു എന്ന ഏറ്റവും വലിയ സത്യങ്ങൾ അവർക്ക് വെളിപ്പെടുത്തുകയും ചെയ്തു.

ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 27-ലെ ശബ്ബത്തിനായി ഒരുങ്ങുക.

# കർത്താവിന്റെ ശബ്ബത്ത്

ഏഴാം ദിവസ ശബ്ബത്തിനെ എതിർക്കുന്നവർ അത് യെഹൂദന്മാർക്ക് മാത്രമുള്ള താണെന്ന് തെറ്റായി വാദിച്ചാലും (ഏഴാം ദിവസം ഏദനിൽ വേർതിരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്തു. ഉല്പത്തി 2:13 കാണുക); അല്ലെങ്കിൽ യെഹൂദന്മാർ ആദ്യം സീനായ് പർവതത്തിൽ വച്ചാണ് അതിനെക്കുറിച്ച് കേട്ടതെന്ന് വ്യാജമായി വാദിച്ചാലും (യെഹൂദന്മാർ സീനായിക്കു മുമ്പും ശബ്ബത്ത് ആചരി ച്ചിരുന്നു. പുറ. 16:22–29 കാണുക). ശബ്ബത്ത് തുടക്കം മുതൽ എബ്രായ ജനതയുടെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു എന്നതിൽ സംശയമില്ല.

**പുറപ്പാട് 35:13 വായിക്കുക. വിശുദ്ധമന്ദിരത്തിന്റെ നിർമ്മാണത്തിന്റെ പശ്ചാത്തല ത്തിൽ ഇവിടെ ആളുകൾക്ക് ഏത് സത്യം വീണ്ടും ഉറപ്പായി?**

ശബ്ബത്തും അതിന്റെ സന്ദേശവും ഇന്നലെയും ഇന്നും എന്നേക്കും ദൈവത്തെ ക്കുറിച്ചായിരുന്നു – അവിടുന്ന് ആരാണെന്നും അവിടുത്തെ അത്ഭുതപ്രവൃത്തികൾ എന്താണെന്നും. ശബ്ബത്ത് നമ്മെ അവിടുത്തെ സൃഷ്ടിപരവും രക്ഷാകരവുമായ പ്രവൃത്തികളെ ഓർമ്മിപ്പിക്കുകയും തന്റെ ജനത്തോടൊപ്പം വസിക്കാൻ ആഗ്രഹി ക്കുന്ന ദൈവത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ, ശബ്ബത്തും വിശുദ്ധമന്ദിരവും ഒരേ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്: നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ സാന്നിധ്യം.

പഴയനിയമ സഭയുടെ ശബ്ബത്ത് വൈവിധ്യമാർന്ന സന്ദേശം നൽകുന്നു. അതിന്റെ സാരാംശം അഞ്ച് നിർണായക പോയിന്റുകളിൽ സംഗ്രഹിക്കാം:

(1) ദൈവം സ്രഷ്ടാവാണ്, ബൈബിൾ ഈ അതിശയകരവും മൂലക്കല്ലുമായ പ്രഖ്യാപനത്തോടെയാണ് ആരംഭിക്കുന്നത് (ഉല്പത്തി 1:1). ദൈവത്തിന്റെ സൃഷ്ടിയുടെ ഉജ്ജ്വലമായ സ്മാരകം ശബ്ബത്താണ് (ഉല്പത്തി 2:2,3; പുറ. 20:8–11). ദൈവം നമ്മുടെ സ്രഷ്ടാവാണ് – ഈ സത്യത്തിൽ നിന്നാണ് മറ്റെല്ലാ ബൈബിൾ സത്യങ്ങളും ഒഴുകുന്നത്.

(2) മിശിഹാ വരും, ഈ പ്രത്യാശ, തന്റെ പുത്രൻ സർപ്പത്തെ (സാത്താനെ) ജയിക്കുകയും തിന്മയുടെ മേൽ വിജയം കൈവരിക്കുകയും ചെയ്യുമെന്ന ദൈവ ത്തിന്റെ വാഗ്ദാനത്തെ ചുറ്റിപ്പറ്റിയാണ്.

(3) ദൈവം തന്റെ രാജ്യം സ്ഥാപിക്കും, ശബ്ബത്ത് അതിന്റെ ഒരു മുൻരുചിയാണ്.

(4) രക്ഷ വരുന്നത് കർത്താവിൽ നിന്നാണ്, ദൈവം നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമാണെന്നും രക്ഷ അവിടുത്തെ കൃപയുടെ ഫലമായിട്ടാണ് നമുക്ക് ലഭിക്കുന്നതെന്നും ദൈവജനം സാക്ഷ്യപ്പെടുത്തുന്നു.

(5) ദൈവം എല്ലാവരുടെയും ആത്യന്തിക ന്യായാധിപനാണ്. അവനെ നിരന്തരം ധിക്കരിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവർക്ക് ഭാവിയില്ല, എന്നാൽ അവനെ അനുഗമിക്കുന്നവർക്ക് അവൻ സൗജന്യമായി നിത്യജീവൻ നൽകുന്നു. യെഹൂദ ന്മാർക്ക് ഒരു ചൊല്ലുണ്ട്: യിസ്രായേൽ ശബ്ബത്ത് ആചരിച്ചതിനെക്കാളേറെ, ശബ്ബത്ത് യിസ്രായേലിനെ നിലനിർത്തി. അഡ്വെന്റിസ്റ്റുകാർ എന്ന നിലയിൽ നമ്മൾ അത് അങ്ങനെ പ്രകടിപ്പിക്കില്ലായിരിക്കാം, പക്ഷേ നമ്മുടെ സഭാ കുടുംബത്തിന്റെ ജീവിതത്തിൽ ശബ്ബത്തിന് എന്ത് പ്രധാന പങ്കാണുള്ളത്?

## വഴിപാടുകളും ആത്മാവും

**പുറപ്പാട് 35:4; 36:7 വായിക്കുക. ഇന്ന് നമുക്ക് എന്തെല്ലാം പ്രധാന പാഠങ്ങളാണ് ഇവിടെയുള്ളത്?**

വിശുദ്ധ ആലയം പണിയാൻ ധാരാളം വിലയേറിയ വസ്തുക്കൾ ആവശ്യമായിരുന്നു, ദൈവജനത്തിന്റെ ഉദാരമായ സംഭാവനകളിലൂടെയാണ് ഇത് സാധിച്ചത്, അവർ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന്, മനസ്സോടെയും സന്തോഷത്തോടെയും നൽകി. സ്വർണ്ണം, വെള്ളി, വെങ്കലം, നേർത്ത തുണിത്തരങ്ങൾ, വിലയേറിയ കല്ലുകൾ, അതുല്യമായ തുണിത്തരങ്ങൾ, ഖദിരമരം, ഒലിവ് എണ്ണ, സുഗന്ധ ദ്രവ്യങ്ങൾ, ആവശ്യമായ മറ്റ് നിരവധി വസ്തുക്കൾ എന്നിവ അവർ നൽകി. ആളുകൾ അവരുടെ അധ്വാനവും സംഭാവന ചെയ്തു, കാരണം ആലയത്തിലും അതിന്റെ ഉപകരണങ്ങളിലും കൊത്തുപണിയുള്ള നിരവധി പ്രത്യേക വസ്തുക്കൾ കലാപരമായി, ഉത്സാഹത്തോടെ അവർ നിർമ്മിക്കണമായിരുന്നു. കൂടാതെ, വിശുദ്ധ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർക്കും, മഹാപുരോഹിതനും വേണ്ടി കുപ്പായങ്ങളും കവചവും തലപ്പാവും ഉൾപ്പെട്ട വളരെ വിപുലമായ ഒരു വസ്ത്രശേഖരം തയ്യൽക്കാർ നെയ്യണമായിരുന്നു.

മിസ്രയീമിൽനിന്ന് പുറപ്പെടുമ്പോൾ മിസ്രയീമ്യർ നൽകിയ സമ്മാനങ്ങളിലൂടെ ദൈവം യിസ്രായേല്യരെ സമൃദ്ധമായി അനുഗ്രഹിച്ചിരുന്നു. ദൈവത്തിന്റെ കരുണാമയവും ശക്തവുമായ നേതൃത്വത്തിന് നന്ദി അർപ്പിക്കുന്നതിന് വഴിപാടുകൾ നൽകാനുള്ള അവരുടെ അവസരമായിരുന്നു അത്, ദൈവത്തിന്റെ മഹത്വത്തിനായി അത് നിർവഹിക്കാൻ അവരുടെ ഹൃദയങ്ങൾ പ്രചോദിതമായി.

**ആളുകൾ വളരെ സന്തോഷത്തോടെ, സമൃദ്ധിയായി നൽകിയതിനാൽ ആലയം പണിയുന്നവർ മോശെയോട് പറഞ്ഞു: "ജനം ആവശ്യത്തിലധികം കൊണ്ടുവരുന്നു" (പുറപ്പാട് 36:5). അതിനാൽ, മോശെയ്ക്ക് അവരുടെ സംഭാവനകൾ നിർത്തേണ്ടിവന്നു, കാരണം "അവർക്ക് ഇതിനകം ഉണ്ടായിരുന്നത് കൂടാരത്തിലെ എല്ലാ ജോലികളും ചെയ്യാൻ പര്യാപ്തമായിരുന്നു" (പുറപ്പാട് 36:7).**

പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്താൽ, ദൈവം സമാഗമനകൂടാരം കൃത്യമായി പണിയാൻ ആളുകളെ സജ്ജരാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. "ബെസലേലും ഒഹൊലിയാബും മറ്റുള്ളവരും ...ദൈവത്തിന്റെ ആത്മാവിനാൽ നിറഞ്ഞു" (പുറപ്പാട് 35:31), ദൈവം മോശെയ്ക്ക് കാണിച്ചുകൊടുത്ത മാതൃകയ്ക്ക് അനുസൃതമായി കൃത്യമായി നിർമ്മിക്കേണ്ടതായിരുന്നു. അതിനാൽ എല്ലാ പ്രവൃത്തികളും പൂർണതയോടെ ചെയ്യുന്നതിനുള്ള കഴിവുകളും ജ്ഞാനവും കലാപരമായ അറിവും അവർക്ക് നൽകപ്പെട്ടിരുന്നു. അതൊരു വലിയ പദ്ധതിയായിരുന്നു.

പരിശുദ്ധാത്മാവിന്റെ ദാനം ആളുകളുടെ വ്യത്യസ്ത കഴിവുകളുമായും താലന്തുകളുമായും ബന്ധപ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്, അത് കൂടാരം പണിയുന്നതിൽ ഉപയോഗിക്കേണ്ടതുണ്ട്. ആത്മാവിനാൽ നിറയുക എന്നത് ഒരു മാന്ത്രിക പ്രക്രിയയല്ല, പ്രത്യേക ആത്മീയ ശക്തികൾ മനുഷ്യരിൽ ഉണ്ടെന്നും അർത്ഥമാക്കുന്നില്ല. തന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും ദൈവത്തിന്റെ ദൗത്യം മുന്നോട്ട് കൊണ്ടുപോകുന്നതിനും, ദൈവം തന്റെ അനുയായികളെ ശക്തിപ്പെടുത്തുന്നു.

**പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ നിങ്ങൾക്ക് എന്ത് ആത്മീയ ദാനങ്ങളാണ് ലഭിച്ചത്? നിങ്ങളുടെ ജീവിതത്തിൽ ആത്മാവിന്റെ ഫലങ്ങൾ നട്ടുവളർത്തുമ്പോൾ മാത്രമേ ആത്മീയ ദാനങ്ങൾ തഴച്ചുവളരുകയുള്ളൂ എന്ന് ഓർമ്മിക്കുക (ഗലാ. 5:22, 23).**

# കൂടാരം പണിതു

**പുറപ്പാട് 36:83; 9:31 വരെ വായിക്കുക. എന്തുകൊണ്ടാണ് ഇത്രയും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയത്? ദൈവം എല്ലാ വിശദാംശങ്ങളിലും ശ്രദ്ധാലുവാണെന്ന കാര്യത്തിൽ ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു?**

മോശെ ശ്രദ്ധാപൂർവ്വം കൂടാരം നിർമ്മിച്ചു, സീനായ് പർവതത്തിൽ അദ്ദേഹത്തിന് ലഭിച്ച നിർദ്ദേശങ്ങൾ ഉത്സാഹത്തോടെ നടപ്പിലാക്കി. ഇനിപ്പറയുന്ന ബൈബിൾ വാക്യങ്ങൾ അത് പട്ടികപ്പെടുത്തുന്നു: (1) വ്യത്യസ്ത തുണിത്തരങ്ങൾ, തിരശ്ശീലകൾ, ഭാഗങ്ങൾ എന്നിവയുള്ള കൂടാരം (പുറ. 36:8–38); (2) പെട്ടകം (പുറ. 37:19); (3) കാഴ്ചയപ്പ മേശ (പുറ. 37:10–16); (4) വിളക്കുതണ്ട് (പുറ. 37:17–24); (5) യാഗപീഠം ധൂപവർഗ്ഗം (പുറ. 37:25–29); (6) ഹോമയാഗപീഠം (പുറ. 38:17); (7) കഴുകാനുള്ള പാത്രം (പുറ. 38:8); (8) മുറ്റം (പുറ. 38:9–20); (9) സമാഗമന കൂടാരത്തിന് ഉപയോഗിക്കുന്ന വസ്തു (പുറ. 38:21–31). പുറ. 39-ൽ ഏഫോദ്, പതക്കം, മറ്റ് പുരോഹിത വസ്ത്രങ്ങളുടെ വിവരണങ്ങൾ തുടരുന്നു.

ദൈവത്തിന്റെ മുഴുവൻ വീണ്ടെടുപ്പ് പദ്ധതിയും പ്രകടമാക്കുന്ന സുവിശേഷത്തിന്റെ ദൃശ്യവസ്തു പാഠങ്ങളായിരുന്നു കൂടാരത്തിലെ ശുശ്രുഷകൾ. വിവിധ ശുശ്രുഷകൾ ചിത്രീകരിച്ചത്: (1) ദൈവം പാപത്തെ എങ്ങനെ വെറുക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നു, (2) അനുതപിക്കുന്ന ആളുകളെ അവൻ എങ്ങനെ രക്ഷിക്കുന്നു, (3) ദുഷ്ടന്മാരുടെ വിധി എന്താണ്, (4) തിന്മയില്ലാത്ത ഒരു മഹത്തായ ഭാവി എങ്ങനെ ഉറപ്പാക്കും എന്നിവയാണ്.

വർഷം മുഴുവനും വിശുദ്ധമന്ദിരത്തിൽ വ്യത്യസ്തവും എന്നാൽ അടുത്ത ബന്ധമുള്ളതുമായ രണ്ട് ശുശ്രുഷകൾ നിർവഹിച്ചു: ദിവസേനയുള്ളതും വാർഷികവും. ദൈവം പാപത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു, പാപികളെ എങ്ങനെ രക്ഷിക്കുന്നു എന്നതിനെ ഈ രണ്ട് ഘട്ടങ്ങളുള്ള ശുശ്രൂഷ ചിത്രീകരിച്ചു. അനുദിന വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷകളിലൂടെ, അനുതപിക്കുന്നവർക്ക് ദൈവം അവരുടെ പാപങ്ങൾ ക്ഷമിച്ചു കൃപയോടെ അവർക്ക് രക്ഷാ വാഗ്ദാനം ഉറപ്പുനൽകി. ഈ രക്ഷയുടെ ദാനം ലഭിക്കാൻ, ഒരു യാഗം അർപ്പിക്കേണ്ടതുണ്ട്.

ഈ യാഗങ്ങൾ മിശിഹായുടെ മരണത്തിലേക്ക് വിരൽ ചൂണ്ടി, ക്രിസ്തുവിന്റെ രക്തം "സകല പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ. 1:7). "പാപത്തിന്റെ ഏറ്റുപറച്ചിലുകളും ക്രിസ്തുവിന്റെ നീതിയുടെ മേലങ്കി സ്വീകരിക്കലുമായിരുന്നു ഈ ദാനത്തിന്റെ കേന്ദ്രബിന്ദു" (സങ്കീ. 32:1,2). ഈ വിധത്തിൽ, അനുതപിക്കുന്ന പാപിക്ക് പാപമോചനം ഉറപ്പാക്കപ്പെട്ടു, രക്ഷയിൽ സന്തോഷിക്കാൻ കഴിയും.

പാപപരിഹാര ദിനത്തിൽ നടത്തുന്ന വാർഷിക ശുശ്രുഷ, എങ്ങനെ ദൈവം പാപത്തെ ഇല്ലാതാക്കുന്നു, പാപപ്രശ്നം പരിഹരിക്കുന്നു, പാപരഹിതമായ ഭാവി സുരക്ഷിതമാക്കുന്നു എന്ന് പ്രകടമാക്കി (ലേവ്യ. 16, യോഹ. 1:29). നിലവിൽ, സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ക്രിസ്തുവിന്റെ ഇരട്ട ശുശ്രൂഷ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തിയുടെ മറ്റൊരു പ്രകടനമാണ് (എബ്രാ. 7:25), തിന്മയുടെ പ്രശ്നത്തിന് അന്തിമ പരിഹാരം കൊണ്ടുവരും (ദാനീ. 7:13,14,22,27; 8:14; വെളി. 21:4).

**ദൈവത്തെ ആരാധിക്കുന്നതിനും, അവനെ സ്തുതിക്കുന്നതിനും, നന്ദി പറയുന്ന തിനുമുള്ള ഒരു സ്ഥലമായിരുന്നു വിശുദ്ധമന്ദിരം. ആരാധന എന്നത് ദൈവവുമായുള്ള ഒരുവന്റെ ബന്ധം നിലനിർത്തുന്നതിനെ കുറിക്കുന്നു, അവിടുന്ന് വിശ്വാസികളെ ആ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു.**

# കൂടാരത്തിൽ ദൈവസാന്നിധ്യം

**പുറപ്പാട് 40:13-8 വായിക്കുക. യിസ്രായേല്യർ ദൈവത്തിന്റെ സാന്നിധ്യം എങ്ങനെ തിരിച്ചറിഞ്ഞു?**

പുറപ്പാടിന്റെ അവസാന അദ്ധ്യായം (പുറപ്പാട് 40) സമാഗമന കൂടാരത്തിന്റെ സമർപ്പണത്തെയും പത്തു കല്പനകൾ കൊടുത്ത കാര്യത്തെയും കുറിച്ച് വിവരിക്കുന്നു. സീനായിലെ സമാഗമനകൂടാരത്തിന്റെ സമർപ്പണം യിസ്രായേലിലെ ഏറ്റവും മഹനീയമായ സംഭവം ആയിരുന്നു.

ദൈവത്തിന്റെ മഹത്വം അവിടുത്തെ വിശുദ്ധിയും, അവിടുത്തെ സ്വഭാവവും, അവിടുത്തെ സ്നേഹസാന്നിധ്യവുമാണ്, അത് നന്മ തന്നെയാണ് (പുറപ്പാട് 3:5; പുറപ്പാട് 33:18,19). ദൈവത്തിന്റെ സാന്നിധ്യം കൂടാരത്തിൽ നിറഞ്ഞുനിന്നു, ഷെക്കീന മഹത്വം മേഘമായി ദൃശ്യമായിരുന്നു. പകൽസമയത്ത് കർത്താവിന്റെ മേഘത്തിലും രാത്രിയിൽ അഗ്നിമേഘ ത്തിലും ദൃശ്യമായ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശ സാന്നിധ്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് പുറപ്പാട് പുസ്തകം അവസാനിക്കുന്നത്. വളരെ യഥാർത്ഥവും ശക്തവുമായ രീതിയിൽ, എബ്രായ ജനത ദൈവത്തിന്റെ യാഥാർത്ഥ്യം മാത്രമല്ല, അവിടുന്ന് അവരെ നയിച്ചപ്പോൾ അടുത്തു നിലനിൽക്കുന്ന അവിടുത്തെ സാന്നിധ്യം അനുഭവിച്ചിരുന്നു.

രണ്ടാം വർഷം ഒന്നാം മാസം ഒന്നാം തീയതി മോശെ തിരുനിവാസം സ്ഥാപിച്ചു (പുറ. 40:2,17). അഹരോനും പുത്രന്മാരും ഉൾപ്പെടെ എല്ലാവരേയും മോശെ അഭിഷേക തൈലം കൊണ്ട് വിശുദ്ധീകരിച്ചു (പുറ. 40:9, 13-15). അതിവിശുദ്ധസ്ഥലം, വിശുദ്ധ സ്ഥലം, പ്രാകാരം എല്ലാം കർത്താവിന് സമർപ്പിച്ചുകൊണ്ട് മോശെ അവയിലൂടെ കടന്നുപോയി. ഈ പ്രക്രിയയിലൂടെ, വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷകൾ മുഴുവൻ മോശെ ഉദ്ഘാടനം ചെയ്തു (സംഖ്യാ. 7:1 കാണുക). സമാഗമനകൂടാരത്തിന്റെ ഉദ്ഘാടനവേളയിൽ മാത്രമേ മോശെയ്ക്ക് അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കാൻ കഴിഞ്ഞുള്ളൂ; അതിനുശേഷം, എല്ലാ വർഷവും പാപപരിഹാര ദിനത്തിൽ മഹാപുരോഹിതന് മാത്രമേ അവിടെ ശുശ്രൂഷ ചെയ്യാൻ കഴിയൂ (ലേവ്യ. 16:2,17).

**മൂന്ന് സന്ദർഭങ്ങളിൽ, പ്രവൃത്തി പൂർത്തിയായതായി ബൈബിൾ വാക്യം പറയുന്നു: (1) സൃഷ്ടിപ്പിൻ ആഴ്ചയുടെ അവസാനത്തിൽ, ദൈവം തന്റെ സൃഷ്ടിപ്പിൻ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അടിവരയിടുന്നു (ഉല്പത്തി 2:1-3); (2) സമാഗമന കൂടാരത്തിന്റെ പൂർത്തീകരണത്തിൽ, ബൈബിൾ വാക്യം പ്രഖ്യാപിക്കുന്നു: "അങ്ങനെ മോശെ പ്രവൃത്തി പൂർത്തിയാക്കി" (പുറ. 40:33); കൂടാതെ (3) ശലോമോൻ ആലയത്തിന്റെ പണി പൂർത്തി യാക്കിയപ്പോഴും ഇത് പ്രകടിപ്പിക്കപ്പെടുന്നു" (1 രാജാ. 7:51).**

സൃഷ്ടിയും യിസ്രായേലിന്റെ വിശുദ്ധമന്ദിരവും തമ്മിലുള്ള ഈ ബന്ധം പ്രപഞ്ച മാനത്തിലേക്ക് വിരൽ ചൂണ്ടുന്നു, പുതിയ ഭൂമിയിൽ വീണ്ടെടുക്കപ്പെട്ടവരോടൊപ്പം കർത്താവ് പുതിയ ജറുസലേമിൽ വസിക്കുന്ന സമയം, അത് "ദൈവത്തിന്റെ കൂടാരം" ആണ് (വെളി. 21:2,3; വെളി. 22:1-4 മായി താരതമ്യം ചെയ്യുക).

**മോശെയുടെ ജനനത്തോടെ ആരംഭിച്ച - 10 മിസ്രയീമ്യ ബാധകൾ മിസ്രയീമ്യ ദേവന്മാ രുടെ പരാജയം, മിസ്രയീമിൽനിന്നുള്ള രക്ഷപ്പെടൽ, മിസ്രയീമ്യ സൈന്യത്തിന്റെ പരാജയം, ഒടുവിൽ സീനായ് പർവതത്തിൽ ദൈവത്തിന്റെ വെളിപ്പെടുത്തൽ - ഈ തുടർ സംഭവങ്ങളുടെ മഹത്തായ പാരമ്യത്തിലാണ് ദൈവം തന്റെ സാന്നിധ്യം കൊണ്ട് സമാഗമനകൂടാരം നിറച്ചത് (പുറ. 40:34). ഇപ്പോഴും ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയുന്ന വഴികൾ എന്തൊക്കെ യാണ്? അങ്ങനെ ചെയ്യേണ്ടത് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?**

## മാനവീകതയോടൊപ്പം കൂടാരത്തിൽ കയറിയ യേശു

**യോഹന്നാൻ 1:14 വായിക്കുക. ക്രിസ്തുവിന്റെ അവതാരത്തെ സമാഗമന കൂടാരവുമായി എങ്ങനെ താരതമ്യം ചെയ്യുന്നു?**

യേശുവിന്റെ അവതാരം ഒരു നിഗൂഢതയാണ്, അതുപോലെ തന്നെ വീണ്ടെടുക്കപ്പെട്ടവർ നിത്യതയിലുടനീളം പഠിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രവുമാണ്. ക്രിസ്തു നമ്മുടെ ശരീരം സ്വയം ഏറ്റെടുത്തതിലൂടെ, അവിടുന്ന് നമ്മോടൊപ്പം നമ്മിൽ ഒരാളെപ്പോലെ വസിക്കുന്നത് വെളിപ്പെടുത്തിയിരിക്കുന്നു എന്ന് അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു. ജഡത്തിൽ യേശു പഴയനിയമത്തിലെ ദൈവവുമായി സാമ്യമുള്ളവനാണ്, യിസ്രായേല്യർ വാഗ്ദത്തദേശത്തേക്ക് യാത്ര ചെയ്യുമ്പോൾ സീനായ് സമാഗമന കൂടാരത്തിലും മരുഭൂമിയിലും അവരോടൊപ്പം യേശു വസിച്ചിരുന്നു.

തന്റെ അവതാരകാലത്ത്, യേശു മനുഷ്യവംശത്തോടൊപ്പം കൂടാരം സ്ഥാപിച്ചു. എന്തൊരു അവിശ്വസനീയമായ സൗജന്യം! നിത്യനായ ദൈവം നമ്മിൽ ഒരാളായി, യേശു യഥാർത്ഥത്തിൽ ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ ആണെന്ന് നമുക്ക് ഉറപ്പുനൽകാൻ ഇറങ്ങി വന്നു.

മത്തായി 18:20-ൽ, രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ കൂടിവന്നാൽ, താൻ അവരുടെ ഇടയിൽ ഉണ്ടായിരിക്കുമെന്ന് യേശു പറഞ്ഞു. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താൽ ക്രിസ്തു തന്റെ ജനത്തോടൊപ്പമുണ്ട്. താനുമായി അടുത്ത ബന്ധത്തിലായിരിക്കാൻ ക്രിസ്തു തന്റെ അനുയായികളെ ക്ഷണിക്കുന്നു: "ഇതാ, ഞാൻ വാതിൽക്കൽനിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ വന്ന് അവനോടു കൂടെയും അവൻ എന്നോടു കൂടെയും ഭക്ഷണം കഴിക്കും" (വെളി. 3:20).

**വെളിപാട് 21:13 വായിക്കുക. ഇവിടെ എന്താണ് നമ്മോടു പറയുന്നത്?**

പുതിയ യെരുശലേം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവരും, യോഹന്നാൻ പ്രഖ്യാപിക്കുന്നു: "ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ; അവിടുന്ന് അവരോടുകൂടെ വസിക്കും; അവർ അവിടുത്തെ ജനമായിരിക്കും. ദൈവം തന്നെ അവരോടുകൂടെ ഉണ്ടായിരിക്കും, അവരുടെ ദൈവമായിരിക്കും" (വെളി. 21:3). പുതിയ യെരൂശലേമിൽ ഒരു ആലയമില്ല (വെളി. 21:22) കാരണം മുഴുവൻ നഗരവും ദൈവത്തിന്റെ ആലയമാണ്, വിശുദ്ധമന്ദിരം. വിശുദ്ധമന്ദിരത്തിലെ അതിവിശുദ്ധ സ്ഥലത്തിന്റെ കാര്യത്തിലെന്നപോലെ നഗരത്തിന്റെ നീളവും വീതിയും ഉയരവും തുല്യമാണ് (വെളി. 21:16), അത് എല്ലാ വശങ്ങളും തുല്യമായ ഒരു ക്യൂബിന്റെ ആകൃതിയിലാണ്. നിത്യതയോളം, പാപമോ മരണമോ കഷ്ടപ്പാടോ ഇല്ലാത്ത ഒരു ലോകത്തിൽ, നമ്മുടെ ദൈവത്തിന്റെ നേരിട്ടുള്ള സാന്നിധ്യത്തിൽ നാം വസിക്കും.

**യേശുവിൽ നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത് നോക്കുമ്പോൾ, അവസാനം വരെ സഹിച്ചുനിൽക്കാൻ നമുക്ക് എങ്ങനെ പഠിക്കാം?**

കൂടുതൽ ചിന്ത:

**എലൻ ജി. വൈറ്റിന്റെ "കൂടാരവും അതിലെ ശുശ്രൂഷകളും", പേജ് 353-358, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും എന്ന പുസ്തകത്തിൽ വായിക്കുക.**

വിശുദ്ധമന്ദിരത്തിന്റെ നിർമ്മാണത്തിന് മുമ്പ് ഒരു ദിവ്യ വീണ്ടെടുപ്പിൻ പ്രവൃത്തി ഉണ്ടായിരുന്നു, അതായത്, മിസ്രയീമിന്റെ അടിമത്ത ശക്തിയിൽനിന്ന് യിസ്രായേലിനെ മോചിപ്പിക്കുക. ഇതിനെത്തുടർന്ന് തന്റെ ജനവുമായി സ്ഥിരമായ ഒരു ഉടമ്പടി ബന്ധത്തിൽ ഏർപ്പെടാനുള്ള ദൈവത്തിന്റെ സന്നദ്ധത. ദൈവം അവരുടെ ദൈവമായിരിക്കും, അവർ ദൈവത്തിന്റെ ജനമായിത്തീരും (പുറ. 6:7). ദൈവവും തന്റെ ജനവും പരസ്പരം ബന്ധപ്പെടുന്ന രീതി ഉടമ്പടി നിയമത്തിൽ നിർവചിക്കപ്പെട്ടിരുന്നു. കൂടാരം തീർച്ചയായും ഒരു കൂടിക്കാഴ്ചയുടെ സ്ഥലമായിരുന്നു, ദൈവവും മനുഷ്യരും ഒത്തുചേരുന്ന ഒരു സ്ഥലം. വീണ്ടെടുപ്പും ഉടമ്പടിയിലൂടെ ദൈവവുമായി സ്ഥിരമായ ഒരു ഐക്യവും സ്ഥാപിക്കപ്പെട്ടതിനുശേഷം മാത്രമേ ആളുകൾക്ക് ദൈവത്തിന്റെ വാസസ്ഥലത്തേക്ക് പ്രവേശനം ലഭിച്ചുള്ളൂ. -ആൻഡ്രൂസ് ബൈബിൾ കമന്ററി: പഴയ നിയമം, പുറപ്പാട് (ബെറിയൻ സ്പ്രിംഗ്സ്, MI: ആൻഡ്രൂസ് യൂണിവേഴ്സിറ്റി പ്രസ്സ്, 2020), പേജ് 226.

അതേസമയം, എലൻ ജി. വൈറ്റ് വിശുദ്ധമന്ദിര ശുശ്രൂഷകളുടെ ഉദ്ദേശ്യം വിവരിക്കുന്നു: "അങ്ങനെ, സമാഗമനകൂടാര ശുശ്രൂഷകളും, പിന്നീട് നടന്ന ആലയ ശുശ്രൂഷകളും, ക്രിസ്തുവിന്റെ മരണത്തോടും ശുശ്രൂഷയോടും ബന്ധപ്പെട്ട മഹത്തായ സത്യങ്ങൾ ഓരോ ദിവസവും ആളുകളെ പഠിപ്പിച്ചു, ഓരോ വർഷവും അവരുടെ മനസ്സുകൾ, ക്രിസ്തുവും സാത്താനും തമ്മിലുള്ള തർക്കത്തിന്റെ അവസാന സംഭവങ്ങളിലേക്കും, പാപത്തിൽനിന്നും പാപികളിൽനിന്നും പ്രപഞ്ചത്തിന്റെ അന്തിമ ശുദ്ധീകരണത്തിലേക്കും കൊണ്ടുപോയി. ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് 358.

## ചോദ്യങ്ങൾ ചർച്ച ചെയ്യുക:

1. **വിശുദ്ധമന്ദിരത്തിലെ ആരാധനാക്രമങ്ങളുടെ കേന്ദ്രബിന്ദു രക്തം ചൊരിയലായിരുന്നു. എല്ലാത്തരം മൃഗങ്ങളെയും ബലിയർപ്പിച്ചു, അവയുടെ രക്തം വിശുദ്ധമന്ദിരത്തിലെ മിക്കവാറും ശുശ്രൂഷകളിലും ഉപയോഗിച്ചിരുന്നു. രക്തം എന്തിനെ പ്രതീകപ്പെടുത്തി, ഈ യാഗങ്ങളെല്ലാം ആത്യന്തികമായി എന്തിനെയാണ് സൂചിപ്പിക്കുന്നത്?**
2. **പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം, വിശുദ്ധമന്ദിരത്തിൽ, തന്റെ ജനത്തിന്റെ ഇടയിൽ വസിക്കുന്നത് എത്ര അത്ഭുതം! സ്രഷ്ടാവായ ദൈവം നമ്മിൽ ഒരാളായി, ഒരു മനുഷ്യനായി, നമ്മുടെ ഇടയിൽ വസിക്കാൻ വരുന്നത് എത്ര മഹാത്ഭുതം! അത് തന്നെ സ്നേഹത്തിന്റെ അത്ഭുതകരമായ ഒരു പ്രകടനമാണ്. എന്നാൽ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ഒരു ബലിയായി തന്നെത്തന്നെ അർപ്പിക്കുക - അതായത്, നമുക്കുവേണ്ടി മരിക്കുക? ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഇത് നമ്മെ എന്താണ് പഠിപ്പിക്കുന്നത്? കൂടാതെ, തന്റെ നിത്യരാജ്യത്തിലേക്ക് നമ്മെ രക്ഷിക്കണമെന്ന് ദൈവം എത്രമാത്രം ആഗ്രഹിക്കുന്നു എന്നതിനെക്കുറിച്ച് ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു?**
3. **എബ്രായർ 8:16 വായിക്കുക. സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൽ യേശു ഇപ്പോൾ നമുക്കുവേണ്ടി ചെയ്യുന്നതിനെ ഭൂമിയിലെ വിശുദ്ധമന്ദിരം എങ്ങനെ പ്രതിഫലിപ്പിച്ചു എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്താണ് പറയുന്നത്?**